# CHRIST COLLEGE

## Magazine 1980



A WORD OF THANKS
TO TALENTED CONTRIBUTORS
GENEROUS ADVERTISERS
SINCERE STAFF - MEMBERS
ENTHUSIASTIC WELL - WISHERS
AND
COMPETENT PRINTERS
FOR THEIR
INSPIRING AND MEMORABLE
CO - OPERATION
AND
ENCOURAGEMENT
IN
BRINGING OUT THIS VOLUME

FRANCIS. C. V.
STAFF EDITOR.

COVER DESIGN
BY
**NALINAKSHAN. S. K.**
I B. Sc.

COVER & PHOTOS PRINTED AT CHANDRIKA PRINTERS, IJK.

# Christ College Magazine

## 1979 - '80

CHRIST COLLEGE LIBRARY
AC NO. 39558
CALL NO.
REF

Christ College, Irinjalakuda, Kerala.
Pin - 680 121



LEAD US KINDLY LIGHT.

FRONT VIEW OF THE COLLEGE WITH FR. PRINCIPAL



## PRINCIPAL'S MESSAGE

*Hearty welcome to the young seekers after truth. Here are abundant opportunities for those who come to force into focus on the future, the unsteady light of the past, to bring into significance and purpose the chaos of sensation and desire, to discover the direction of life's stream.*

''പുല്ലായിട്ടെങ്കിലുമീമണ്ണിൽ
പുലരാൻ പുണ്യമുദിച്ചെങ്കിൽ''

അഭിമാനത്തിന്റെ പാരമ്യത്തിലായിരിക്കാം കവി ഇതു പാടിയത്. നവീന ശാസ്ത്രയുഗത്തിന്റെ പുത്തൻ ആശയങ്ങളുടേയും, പ്രതിഭാസങ്ങളുടേയും കണ്ടുപിടുത്തങ്ങളുടേയും, വഴികാട്ടികളായിരുന്ന, ഈ രാജ്യത്തിന്റെ പൂർവ്വികരെ അനുസ്മരിച്ചായിരിക്കാം ഈ വരികൾ. വേദശാസ്ത്രപൂർവ്വികനായ ജഗദ്ഗുരു ശ്രീശങ്കരനും, നിരീശ്വരപ്രസ്ഥാനത്തിന്റെ പിതാവായ ചാർവ്വാകനും, ഭാരതീയ തത്വശാസ്ത്രത്തിന്റെ പ്രതീകമായ വിവേകാനന്ദനും, നേതാജി സുഭാഷ് ചന്ദ്രബോസിനും, ബാപ്പുജിക്കും ജന്മം കൊടുത്ത നാടാണിത്. പക്ഷേ, ദേശീയതയെ അവഗണിച്ചു, കാലുമാററങ്ങളിൽ അധികാരത്തെ സ്വരൂപിച്ചു നാടിനുവേണ്ടി കണ്ണുനീരൊഴുക്കുന്ന സ്വാർത്ഥമോഹികൾ ഇതു മറക്കുന്നു. വിദേശീയ ഇസങ്ങളിലൂടെ സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്യുന്നവരും, ജനാധിപത്യം, സോഷ്യലിസം, മതേതരത്വം എന്നിവയെ വിപ്ലവ (?) മുദ്രാവാക്യങ്ങളായി സ്വന്തം പേരിൽ പാർട്ടികളുണ്ടാക്കി രാജ്യസേവക്കു വരുന്നവരേയും നാം കണ്ടുകഴിഞ്ഞു. ലോകശാസ്ത്രങ്ങളിൽ നടക്കുന്ന മാററങ്ങളുടെ മാറെറാലി നമ്മിൽ മുഴങ്ങുന്നില്ലേ? വിയററ്നാമും, റൊഡേഷ്യയും, ചൈനയും, ഉഗാണ്ടയും, ഇറാനും, ഇസ്രായേലും, എല്ലാം ദേശീയതയ്ക്കും, പുത്തൻ ആശയങ്ങൾക്കും വേണ്ടി ഉണർന്നില്ലേ? പൈതൃകത്തെ ഉൾക്കൊള്ളിക്കാത്ത മെക്കോളെ വിദ്യാഭ്യാസത്തിലൂടെ നമുക്കും മാററങ്ങൾക്കുവേണ്ടി ഉണരാനാകുമോ? സ്നേഹവും, ആത്മാർത്ഥതയും ഉൾക്കൊള്ളാത്ത, സ്വാർത്ഥതയും, നിസ്സംഗതയും വളർത്തുന്ന ഈ രീതിയ്ക്ക് മാററം വേണ്ടേ? യുവരക്തങ്ങളിൽ ചലനമുണ്ടാക്കാത്ത, ചേതനയെ ക്ഷതമേല്പിയ്ക്കുന്ന ഈ സ്ഥിതിവിശേഷത്തിന്റെ മൂലവേരുകളെ നശിപ്പിക്കേണ്ടേ? പ്രതീക്ഷ നശിച്ചു, ആശകൾ മുരടിച്ചു, പുത്തൻതലമുറയിൽ ആശകളുടെ വിത്തുകൾ പാകണ്ടേ? ലോകത്തിന്റെ ഏതു 'മാററവും' യുവചേതനയുടെ ചുടുരക്തത്തിലൂടെയല്ലേ കണ്ടിട്ടുള്ളു. ആ നമ്മൾ, കൈവഴികളായിവന്ന് ഒന്നിച്ചു സംഗമിക്കുന്ന ഇവിടം ഒരു വേദിയായിയുയർത്താം. സമുദ്രത്തിലേയ്ക്ക് ചെന്നെത്തുന്ന മഹാനദികളായി ഇവിടെ നിന്നും നമുക്കു പുറപ്പെടാം.



വേണുഗോപാലൻ പി.
ഫൈനൽ എം. കോം.

നിങ്ങളുടെ വേണുജി
എഡിററർ.

# MAGAZINE COMMITTEE



VENUGOPALAN. P. II M. Com.
Student Chief Editor.

NALINAKSHAN. S. K.
I B. Sc.

RAJAN. A. V.
I B. Com.

JOSEPH ANTONY. A.
II B. Sc.

PAULY GEORGE. M.
I M. Com.

Sri. FRANCIS. C. V.
Dept. of English
Staff Editor.

PAUL. K. R.
Gen. Secretary.

ALEX. K. THOMAS
Chairman.

SUDARSAN. V. P.
Vice - Chairman.

# വന്ദേ മാതരം

വന്ദേ മാതരം
സുജലാം സുഫലാം മലയജ ശീതളാം
സസ്യ ശ്യാമളാം മാതരം.

ശുഭ്ര ജ്യോത്‌സ്നാ പുളകിത യാമിനീം
ഫുല്ല കുസുമിത ദ്രുമദള ശോഭിനീം
സുഹാസിനീം സുമധുര ഭാഷിണീം
സുഖദാം വരദാം മാതരം.

കോടി കോടി കണ്ഠ കളകള നിനാദ കരാളേ
കോടി കോടി ഭുജൈ ധൃത വര കര വാളേ
കേ ബോലേ മാ തുമീ അബലേ
ബഹുബല ധാരിണീം നമാമി താരിണീം
രിപുദള വാരിണീം മാതരം.

തുമിവിദ്യാ തുമി ധർമ്മ തുമി ഹൃദി തുമി മർമ്മ്
ത്വംഹി പ്രാണാ ശരീരേ
ബാഹുതേ തുമിമാ ശക്തി ഹൃദയേ തുമിമാ ഭക്തി
തോമാർ ഇ പ്രതിമാ ഗഢി മന്ദിരേ മന്ദിരേ.

ത്വം ഹി ദുർഗ്ഗാ ദശപ്രഹരണ ധാരിണീ
കമലാകമല ദള വിഹാരിണീ
വാണീ വിദ്യാദായിനീ
നമാമിത്വാം നമാമി കമലാം അമലാം അതുലാം
സുജലാം സുഫലാം മാതരം.

വന്ദേ മാതരം
ശ്യാമളാം സരളാം സുസ്മിതാം ഭൂഷിതാം
ധരണീം ഭരണീം മാതരം.

മാതാവിനെ ഞാൻ വന്ദിക്കുന്നു! ജലാർദ്രയായ, ഫലഭൂയിഷ്ഠയായ, മലയ മാരുതന്റെ കുളിർമ്മയേററ സസ്യ സമൃദ്ധി കൊണ്ട് (പച്ചപ്പട്ടുടുത്തപോലെ) ഹരിതാഭപൂണ്ട ആ അമ്മയെ, മാതാവിനെ ഞാൻ വന്ദിക്കുന്നു!

വെൺനിലാവിന്റെ പുളകച്ചാർത്തണിഞ്ഞ രാത്രികാലങ്ങളുടെ ദേവതയായ, വിടർന്ന പുഷ്പിതങ്ങളായി നില്ക്കുന്ന മരക്കൂട്ടങ്ങളുടെ ശോഭയാർന്നവളായ പുഞ്ചിരി തൂകിക്കൊണ്ട് മധുരമൊഴികളുതിർത്തുകൊണ്ട് സുഖത്തെയും, എന്റെ ഇഷ്ടത്തെയും നല്കി അനുഗ്രഹിക്കുന്ന ആ അമ്മയെ, മാതാവിനെ ഞാൻ വന്ദിക്കുന്നു.

കോടികോടി കണ്ഠങ്ങളിൽനിന്നു ഭീകരമായി ഉയർന്നുവരുന്ന കള കള നാദമുതിർക്കുന്ന, കോടി കോടി കൈകളിൽ ദുഷ്ട നിഗ്രഹത്തിനായുള്ള ആയുധങ്ങൾ ഏന്തിയ, അമ്മേ, ആര് പറയും നീ അബലയാണെന്ന്? അനേക ശക്തികളെ ധരിക്കുന്ന, സങ്കടങ്ങൾക്കപ്പുറത്തു നമ്മെ കൊണ്ടുചെന്നെത്തിക്കുന്ന, ശത്രു സമൂഹങ്ങളെ ഉന്മൂലനാശം ചെയ്യുന്ന അമ്മയെ, മാതാവിനെ ഞാൻ വന്ദിക്കുന്നു.

നീ തന്നെ വിദ്യാ (ആദ്ധ്യാത്മിക സാധനാമാർഗ്ഗം, വ്യക്തിഗതം) നീ തന്നെ ധർമ്മം (ആദ്ധ്യാത്മികമായ സാമൂഹ്യ നീതി). നീ തന്നെ ഹൃദയത്തിലെ മർമ്മസ്ഥാനം (ഭാരതമാണ് ലോകത്തിന്റെ ഹൃദയവും മർമ്മസ്ഥാനവും) ശരീരത്തിലെ പ്രാണശക്തിയും നീ തന്നെ. മൗലിക പ്രേരണയായ (ലോകത്തിന്റെ ചലനങ്ങൾക്ക് ആദ്ധ്യാത്മിക ശക്തി, പ്രാണശക്തിയും ഭാരതശക്തിയാണ്) ശക്തിയും നീ തന്നെ.

അമ്മേ, കൈകളിൽ നിന്റെ ശക്‌തിയും ഹൃദയത്തിൽ നിന്നെപററി ഭക്‌തിയും (എനിക്കു് ഉണ്ടാകട്ടെ.) നിന്റെ വിഗ്രഹങ്ങൾ ഇവിടെ മന്ദിരങ്ങൾ തോറും ഉണ്ട്.

നീ തന്നെ പത്തുകൈകളിലും ശത്രുസംഹാരക്ഷമങ്ങളായ ആയുധങ്ങൾ ധരിച്ച ദുർഗ്ഗാ ഭഗവതി.

താമരപ്പൂവിന്റെ ഇതളുകളിന്മേൽ വിഹരിക്കുന്ന സാക്ഷാൽ ലക്ഷ്മീദേവിയും നീ തന്നെ.

നീ തന്നെ വിദ്യാപ്രദായിനിയായ സരസ്വതീദേവി. അങ്ങിനെയുള്ള നിന്നെ ഞാൻ നമസ്കരിക്കുന്നു.

നിർമ്മലയും അനന്യസദൃശയും ജലാർദ്രയും ഫലഭൂയിഷ്ഠയുമായ (ഈ ഭൂമിയെ) അമ്മയെ സാക്ഷാൽ ലക്ഷ്മീഭഗവതിയെ ഞാൻ നമസ്കരിക്കുന്നു.

ശ്യാമവർണ്ണോജ്ജ്വലയും (പച്ച) (ഭക്‌തന്മാർക്ക്) എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയുന്നവളും, മന്ദസ്മിതം പൊഴിച്ചുകൊണ്ട് സർവ്വവിധ അലങ്കാരാഭരണങ്ങൾ അണിഞ്ഞവളും, എല്ലാം ധരിക്കുന്നവളും എല്ലാം നിയന്ത്രിക്കുന്നവളുമായ എന്റെ അമ്മയെ ഞാൻ നമസ്കരിക്കുന്നു.

നിത്യനൂതനമായ ഭാരതത്തിന്റെ ഹൃദയത്തുടിപ്പുകൾ കൊണ്ടു പ്രചോദിതരായ കോടിക്കണക്കിനു് ധീര ദേശാഭിമാനികൾക്ക് മരണത്തെ സുസ്മേരവദനന്മാരായി സ്വീകരിക്കുവാൻ ആവേശം നല്കിയ ആ ദിവ്യമന്ത്രം—'വന്ദേ മാതരം' ★

## CONTENTS


College Annual Report 1979-'80 — Principal
ഇന്ത്യയിലെ വിദ്യാഭ്യാസം—ഒരെത്തിനോട്ടം — സോമൻ ടി. കെ.
എങ്കിലും സീതയല്ലേ നീ.... — രാജശേഖരൻ
അല്പം സ്വകാര്യദുഃഖം — ശ്രീകുമാർ മേനോത്ത്
Challenge to "O P E C" — Mathew P. J.
The Orphan Boy — Balraj K. M.
Changing Faces — Antony Joseph
Teenager — Francis W. J.
To the Citizen — Rajan A. V.
A Roundabout Way — Antony Joseph
'Sun Will Rise" — Thomson Davis P.
She Is Asleep — Johnson E. M.
''ശംഖനാദം'' — കൃഷ്ണദാസ് ടി. എൻ.
സന്ധ്യ
ദിവ്യസംഗീതം — അജിതകുമാർ കെ.
രൂപാന്തരം — ജോസഫ് എ.
ജീവിതം—ശിഥിലചിന്തകൾ — മത്തായിചേട്ടൻ
ആശ — ഉണ്ണികൃഷ്ണൻ വി. വി.
Thin films and its applications in modern technology — Vijayan P. N.
ഫിലിം ആർക്കൈവ് — ഡേവിസ് പി. എ.
അവൻ, ഞാൻ? — കൃഷ്ണകുമാർ വി. കെ.
എന്റെ വീഴ്ച — ജോൺസൻ കെ. ജെ.
ഒരു നീണ്ട കാത്തിരിപ്പ് — ദാമോദരൻഉണ്ണി എൻ. കെ.
ഗ്രീഷ്മകാലചിന്ത — ഡേവിഡ് ജെ. തോട്ടാപ്പിള്ളി
Environmental Pollution — Unnikrishnan V. V.
Holography: A Three-Dimensional Photography — Purushothaman V. P.
Mind Your Own Business — Joseph Kannampilly
ജയപ്രകാശ് നാരായൺ: ഒരു പഠനം — ജോസ് കെ. എഫ്.
ഞാൻ, തിരസ്കരിക്കപ്പെട്ടവൻ — ഹരി കെ.
ഇന്ത്യൻ സമ്പത്‌വ്യവസ്ഥയിൽ വിദേശ കുത്തകകൾക്കുള്ള പങ്ക് — ജോഷി കെ. ടി.
സൃഷ്ടിയോ, സംഹാരമോ? — ജോജോ പി. ആർ.
ചരിത്രത്തെപ്പററി — ലോനപ്പൻ കെ. ഡി.
കുറുക്കൻ രാജാവായില്ല! — ജോസ്സി ചാക്കോള
തവിട് — ജോർജ്ജ് പി. ജെ.
സ്മരണകൾ — ഗബ്രിയെൽ കെ. കെ.
Confession — Paul K. I.
Chemistry of college boys — Clement T. G.
Youth Problem-What? Why? How? — Sunny John Alen
Wheelings and Dealings — Jose George Maliakkal
ചരിത്രം ആവർത്തിക്കപ്പെടാതിരിക്കണമെങ്കിൽ — ശേഖർ ടി. വി.*
ലോകരെ അത്ഭുതപ്പെടുത്തിയ സംഗതി — അനിൽ
Association Reports — Secretaries
Aicuf — Vincent K. P.
സൈലന്റ് വാലി — ഗോപിനാഥ് പി.
പ്രതീക്ഷ — ജോസി പാനികുളം
'മാ ഫലേഷു കദാചന' — ദിനകരൻ കെ.
ചില ഓന്തുകളെക്കുറിച്ച് — സുദർശൻ വി. പി.
അവന്റെ ഗ്രാമം — ഡേവിഡ് ജെ. തോട്ടാപ്പിള്ളി
നമ്മുടെ സിനിമകൾക്കെന്തുപററി? — ജെയിംസ് പി. പി.
വാസ്സൂട്ടി എന്ന സ്വപ്നം — അനൂപ്കുമാർ ടി.
Reminiscences of the Elections — Joseph Antony Valiaveetil
സാഫല്യം — വേണുഗോപാൽ സി. മേനോൻ
റഡാർ; — ജോൺസൺ കെ. ജെ.
നല്ലവനായ സമരിയാക്കാരൻ — ലോനപ്പൻ കെ. ഡി.
എന്താണ് മതം? — അജിത്കുമാർ കെ.
പായലിനിടയിലെ ശവം — ഹരി കെ.

# College Annual Report 1979-'80.

Rev. Fr. J. V. Ambookan. C. M. I., Principal.

Respected President, Prof. G. Sankarapillai,
Distinguished guest, Sri. Jose Thanical,
Rev. Fathers, Sisters, members of the Staff,
Beloved students, and gentlemen:

With the hope of creating and developing new forces of spirit that can revive lost hopes and ignored values and promote personal responsibility instead of imposed regulations, the rigours of thought instead of easy surrender to partisan slogans, we started the academic year 1979-1980 in a cordial atmosphere. A survey of the activities of the passing year proves that our efforts have been fruitful and meaningful.

The year saw an unprecedented inflow of fresh blood into our staff, as eighteen young enthusiasts arrived anew to fill in the new vacancies created chiefly by the introduction of the shift system. I heartily welcome them into our intimate teaching community.

On the academic front, the percentage of pass surpassed even that of last year; with 99% in Zoology, 94% in Physics, 88% in Chemistry, 86% in Mathematics, 83% in Economics and 73% in Commerce, we did fairly well at the Degree level. As usual we had cent percent pass in M. Sc Zoology and M. Com. Congratulations to Sri. T. I. Johnson of the Department of Chemistry, and Sri. K Gopalakrishnan who secured Second Rank in M Sc. Chemistry, and Third Rank in M. Sc. Zoology respectively. At the Pre-Degree level, though we lacked the lustre of ranks of the previous year, with 73% we had better percentage of pass

**Results — 1979 Pre-Degree**

| Group | I Class | II Class | III Class | Total pass | Percentage of pass |
|---|---|---|---|---|---|
| Ist | 50 | 49 | 30 | 129 | 83.22 |
| IInd | 42 | 36 | 33 | 111 | 72 55 |
| IIIrd | 3 | 12 | 20 | 35 | 47 95 |
| IVth | 11 | 20 | 29 | 60 | 81.08 |
| Total | 106 | 117 | 112 | 335 | 73.63 |

**B A / B Sc / B. Com.**

| | I Class | II Class | III Class | Percentage of pass |
|---|---|---|---|---|
| B. Sc. Mathematics | 18 | 8 | 6 | 86.7 |
| B. Sc. Physics. | 25 | 3 | 4 | 94.11 |
| B. Sc. Chemistry. | 18 | 12 | 2 | 88.88 |
| B. Sc. Zoology. | 13 | 12 | 5 | 99 |
| B. A. Economics | - | 7 | 29 | 83.7 |
| B. Com. | 16 | 20 | 13 | 73.5 |

**M. Sc / M. Com.**

| | I Class | II Class | III Class | Percentage of pass |
|---|---|---|---|---|
| M. Sc Chemistry. | 1 | 2 | - | 75 |
| M. Sc. Zoology. | 3 | 6 | 1 | 100 |
| M. Com. | 2 | 9 | 2 | 100 |

M. Sc. Chemistry II Rank—Sri Johnson T. I.
M. Sc Zoology III Rank—Sri K. Gopalakrishnan

Our N. S. S. unit did extend creditable service to the members of the "Snehagiri" project, by constructing a new road, three Kilometres long. This is besides the construction of twentyfive sanitary latrines, soil testing, blood donation, cleaning of premises, and the supervision of adult education classes.

The Catholic students association, conducted retreats, seminars, campus extension lectures, work camps and essay competitions to enrich the members of the association. The extension lecture given by Dr. M. V. Varunny on "Drug Abuse and Alcoholism" is worth mentioning.

The N. C. C unit of the College has been as active as ever during this academic year. Under Officer Varghese K. L. and Sergeant Ouseph V. A. participated in the army attachment camp held at Trivandrum. In the annual competitions conducted by the 23 Kerala Bn. N. C. C., Sergeant Joseph Antony Valiaveetil stood first in the Quiz Competition and Under Officer Sachidanandan stood second

in declamation. For the first time in the history of our N. C. C. Unit, we were adjudged the best Company of 23rd Kerala Battalion N. C. C. and won the Chackolas Trophy. Congratulations.

The members of the Fine Arts Club did their best to make this an year of spectacular achievements. To provide insight into the subtle aspects of play production, a three-day 'Natakakalari' was organised. At the Calicut University D Zone Arts Festival, we were the winners and at the interzone Arts Festival we were the runners up. This is the third time in succession that the University Championship slips away from our hands. But our artists performed really well in all the items in which they participated Sri. P. S. Ravindran was declared the best actor for his role in 'Makudi'. Our group dance under its veteran leader Premachandran K. V. won the hearts of all lovers of rhythm and movement Sathish Paul, Sudhakaran E. A., Manishkumar, Mayanarayanan, Jojo Paul, Joy P. K., Rajan C. K, Babuchandran A., Sekhar T. V. and Vasanthan E. C. who won first places in various items deserve special congratulations

**Winners of the Arts Festival of the University of Calicut 1979-80.**

| Sl. No. | Name of student | Item |
|---|---|---|
| 1 | Nalinakshan S. K. | Clay Modeling. |
| 2 | Sathish Paul. | Elocution Hindi (Jr.) |
| 3 | Joseph Antony Valiaveetil | General Quiz (Jr.) |
| 4 | Krishnadas K. | General Quiz (Sr.) |
| 5 | Balaraman. | Classical Music. |
| 6 | Jaison P. J. | Guitar. |
| 7 | Joy P. K. | Single Dance (Men) |
| 8 | Manish Kumar P. R. | ,, |
| 9 | Muraleedharan M. S. | Ottamthullal. |
| 10 | Mohanan K. N. | Kathaprassangam. |
| 11 | Premachandran K. V. | Group Dance (Men) |
| 12 | Sudhakaran E. A. | ,, |
| 13 | Manish Kumar P. R. | ,, |
| 14 | Mayanarayauan. | ,, |
| 15 | Jojo P. L. | ,, |
| 16 | Joy P. K. | ,, |
| 17 | Rajan C. K. | ,, |
| 18 | Babuchandran A. | ,, |
| 19 | Ravindran P. S. | Drama (Malayalam) |
| 20 | Subramanian K. G. | ,, |
| 21 | Thomas C. V. | ,, |
| 22 | Pauly Sebastian P. | ,, |
| 23 | Ravindran P. S. | (Best Actor Malayalam Drama) |
| 24 | Sekhar T. V. | Essay Writing (Malayalam) |
| 25 | Nalinakshan S. K. | Painting Oil Colour. |
| 26 | Vasanthan E. C. | Cartoon Drawing. |
| 27 | Sajjive B. | ,, |

Members of our Quiz Team Jimmy Maliekal, Krishnadas K. and Joseph Antony Valiyaveetil won Dr. P. J. Philip Memorial Shield, Horticulture College, Trichur, Leo Club of Cochin Shield, Eranakulam, and Calios Shield, Calicut. Congratulations.

Sports and student life are inseparable concepts and our brilliant achievements in this field speak volumes on our efforts along these lines. Our Sports men, this year, have gained glory from far and near in keeping with our brilliant athletic tradition.

Under the able leadership of Captain Loit Joseph, our hardworking athletes won the coveted University Trophy, the symbol of athletic superemacy. The University Junior Championship, for the third year in succession, the Championship in Pilot Athletic Meet, and the Trichur District Junior and Senior Titles are additional feathers to their cap. Versatile Subash George, our golden boy of athletics won the Gold Medal in Tripple Jump at the National Athletic Meet held at Hissar, Haryana. He created new records in Tripple Jump in the University, State and Inter University Competitions. Mohamedassan who returned a new Varsity timing in 800 Ms. was adjudged the best all round athlete of the Calicut University in the Senior division and Joseph Mathew won the individual Junior Championship title of the University of Calicut. Johnson Abraham, the untiring middle distance runner, a very promising athlete, lowered the time-record of the University in 1500 Ms.

Our Football team, who won the Zonal Championship, was captained by Saleem who led the Calicut Varsity team in the All India Championship. Johnson and Nandakumar assisted Saleem at the Varsity Championship in which Calicut became runners-up. The Table Tennis and Shuttle Badminton Teams found their way up to the University Inter-Zonal level.

Paul K R, our unchallenged Tennis ace captained the Calicut University in Inter-Varsity Tennis. For Paul, this is the third consecutive victory in University Singles and District Singles Championships.

The members of the Volleyball Team were hitting the headlines with their sterling displays. N. C Chacko, who was selected to the State team, Cyril who forced his way to the Indian Coaching Camp and Biju who played for the Kerala State Junior Team, and Jose and Jomy who played for the Calicut University Team, are the promises of the future. These earnest, dedicated lads under the able leadership of George Sebastian annexed the Calicut University Volleyball Championship for the third year in succession. Incidentally this is our 10th victory in the 12-year history of our University. Congratulations

This annual report will remain imperfect if I do not pay homage to the most cherished memory of Rev. Fr. Dismas who left for the heavenly abode on October 10th 1979. Fr. Dismas was one of the chief architects of this Institution, serving it in more than one capacity, as Professor of English and as Vice-Principal. He was a visionary of rare religious zeal, and a great servant of the sick and the suffering. The memory of Rev. Fr Malachias, who has been the College Rector from 1960 to 1963, and the major builder of our Main Hostel, also deserves our most glowing tributes.

I take this opportunity to thank Rev. Fr. Rector, the members of the staff, wardens of the Hostels, Rev. Fr. Paul Thottan, our Bursar, and my beloved students of the Union for their sincere co-operation in making this year an year of great realisations and greater expectations.

---

## ENDOWMENTS FOR THE YEAR 1978 - 1979:

1. Fr. Gabriel Gold Medal to be awarded to the best student in M. Sc. Chemistry from Christ College. — Johnson T. I.
2. Fr. Gabriel Scholarship for the best student admitted into M. Sc. Zoology course in Christ College. — Poulose C. D.
3. Prof. A. C. Joseph Scholarship for M. Sc. Preliminary Examination in Chemistry — Babu K. J.
4. Sri. C. R. Kesavan Vaidyar Gold Medal for M. Sc. Zoology. — Gopalakrishnan K.
5. Pallipadan Chacku Lonappan Memorial Gold Medal for M. Com — Edsel Joseph
6. Thaliath Pyloth Sunny Memorial Gold Medal for B. Sc. Physics. — Babu Francis C. A.
7. Brahmakulath Pokkath Varoo Vareed Memorial Gold Medal for B. Sc. Chemistry. — Sathyaraj N.
8. M. P. Pathrose Memorial Gold Medal for B. Sc. Zoology. — Suresh Babu P.
9. Meledom Kurian Memorial Gold Medal for B. A. Economics. — Vasudathan K. N.
10. Thekkethala Pyloth Vareed Memorial Gold Medal for Commerce (B. Com.) — Bijoy K. A.
11. Fr. Boniface Memorial Gold Medal for the highest marks in the Pre-Degree classes. — Muraleedharan N.
12. Fr. Dismas Gold Medal for English in the Pre-Degree classes. — Jagadeep Nair
13. Mazhuvancheri parambath Mathew Abraham Gold Medal for the best student from Christ College in B. Sc. Mathematics Exam. — Antoo P. K.
14. Prof. P. P. Joseph Memorial Gold Medal for B. Sc. Mathematics. — Antoo P. K
15. Thottakad Kaithayil Joseph Gold Medal for the best student from Christ College in B. A./B. Sc Degree Exam. in Hindi. — Manishkumar P. R
16. Prof. P. I. Devassy Endowment Prize for the best student who scores the highest mark in the Pre-Degree Exam. in Commerce Group. — Asokan M. P.
17. Fr. Jose Chirayath Memorial Gold Medal for English in the I Pre-Degree class — Sureshkumar P R.
18. Sri. Mathew Thottungal Memorial Gold Medal for Catechism for Degree class. — Jojo Joseph Vellanikkaran
19. Chev. Augusty Akkara Memorial Gold-inlaid Silver Medal for Religion for the Pre-Degree class. — Not awarded
20. Fr. Clemens Gold Medal for English in B. A./B. Sc classes. — Radhesh Chandran Nair

> "We have to go through, to prepare ourselves for our social duties, for sharing the burdens of our fellow beings".
> — Tagore.

# ഇന്ത്യയിലെ വിദ്യാഭ്യാസം — ഒരെത്തിനോട്ടം.

സോമൻ ടി. കെ.

ഭാരതത്തെ ഇന്ന് ബാധിച്ചിരിക്കുന്ന നിർവ്വികാരത, സാമൂഹ്യ-സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ പടർന്നുപിടിച്ചുകിടക്കുന്ന അഴിമതി തുടങ്ങിയ മഹാരോഗങ്ങൾ, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും തൊഴിൽക്കുറവും അനുനിമിഷം വളർന്നുകൊണ്ടിരിക്കുന്ന ജനസംഖ്യ……ഇവയെല്ലാം പരിഹാരം കാണേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനപരമായ കാരണം ഉദ്ദേശ്യരഹിതവും ലക്ഷ്യരഹിതവുമായ കുത്തഴിഞ്ഞ വിദ്യാഭ്യാസ സമ്പ്രദായമാണ്.

ഇന്നത്തെ വിദ്യാഭ്യാസം, ''പൂർണ്ണമനുഷ്യത്വ''മെന്ന, അതിന്റെ അടിസ്ഥാനപരവും മൗലികവുമായ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച്, വെറും ബോധം മാത്രമായിത്തീർന്നിരിക്കുകയാണ്. ''രാഷ്ട്രതൽപ്പരരും, ആത്മാർപ്പണ ബോധമുള്ളവരുമായ നല്ല പൗരന്മാരെ വാർത്തെടുക്കുക, മാനുഷകത്തിന്റെ സംസ്കാര പൈതൃകം വിദ്യാർത്ഥികളിൽ അങ്കുരിപ്പിക്കുക, സത്യസന്ധരും സൽസ്വഭാവികളും സദ്ഗുണസമ്പന്നരുമായ ഒരു പുത്തൻ തലമുറയെ വളർത്തിയെടുക്കുക, ഉദ്യോഗത്തിനും തൊഴിലിനുമുള്ള പരിശീലനം നൽകുന്നതോടൊപ്പം ജീവസന്ധാരണത്തിനുപയുക്തമായ പരിശീലനം നൽകുക എന്നിവയാണ്-- പൂർണ്ണമനുഷ്യത്വത്തിന്റെ — വിദ്യാഭ്യാസത്തിന്റെ സ്ഥായിയായ ലക്ഷ്യം.

നിലവിലുള്ള വിദ്യാഭ്യാസസമ്പ്രദായം വ്യക്തിയുടേയോ സമൂഹത്തിന്റേയോ ഉത്തമ താല്പര്യങ്ങൾക്ക് ഉതകുന്നതല്ലെന്ന് അനുഭവങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ട് ബ്രിട്ടീഷുകാർ പടച്ചുണ്ടാക്കിയ പഴയ സമ്പ്രദായം സാരാംശത്തിൽ ഇന്നും തുടരുന്നു ഈ രാഷ്ട്രത്തിന്റെ സാഹചര്യങ്ങളിൽ ജീവിക്കുവാൻ കഴിവും സന്നദ്ധതയുമുള്ള പൗരന്മാരെ വാർത്തെടുക്കുകയല്ല അതിന്റെ ലക്ഷ്യം. മനുഷ്യസമത്വത്തിലും സ്വാതന്ത്ര്യത്തിലും വിശ്വാസമർപ്പിക്കുവാൻ ഇന്നത്തെ വിദ്യാഭ്യാസം പ്രേരിപ്പിക്കുന്നില്ലെന്നു മാത്രമല്ല, സമൂഹത്തെ മറന്ന് പരസ്പരം മത്സരിച്ച് സ്വാർത്ഥതനേടാൻ പ്രേരിപ്പിക്കുകയും, ഉദ്യോഗം തേടി അലഞ്ഞുതിരിഞ്ഞ് നിരാശരായി മാനുഷിക മൂല്യങ്ങളും ശക്തിയും വാർന്നൊലിച്ചുപോയ ജഢപ്രായരാക്കി തീർക്കുകയാണ്.

മെക്കാളെ പ്രഭു തന്റെ പ്രസിദ്ധമായ വിദ്യാഭ്യാസ പദ്ധതിയുടെ ആമുഖത്തിൽ പച്ചയായി രേഖപ്പെടുത്തിയിരിക്കുന്നതു് വളരെ സുചിന്തിതമാണ്. ''രക്തത്തിലും വർണ്ണത്തിലും ഇന്ത്യാക്കാരെങ്കിലും അഭിരുചിയിലും അഭിപ്രായത്തിലും സദാചാരബോധത്തിലും ബുദ്ധിവ്യാപാരത്തിലും ഇംഗ്ലീഷ്കാരായ ഒരു വർഗ്ഗത്തെ സൃഷ്ടിക്കുകയാണ് തന്റെ ഉദ്ദേശം'' ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യയിലെ ഇന്നത്തെ വിദ്യാഭ്യാസം മെക്കാളെ പ്രഭുവിന്റെ സൃഷ്ടിതന്നെയാണ്.

കർത്തവ്യങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കാനുള്ള ശാരീരിക വളർച്ചയും ഭൗതിക പ്രപഞ്ചത്തിന്റെ ചുററുപാടുകളുമായി യോജിക്കുവാനും, അതിജീവിക്കുവാനുമുതകുന്ന കഴിവും വിദ്യാഭ്യാസത്തിൽ നിന്നും സമാർജിക്കണം. മനുഷ്യൻ ഭൗതിക പ്രപഞ്ചത്തിന്റെ ഒരു ഭാഗം മാത്രമല്ല, സാമൂഹ്യജീവിയെന്ന നിലയിൽ പല ശിക്ഷണങ്ങൾക്കും വിധേയനാകേണ്ടവനുമാണ്. അവനുൾപ്പെട്ടിരിക്കുന്ന സമൂഹത്തിന്റെ നിയമങ്ങൾ, സാഹചര്യങ്ങൾ ആചാരതത്വങ്ങൾ എന്നിവയുമായിപൊരുത്തപ്പെടണം. ദേശത്തിന്റേയും രാജ്യത്തിന്റേയും മദ്ധ്യത്തിൽ ജീവിക്കേണ്ടതുണ്ട്. ആയതിനാൽ വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടത്തിൽ സാമൂഹ്യവൽക്കരണത്തിനു കൂടുതൽ പ്രാധാന്യം നൽകേണ്ടതു് അത്യാവശ്യമാണ്.

ഒരുവനുൾപ്പെട്ടിരിക്കുന്ന നാഗരികതയുടേയും സംസ്കാരത്തിന്റേയും മഹത്തായ സിദ്ധികളും പാരമ്പര്യങ്ങളുമായി പരിചയം സിദ്ധിക്കുക എന്നതു് ഒരു ആവശ്യകതയാണ്. സ്വന്തം സംസ്കാരത്തിന്റെ സിദ്ധികളിലൂടെ വേണം വിശ്വസംസ്കാരത്തിന്റെ മൂല്യം കണ്ടെത്തുവാൻ.

വ്യക്തിത്വത്തിലെ മൂല്യത്തെക്കുറിച്ചും സമൂഹത്തിൽ വ്യക്തിയുടെ കടമയേയും ഉത്തരവാദിത്വത്തേയും കുറിച്ചുള്ള സമഗ്രമായ ജ്ഞാനം അനിവാര്യമാണ്. വ്യക്തിത്വത്തിന്റെ ഐക്യത്തെപ്പററി ബോധമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ ഇന്നത്തെ വിദ്യാഭ്യാസത്തിനു് കഴിഞ്ഞിട്ടില്ല.

മനുഷ്യമനസ്സിനെ അന്ധകാരത്തിൽനിന്നു് മോചിപ്പിച്ച് ഉത്തമങ്ങളായ ശക്തിവിശേഷങ്ങളെല്ലാം ഉൾക്കൊള്ളിച്ച് സ്വതന്ത്രമാക്കി വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. മാനസിക അടിമത്തത്തിൽനിന്നും വിമുക്തരായ, സ്വതന്ത്രരായ പൗരന്മാരുണ്ടായാൽ മാത്രമെ ജനാധിപത്യ—മൗലീക അവകാശങ്ങൾ നേടിയെടുക്കുവാനും അവയെ മങ്ങലേല്പിക്കാതെ സൂക്ഷിക്കുവാനും കഴിയൂ. ഭാരതം രാഷ്ട്രീയ അടിമത്തത്തിൽനിന്നും വിമുക്തി നേടിയിട്ട് മൂന്നു ദശാബ്ദകാലം പിന്നിട്ടെങ്കിലും വൈദേശികമായ ഒരു സാംസ്കാരിക അടി

മതത്തിൽനിന്നും മോചനം നേടാൻ കഴിഞ്ഞിട്ടില്ല. അബോധാവസ്ഥയിൽ കിടക്കുന്ന നമ്മുടെ രാഷ്ട്രത്തിനെ തട്ടിയുണർത്താൻ ദേശീയമൂല്യങ്ങളടങ്ങിയ കൽത്തിവെയ്പ്പ് വിദ്യാഭ്യാസത്തിലൂടെ—നടത്തേണ്ടിയിരിക്കുന്നു

മാരിറെറയിൻെറ അഭിപ്രായത്തിൽ, ''വിദ്യാഭ്യാസം, മനുഷ്യനെ രൂപീകരിക്കുകയും അവൻേറതായ ഉയർച്ചയിലെത്തിക്കുവാൻ അവനെ സഹായിക്കുകയും, ചെയ്യുന്ന പ്രക്രിയയാണ്.'' മറെറാരു തരത്തിൽപ്പറഞ്ഞാൽ, ''മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന പൂർണ്ണതയുടെ ആവിഷ്ക്കാരമാണ്, വിദ്യാഭ്യാസം— (വിദ്യാഭ്യാസം—സ്വാമിവിവേകാനന്ദ) ചുരുക്കിപ്പറഞ്ഞാൽ, ''തൻെറ സാഹചര്യങ്ങളുമായി ഒത്തിണങ്ങുവാനും വേണ്ടിവന്നാൽ അതിനെ അതിജീവിക്കുവാനും കുട്ടികൾക്കുനൽകുന്ന സഹായങ്ങളുടേയും ഉപാധികളുടേയും ആകെത്തുകയാണ്—വിദ്യാഭ്യാസം. ഇന്നത്തെ വിദ്യാഭ്യാസം മേൽപ്പറഞ്ഞ നിർവ്വചനത്തിന് ഒരു അപവാദമാണ്.

എന്നാൽ, നിലവിലുള്ള വിദ്യാഭ്യാസത്തിൻെറ വളർച്ചയിലൂടെ കണ്ണോടിച്ചാൽ മറെറാരു വസ്തുതകൂടി നമുക്കു മനസ്സിലാക്കാം. സമത്വാധിഷ്ഠിത രാഷ്ട്രത്തിലെ ജനകീയ സർക്കാറിൻെറ പ്രവർത്തനഫലമായി ഉയർന്നുവന്ന വിദ്യാഭ്യാസനിലവാരമാണത്. 1950ലെ സാക്ഷരത 15 6%ത്തിൽനിന്നും ഇന്ന് 35%വരെ എത്തിച്ചേർന്നിട്ടുള്ളൂ. 1950ലെ നിരക്ഷരരുടെ എണ്ണം 280 ദശലക്ഷത്തിൽനിന്നും ഇന്ന് 405 ദശലക്ഷമായിളുയർന്നു. വർഷം തോറും 1 ശതമാനത്തിൽതാഴെ സാക്ഷരത വർദ്ധിച്ചിട്ടുള്ളുവെന്ന് ചുരുക്കം. മുതലാളിത്തവ്യവസ്ഥിതിയും സർക്കാർ തുടർന്നുവന്ന തെററായ വിദ്യാഭ്യാസ പദ്ധതികളും ഈ നിരക്ഷരരുടെ അഭിവൃദ്ധി കൂട്ടുവാൻ സഹായിച്ചിട്ടുണ്ട്.

സ്വാഭാവിക ബുദ്ധിയെ വികസിപ്പിക്കുകയും വളർത്തുകയും അതിന് ശിക്ഷണം നൽകി ശിക്ഷിത ബുദ്ധിയായി ഉയർത്തികൊണ്ടുവരികയും ചെയ്യുന്നതിലാണ് വിദ്യാഭ്യാസത്തിൻെറ ബുദ്ധിപരമായവശം അടങ്ങിയിരിക്കുന്നത്. ''സ്വഭാവത്തെ രൂപീകരിച്ച്, മനോബലം വളർത്തി ബുദ്ധിശക്തിയെ വികസിപ്പിച്ച് മനുഷ്യനെ സ്വാശ്രയശീലനാക്കിത്തീർക്കുന്ന വിദ്യാഭ്യാസമാണ് നമുക്കാവശ്യം''—(സ്വാമിവിവേകാനന്ദ)

വർത്തമാനകാല വിദ്യാഭ്യാസ സമ്പ്രദായത്തിൽ അതിൻെറ ബുദ്ധിപരമായ വശം ഉൾക്കൊള്ളുന്നതിനുപകരം വിദ്യാർത്ഥികളുടെ സാമാന്യബുദ്ധിയെപ്പോലും ഹനിക്കുന്ന തരത്തിലുള്ള അടിമസമ്പ്രദായം നിലനില്ക്കുന്ന, ഇക്കാലഘട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ ശുദ്ധീകരിച്ച് പുതിയ ഒരുമൂശയിൽ വാർത്തെടുക്കേണ്ടത് അത്യാവശ്യമാണ്. ടാഗോർ പറഞ്ഞതുപോലെ നമുക്കു മുന്നോട്ടു പോകേണ്ടിയിരിക്കുന്നു, സാമൂഹ്യങ്ങളായ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിന് നമ്മെപ്രാപ്തരാക്കാൻ; സഹ ജീവികളുടെ ജീവിതഭാരത്തിൽ പങ്കു കൊള്ളാൻ,.....ഈ മുന്നേററം വിദ്യാഭ്യാസത്തിലൂടെ ആരംഭിക്കാം.

> ''അബോധാവസ്ഥയിൽ കിടക്കുന്ന നമ്മുടെ രാഷ്ട്രത്തിനെ തട്ടിയുണർത്തണമെങ്കിൽ ദേശീയമൂല്യമടങ്ങിയ കൽത്തിവെയ്പ്പ് - വിദ്യാഭ്യാസത്തിലൂടെ—നടത്തേണ്ടിയിരിക്കുന്നു.''



## എങ്കിലും സീതയല്ലേ നീ...

– രാജശേഖരൻ

ഇതു ദണ്ഡകാരണ്യമല്ല....
പച്ചിലച്ചില്ലയില്ല,
പാടുവാൻ തത്തയില്ല,
ഓടിക്കളിച്ചു കൊഞ്ചാൻ
പേടമാൻ കുട്ടിയില്ല.
സരയൂ നദിയില്ല,
വേദ മന്ത്രങ്ങളില്ല,
മനംനൊന്തു കാവ്യമെഴുതാൻ
വാല്മീകി മഹർഷിയില്ല.
ഇതു ദണ്ഡകാരണ്യമേയല്ല.
ഇരമ്പും മോട്ടോർവണ്ടി ചൂളമിട്ടകലുന്നു,
ചുരുളും കൈകൾക്കുള്ളിലിങ്കിലാബൊതുങ്ങുന്നു.
ഇഷ്ടികക്കൊട്ടാരങ്ങളനുദിനം പെരുകുന്നു.
മദ്യവും വാഗ്ദാനവും വെള്ളംപോലൊഴുകുന്നു.
ഇതു ദണ്ഡകാരണ്യമേയല്ല....

എങ്കിലും........സീതയല്ലേ നീ....
പണ്ടു നീ....ജനകൻെറ പുത്രിയായ്,
പിന്നെ രാമൻെറ പത്നിയായ്,
ലങ്കയിൽ തടവുകാരിയായ്,
രാമനാൽ പരിത്യക്തയായ്,
ലവകുശന്മാർക്കമ്മയായ്,
സ്വർലോക വാസിയായ്.

ഇന്നു നീ........നിശയുടെ
ആദ്യപാദാഘാതമേററാൽ,
കുളിച്ചു മുടി ചീകുന്നു,
വേഷമിട്ടൊരുങ്ങുന്നു,
വിഷമം നടിക്കാതേറെ ഭാവങ്ങളാടീടുന്നു.

മുഖമുള്ള ലോകത്തിൻെറ
കളിക്കോപ്പായി മാറാൻ,
മുടന്തുന്ന കാലത്തിൻെറ മുതുകിൽ
രാജ്ഞിയായ് വാഴാൻ.
എങ്കിലും........സീതയല്ലേ നീ.

been made for recovering alcohol from Cassava in India.

The Central Tuber Crops Research Institute, Trivandrum has now developed and standardised the techniques of fermentation of cassava for alcohol production. Fresh cassava roots or cassava flour can be used for the purpose. The first step is gelatinisation and conversion of starch into simpler sugars by a process known as saccharification, with the help of a saccharifying agent like mild acids, amylase enzymes and substances containing amylase enzymes, like malt. The hydrolysis process and the utilisation of efficient low cost saccharifying agents are important factors in the production of fuel from starch.

The Process of production of alcohol from Cassava.

Fresh Cassava
or
Cassava Flour
↓
Cooking ⟶ Saccharification ⟶ Neutralisation
↓
Stillage ⟵ Distillation ⟵ Fermentation
↓
Ethyl alcohol

The starch is cooked first to release the granules which are bound to the lignocellulosic compounds of the roots. This willals o faciliate the reaction between the saccharifying agents and the lower substrate. Cassava starch having a lower swelling and gelatinisation temperature can be easily succharified to simple sugars with the help of acids or enzymes. The main advantage of cassava over another energy crop is the presence of high fermentable sugars after the saccharification. The use of a dilute acid helps to recover about 98.8 percent reducing sugars from starch. Higher yields of alcohol have been achieved by hydrolysing cassava starch slurries at one atmospheric pressure with 0.1 N hydrochloric acid, using a cassava to acid solution ratio 1:3. The hydrolysis of starch to glucose is an enzymatic reaction. The enzyme amyloglucosidase derived commercially from strains of the mould Aspergillus and Rhizopus can hydrolyse gelatinised starch to glucose. Malt contains three most important enzymes for starch break down. They are $\alpha$-amylase, $\beta$-amylase and $\alpha$-glucosidase. The combined action of $\alpha$-amylase and $\beta$-amylase can convert up to 85 percent of the starch into reducing sugars. The $\alpha$-glucosidase splits the $\alpha$-1; 6 linkage of the maltose and short chain carbohydrates, thus completing the hydrolysis of starch into fermentable sugars.

Since amylase enzymes do not tolerate temperatures above 55°c, they must be added after gelatinisation has taken place. Large volumes of the saccharified starch is fed into the fermentation vessel and inoculated with actively growing yeast, saccharomyces cerevisiae. The optimum concentration of sugars for ethanol fermentation is 12 to 18 percent. The PH of the mash for fermentation is optimally 4 to 4.5 and temperature of fermentation is 28 to 32°c. Alcohol is recovered from the fermented mash after 48 to 72 hours. At the end of fermentation yeast is separated from the mash by centrifugation and can be used for the next batch of fermentation. The resulting liquid is distilled for recovery of alcohol.

This new view will ultimately become a challenge to "OPEC". If we hesitate to accept the challenge against "OPEC", it will certainly breed havoc in the economic sphere of the country. Therefore as the first step we have to initiate the improved production of cassava. I feel it is the right time for our scientists to go ahead with serious investigations in this sphere. Before I conclude, I may urge each and everyone to make his contribution towards the realisation of the oil revolution.

PAUL K. R.



General Secretary

V. P. SUDARSAN



Vice Chairman

VICTOR THOMAS



Joint Secretary

ALEX. K. THOMAS



Chairman

M. I. SALEEM



General Captain

P. S. RAVINDRAN



Fine Arts Secretary

RAJU DAVIS



U. U. Councillor



Members of the College union with Fr. Principal and chief guest while inaugurating the union activities for the year 1979-1980.



Spellbound Audience-
A cross section



Professor G. Sankarapillai, Director, School of drama, Calicut university-delivering the validictory address of the college union activities.

## THE ORPHAN BOY

- K. M. Balraj

An owl hooted; the moon shone bright,
And I saw him sitting in a melancholy mood
[Being deprived of love,
Was he punishing himself?]
And beginning to sing "I am an orphan boy".

Why did you give me birth, I pray,
That was worse than a wreath on my grave,
To be born in this unruly home of hypocrites,
With no one to love him, I thought
As he sang, "I am an orphan boy".

The mocking moon and the blazing star,
And the cacophonous wind did him no harm,
For he was like a mannequin
In a mal-dictated world,
As he sang "I am an orphan boy".

Did God the Almighty desire,
The valuable child to be lost in a desert
Which has no water to quench the thirst of love,
For, as I strolled, I heard him
Sing "I am an orphan boy". □

## CHANGING FACES

- Antony Joseph

Why close your eyes
When the world stares at you ?
Why be blind to things
When things occur under your eyes ?
Why be deaf, why be dumb
When people scorn you ?
Do things boldly
Even if it be blunder ?
The result is yet to come.
Why can't you mark the depth of my eyes
When they stare at you ?
Speak out your words
For you are granted freedom.
Chances once lost never return.

## TEENAGER

- Francis W. J.

Sorry, I feel my age
Which puts me in a cage.
Often I pray my God
To make me a bit sociable.
Nor do they consider me human
But I thank God for considering me human
I am no more a child
I am turning to be a man.

I feel guilty over myself on occasions
I do not play games during the vacations
Awkward I feel about my sound
Which often makes a deep wound.
Changes have been piling upon me
I have been ashamed to fear them
Myself is concealed
And my heart sealed.

Curious am I about my changes
Before the mirror I spend ages
Mind becomes perverted in the cages
I prefer to be solitary as sages.
I appreciate the beauty of nature
For the greater glory of God.
Being concealed from the light,
I have thick darkness inside.
Some declare me to be free
But I never see myself free. △

## TO THE CITIZEN

A. V. Rajan

Be valour of deeds, be fighter of creeds;
Wake up, why still lying on roses ?
Protect thy land, from the darkness,
And gloom which loom over.

The land with many people,
But with so many evils.
No caste, no creed, all are one;
No rich, no poor, everyone the same.
Wake up, Wake up, late thy not.
Fight for the land, die for the same·
If it demands ! □

## A Roundabout Way

Antony Joseph

I wish I lived in an age
Where I could find a straight path.
I wish I could separate the geniune
From the corrupt, black, world.
Sure, If I could find a bank
There I would build my castle.
Sir, Tell me whom should I knock
In order to known the truth.
Sure, she talks and laughs . . .
She is human, you understand ?
But she is a detached soul.
Beautiful world ?
Hypocrisy ! Hypocrisy ! Hypocrisy
Stop your old platitudes.
Emptiness I thirst for.
What I hope for I do not get.
I exist — it is a truth.
I exist — I Exist for Myself.
I want to see the right path.
I care for the peace that
You experience in the woods.
I care for the voice that
You hear among the noises,
But only an empty Air ! □

## "SUN WILL RISE"

Thomson Davis P.

I was sitting on the culvert
Gloom confronted my mind
Human mind so cruel and crooked,
A ray of hope, my loving girl,
Crows wandered for their nests.
Darkness began to devour me
Trees grew too fast
Sea ate the sun fully
Nature's cry was too strong
The chilly breeze passed fast.
"Don't fear my mind"
Cheer up to face them boldly
Selfishness, our watch-word
Cunningness, our master-piece.
Truths are hidden yesterday
What a nasty life we lead.
Our glorious days of the past
Our "fathers" selfless deeds,
Become too boring and old fashioned.
All aim for a complete change.
"Sun will rise" in the east tomorrow.
Giving us a pleasant morrow.
Wake up from your selfishness
Receive "him" with open heart. △

## She Is Asleep

Johnson E M.

In the morning, every day
On the way to the office,
Can I see her, by the road side
Another child just among
Faces a million.
She-a child of two, condemned
In this wretched world, to a life ?
One no-to care:
Food no-to thrive:
Mates no-to play, Only
Some flies and stained dirty rags
She ambles for a suck to,
Her lean - pale Mother
Busy chipping granites
Was turned dissatisfied away,
Words harsh accompanies;
Upto the tap-she is then.
A struggle to open.
Got it at last. Hai!
A smack on lips then,
And again to the hut,
And she is fast asleep.
The day started, Now
Many more seconds ?
Many more minutes ?
Many more hours ? to go.
And she is fast asleep. □

(ഏകാങ്കം)

# "ശംഖനാദം"

- ടി. എൻ. കൃഷ്ണദാസ്

കഥാപാത്രങ്ങൾ.

സൃഷ്ടി—അരൂപിയാണ്
ദൈവം—
ചെകുത്താൻ—
യുവാവ്—
ഭൂതകാലം—
നിരാശ—ഭൂതകാലത്തിന്റെ സഖി.
വർത്തമാനം—
ഭാവി—
പ്രതീക്ഷ—ഭാവിയുടെ സഖി

[രംഗത്താരുമില്ല. ഇരുട്ടുമാത്രം. അല്പംകഴിഞ്ഞ് വെളിച്ചം പതുക്കെപ്പതുക്കെ കൂടിവരുന്നു. വീണ്ടും രംഗമിരുളുന്നു. ദൈവം പ്രത്യക്ഷപ്പെടുന്നു. രംഗത്തിപ്പോൾ അരണ്ടവെളിച്ചം മാത്രം]

ദൈവം:— സൃഷ്ടിയുടെയും സ്ഥിതിയുടെയും സംഹാരത്തിന്റെയും അധിപനായ നാമിതാ കല്പിക്കുന്നു, സൃഷ്ടീ!! നമ്മുടെ ആശയം പ്രചരിപ്പിക്കാനായി, ഭൂമിയിൽ ഒരു സമത്വ സുന്ദരമായ സ്വർഗ്ഗത്തിനുവേണ്ടി, നമ്മുടെ തലമുറകളെ സൃഷ്ടിക്കൂ!

സൃഷ്ടി:— (ശബ്ദം മാത്രം) അങ്ങയുടെ ഇഷ്ടംപോലെ, ദേവാ.

[രംഗത്ത് വെളിച്ചം കൂടിവരുന്നു പാശ്ചാത്തലത്തിൽ സംഗീതത്തിന്റെ വീചികൾ അലയടിക്കുന്നു]

ദൈവം:— ഇനിയുമിനിയും ഇവിടെ നമ്മുടെ തത്വങ്ങളെ മുറുകെപ്പിടിക്കുന്ന ഒരു വർഗ്ഗമുണ്ടാകട്ടെ നാമവനെ വിളിക്കുന്നു.

സൃഷ്ടി:— (ശബ്ദം) ദേവാ, അടിയന്റെ സൃഷ്ടിയുടെ ഫലമിത്രയും അങ്ങേക്ക് കാഴ്ചവയ്ക്കുന്നു. മനുഷ്യാ, ചെല്ല്. നിന്നെ ഞാൻ ചോരത്തിളപ്പുള്ള യുവത്വത്തിന്റെ പ്രതീകമാക്കിയാണ് നിർമ്മിച്ചത്. തെററിനെയും കുററത്തെയും എതിർക്കുവാനൊരു മനസ്സും തന്നിരിക്കുന്നു.

[യുവാവ് കടന്നുവരുന്നു. വെളിച്ചം അതിന്റെ പൂർണ്ണതയിലെത്തുന്നു. യുവാവ് ദൈവത്തെ വന്ദിക്കുന്നു]

യുവാവ്:— പ്രഭോ, എന്തിനാണടിയനെ വിളിച്ചത്.

ദൈവം:— നിന്നിൽ ഞാനീ ലോകത്തെ കാണുന്നു. നീ നമ്മുടെ പന്ഥാധാരയിലൂടെ തന്നെ ചലിച്ച്, ധൈര്യമായി മുന്നേറി അജയ്യനാകണം. ഞാനാ കടമ നിന്നെ ഏല്പിക്കുന്നു.

യുവാവ്:— അടിയനതു ശിരസാ വഹിക്കുന്നു.

[വെളിച്ചം വീണ്ടും മങ്ങുന്നു. പിന്നീട് വീണ്ടും രംഗം തെളിയുമ്പോൾ യുവാവ് മാത്രമാണുള്ളത്. അല്പം കഴിഞ്ഞ് ഭൂതകാലം, വർത്തമാനം, ഭാവി, നിരാശ, പ്രതീക്ഷ എന്നിവർ പ്രവേശിക്കുന്നു. അവരവനു ചുററും നില്ക്കുന്നു]

ഭൂതം:— സൃഷ്ടികർമ്മം മുതൽ ഈ ലോകത്തിനു സാക്ഷ്യം വഹിച്ച ഭൂതകാലമാണ് ഞാൻ

നിരാശ:— നിരാശയാണ് ഞാൻ ഞാൻ നിന്നെ എന്നിലേക്ക് ക്ഷണിക്കുന്നു.

വർത്തമാനം:— ഈ ലോകം മുഴുവൻ ഉററു നോക്കുന്നത് ഞാനായ ഇന്നിനെയാണ് നീയെന്നോടൊപ്പം വരിക.

ഭാവി:— യുവത്വത്തിന്റെ പ്രതീകമായ നീ ഇന്നലെയിലേക്കോ ഇന്നിലേക്കോ അല്ല തിരിഞ്ഞു നോക്കേണ്ടത്. ശോഭനസുന്ദരമായ ഒരു ഭാവി നീ കണ്ട് അതിനായി പ്രവർത്തിക്കൂ

പ്രതീക്ഷ:— എന്റെ സാന്നിദ്ധ്യം നിന്റെ കൈമുതലായിരിക്കട്ടെ. ഭാവിയുടെ പ്രതീക്ഷയായ നീ എന്റെ കൂടെ വരൂ.

[അവർ പോകുന്നു. രംഗത്ത് യുവാവ് മാത്രം]

യുവാവ്:— (ആത്മഗതം) എന്റെ പാത ഭാവിയിലൂടെയാണ്. പ്രതീക്ഷ-അതുമാത്രം-തളരാത്ത പ്രയത്നവും-അതിനായിരുന്നു എന്റെ ജനനവും. അതിനുവേണ്ടിത്തന്നെ ഞാനും നിലകൊള്ളും

[ചെകുത്താൻ വരുന്നു. രംഗത്ത് അരണ്ട വെളിച്ചം]

ചെകുത്താൻ:— യുവാവേ, ഞാൻ നിനക്കു ആഗ്രഹങ്ങൾ തരാം. നീ എന്റെ കൂടെ വരുമോ? ഈ ലോകം മുഴുവൻ നിന്റേതു മാത്രമാക്കിത്തരാം.

യുവാവ്:— ഇല്ല! ഞാൻ വരില്ല! നിങ്ങളാഗ്രഹിക്കുന്നത് ഞാൻ ഇന്നലെയിലേക്ക് തിരിച്ചു പോകാനാണ്. ഞാൻ നിങ്ങളെ നിഷേധിക്കുന്നു.

[ദൈവം കടന്നുവരുന്നു. മുഖം ഭയരിതമാണ്]

ദൈവം:— നീ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. അത് എന്റെ നിലനില്പിനെ ബാധിക്കും. യുവാവേ, നീ ഇന്നലെയിലേക്ക് തിരിച്ചു പോകൂ.

യുവാവ്:— (പുച്ഛത്തോടെ) അപ്പോൾ നിങ്ങളും എന്നെ ഒരു കരുവാക്കുകയായിരുന്നു. ഇല്ല! ഈ യുവത്വം അതിനൊരിക്കലും കൂട്ടുനില്ക്കില്ല. ഇന്നലെയിലേക്ക് മടങ്ങിപ്പോകാനാഗ്രഹിക്കുന്ന നീ എന്റെ ശത്രുവാണ്. ഞങ്ങളുടെ ലക്ഷ്യമിപ്പോഴും സമത്വസുന്ദരമായ ഭാവികാലമാണ്. ഇതിനെതിരായി നില്ക്കുന്നവരെ യുവത്വം അവരുടെ ശക്തി പ്രയോഗിച്ച് തകർത്തെറിയും.

ചെകുത്താൻ:— നിനക്കതിനു കഴിയില്ല യുവാവേ. ഈ യുവത്വം തന്നുത്തുറഞ്ഞതതാണ്.

ദൈവം:— (ചെകുത്താനോട്) ഇവന്റെ ലക്ഷ്യം നിറവേററാതിരിക്കാൻ വേണ്ടി ഒരേ വാദമുഖങ്ങളുള്ള നമുക്കൊന്നിക്കാം.

[ചെകുത്താനും, ദൈവവും കൈകോർത്തു പിടിക്കുന്നു. രണ്ടുപേരുടെയും അട്ടഹാസം. ഭീതിദമായ നിമിഷങ്ങൾ.

യുവാവ്:— അയ്യോ!! എന്റെ ശക്തി മുഴുവൻ ചോർന്നുപോകുന്നല്ലോ.

[രംഗത്ത് വർത്തമാനവും ഭൂതവും വരുന്നു. നിരാശയുമുണ്ട്. അവർ ദൈവത്തിന്റെയും ചെകുത്താന്റെയും അടുത്ത് നില്ക്കുന്നു]

യുവാവ്:— എനിക്ക് വയ്യാ! ഞാൻ ദുർബലനാകുന്നല്ലോ.

ഭൂതം, വർത്തമാനം
ചെകുത്താൻ
ദൈവം } തിരിച്ചു പോകൂ, തിരിച്ചു പോകൂ

[ഈ സമയത്തു് രംഗം വീണ്ടും പ്രകാശമാനമാകുന്നു. ഭാവിയും പ്രതീക്ഷയും കടന്നുവരുന്നു. ആത്മവിശ്വാസം നഷ്ടപ്പെട്ടു് വീഴുവാൻ തുടങ്ങുന്ന യുവാവിനെ താങ്ങി നിലത്തു് കിടത്തുന്നു]

ഭാവി:— ദൈവം പോലും! സ്വാതന്ത്ര്യത്തിന്റെ പേരിൽ പിശാചിനെ കൂട്ടുപിടിച്ച ഒരു പേക്കോലംമാത്രം.

പ്രതീക്ഷ:— യുവാവേ, എഴുന്നേൽക്കൂ. വീണ്ടും ശക്തിയാർജ്ജിക്കൂ. ഈ കടൽക്കിഴവൻമാർക്കെതിരെ പടവാളുയർത്തൂ.

[യുവാവ് എഴുന്നേല്ക്കുന്നു. വർദ്ധിച്ച ശക്തിയോടെ വിസ്ഫോടനാത്മകമായ നിശബ്ദത ഏതാനും നിമിഷം മാത്രം അവിടെ ഭരിച്ചു.]

യുവാവ്:— (ദൈവത്തിനുനേരെ വിരൽ ചൂണ്ടി) നിങ്ങളുടെ ലക്ഷ്യമെന്താണെന്നു് എനിക്കറിയാം. പക്ഷെ യുവത്വം അതിനു തയ്യാറല്ല. ഞാനതിനു കൂട്ടുനില്ക്കുകയുമില്ല

ചെകുത്താൻ:— സംഹാര മൂർത്തിയായ എന്നെ നിനക്കു് മനസ്സിലാകാൻ പോകുന്നേയുള്ളു.

വർത്തമാനം
ഭൂതം } ദൈവത്തെയും നിനക്കു് മനസ്സിലാക്കാനിരിക്കുന്നേയുള്ളു.

നിരാശ:— നിനക്കതിനു കഴിയില്ല, മനുഷ്യാ.

യുവാവ്
ഭാവി
പ്രതീക്ഷ } ഞങ്ങൾ നിങ്ങൾക്കെതിരാണു്, എതിരാണു്.

[ഇവർ മൂന്നുപേരും ദൈവത്തെയും ചെകുത്താനെയും ബന്ധിക്കുന്നു. വർത്തമാനവും ഭൂതവും നിരാശയും നിലത്തുവീഴുന്നു]

യുവാവ്:— നിങ്ങളെ ഞങ്ങൾ ഈ കാലഘട്ടത്തിന്റെ തീച്ചൂളയിൽ ദഹിപ്പിക്കും. ഒരു പക്ഷെ അതും ഒരു മാററത്തിന്റെ മുന്നോടിയാകാം.

ഭാവി:— യുവാവേ, ഇന്നുമുതൽ ഞങ്ങൾ നിന്റെ അച്ഛനമ്മമാരാണു്. നീ ഒരു കാര്യം മറക്കരുതു്. നിന്റെ സൃഷ്ടിയുടെ ഉദ്ദേശ്യം.

സൃഷ്ടി:— യുവാവേ, ദൈവത്തിന്റെ മരണം കഴിഞ്ഞു നിന്റെ മുന്നിലെ പാത വളരെ വലുതാണു്. അതോർക്കുക, മുന്നോട്ടു പോകുക.

യുവാവ്:— പുത്തൻ ലോകത്തിന്റെ വിളിയെനിക്കു് കേൾക്കാതിരിക്കാനാകുന്നില്ല ഞാനങ്ങോട്ടു ചെല്ലട്ടെ ഒരു കൈത്തിരിയുമേന്തി. ഇരുണ്ട ആ ലോകത്തിനു് ഒരിററെങ്കിലും വെളിച്ചം പകരാൻ.

നാളെ: - മാററത്തിന്റെ കൊടിക്കൂറയിതാ പറന്നു പൊങ്ങുന്നു. യുവാവേ, അജയ്യതയുടെ ശംഖനാദം ഇതാ മുഴങ്ങുന്നു. ഒരു നവ പ്രഭാതമിതാ പൊട്ടിവിടരുന്നു മുന്നോട്ടുതന്നെ മുന്നോട്ടു്. ഓരോ അടിയും സൂക്ഷ്മതയോടെ.

പ്രതീക്ഷ:— ശാസ്ത്രവും സാമൂഹ്യബോധവും നിനക്കു് വഴികാട്ടിയാകും. വിജയീഭവ! (യുവാവിനെ അനുഗ്രഹിക്കുന്നു)

[യുവാവ് ഇരുവരുമൊത്തു് നടന്നു് മറയുമ്പോൾ]

[കർട്ടൻ]

# സന്ധ്യ

ചെമ്മുകിലിൻ ചേലചുററി
പൊൻനിലാവിൻ പൊട്ടുകുത്തി—
കുങ്കുമപ്പൂമാലയുമായ്
കണ്ണിലഞ്ജനച്ചേലുമായി
സന്ധ്യയെത്തുന്നു.!

കരിയിലക്കിളി പാറിടുന്നു.
പക്ഷികൾ ചേക്കയേറും
തീരഭൂവിലേക്കയായി
തരിവളകൾ കിലുക്കിയെന്നും
സന്ധ്യയെത്തുന്നു.!

കാനനത്തിലെ പക്ഷിപോലെ
കടൽത്തിരയിലെ തോണിപോലെ
ചന്ദന പൂമണവുമായി—
സുന്ദരിയെത്തുന്നു.
സന്ധ്യയെത്തുന്നു.

ചുണ്ടിൽനിന്നും ഗാനരസം
കണ്ണിൽനിന്നും കാമരസം
കരളിൽനിന്നും പ്രേമരസം—
സന്ധ്യയെത്തുന്നു!
സുന്ദരിയെത്തുന്നു!

നിങ്ങളുടെ വസ്ത്രങ്ങൾ നിങ്ങളുടെ സൗന്ദര്യത്തിന്റെ നല്ലൊരുഭാഗം മറച്ചു് കളയുന്നു എന്നാൽ അതു് അസുന്ദരമായതിനെ ഒളിപ്പിക്കുന്നുമില്ല.

— ഖലീൽ ജിബ്രാൻ.

സ്വതന്ത്രമായ ഗാനം ഇരുമ്പഴികൾക്കിടയിലൂടെയും മുൾവേലികൾക്കിടയിലൂടെയും കടന്നു് വരുന്നില്ല.

— ഖലീൽ.

സത്യമായും, സുഖതൃഷ്ണ, ആത്മാവിന്റെ വികാരാവേശത്തെ വധിക്കുന്നു. പിന്നീടു്, ശവസംസ്കാരഘോഷയാത്രയിൽ, ചേർന്നു് നടക്കുന്നു.

— ഖലീൽ.

## OUR ACADEMIC PRESTIGE



Gopalakrishnan K
III Rank MSc. Zoology



Johnson T. I.
II Rank MSc. Chemistry



Joy P. K.
ngle Dance winner D' Zone



Group dance uty. winners.



Manishkumar
Uty. Runner up.



Fine arts team
winners D' Zone Arts Festival.

# CALICUT UNIVERSITY D' ZONE
## ARTS FESTIVAL



Pookalam



Western Music

TABLEAU



Hiroshima



Teresian Sisters in Slums



Single Dance



Kathakali



Mohiniyattam



# ദിവ്യസംഗീതം

**— അജിതകുമാർ. കെ.**

1

എവിടെയാണുത്ഭവമെവിടെയാണുത്ഭവ—
മെവിടെനിന്നീഗ്ഗാനകന്ദം?
ഏതൊരു ദേവിതൻ കയ്യിലെ വല്ലകി
തൂവുകയാണീമരന്ദം!
ഏതൊരു പൂവിൽ നിന്നെങ്ങും പരക്കുന്നു!
ചേതോഹരമീസ്സുഗന്ധം?
എത്രനാളായി ഞാൻ തേടുന്നഹാ! വൃഥാ—
ചിത്രമനോജ്ഞമീഗ്ഗാനം!
ചോദിച്ചു ഞാൻ കണ്ട പൂക്കളോടൊക്കെയും
വേപിതമാനസനായി
''കണ്ടുവോ മോഹന ഗാനം രചിക്കുമ—
കാറൊളി വണ്ടിനെ നിങ്ങൾ''?
''ഞങ്ങളും കേൾക്കുന്നു കാണാൻ കഴിഞ്ഞീല
ഞങ്ങൾക്കരികിലെത്തീല''.
ചോദിച്ചു ഞാൻ കണ്ടരുവിയോടൊക്കെയും
കേൾക്കുന്നു കണ്ടതില്ലാരും.
കോകിലം കണ്ടീല ദേവകൾ കണ്ടീല
കണ്ടീലാ മന്നിതിലാരും.

2

എന്തു ഞാൻ കേൾപ്പതെന്നരംഗത്തിലോ
നീളുന്നതാ ഗാനമെന്തോ?
അല്ലല്ലിതെന്റെ മനസ്സിലെത്താമര—
യല്ലിയിലുണ്ടൊരു ദേവി
മീട്ടും വിപഞ്ചിതൻ സപ്തസ്വരങ്ങൾ ഞാൻ
തേടിയീലോകം മുഴുവൻ
ലോകങ്ങളേഴുമീ ദിവ്യ വിപഞ്ചിതൻ
തന്ത്രികളാണെന്നറിവൂ.
ആറൃതുക്കളും പാട്ടിനിണങ്ങിയോ—
രോമൽ ശ്രുതിയായി നില്പൂ.
ഗീതങ്ങളോരോന്നിനൊത്തിതാമാറുന്നി—
തോരോ,യുഗസഹസ്രങ്ങൾ.
ഗാനതരംഗണി തന്നിലെയോളങ്ങൾ
മാറിമറിയുന്ന നേരം
മൺതരിപോലതാ സംസ്കാരഭേദങ്ങ—
ളൊന്നായ് മറിഞ്ഞു കലങ്ങും.

3

വെല്ലുക വെല്ലുക ഗായികേ ലോകൈക
നായികേ മംഗളദാത്രി!
നേരട്ടെ ഞാനിതാ പോകുന്നു നിന്നുടെ
ഗാനത്തിനുള്ളിൽ ലയിച്ചു.
ഇപ്രപഞ്ചത്തിന്റെ കർണ്ണപുടങ്ങളി
ലഗ്ഗാന ബിന്ദുതളിക്കാൻ.

മിനികഥ:



# രൂപാന്തരം

**— എ. ജോസഫ്**

എന്തൊ നനവുള്ളതു് വന്നു് വായിലോട്ടു് പതിച്ചപ്പോഴാണു് ഞാൻ ഉണർന്നതു് എന്നു് തോന്നുന്നു. വെള്ളത്തിന്റെ കീറകൾ തുടച്ചു് കളയുമ്പോൾ മുകളിൽ പല്ലി ചിലക്കുന്നുണ്ടായിരുന്നു. ഉണർന്നപ്പോൾതന്നെയുള്ള പല്ലിയുടെ ചില എന്നെ അസ്വസ്ഥനാക്കി. സംഗതി ഗൗരവമുള്ളതായിരുന്നു. കാരണം മുഖത്തു് പതിച്ചതു് പല്ലിയുടെ വിസർജ്ജ്യമായിരുന്നു. എന്റെ മുത്തശ്ശി ഗൗളിസൂത്രത്തെപ്പററി ചിലതെല്ലാം ധരിപ്പിച്ചിട്ടുണ്ടായിരുന്നു. ഈ വക ചിന്തകൾ എന്റെ അല്ലെങ്കിലെ വലിയ തലയെ കൂടുതൽ വലുതാക്കി.

പല്ലു് തേക്കാൻ തുടങ്ങിയപ്പോഴാണു് മൂർച്ചയുള്ള കീരിപല്ലുകൾ തട്ടി എന്റെ ചൂണ്ടാണി വിരൽ മുറിപ്പെട്ടു. മുഖം കഴുകാൻ കണ്ണാടിയുടെ മുമ്പിൽ നില്ക്കുമ്പോളാണു് കൂർത്ത ചുണ്ടുകൾ ശ്രദ്ധയിൽ പെട്ടതു്. ചുണ്ടുകൾക്കു് പുറം ചൊറിച്ചൽ അനുഭവപ്പെട്ടു. അങ്ങനെ എന്റെ മാത്രമായ ആകൃതി നഷ്ടപ്പെടുകയും ചെയ്തു. ഈ ക്ഷുദ്രജീവിയുടെ വടിവു് എന്നിൽ പരന്നുകൊണ്ടിരിന്നു.

# ജീവിതം – ശിഥിലചിന്തകൾ

പുരാതന കാലം മുതൽക്ക് തന്നെ സൃഷ്ടി, സ്ഥിതി, സംഹാര പ്രക്രിയകൾക്കായി ഓരോ മൂർത്തിയെ സങ്കല്പിച്ചിരിക്കുന്നത്രെ! എന്നാൽ ഇന്ന് ഒരു തരത്തിലല്ലെങ്കിൽ വേറൊരുതരത്തിൽ എല്ലാവരും ഓരോ സൃഷ്ടി കർത്താവായി മാറിയിരിക്കുന്നു. അല്ലെങ്കിൽ ഒന്നിന്റെ അസ്തിത്വത്തിന് വേറൊരുവൻ അവകാശവാദമുന്നയിക്കുന്നു.

ഈ അവകാശവാദം ഓരോരുത്തരുടേയും നിലനില്പിനു വേണ്ടിയുള്ള (struggle for existence) പരക്കം പാച്ചിലിനെയാണ് കാണിക്കുന്നത്. ഇതു തന്നെ സ്വയം അസ്തിത്വമുണ്ടോ എന്ന സംശയത്തെയാണ് തെളിയിക്കുന്നത്. ഞാൻ ആരാണ്? എവിടെ നിന്നു വരുന്നു? എങ്ങോട്ടു പോകുന്നു? ഇങ്ങനെ അന്വേഷിച്ചു ചെല്ലുമ്പോൾ മുമ്പിൽ വായ് പിളർന്ന് നില്ക്കുന്നത് ശൂന്യതയാണ്.

ഒരു കാര്യം സത്യമാണ് ജനിച്ചവൻ മരിക്കുന്നു. ജനനം മരണം എന്ന രണ്ടു മതിലുകൾക്കുള്ളിൽപ്പെട്ട മനുഷ്യ ജീവിതം ഒരു തടവറയാണ്. ആരും ആവശ്യപ്പെടാതെയാണ് ഒരു വ്യക്തി ജനിക്കുന്നത്. അവന് യഥാർത്ഥത്തിൽ മുക്തിയില്ല. ഏകമോചനം മരണമാണ്. എവിടെ നിന്നോ വന്ന് അന്യമായ ഒരു സ്ഥലത്ത് (ഭൂമിയിൽ) നട്ടം തിരിഞ്ഞ് എവിടേക്കോ പോകുന്നു! ജനനവും മരണവും ആരുടേയും ആഗ്രഹമില്ലാതെ ഉണ്ടാകുന്നു. എന്നിട്ടും പറയുന്നു മനുഷ്യൻ സ്വതന്ത്രനാണെന്ന്! ആവശ്യപ്പെടാതെ ജനിച്ചതും ആവശ്യപ്പെടാതെ മരിച്ചതും സ്വാതന്ത്ര്യത്തിൽ കൂടിയോ?

മനുഷ്യന്റെ ഈ അജ്ഞതയെ ചൂഷണം ചെയ്യാൻ ചിലബുദ്ധിമാൻമാർ ഒരുമ്പെട്ടു. ചരിത്രാതീതകാലം മുതൽ ഇക്കൂട്ടർ പടച്ചുവിട്ട കുട്ടിദൈവങ്ങളാണ് പൂജാരി വർഗ്ഗവും രാജ്യാധികാര വർഗ്ഗവും. രണ്ടു വർഗ്ഗവും പരസ്പര പൂരകങ്ങളായി സേവനത്തിന്റെ പേരിലും സഹതാപത്തിന്റെ പേരിലും ത്യാഗത്തിന്റെ പേരിലും മനുഷ്യബലഹീനതകളെ ചൂഷണം ചെയ്യുകയും സ്വന്തം താല്പര്യസംരക്ഷണത്തിനായി നിയമങ്ങളും ചട്ടങ്ങളും അങ്ങിനെ ധാർമ്മികമൂല്യങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നു. രണ്ടു കൂട്ടരുടേയും മാർഗ്ഗങ്ങൾ ഭിന്നമാണെങ്കിലും ലക്ഷ്യം ഒന്നുതന്നെ! സ്വാർത്ഥത!

ഒരു കൂട്ടർ ബലിയർപ്പണവും പ്രാർത്ഥനയും പരിഹാരവും മുഖേന ആന്തരിക ജീവനെ സംരക്ഷിക്കാമെന്നും മറ്റേ കൂട്ടർ സ്വത്തിനും ജീവനും സംരക്ഷണം നല്കി ബാഹ്യശത്രുക്കളിൽ നിന്നും രക്ഷപ്പെടുത്താമെന്നും പറയുന്നു. അവർ വിഭിന്ന മാർഗ്ഗങ്ങളിലൂടെ, അജ്ഞനായ, ഭീരുവായ, നിരാലംബനായ മനുഷ്യന്റെ സർവ്വസ്വവും സ്വന്തം സുഖസൗകര്യങ്ങൾക്കായി, അവനറിയാതെ അപഹരിക്കുന്നു. അങ്ങിനെ നിയോഗ ശ്രുദ്ധിയോടുകൂടി ഒരു കൂട്ടർ ഈലോകത്തിലും അപരൻ പരലോകത്തിലും ഒരു ക്ഷേത്രരാഷ്ട്രം കെട്ടിപ്പടുക്കുന്ന ശില്പികളായി സ്വയം രംഗത്തിറങ്ങുന്നു.

വിധിയുടെ കളിപ്പാവയായി ചൂഷണ വിധേയനായ ഈ പാവപ്പെട്ടവൻ ഇക്കൂട്ടർ സൃഷ്ടിച്ച ധാർമ്മിക മൂല്യങ്ങൾ (?) അംഗീകരിക്കുക, പാലിക്കുക, ഇവയ്ക്കു വേണ്ടി മരിക്കുക, അങ്ങിനെ ജീവിതം മഹത്വീകരിക്കുക എന്ന് പഠിപ്പിക്കപ്പെടുന്നു. ഇവയ്ക്കാധാരമായി മുക്തിയും യുക്തിനിഷ്ഠമായ ധാർമ്മികതയും പൊക്കിപ്പിടിയ്ക്കുന്നു.

എന്നാൽ മുക്തിക്കതീതമായ പ്രപഞ്ച ശക്തിയും ആ പ്രപഞ്ചശക്തിയെ നിയന്ത്രിക്കുന്ന കേന്ദ്രബിന്ദുവും മനുഷ്യ ബുദ്ധിക്ക് ഗ്രാഹ്യമല്ലാതെ വരുമ്പോൾ – അവൻ ചിന്തയുടെ അതിരിലെത്തുമ്പോൾ—അത്യഗാധവും ശൂന്യവുമായ ഗർത്തത്തിന്റെ വക്കിലെത്തുമ്പോൾ അവനെ വിശ്വാസത്തിലൂടെ ദൈവത്തിലേക്ക് എടുത്തുപൊന്തിക്കുന്നു. ഇവിടെയാണ് യുക്തിയും ദൈവവും തമ്മിലുള്ള വിടവ്. ഈ വിടവ് നികത്തുന്ന പാലമായി വിശ്വാസത്തെ പ്രതിഷ്ഠിക്കുന്നു. ഈ വിശ്വാസത്തിലൂടെ ദൈവത്തെയും ദൈവീക മൂല്യങ്ങളെയും പുനഃപ്രതിഷ്ഠിച്ചുകൊണ്ട് വീണ്ടും ചൂഷണ പ്രക്രിയ തുടരുന്നു ധാർമ്മികതയാൽ ഉയർത്തപ്പെട്ട മനുഷ്യനെ കൃമിയും കീടവും ധൂളിയും ആക്കിക്കൊണ്ടു തന്നെ.

എന്നിട്ടും നഗരവല്ക്കരണവും, യന്ത്രവല്ക്കരണവും കൊണ്ട് വിപ്ലവകരമായ പരിവർത്തനത്തിന് വിധേയനായ അവനെ സാങ്കേതിക വിദ്യയും യന്ത്രസംവിധാനവും വ്യവസായവല്ക്കരണവും ചൂഷിത വലയങ്ങളിൽനിന്ന് ഒരു പരിധിവരെ രക്ഷപ്പെടുത്തുന്നു. സൗമ്യതകൊണ്ടോ, സ്നേഹംകൊണ്ടോ, സഹനംകൊണ്ടോ നീതി ലഭിക്കുന്നില്ലെന്നു അവൻ മനസ്സിലാക്കുന്നു. നീതിയില്ലെങ്കിൽ ദൈവമെന്ന സങ്കല്പത്തിനെന്തർത്ഥം? അവൻ ചിന്തിക്കുന്നു. അവൻ നിത്യേന കാണുന്നതോ? നീതിപാലകൻ എന്ന് സ്വയം വിളിക്കുന്ന ആദ്ധ്യാത്മിക, ലൗകിക അധികാരവർഗ്ഗങ്ങൾ ജോലിചെയ്യാതെ കൂലി സമ്പാദിക്കുന്നതും കൈക്കൂലി, സ്വജനപക്ഷപാതം, നിയമലംഘനം, സത്യഭീക്ഷയില്ലായ്മ തുടങ്ങിയ സദാചാരങ്ങളാൽ (?) പാവപ്പെട്ടവനെ ചൂഷണം ചെയ്ത് ജീവിക്കുന്നതും.

ഒരു പാവപ്പെട്ടവൻ അവന്റെ ഇഷ്ടസ്നേഹിതയോട് അവളുടെ മാടത്തിൽ പോയി സംസാരിച്ചാൽ അത് വ്യഭിചാരം! മറേറക്കൂട്ടർ മാളികമുകളിൽ ആടിയും, പാടിയും കുടിച്ച് ശൃംഗരിക്കുന്നത് സദാചാരം! നോക്കണേ അവരുടെ സന്മാർഗ്ഗബോധത്തിന്റെ വ്യാഖ്യാനങ്ങൾ.

പോരാ – കാര്യസാധ്യത്തിന്നായി പതിനായിരകണക്കിനും ലക്ഷകണക്കിനും രൂപാ വാങ്ങിക്കുന്ന V. I. P. മാരും, ഉദ്യോഗാർത്ഥികളോടും മററ് അഡ്മിഷൻ അന്വേഷകരോടും

ക്രൈസ്റ്റ് കോളജ്

കെട്ടുകണക്കിന് രൂപാ വാങ്ങുന്ന വ്യക്തികളും ദാനം സ്വീകരിക്കലും, 25പൈസ കാപ്പി കുടിക്കുവാൻ വാങ്ങുന്ന ശിപായിയുടേതു് കൈക്കൂലി വാങ്ങലുമായി ചിത്രീകരിക്കപ്പെടുന്നു.

ദാനം സ്വീകരിക്കൽ സദാചാരം! പുണ്യം!!
കൈക്കൂലി വാങ്ങൽ അധാർമ്മികം! പാപം!!
ചൂഷണത്തിന്റെ വകതിരിവ്!!!

ഈ മാതിരി സന്മാർഗ്ഗത്തിന്റെ പൊയ്മുഖം അണിഞ്ഞുകൊണ്ടുള്ള പകൽ കൊള്ളയുടെ ഞെട്ടിപ്പിക്കുന്ന കഥകൾ എത്രയെത്രനാം കേൾക്കുന്നു! കൺമുമ്പിൽ കാണുന്നു! വർത്തമാനപത്രങ്ങളിൽ വായിക്കുന്നു! എന്നിട്ടും ഒന്നുമറിഞ്ഞിട്ടില്ലാത്ത മട്ടിൽ നിർഗ്ഗുണന്മാരായിരിക്കുന്നു സമൂഹത്തിലൊരു കൂട്ടം. ചിലരോ മണിയടിക്കാരും പാർശ്വവർത്തികളും സ്തുതിപാഠകരുമായി നിന്ന് തങ്ങളുടെ യജമാനന്മാരുടെ പ്രവൃത്തികളെ നീതീകരിക്കുന്നു. 'കമ' എന്നുമിണ്ടിയാൽ ഭ്രഷ്ടനാക്കപ്പെട്ടുമെന്ന് ഭയന്ന് കഴിയുന്നു ഇനിയുമൊരു കൂട്ടർ. ആരെങ്കിലുമൊരാൾ ധൈര്യപൂർവ്വം വിമർശിച്ചാലോ അയാൾ അതിവിപ്ലവകാരിയും, അസന്മാർഗ്ഗിയും, നിരീശ്വരനും, സമുദായദ്രോഹിയുമായി മുദ്രയടിക്കപ്പെടുകയും എത്രയും അടുത്ത ക്ഷണത്തിൽ പുകച്ച് പുറത്താക്കപ്പെടുകയും ചെയ്യുന്നു. നീതിപാലകർ എന്നഭിമാനിക്കുന്ന കുട്ടിദൈവങ്ങൾ അനുദിനം ചെയ്യുന്ന കാരുണ്യ പ്രവർത്തികളാണിവ. ഇവരെ നോക്കി സോക്രട്ടീസ് വിലപിച്ചു. ശ്രീബുദ്ധൻ വിലപിച്ചു. ക്രിസ്തു വിലപിച്ചു. നബി വിലപിച്ചു. ഇവരെല്ലാം ഈ വിലാപത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടു.

എന്തിന് കുമാരനാശാൻ വിളിച്ചു പറഞ്ഞു. ''മാറ്റുവിൻ ചട്ടങ്ങളെ'' എന്ന്. ഇപ്പോഴത്തെ സാമൂഹ്യചട്ടങ്ങൾക്കോ, സദാചാരങ്ങൾക്കോ, ആരെയും രക്ഷിക്കുവാൻ സാധിക്കുകയില്ല. ഇതിൽ വിശ്വസിക്കുന്ന സമൂഹം ഭദ്രമോ, സുരക്ഷിതമോ, ക്ഷേമദായകമോ അല്ല.

ചട്ടങ്ങളെ മാററി, സാർത്ഥതാല്പര്യങ്ങളെ മാററി, സ്വന്തസുഖത്തെമാററി, സ്വന്തം നിലനില്പിനായി പ്രവർത്തിക്കാത്ത പാർശ്വവർത്തികളുടേയും സ്തുതി പാഠകരുടേയും വാക്കുകൾക്ക് ചെവി കൊടുക്കാതെ സമൂഹത്തിൽ സമനിലയോടെ സമൂഹത്തിനുവേണ്ടി സമൂഹത്താൽ നയിക്കപ്പെടുകയും ചെയ്താൽ സൗഭാഗ്യകരമായ ക്ഷേമ രാഷ്ട്രശില്പികളായി നമുക്ക് പരിണമിക്കാം. അതായിരിക്കട്ടെ നമ്മുടെ സായൂജ്യം. അനശ്വര സാങ്കല്പിക സ്വർഗ്ഗത്തേക്കാൾ നല്ലതു് സമാധാന പൂർവ്വമായ, സ്നേഹവായ്പോടെയുള്ള ജീവിതം, ആരെയും ചതിക്കാത്ത, ആരാലും വെറുക്കപ്പെടാത്ത ജീവിതം, അതു് എത്ര ഹ്രസ്വമായിക്കൊള്ളട്ടെ അതാണ് യഥാർത്ഥ സായൂജ്യം. അതില്ലാത്തതു് നരകവും. അല്ലാതെ വരാനിരിക്കുന്ന സ്വർഗ്ഗനരകങ്ങളെക്കുറിച്ച് ചിന്തിച്ച് ജീവിതം പാഴാക്കാതെ നമ്മൾ സ്വയം സൃഷ്ടിക്കുന്ന സ്വർഗ്ഗമോ നരകമോ അനുഭവിച്ചേ തീരൂ! വിധിയെ പഴിച്ചിട്ട് കാര്യമില്ല.

**മത്തായിചേട്ടൻ.**

മിനിക്കഥ:

# ആശ

**– വി. വി. ഉണ്ണികൃഷ്ണൻ**

അലാവുദ്ദീനെപ്പോലെ ആകണമെന്നായിരുന്നു എന്റെ ആദ്യകാല മോഹം. എന്നാൽ കുടുംബപാരമ്പര്യവും വയറിന്റെ നിർബന്ധവും എന്നെ ഒരു മുക്കുവൻ തന്നെയാക്കിത്തീർത്തു.

അങ്ങനെയിരിക്കേയാണ് ഒരുനാൾ നട്ടുച്ചക്ക് നടുക്കടലിൽനിന്ന് ഒരു അടഞ്ഞ കുടം കിട്ടിയതു്.

കരയിൽ വന്നു് ആശയോടെ കുടം തുറന്നു. പക്ഷേ അതിൽനിന്നു് വെളുത്ത പുക ഉയരുകയും, കഥയിലെപ്പോലെത്തന്നെ, ഭീകരരൂപം പ്രാപിച്ച് ഒരു ഭൂതമായിത്തീരുകയും ആണ് ഉണ്ടായതു്.

അറബിക്കഥകളിലെ എന്റെ പരിജ്ഞാനം മൂലം ഞാൻ മനസ്സാന്നിദ്ധ്യം കൈവിട്ടില്ല. ''ഇത്രയും വലിയ നീ എങ്ങിനെ ഈ ചെറിയ കുടത്തിനുള്ളിലിരുന്നു?'' ഞാൻ ഭൂതത്തോട് ചോദിച്ചു.

പിന്നെ ഭൂതം പുകയായി കുടത്തിലേക്ക് തിരികെ കടന്നതും ഞാൻ കുടം അടച്ചതും ഒന്നിച്ചുകഴിഞ്ഞു.

ഞാൻ വീണ്ടും പുറംകടലിൽപോയി സർവ്വശക്തിയും സംഭരിച്ച് കുടം ദൂരേക്ക് വലിച്ചെറിഞ്ഞു.

അപ്പോൾ മാത്രമാണ് മനസ്സിലാക്കിയതു് — അതു് കുടമായിരുന്നില്ല — ഒരു വിളക്കായിരുന്നു — പൊടിപിടിച്ച ഒരു വിളക്ക് — അലാവുദ്ദീന്റെ അത്ഭുതവിളക്ക്.

അതുകൊണ്ട് കുട്ടികളേ, ഇനി മേലാൽ കുടവും വിളക്കും തമ്മിൽ തിരിച്ചറിയാൻ പഠിച്ചതിനുശേഷം മാത്രമേ നിങ്ങൾ പുറംകടലിൽ പോകാവൂ — ങേ?

ങാ—ഇനി പോയി കിടന്നുറങ്ങിൻ—

# Thin films and its applications in modern technology.

- Vijayan. P. N.

We have very costly cameras. But many people do not know how to handle it. In an ordinary camera light from the object falls on the camera lens. But a large amount of incident light reflects back. So the image formed is not a bright one. To reduce the amount of reflection and to increase the transmission we coat thin film on the camera lens. Now large amount of light coming from the object get transmitted through the camera lens. Thus we get a bright image of the object. Hence by thin film coating we can reduce the reflection up to 20%. Due to these reasons we should not touch or wipe the camera lens with hands. The other application of thin films is in the construction of solar cells and thin film super conductors. The technology of thin film has great uses in artificial jewllery, magnetic tapes, laser mirrors and integrated optical circuits.

Now we will see what is a thin film. What makes it so uniquely important in the study and application of solid-state physics? A material having one of its dimension about one micron ($10^{-4}$ cm.) or less is a geometrical description of a thin film. We can prepare thin films of gold or silver foil of $10^{-4}$ cm. thickness by beating process. But these are not thin films. We can also prepare thin films by spraying, warnishing, painting etc., but these are not thin films. What really characterise a thin film is the process by which it is obtained. Therefore a thin film is scientifically defined as a two dimensional material born of an atom (molecule) by an atom (molecule) condensation process. The condensation is generally achieved from the vaporisation process of the material.

**Preparation of thin films:**

The properties of thin films depend upon the way by which it is obtained. There are mainly three processes for the preparation of thin films.

1. Thermal evaporation method.
2. Cathode sputtering.
3. Chemical method.

1. Thermal evaporation process;- The pressure of a gas in a chamber is reduced to as low a value as possible (of the order of $10^{-5}$ to $10^{-7}$ torr) and the source material is heated to a sufficiently high temperature. When atoms (molecules) get evaporated and they get deposited in the substrate by condensing the vapour molecules. Thus thin film is formed.

2. Cathode sputtering - The material whose thin film is to be obtained is taken as the cathode of a discharge tube. When current passes through the discharge tube, ions are produced from the anode. These ions produced will be accelarated and collided with the cathode material. So atom of the cathode material will fly out and get deposited on the substrate.

3. Chemical process:- By some electrolytic process we can achieve this.

**Properties and applications:-**

1. Dielectric properties and application:- The study of the electrical properties of thin films have become more popular because we can replace valves, resistors and capacitors by thin film system in integrated electronics. We know that as the capacity increases, the size of the capacitor required also increases. If we replace a capacitor by a thin film it is a very great advantage. In ordinary transistor heat dissipation problem comes but in the case of thin film (which is replaced for a transistor) this problem is reduced.

2. Photo conduction in semiconductor film:- The large uniform surface of a thin film is useful in the preparation of Photo Voltaic and Photo conductive devices, infrared detectors, high resolution cathode ray screen, scintillation counters etc.

3. Super conductivity of thin film:- The disappearance of the electrical resistance of mercury at helium temperature was first observed by Kammerligh Onnes He called this phenomenon "super conductivity". The super-

conducting properties of thin films are extremely sensitive to deposition parameters. Super conductors can carry electricity for hundreds of kilometers without any transmission losses. If we can construct thin film super conductors, it will be of very great advantage in modern technology.

4. Magnetic properties of thin films:- The study of the magnetic properties of thin film become important because of their application as computer memories. The advantage of using thin films for computer memory device is that a very large number of information can be stored in a small space. The most important application of thin films are in solar cells and in integrated optical circuits.

**a) Solar cells:-** Economical conversion of solar energy into electrical energy by photo voltaic mechanism will be possible with the help of large area thin film solar cells. Usually thin films cds-$cu_2s$ heterojunction cells are used for this because they are easy to prepare. It is not difficult to prepare such solar cells of several square centrimetre area. But the problem is to preserve the life of the cell. $Cu_2s$ on oxidation, diffuse or electro chemical reaction transform to some other compounds which are not efficient for solar energy conversion. This problem is solved by some solid-state reaction between cds and cu cl film. The theoritical efficiency is 8%.

**b) Integrated optical circuits:-**

Integrated optics is a very convenient and desirable marriage of integrated circuits and thin film optics. This has many advantages. We can replace lenses, prisms or optical instruments by thin films. This is achieved by changing the refractive index and varying the thickness and composition of a film. That is, thin films of different material are prepared with different thickness. This is all under research. The complete optical circuit made entirely of thin film devices may soon be fabricated on a substrate having an area of only a few square centimetres. In such circuits light is generated by a tiny laser. Hence, the advantage of this integrated circuit by thin films are, in space flight we can replace very large optical instruments by thin films. Hence, the size of these instruments will be very very small. ★

---

Life is like a game of football. The goal is right in front, there is a wide playground open to you, but your way towards the goal is blocked by eleven tough guys. They are not your enemies, nor your opponents. They are your competitors. It is their business to stop you. Yours is to reach the goal. The tougher the competition, the harder the game, the greater the fun and the victory.

- C. C. Shroff

We have let the idea of freedom under self - respect go to seed in our colleges and are turning out too many hard-boiled, hard-hearted, hard-headed dumb-bells.

- William Alien White

Action can not destroy ignorance, for it is not in conflict with ignorance. Knowledge alone destroys ignorance, as light destroys dense darkness.

- Adi Sankara

To look is one thing. To see what you look is another. To understand what you see is a third. To learn from what you understand is still something else.

But to act on what you learn is all that really matters.

- Anon:

Of all the limbs, the head is the most important, of all the organs, eye is the most important, of all varieties of taste, salt is the most important, and of all waters river water is the best.

- Anon:

# ഫിലിം ആർക്കൈവ്

-ഡേവിസ് പി എ.

പരശതം ജനങ്ങൾക്ക് വിനോദവും, വിജ്ഞാനവും പകർന്ന് കൊടുക്കുന്ന 20-ാം നൂററാണ്ടിൻെറ ഏററവും വലിയ ആശയവിനിമയമാധ്യമമാണ് 'സിനിമ'. സിനിമ ഒരു വ്യക്തിയുടെ സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിൽ ദൃശ്യമല്ലാത്ത സ്വാധീനം അബോധപൂർവ്വം അയാളിൽ ചെലുത്തുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് സിനിമയെന്ന മാധ്യമത്തിന് വളരെവേഗത്തിലുള്ള അംഗീകാരം നേടിയെടുക്കാൻ സാധിച്ചതു്. ന്യൂസ്പേപ്പർ പോലെയുള്ള ആശയവിനിമയ മാധ്യമങ്ങളെപ്പോലെത്തന്നെ സിനിമ, ചരിത്രത്തിൻെറ ആകാരപരിണാമങ്ങളെ എടുത്തു് കാട്ടുന്നതിന് ഉതകുന്ന ഒന്നാകുന്നു. ലൈബ്രറികൾ പോലെത്തന്നെ 'നാളെ'കളുടെ 'ഭൂതകാലം' ആയി ഫിലിം നമുക്ക് കരുതി വെക്കേണ്ടതുണ്ട്. ചലചിത്രം സൂക്ഷിക്കാൻ ഇന്ത്യയിലുള്ള ഒരേയൊരു സ്ഥാപനമാണ് പൂനയിലെ "ദി നാഷണൽ ഫിലിം ആർക്കൈവ് ഓഫ് ഇന്ത്യ".

18-ാം നൂററാണ്ടിൻെറ അന്ത്യത്തിലാണ് സിനിമ ശരിക്കും ജനനമെടുത്തതെന്ന് പറഞ്ഞാൽ തെററില്ല. അതിന് വളരെ മുമ്പുതന്നെ ചലനചിത്രങ്ങളെക്കുറിച്ച് വളരെയധികം പരീക്ഷണങ്ങൾ നടന്നിരുന്നു എന്നതു് ഒരു യാഥാർത്ഥ്യമാണ്. അവരിൽ പ്രധാനിയിൽ പ്രധാനിയാണ് 'വില്യം ജോസഫ് ഗ്രീൻ'. പക്ഷെ അദ്ദേഹത്തിൻെറ പരീക്ഷണങ്ങളെ അംഗീകരിക്കാൻ ആരും തയ്യാറായില്ല. ഗ്രീനിൻെറ ഭാഗ്യം മുഴുവൻ അടിച്ചെടുത്തതു് 'ലൂമിയർ സഹോദര'ന്മാരായിരുന്നു. പാരീസിൽ അവർ ആദ്യം കാട്ടിയ ചലനചിത്രത്തോടെയാണ് സിനിമയെ ലോകം അംഗീകരിച്ചതു്. 1895 ഡിസംബറിലായിരുന്നു ആ നവ്യമായ സുദിനം. അതിന് ശേഷം 17 വർഷത്തിന് ശേഷം ആണ് ഇന്ത്യയിലെ ആദ്യത്തെ ചലചിത്ര 'ശിശു' ഭൂജാതനായതു്. അതാണ് 'രാജാഹരിശ്ചന്ദ്ര'.

> സിനിമ ഇരുപതാം നൂററാണ്ടിൻെറ ഒരു ആവശ്യമായി വളർന്നിരിക്കുന്നു. സിനിമക്കു മുണ്ടൊരു ചരിത്രം ചലനചിത്രങ്ങൾ തന്നെയാണ് സിനിമയുടെ രേഖകൾ……………

രാജാഹരിശ്ചന്ദ്രക്ക് ശേഷം 1978 ഡിസംബർ വരെ 1,200 'നിശബ്ദചിത്ര'ങ്ങളും, 14,000 'സംഭാഷണ ചിത്രങ്ങളും', എല്ലാ ഭാഷകളിലുമായി ഇന്ത്യയിൽ നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ ഒരു വർഷത്തിൽ ഇന്ത്യയിൽ 500 ഓളം ഫീച്ചർ ഫിലിമുകളും, 1000 ത്തോളം ഹ്രസ്വ ചിത്രങ്ങളും പുറത്തിറങ്ങുന്നുണ്ട് ഈ കണക്ക് വെച്ച് നോക്കുമ്പോൾ ലോകത്തിലെ ഏററവും വലിയ ഫിലിം ഉൽപ്പാദന കേന്ദ്രം ഇന്ത്യയാണെന്ന് നിസ്സംശയം പറയാം. പക്ഷെ എന്തുകൊണ്ടല്ലോ കാര്യം?...ഗുണമല്ലേ?...കലാമൂല്യമുള്ളവ ഇവിടെ ഒരു വർഷം പുറത്തിറങ്ങുന്നതു് വിരലിലെണ്ണാവുന്നതേയുള്ളൂ.

ചില നിർമ്മാതാക്കൾ ആദ്യത്തെ ചിത്രംകൊണ്ട്തന്നെ ആ രംഗത്തുനിന്നും എന്നന്നേക്കുമായി തിരോധാനം ചെയ്യേണ്ടി വരാം. എന്നാൽ ചിലർ അവരുടെ ആദ്യചിത്രത്തിൻെറ വിജയംകൊണ്ട് തന്നെ മറെറാരു ചിത്രമോ, അതിൽ കൂടുതലോ ചിത്രങ്ങൾ നിർമ്മിക്കാൻ വേണ്ട വക കൈക്കലാക്കുന്നു ഉടനടിത്തന്നെ അടുത്ത ഫിലിമിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഒരുക്കമായി. ഇതിനിടയിൽ പഴയ ചിത്രത്തിൻെറ സംരക്ഷണത്തെക്കുറിച്ച് അവർ മറന്നു പോകുന്നു അല്ലെങ്കിൽ അതിനോട് തീരെ താല്പര്യമില്ലാതാകുന്നു. ഇതേപോലെത്തന്നെ നെഗററീവ് ഫിലിമുകൾ ലാബറട്ടറിയുടെ ഒരു മൂലയിൽ സംരക്ഷണമില്ലാതെ നശിക്കാൻ തുടങ്ങുന്നു. ഇത്തരുണത്തിലാണ് ചലചിത്രമ്യൂസിയം' പ്രധാനമായും ആവശ്യമാകുന്നതു്.

**മ്യൂസിയത്തിലേക്ക്:** ലോകത്തിലെ എണ്ണപ്പെട്ട ഫിലിം സെൻററുകളിലൊന്നായ ബോംബെ നഗരത്തിൻെറ തെക്കുകിഴക്കായി മലനിരകളാൽ ചുററപ്പെട്ട പൂനയിലെ; ഇന്ത്യാ ഗവർമെണ്ട് അധീനത്തിലുള്ള ഫിലിം & ടെലിവിഷൻ ഇൻസ്റ്റിട്യൂട്ടിൻെറ തൊട്ടടുത്തു് നിലകൊള്ളുന്ന 'ജയ്ക്കാർ' ബംഗ്ലാവിലാണ് നമ്മുടെ മ്യൂസിയം നിലകൊള്ളുന്നതു്. പഴയ രീതിയിൽ നിർമ്മിച്ച ഈ കൂററൻ കെട്ടിടം, മുകൾത്തട്ടിലുള്ള വിശാലമായ ഓഫീസിനാലും, ഇന്ത്യയിലെയും, വിദേശത്തെയും, ആനുകാലിക സിനിമാ പ്രസിദ്ധീകരണങ്ങൾ എല്ലാംതന്നെ ഉൾക്കൊള്ളുന്നതുമായ ഒരു ലൈബ്രറിയാലും, ഇന്ന് ആധുനികതയുടെ പരിവേഷം ചാർത്തുന്നു.

1964-ഫെബ്രുവരി ഒന്നാം തീയതിയാണ് ഈ ഇൻസ്ററിട്യൂട്ട് ജന്മമെടുത്തതു്. 1967 ലാണ് ഈ സ്ഥാപനം 'ജയ്ക്കാർ' ബംഗ്ലാവിലേക്ക് മാററപ്പെട്ടതു്. ഇപ്പോൾ മതിൽകെട്ടിനുള്ളിൽത്തന്നെ ഒരു വിധം എല്ലാ സൗകര്യങ്ങളും ഉണ്ട്.

**ആരംഭം:-** ഏകദേശം 130 ചിത്രങ്ങളാണ് ആർക്കൈവിൻെറ സമാരംഭത്തിൽ ഉണ്ടായിരുന്നതു്. 1964 ഫെബ്രുവരി വരെ ഫിലിം സെൻസർ ബോർഡ് സൂക്ഷിച്ചിരുന്നവയായിരുന്നു അവ. ഈ ചിത്രങ്ങളെല്ലാംതന്നെ ഒന്നുകിൽ അവാർഡിന് അർഹമായവയോ, അതോ അംഗീകാരങ്ങൾ പിടിച്ചെടുത്തവയോ ആയിരുന്നു എന്ന വസ്തുത മറക്കരുതു്. ഈ 130 ചിത്രങ്ങൾ, ഫിലിം സെൻസർ ബോർഡ്, ആർക്കൈവിൻെറ ആരംഭത്തിൽ അവർക്ക് അവകാശം കൈമാറുകയാണുണ്ടായതു്.

ഈ 130 ഫിലിമിൽ ഏതാനും വിദേശ ചിത്രങ്ങളും ഉണ്ട്. വിദേശ ചിത്രങ്ങളിൽ നിശബ്ദചിത്രമായ 'ദി ഗ്രേയ്ററ് ട്രെയിൻ റോബറി'യും ഉൾപ്പെടുന്നു ഈ ചിത്രത്തിൻെറ ദൈർഘ്യം എട്ടുമിനിട്ടാണ്. ലൂമിയർ സീരിയലിലുള്ള ഈ ചിത്രത്തിൻെറ നിർമ്മാതാവ്, ലോക സിനിമയി

ലെ പിതാവെന്നറിയപ്പെടുന്ന 'വില്യം ജോസഫ് ഗ്രീനിൻെറ'യാണ്. ഈ ഫിലിം ആദ്യമായി ഗ്രീൻ പാരീസിൽ പ്രദർശിപ്പിച്ചപ്പോൾ പ്രേക്ഷകർ സ്ക്രീനിലുള്ള ട്രെയിൻ തങ്ങളുടെ നേരെ പാഞ്ഞടുക്കുകയാണെന്ന് തെറ്റിദ്ധരിച്ച് അവർ ഒന്നടക്കം തിയ്യേറ്ററിൽനിന്നും പുറത്ത് ചാടിയ സംഭവം ഇവിടെ സ്മരണീയമാണ്.

മലയാളത്തിലെ നിശബ്ദചിത്രമായ 'മാർത്താണ്ഡവർമ്മ' ഈ അടുത്തകാലത്താണ് അവിടെ എത്തിയത്. ഇതും മുഴുവനാക്കപ്പെട്ടിട്ടില്ല. ഒരു റീൽ കുറവുണ്ട്.

പക്ഷേ 70തുകളിൽ ആർക്കൈവിൻെറ ആത്മാർത്ഥമായ പ്രവർത്തനംകൊണ്ട് ലോകക്ലാസിക്കുകളെന്ന് പരിവേഷം ചാർത്താവുന്ന വളരെയേറെ ചിത്രങ്ങൾ സമ്പാദിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് വാസ്തവമാണ്. അവയിൽ ഉൾപ്പെടുന്നവയിൽ ചിലതാണ്. 'ഐസൻസ്റ്റീ'നിൻെറ 'ബാറ്റിൽഷിപ്പ് പൊട്ടെംകിൻ', 'ചാർളിചാപ്ലി'ൻെറ ഗോൾഡ്റഷ്', 'ദി ഗ്രേയ്റ്റ് ഡയറക്ടർ' 'ഡിസീക്കാ'യുടെ 'ബൈസക്കിൽ തീഫ്', etc ഇന്ത്യയിലെ സിനിമക്ക് പുതിയ മാനം കാഴ്ചവെച്ച സത്യജിത്റേയുടെ 'പഥേർ പാഞ്ചാലി', ബി. വി. കാറന്തിൻെറ 'ചോമൻെറ' തുടി എന്നീ ചിത്രങ്ങളും ഉൾപ്പെടുന്നു. വളരെയേറെ കലാമൂല്യമുള്ളവയും, സാംസ്ക്കാരിക മൂല്യമുള്ള സിനിമകളും ഇപ്പോഴുള്ള ശേഖരണത്തിൽ ഉൾപ്പെടുന്നു.

**വർക്കിംഗ്:-** ഒരു ഫിലിം ആർക്കൈവിൻെറ യഥാർത്ഥ പ്രവർത്തനം എന്താണെന്ന് അറിയുന്നവർ ഇന്ത്യയിൽത്തന്നെ വളരെ കുറച്ച് പേർ മാത്രമേ ഉള്ളൂ. പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

1 'നാളെ'കളുടെ ഭൂതകാലത്തിന് വേണ്ടി പ്രാധാന്യമർഹിക്കുന്ന ചലനചിത്രങ്ങൾ സൂക്ഷിച്ച് വെയ്ക്കുക എന്നതാണ് ഇതിൻെറ ഏററവും വലിയ ധർമ്മം. ചരിത്രപരമായ ഫിലിമുകൾ, ആർട്ട്ഫിലിമുകൾ, അവാർഡിനർഹമായ ചിത്രങ്ങൾ, സാമൂഹ്യനന്മയെ ലക്ഷ്യമാക്കിയുള്ള ഡോക്യുമെൻററികൾ എന്നിവയാണ് 'പ്രധാന്യമർഹിക്കുന്ന' ചിത്രങ്ങൾ എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. ചരിത്രത്തിൻെറ ഏടുകളിൽ പ്രാധാന്യമുള്ളവയായി തീർന്നേക്കാം എന്ന വിശ്വാസമുള്ളത് കൊണ്ടാണ് ഇവയെ സൂക്ഷിക്കപ്പെടുന്നത്.

2 വിദേശങ്ങളിൽ വളരെ ശ്രദ്ധേയമായ ചിത്രങ്ങൾ സ്വന്തമാക്കുകയോ, നമ്മുടെ ഫിലിമുകളുമായുള്ള കൈമാററത്തിനോ ഉള്ള അവസരങ്ങൾ ഉണ്ടാക്കുന്നു. അതായത് ഒരു ആഗോള ഏജൻസിയായി വർത്തിക്കുന്നു.

3 ചലനരഹിത ചിത്രങ്ങൾ, ഷൂട്ടിംഗ് സ്ക്രിപ്റ്റുകൾ, പോസ്റ്ററുകൾ തുടങ്ങി ചലചിത്രത്തിൻെറ ചരിത്രം രേഖപ്പെടുത്താനുതകുന്ന എല്ലാംതന്നെ ഇവിടെ ശേഖരിക്കുന്നു

4 പ്രധാന്യമർഹിക്കുന്ന ചിലചിത്രങ്ങളുടെ 'സമ്മറി' ആർക്കൈവ് സ്വന്തമായുണ്ടാക്കുകയും, പ്രാധാന്യമനുസരിച്ച് പ്രത്യേകം അവയെ സൂക്ഷിക്കുകയും ചെയ്യുന്നു. ഇവിടെ ചിത്രങ്ങളുടെ ഒരു 'സമ്മറികാററലോഗ്' തന്നെ നിർമ്മിച്ചിട്ടുണ്ട്.

5 ഇന്ത്യൻ ചലചിത്രപുരോഗതിക്കുവേണ്ടിയുള്ള എല്ലാ പരീക്ഷണങ്ങൾക്കും ആവശ്യമായ സാങ്കേതിക സഹകരണം ചെയ്തുകൊടുക്കുക എന്നതും ഇതിൻെറ മറെറാരു ധർമ്മമാണ്.

6 വിദേശത്തിലെയെന്നപോലെതന്നെ ഇന്ത്യയിലെ എല്ലാ ഭാഷകളിലേയും ആനുകാലിക പ്രസിദ്ധീകരണങ്ങൾ അടങ്ങുന്ന അവിടുത്തെ ലൈബ്രറി സിനിമാ പഠന വിദ്യാർത്ഥികൾക്ക് പഠനത്തിനും, ഗവേഷണത്തിനും വളരെ സഹായം ചെയ്യുന്നു.

7 ലോക ക്ലാസിക് ചിത്രങ്ങൾ എന്തെന്ന് മനസ്സിലാക്കുന്നതിനും ലൈബ്രറിയുടെ പുസ്തകശേഖരണങ്ങളിലൂടെ ഒരു പുത്തൻ ആസ്വാദനരീതി വളർത്തിയെടുക്കാനും ശ്രമിക്കുന്നു.

8 ഫിലിം ക്ലബ്ബുകൾക്കും, സൊസൈററികൾക്കുംവേണ്ടി ചലചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കാനും ആർക്കൈവ് ഉത്തേജനം നല്കുന്നുണ്ട്.

ചലചിത്ര എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിനും, ദേശീയവും, അന്തർദ്ദേശീയവുമായി ഒരു പുതുസംസ്ക്കാരം വളർത്തിയെടുക്കാനും, വിദേശങ്ങളിൽ നമ്മുടെ പുരോഗമനത്തിൻെറ പാത കാട്ടിക്കൊടുക്കാനും ആർക്കൈവിനല്ലാതെ ഇന്ത്യയിൽ പിന്നെ ആർക്കാണ് സാധിക്കുക. ഫിലിം ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുന്നതിലും, ഇതിന് വളരെ കാര്യമായ ഒരു പങ്കുണ്ട്. ബാംഗ്ളൂരിൽ 1980-ൽ നടന്ന 'ഫിലിമോത്സവം 80' സംഘടിപ്പിക്കുവാനുള്ള സൂത്രധാരത്വം വഹിച്ചത് ആർക്കൈവാണ്.

**ഫിലിം സെലക്ഷൻ:** 500ലേറെ ഫീച്ചർ ഫിലിമുകൾ നിർമ്മിക്കുന്ന ഭാരതത്തിൽ എല്ലാ ചിത്രങ്ങളും ഈ പുരാവസ്തു ഗവേഷണ കലവറയിൽ സൂക്ഷിക്കുക എന്നത് തികച്ചും അപര്യാപ്തമാണ്. ഏതേതു ചിത്രങ്ങളാണ് സൂക്ഷിക്കേണ്ടത് എന്നതിന് പരിധികളുണ്ട്.

ഇന്ത്യയിലോ വിദേശത്തോ പ്രത്യേകം അംഗീകാരം പിടിച്ചുപറ്റിയവയും, വിജ്ഞാനപ്രദമായവയും, ചരിത്രപ്രാധാന്യമർഹിക്കുന്നവയു, സാംസ്ക്കാരികമോ, സാങ്കേതികമോ ആയ പ്രത്യേകതകൾ ഉൾക്കൊള്ളുന്നവയും പരീക്ഷണ ചിത്രങ്ങളും ഇവിടെ തെരഞ്ഞെടുക്കപ്പെടുന്നു.

**സംരക്ഷണം എങ്ങിനെ?:** ഇത്ര അധികം ഫിലിമുകൾ ഒററക്ക് സൂക്ഷിക്കാൻ വളരെയധികം ശ്രദ്ധ ആവശ്യമാണ്. ഫിലിം സൂക്ഷിക്കുന്ന റാക്കുകളും, ടിന്നുകളും ശാസ്ത്രീയമായി നിർമ്മിച്ചവയോ, കാലാവസ്ഥാ മാററങ്ങൾ പ്രതികൂലമായി ബാധിക്കാത്തവയോ ആയിരിക്കും. എയർ കണ്ടീഷൻ ചെയ്ത ഈ മുറിയിലെ താപനില ഒരിക്കലും കൂടാതെ ഒരു നിശ്ചിത പരിമാണത്തിൽ നില്പുവാനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്. പ്രത്യേകം അററകുററ പണികളോ സംരക്ഷണങ്ങളോ വേണ്ടവക്ക്, അവ ആവശ്യമാണെന്ന് തോന്നുന്ന പക്ഷം അവക്ക് വേണ്ടത് നല്കപ്പെടുന്നു.

**സെലക്ഷൻ മെത്തേഡ്:** ഇവിടെ സൂക്ഷിക്കാനായി ഫിലിമുകൾ കിട്ടുന്നതിനുവേണ്ടി ആദ്യമായി ആർക്കൈവ് നിർമ്മാതാവിനെയോ, വിതരണക്കാരനെയോ സമീപിക്കുന്നു. ഇതിൻെറ ഭാരവാഹികൾ അവരോട് ഒരു പ്രിൻറ് (നെഗററീവ് അല്ലെങ്കിൽ യഥാർത്ഥ കോപ്പി) സൗജന്യമായി തരാൻ അഭ്യർത്ഥിക്കുന്നു. കലാമൂല്യമുള്ള ചിലചിത്രങ്ങൾ ഇങ്ങിനെ സമ്പാദിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ പൈസ കൊടുത്ത് വാങ്ങിക്കുന്നു.

അവാർഡ് ചിത്രങ്ങളുടെ ഓരോ പ്രിൻറ് ഗവണ്മെൻറിന് കൊടുക്കണമെന്ന് നിബന്ധനയുണ്ട്. ഇത് ഗവണ്മെൻറ് ആർക്കൈവിന് കൈമാറുന്നു. വിദേശങ്ങളിൽനിന്നും വിലകൊടുത്ത് വാങ്ങുന്നതിനു പുറമെ, പ്രിൻറുകൾ തമ്മിൽ കൈമാററം നടത്തുന്നു 'ഇൻറർനാഷണൽ ഫെഡറേഷൻ ഓഫ് ഫിലിം ആർക്കൈവ്'ൽ ഇന്ത്യയും അംഗമായതിനാൽ, പലരാജ്യങ്ങളുമായി ബന്ധങ്ങൾ സ്ഥാപിക്കുവാൻ ആർക്കൈവിന് എളുപ്പം സാധിക്കുന്നു. ഇത് അന്തർദ്ദേശീയ ബന്ധത്തിന് വഴിയൊരുക്കുന്നു.

1964 ഫെബ്രുവരി മുതൽ 1978 ഡിസംബർവരെ ആർക്കൈവ് ശേഖരിച്ച കളക്ഷനുകൾ—ഫിലിംസ്—1852, പുസ്തകങ്ങൾ 6253, റിക്കാർഡ്സ് 1041, സ്റ്റിൽസ്—9918, വാൾപോസ്റ്ററുകൾ 2507, സിനിമാഗാന പുസ്തകങ്ങൾ—1983, സ്ക്രിപ്റ്റുകൾ 8778. ഇങ്ങിനെ സിനിമയുടെ പുരോഗതിക്കുവേണ്ടി സ്തുത്യർഹമായ പങ്ക് ആർക്കൈവ് വഹിക്കുന്നു.

—O—

# അവൻ, ഞാൻ?

– കൃഷ്ണകുമാർ വി. കെ.

തൃസന്ധ്യ. വേഗം വീട്ടിൽകയറി. ഭയമാകുന്നു. എന്തിന്? ആവോ? ഉത്തരമില്ല. എന്തിനാണിങ്ങനെ പേടിക്കുന്നത്.? ഒരാണല്ലേ? എന്തോ, ഏതോ കണ്ടുവച്ച് പേടിച്ചാലൊ! പക്ഷെ വിറയൽ നിൽക്കുന്നില്ല. ശരീരം ആകെ വിയർക്കുന്നു. കാരണം. അജ്ഞാതം.

ജനലും വാതിലും അടച്ചാലൊ? അടച്ചു. വേലിയുടെ മറവിലുള്ള കൈതക്കാട്ടിൽ ആരോ നിൽക്കുന്നുണ്ടോ? അവനായിരിക്കുമോ? അതേയെന്നു തോന്നുന്നു. ആ തീകത്തുന്ന കണ്ണുകൾ വേലിക്കപ്പുറം തിളങ്ങുന്നുണ്ടോ? ഉവ്വല്ലോ. അതെ അതവൻ തന്നെ. ആ തിളങ്ങുന്ന കത്തിയും, കണ്ണുകളും കറുത്ത ശരീരവും. ഉടനെ വാതിൽ ചേർത്തടച്ചു. അവൻ തന്നെ കാത്തു നിൽക്കുകയാണ്. ഞാൻ പുറത്തിറങ്ങിയാൽ അവൻ എന്നെ കൊല്ലും. അയ്യോ ഞാൻ മരിക്കും. ആകെ ഭയമാകുന്നു.

ഇന്നു വെള്ളിയാഴ്ചയാണ്. അയ്യോ! വെള്ളിയാഴ്ചയോ? കലണ്ടറെവിടെ, നോക്കട്ടെ. അതേയല്ലോ. ഇന്നു വെള്ളിയാഴ്ചയാണ്. ഇന്നു ഒരു ഭയങ്കര ദിവസമാണ്. അതെ ഇന്നാണ് ആ ഭൂതം വരുന്നത്. ആ കാലൻ. ഞങ്ങളുടെ വീട്ടിലെ എല്ലാവരേയും കൊന്ന കാലൻ.

എന്റെ അപ്പൂപ്പൻ മരിച്ചത് ഒരു വെള്ളിയാഴ്ചയാണ്. അതു പക്ഷെ ദീനം പിടിച്ചാണ്. വിറച്ചു വിറച്ചു കിടന്നിരുന്ന അപ്പൂപ്പൻ ഒരു ദിവസം അനങ്ങാതെ വിറങ്ങലിച്ചു കിടന്നു. അത്രതന്നെ.

അതിൽപ്പിന്നെയാണ് അതു തുടങ്ങിയത്. വെള്ളിയാഴ്ച മരണങ്ങൾ. ഹോ! ഓർക്കുമ്പോൾ ഭയം വർദ്ധിക്കുന്നു.

മൂന്നുകൊല്ലം മുമ്പ് മരിച്ച അമ്മൂമ്മയുടെ മുഖം. അയ്യോ അതോർക്കുമ്പോൾ..........! വിളറി വെളുത്ത ശരീരം. മുഖം ഭയാനകമായിരുന്നു. തുറിച്ച നാക്കും കണ്ണുകളും. നീലഞരമ്പുകൾ പിടച്ചിരുന്നു.

അയ്യോ! ആരോ വാതിൽക്കൽ മുട്ടിയോ? അവനായിരിക്കും. തുറക്കരുത്. അവനെന്നെ കൊല്ലും.

ഇന്നു വെള്ളിയാഴ്ചയാണ്. എന്റെ അച്ഛൻ മരിച്ചത് വെള്ളിയാഴ്ചയല്ലേ? അതെ കഴിഞ്ഞതിന്റെ മുൻപത്തെ കൊല്ലം കർക്കിടകമാസത്തിലെ വെള്ളിയാഴ്ച. അന്ന് ആ കാററത്തും മഴയത്തും ഒററക്കു നടന്നുവന്ന അച്ഛൻ ഇടിവെട്ടേററാണ് മരിച്ചത്. എന്തിനാണന്ന് ഇടിവെട്ടിയത്? അച്ഛനെ കൊല്ലാൻ വീടിന്റെ ഉമ്മറപ്പടി കേറുന്ന നേരം. ഹോ! ആ കരുവാളിച്ച മുഖം. ഓർക്കുമ്പോൾ കയ്യും കാലും കൂട്ടിയിടിക്കുന്നു. വിറക്കുന്നു. വിയർക്കുന്നു.

ഇത്തിരി വെള്ളം കുടിച്ചാലൊ? വേണ്ട. അവൻ കിണററുകരയിലുണ്ടാകും. ഇന്നു വെള്ളിയാഴ്ചയാണ്. എന്താ ഒരു ശബ്ദം. അയ്യോ! അവൻ കടന്നുവന്നതായിരിക്കുമോ ? അയ്യോ............! അവനെന്നെ ഇപ്പോൾ കൊല്ലും.

ഇതുപോലെ നിലവിളിച്ചുകൊണ്ടാണ് ഒരിരുട്ടുള്ള വെള്ളിയാഴ്ച രാത്രി അമ്മ മരിച്ചത്. കൂററാക്കൂരിരുട്ടത്ത് തപ്പിത്തടഞ്ഞുവന്ന അമ്മ. അടുത്ത വീട്ടിലെ പണി കഴിഞ്ഞുള്ള വരവായിരുന്നു. എന്തോ കണ്ടു പേടിച്ച് പിന്നിലേക്ക് മാറി ചവിട്ടിയത് വഴക്കലുള്ള കല്ലിന്മേൽ! പിന്നോക്കം മലർന്നടിച്ച് വീണ അമ്മ പിന്നെ എഴുന്നേററിട്ടില്ല. അയ്യോ! ഓർക്കുമ്പോൾ ഭയം വർധിക്കുന്നു. മനസ്സിനെ പിടിച്ചുനിർത്താൻ കഴിയുന്നില്ല. അതു മുന്നോട്ടുപോവുകയാണ്.

ഹോ! ഒരു മഴ പെയ്തെങ്കിൽ! നല്ല ശബ്ദത്തിലൊരിടി വെട്ടിയെങ്കിൽ, ഈ ഭയമൊന്നു മാറുമായിരുന്നു. ഈ ഏകാന്തത മാറുമായിരുന്നു.

അയ്യോ! വേണ്ട ആ ഇടിമിന്നലെങ്ങാനും താഴ്ന്നു വന്നാൽ എന്റെ ദേഹത്തുകൊണ്ടാൽ ഞാൻ മരിച്ചതുതന്നെ. പക്ഷെ, അവനെന്നെ കൊല്ലാൻ പററില്ലല്ലോ. എങ്ങനെയായാലും ഞാൻ മരിക്കും. എന്റീശ്വരാ എന്തൊരു വിധി! എന്തൊരു ശാപഗ്രസ്തമാണ് എന്റെ കുടുംബം........എന്റെ ജീവിതം....

എന്റെ പ്രിയപ്പെട്ട ചേച്ചി, ഇതുപോലൊരു വെള്ളിയാഴ്ചയാണ് മരിച്ചത്. അതേ. വെള്ളിയാഴ്ച വൈകുന്നേരം. മഴപെയ്ത് പുഴയിൽ വെള്ളം കൂടുതലുണ്ടായിരുന്നു. പതിവില്ലാതെ ചേച്ചി കുളിക്കാൻ പോയി. ഞാനും അനിയനും കൂടെയുണ്ടായിരുന്നു. വസ്ത്രങ്ങൾ അലക്കിക്കഴിഞ്ഞ് കുളിക്കാൻ ഇറങ്ങിയ ചേച്ചി, കാൽ വഴുതി വീണു. നല്ല ഒഴുക്കുണ്ടായിരുന്ന നടുപ്പുഴയിലേക്ക്, പുഴയുടെ അഗാധതയിലേക്ക് ഊളിയിട്ടു പോയി. രണ്ടു ദിവസത്തിനുശേഷമെ ശവം കണ്ടുകിട്ടിയുള്ളു. എന്റെ ഭഗവാനെ! ഇതെന്തൊരു ദുർദ്ദശ.

എന്റെ അനിയൻ!....അയ്യോ!....എനിക്കോർക്കാൻ വയ്യ. അവൻ എന്നെ വിട്ടുപോയിട്ട് രണ്ടു മാസമെ ആയിട്ടുള്ളു. തെങ്ങു വീണാണ് ഈ മുററത്തുവച്ച് അവൻ മരിച്ചത്. ഭാഗ്യമില്ലാത്ത കൊച്ചൻ. ഹോ! എന്റീശ്വരാ....

എല്ലാം എനിക്ക് വ്യക്തമായി ഓർക്കാൻ സാധിക്കുന്നു. എന്റെ കുടുംബത്തിൽ നടന്ന വെള്ളിയാഴ്ച മരണങ്ങൾ. എല്ലാത്തിനും കാരണം ആ ഭൂതം, യക്ഷി, രക്ഷസ്സ്....അങ്ങനെയെന്തോ ആണ്. കണ്ടില്ലെ ഇന്ന്! ഈ വെള്ളിയാഴ്ച തൃസന്ധ്യക്ക്!....നിവർത്തിപ്പിടിച്ച കത്തിയും ജ്വലിക്കുന്ന കണ്ണുകളുമായി. അവൻ വന്നിരിക്കുന്നു. എന്നെ കൊല്ലാൻ തന്നെ.

ഇടവഴിയിൽനിന്നും പാടത്തേക്കു തിരിഞ്ഞപ്പോൾ അവനെ കണ്ടതു നന്നായി. ഇടവഴിയിൽ വെച്ചായിരുന്നെങ്കിൽ ഒരു മനുഷ്യൻപോലും അറിയാതെ അവനെന്റെ കഥകഴിക്കുമായിരുന്നു. പാടത്തിന്റെ വരമ്പിലൂടെ വേഗം നടന്നതു കാരണം അവനെന്നെ അത്രവേഗം പിടികൂടാനായില്ല. പാടത്ത് ആളുകൾ ഉണ്ടായിരുന്നു.

ക്രൈസ്റ്റ് കോളേജ്

അതാ! എന്തോ ശബ്ദം! മഴയാണോ? ഇടിവെട്ടുകയാണോ? കാററാണോ? അതോ മററുവല്ലതുമാണോ?

ഏ....ഉമ്മറത്താണല്ലൊ? എങ്കിലവൻ തന്നെ. സംശയമില്ല. എന്നെ കൊല്ലാൻ ഈ വെള്ളിയാഴ്ച ത്രിസന്ധ്യക്ക്. ഇപ്പോഴും അവൻ വരും. തിളങ്ങുന്ന കത്തിയുമായി. ഇപ്പോഴും വരും. എന്നിട്ട് ഈ വെള്ളിയാഴ്ച്ച സന്ധ്യക്ക് ആ കത്തി എന്റെ നെഞ്ചിൽ ആഞ്ഞിറക്കും. അയ്യോ....! എന്റമ്മേ.... ആവൂ!

അവൻ വാതിൽ തുറക്കുമെന്നാണ് തോന്നുന്നത്. എന്നിട്ടെന്റെ അടുത്തു വരും. പിന്നെ....അയ്യോ!

ഒളിക്കുകതന്നെ. എവിടെ? എന്റെ കട്ടിലിന്റെ ചുവട്ടിലാകാം. ആരും കാണുകില്ല. ആ ഇരുട്ടിൽ അവനെന്നെ കാണുകില്ല. എൻറീശ്വരാ! ഈ വെള്ളിയാഴ്ചതന്നെ വേണോ എന്റെ കൊല! അടുത്ത വെള്ളിയാഴ്ച പോരേ?

അതാ എന്തോ ശബ്ദം! ഉമ്മറത്തെ വാതിൽ തുറന്നോ? അതെ തുറന്നെന്നു തോന്നുന്നു. തണുത്ത കാററു വരുന്നുണ്ട്. ആ വാതിലിലൂടെ ആയിരിക്കണം. എന്തോ ഒരു വെളിച്ചം! അതവന്റെ കയ്യിലെ ടോർച്ചായിരിക്കുമോ? അതേയല്ലോ. അതു ടോർച്ചിന്റെ പ്രകാശമാണ്. അതാ കാലടി ശബ്ദം. അവൻ വരുകയാണ്. തിളങ്ങുന്ന കത്തിയുമായി. ഇപ്പോഴും ആ പ്രകാശത്തിൽ എന്നെ കാണും. എന്നെ കൊല്ലും. എൻറീശ്വരാ....! എന്തൊരു വിധി!

രക്ഷപ്പെടണം. എതുവഴി? ഓടുക. എവിടേക്കോടും? അടുക്കളയിലേക്കോടാം. അവിടെനിന്ന് തട്ടിൻപുറത്തുകയറി ഓടിളക്കി പുറത്തുചാടാം. അതെ അതാണ് വഴി.

ഓടി. അടുക്കളയിൽചെന്നു. തട്ടിൻപുറത്തു കയറാൻ യാതൊരു പഴുതുമില്ല. തിരിച്ചോടിയാലോ? എന്നെ പിൻതുടർന്ന് അവൻ വരുന്നുണ്ടാകും. നിവർത്തിപ്പിടിച്ച കത്തിയുമായി....

കാലിൽ എന്തോ തടഞ്ഞു. എടുത്തുനോക്കി. കറികത്തി ഇതവന്റെ കയ്യിലും കാണും. ഇതിലും വലിയ കത്തി. അതവൻ ഇപ്പോഴും ആഞ്ഞിറക്കും എന്റെ നെഞ്ചിൽ. അയ്യോ! എൻറീശ്വരാ! സഹായത്തിനാരേയെങ്കിലും വിളിക്കാൻ ഒച്ച പൊന്തുന്നില്ല. അയ്യോ! എന്റമ്മേ....

ഇല്ല. രക്ഷപ്പെടണം. എന്തുവന്നാലും അവനെന്നെ കൊല്ലരുത്. എന്റെ കയ്യിലും ഉണ്ട് കത്തി. ഇതായാലും മതി എനിക്ക് മരിക്കാൻ. അതേ ഇതുമതി. എന്തു സംഭവിച്ചാലും അവനെന്നെ കൊല്ലാൻ കിട്ടരുത്. അതിനുമുമ്പ് ഞാൻ മരിക്കണം. അതിനിതാണു വഴി.

ഞാൻ..ഞാൻ..ഈ കത്തി അതിന്റെ ദാഹം ശമിപ്പിക്കട്ടെ. ഈ വെള്ളിയാഴ്ചതന്നെ ഞാൻ അവനിൽനിന്നും രക്ഷപ്പെടട്ടെ.

അമ്മേ....ആ....

മിനിക്കഥ:

# എന്റെ വീഴ്ച

– ജോൺസൻ കെ. ജെ.

പിന്നോട്ടു തിരിഞ്ഞു നോക്കാതെ കിട്ടാവുന്നത്ര വേഗത്തിൽ കാലടികൾ മുന്നോട്ടുവച്ചു ഞാൻ ഓടി. എങ്ങനെയെങ്കിലും രക്ഷപ്പെടണം എന്നതായിരുന്നു എന്റെ ചിന്ത. മുന്നിൽകണ്ട കിടങ്ങ് ഒററക്കുതിക്ക് ചാടിയും, ചുട്ടുപഴുത്ത പാറയിൽ ചവിട്ടിക്കയറിയും ഞാൻ ഓടി. കാലിന്നടിയിൽ ചളി പരന്നിരിക്കുന്നതു ഞാൻ കണ്ടു.

എങ്കിലും കുതിരക്കുളമ്പടി പിന്നിൽനിന്നു ഞാൻ കേട്ടുകൊണ്ടിരുന്നു. ആ ശബ്ദം അടുക്കുന്നതുപോലെ തോന്നി. എനിക്ക് ആ ഭീകരസത്വത്തെ ഓർക്കുക വയ്യ. എതോ ഒരു മാരണികമായ അങ്കിയുമണിഞ്ഞ് കയ്യിൽ തിളങ്ങുന്ന വാളുമേന്തി കുതിരമേൽ ഇരിക്കുന്ന ആ ഭീകരരൂപം! വിശ്രമമില്ലാതെ ഓടിക്കൊണ്ടിരുന്ന ഞാൻ വല്ലാതെ തളർന്നിരുന്നു. എന്റെ കാലിൽ ഒടിഞ്ഞ മുള്ളുകൾ ഇരുന്നു നീറിയിരുന്നു. അവശനായ എനിക്ക് ആ ശബ്ദം തൊട്ടുപിന്നിലായി തോന്നി, തിരിഞ്ഞു നോക്കവെ തോന്നലല്ലായെന്നു മനസ്സിലായി. പിന്നീടുള്ള ഓട്ടത്തിനിടയിൽ ഒരു ചെറിയ കല്ലിൽത്തട്ടി ഞാൻ മറിഞ്ഞുവീണു. പുറകെ ആ കുതിരയും, ആ സത്വവും എന്റെ മേലെ. അതിന്റെ കയ്യിലിരിക്കുന്ന വാൾ എന്നിലേക്കു താണു. ഞാൻ ഉയർന്നുപൊങ്ങി.

ഞാൻ ഉറക്കെ ചിന്തിച്ചു, ഞാനെന്തപരാധമാണ് ആ സത്വത്തിനോട് ചെയ്തത്; പിടികിട്ടി ഒന്നും ചെയ്യേണ്ടത്രേ !!!!



## ഒരു നീണ്ട കാത്തിരിപ്പ്

**- ദാമോദരൻഉണ്ണി. എൻ. കെ.**

മഞ്ഞണിഞ്ഞു മൂകമായ്നില്ക്കുമീ കുന്നിൻ മുകളിൽ,
വന്നിരിക്കുന്നു ഞാനിന്നുമേകനായ്,
ഒന്നുമറിയാത്തവൻ!

മഞ്ഞണിഞ്ഞ ഈ കുന്നിൻ ശിഖരത്തിൽ
ഖിന്നനായ് ഞാനിന്നുമിരിക്കുന്നു.
അകലെ, ആകാശഗോളങ്ങളിലെ
ശക്തിയിൽ ലയിക്കുവാൻ, ഉയരുവാൻ
ദേവശില്പികൾ തീർക്കും സാലഭഞ്ജികകളെ
പുണരാൻ, ആ ആലസ്യത്തിൽ ഉറങ്ങാൻ,
നാളെ, എല്ലാംമറന്നൊന്നുണരാൻ,
ഈ കുന്നിൻ നെറുകയിൽ ഞാനെന്റെ
ഭ്രാന്തമാം ഭാവനയെ കെട്ടിപ്പിടിച്ചിരിക്കുന്നു.
ഘനീഭൂതമാം ദുഃഖം അടയിരുന്നു തേങ്ങുന്ന
എന്റെ ഹൃദയത്തിൻ ജാലകം തുറക്കാൻ,
പിന്നെ, ഒന്നു പൊട്ടിക്കരയാൻ,
എല്ലാം അലിയിച്ചൊന്നില്ലാതാക്കാൻ,
എന്റെ കണ്ണീർത്തുള്ളികൾ മുക്കുറ്റിപ്പൂക്കളാകാൻ,
അവ മഞ്ഞിൻകണങ്ങളെ പുണരുന്നതൊന്നുകാണാൻ;
ഞാനിന്നുമീ കുന്നിൻ മുകളിൽ എന്റെ
വാല്മീകത്തിൽ ധ്യാനലീനനായിരിക്കുന്നു.
നാളത്തെ ഉയർത്തെഴുന്നേല്പിൽ ഞാൻ കേൾക്കു-
മായിരിക്കും
''പുരുഷ: ഏവേദം സർവ്വം യദ്ഭൂതം............''

## ഗ്രീഷ്മകാലചിന്ത

**- ഡേവിഡ്. ജെ. തോട്ടാപ്പിള്ളി**

വാനിൽ മഴക്കാറു നിറഞ്ഞു—
എന്നിട്ടുമെന്തേ! മഴ പെയ്യുന്നില്ല!
ഈയ്യാംപാറ്റകൾ പാറിക്കളിക്കുന്നു
ഒരു ഉത്സവത്തിന്റെ ഓർമ്മപോലെ!
ഇതുകണ്ട് ഒരു നിമിഷം ഞാൻ ചിന്തിച്ചു
വാനിൽ പാറികളിക്കുമീ ജീവികൾ
അവരുടെ ജീവിതത്തെക്കുറിച്ചു ഓർക്കുന്നില്ല.
മണിക്കൂറുകൾ മാത്രമേ അവരുടെ ജീവിതം—
ഉള്ളൂ എന്നു അവ ചിന്തിക്കുന്നില്ല.
ഉപകാരശൂന്യമായ ഈ ജീവിയ്ക്കു
ഭൂമുഖത്തു എന്തു പ്രാധാന്യം?

ഇന്നത്തെ യുവത്വത്തിനു
എന്തു പ്രാധാന്യം ഈ ഭൂമുഖത്തു്?
മഴക്കാറു നിറഞ്ഞിട്ടും, മഴപെയ്യാത്ത ഈ ഭൂമിയിൽ!
യുവത്വം! വേതനം വാങ്ങി പററാൻ വേണ്ടി
മാത്രം ജീവിക്കുന്ന യുവത്വം!
ഈ യുഗത്തിനു യുവത്വത്തെ വേണ്ടതാനും,
മാർക്കററിൽ സുലഭമാകുന്ന മെഷീനാകുന്നു മനുഷ്യൻ
വിപണിയിലുണ്ടുതാനും.
പിന്നെ എന്തിനു ഞാൻ ജീവിച്ചിടേണം?
കാലുകെട്ടിയ ഈ ഭൂമുഖത്തു
എന്തിനു ജീവിയ്ക്കുന്ന അസ്ഥിമാടമാകുന്നു
കർമ്മോജ്ജ്വലമാകേണ്ട യുവത്വം.
ഇതാ, ഇവിടെ കർമ്മരഹിതമായ യുവത്വം!

**സത്യജിത്റേ**

മാമൂൽ നിഷേധത്തിന് നിയതമായ നിയമാവലികൾ ഒന്നും ഇല്ലെന്നതു്കൊണ്ട് അയാളുടെ (ഓഫ്ബീററ്) സൃഷ്ടിയെ ഏതെങ്കിലും ഒരു മാനദണ്ഡം വെച്ച് അളക്കാനാവില്ല.... അതിനാൽ താൻ അർത്ഥവത്തായ ഒരു നൂതന സൃഷ്ടിക്ക് രൂപം കൊടുത്തിരിക്കുന്നുവെന്ന് അയാൾക്കെപ്പോഴും അവകാശപ്പെടാം. എന്നാൽ അയാളുടെ അവകാശവാദത്തിന് സൂക്ഷ്മ വിവേചനക്ഷമതയുള്ള ന്യൂനപക്ഷം പ്രേക്ഷകരുടെ അംഗീകാരമില്ലാത്തിടത്തോളം കാലം ആ കലാസൃഷ്ടി ന്യായീകരിക്കാതെ കിടക്കുകയുള്ളു.

# Environmental Pollution

- Unnikrishnan V. V.

In December 1952 a peculiar type of dense fog began to envelope London City. The build-up continued for several days Two weeks later when the fog lifted, around four thousand people- about half of them new born infants-were estimated to be dead and nearly thrice the number taken ill. Physicians diagnosed the cause of death - severe infection in the respiratory and cardio - vascular tracts.

In the highly industrialized Muse Valley of Belgium, a similar incident occurred in December 1930. The death toll was 600 and around six thousand were left with heart and lung complaints. Later, in 1956 and 1962, similar, but less severe incidents were repeated in London City, which altogether claimed about five hundred lives.

Chemical analysis of the fog showed that abnormally high concentrations of sulphur dioxide and smoke were present in it. This triggered the interests of many scientists. As more and more of their works came out, things became clearer. The poisonous elements that accumulated in the atmosphere formed thick layers above the cities. Weather conditions prevented them from getting dispersed. These got distributed in the fog, breathing which, people developed health complaints.

It was only then that the scientific community became aware of the seriousness of the new problem- Environmental Pollution.

Environmental Pollution, in today's sense, may be defined as the unfavourable alteration of our surroundings caused by the accumulation of the harmful substances formed mostly as by - products of Physical and / or chemical reactions.

The major sources of air pollution today are the appliances where energy is derived by burning fossil fuels. The origin of fossil fuels dates back to thousands of years. Huge trees in forests were uprooted due to natural calamities. As time passed on, more and more layers of soil were laid above them until they were in huge depths from the top soil. The tremendous pressure and temparature caused by this initiated physical and chemical changes in the hydro-carbons that constituted them. They ultimately changed into coal, petroleum and natural gas. Since these were formed from the fossils of ancient plants, they are called fossil fuels.

When fossil fuels are burnt, the by - products are mainly oxides of carbon, oxides of sulphur, oxides of nitrogen and particulate matter. (that is, ash, soot and the like). We shall now examine how each of these add to the contamination of environments.

The common oxides of carbon are carbon monoxide and carbon dioxide. Carbon monoxide is highly poisonous to the human body. It combines with haemoglobin, the red pigment of blood. This inhibits the activity of the Red Blood Cells - the oxygen carriers of the body. When this occurs, the various systems get into a state of disorder, leading to sudden death.

Carbon dioxide, though not as deadly, functions in a similar way. All the animal community in this world breathe in Oxygen and give out Carbon dioxide. Such huge amounts can cause an imbalance. But this is prevented by plants, which breathe in Carbon dioxide and give out oxygen. But, of late, we are facing a grave problem; due to massive deforestation, green forests are being turned into waste lands. It can result in a state when the existing plants are not sufficient to replenish the oxygen being used up, and to use up excess carbon dioxide.

The oxides of sulphur are mainly two-sulphur dioxide and sulphur trioxide. Chemical studies have shown that sulphur dioxide causes infections in the respiratory and cardio-vascular tracts. Sulphur trioxide when dissolved in water is sulphuric acid - one of the most highly corrossive acids. The percentage

of sulphur trioxide in industrial exhausts being very high, some part of it comes down as sulphuric acid during rains.

The poisonous oxides of Nitrogen are Nitrous oxide and Nitrogen dioxide. The former, when inhaled in small quantities affects the nervous system and causes hysterical laughter. It is commonly known as 'laughing gas', whose overdose would be fatal. Fortunately, not much of this gas is found in industrial exhausts. Nitrogen dioxide which is more common, corrodes the skin and causes headache and sickness when inhaled.

The particulate matter, made up of suspended particles of carbon, is harmful to the respiratory system in man.

Statistics indicate that, in the United States alone, about 78 million tons of carbon monoxide, 22 million tons of nitrogen oxides and 25 million tons of sulphur oxides along with a few more millions of tons of particulate matter are emitted into the atmosphere each year ! The condition in India need not be any different - our trucks and buses are 'record- breakers' in pollution, creating black 'smoke - screens' wherever they go.

In nature, there exists a chain - like relationship between the smallest organisms and the largest ones. It is known as the food chain. The first link of this chain is constituted by the green algae. They contain chlorophyll and have the power to synthesise their own food in presence of sunlight. These green algae are eaten by small animals, which form the food for larger ones. They in turn are engulfed by still larger animals. At the extreme end of this chain comes man.

It is interesting to examine the effects of insecticides on the food chain. When an insecticide is sprayed from air, particularly when this is done by airplanes, only fifty percent of it falls on the plant concerned. The remaining part either goes into the soil or gets dispersed in the atmosphere. The soil contains certain bacteria called nitrifying bacteria, which render the atmospheric nitrogen fit for plant intake. This nitrogen is essential for plant growth. These nitrogen fixing bacteria get killed by the strong poisons. Their continued use destroys the bacteria completely, and then it becomes impossible to get a good crop from such a soil. Similar incidents have been reported from some parts of Kerala a few years back. The land had to be laid bare for as long as three years to let the nitrogen fixing bacteria grow and make the land cultivable.

The other part of the insecticide which goes into the atmosphere, comes down with rainwater. This water, through rivers and other means, often finds its way into the ocean. Only very minute amounts of strong insecticides is required to destory the green algae - the fundamental basis of the food chain. This is what the insecticides are doing to our ecosystem.

The discovery of nuclear energy in the 'forties was proclaimed as a technological break - through of Man. It was found out that when an atom was spilt (fission) or when two atoms are fused, tremendous amounts of energy, mostly in the form of heat was liberated. This energy was used to work generators to produce electricity. Everything seemed to be quite good, until the problem of disposal of used nuclear fuels arose. They emit powerful radiations which cause cancers in the human body. They are most cruel to human babies yet to be born. They are physically or mentally retarded. The effects of the first atomic bomb are still prevalent in Hiroshima where stillbirths are common occurrences even now.

The problem of storage of nuclear wastes has been temporarily stored by constructing underground tanks with very thick reinforced walls. But it is not safe enough. Recently there were reports that leaks were detected in three such tanks in U. S. A.

Pollutants are numerous. The lead added to gasoline to increase the octane value, and the mercury salts used in agriculture are posing as threats to modern technology. Even the plastic vessels we use have been found to contain the deadly 'P. C. B.'s (Poly chlorinated Biphenyls).

The list of Pollutants is, by no means, complete. But the gravity of the problem can be assessed and evaluated from there examples.



"MAKUDI" Uty. 2nd BEST DRAMA



ACE ARTIST DESIGNED THE COVER

NALINAKSHAN S. K.
I B. Sc.



RAVINDRAN
III B.Com.

CALICUT Uty. BEST ACTOR



OTTAMTHULLAL
MURALEEDHARAN M. S.
II PDc



Mr. CHRIST COLLEGE ROY. A. J. IIIB.Sc.

Uty. WINNER IN Mal. ESSAY



SHEKHAR. T. V
IIP.DC.



ജയകുമാർ പി.
—അണ്ടർ ഓഫീസർ—



സച്ചിദാനന്ദൻ എൻ.
—ബററാലിയൻ സീനിയർ അണ്ടർ ഓഫീസർ—



രവീന്ദ്രൻ എ. കെ.
—അണ്ടർ ഓഫീസർ—

ക്രൈസ്റ്റ് കോളേജ് എൻ. സി. സി. യെ സംബന്ധിച്ചിടത്തോളം ഈ വർഷം നേട്ടങ്ങളുടെ വർഷമാണ്. പുതിയ ഓഫീസറായി ചാർജെടുത്ത സെക്ക. ലഫ്. ഈ. ടി. ജോണിൻെറ നേതൃത്വം ഈ വർഷത്തെ പ്രവർത്തനങ്ങൾക്കൊരു മുതൽക്കൂട്ടായിരുന്നു. അച്ചടക്കം ചിട്ടയുമുള്ള പരിശീലനങ്ങളിലൂടെ അനുസരിക്കാനും അനുസരിപ്പിക്കാനും കഴിവുള്ള അച്ചടക്കമുള്ളൊരു യുവശക്തി ഇവിടെ ഉരുത്തിരിയുകയാണ്. ഗാന്ധി ജയന്തിയോടനുബന്ധിച്ച് നടന്ന സേവനവാരാഘോഷങ്ങളുടെ ഭാഗമായി ഇരിങ്ങാലക്കുട ബസ്സ്റ്റാൻറും പരിസരവും കേഡററുകൾ ശുചീകരിച്ചു. അമ്പതിൽപരം എൻ. സി. സി. കേഡററുകൾ ഈ വർഷം രക്തദാനം നടത്തുകയുമുണ്ടായി. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് മുൻസിപ്പൽ മൈതാനിയിൽ എൻ. സി. സി. കേഡററുകൾ കാഴ്ച വെച്ച ബയണററ് ചാർജ്ജിങ്ങും പ്ലാററൂൺ അററാക്കും കാണികളുടെ പ്രശംസ പിടിച്ചുപററി. കോളേജ് എൻ. സി. സി. യുടെ ചരിത്രത്തിലാദ്യമായി ഏററവും നല്ല എൻ. സി. സി. കമ്പനിക്കും, ഡ്രിൽ, ക്രോസ് കൺട്രി, ക്വിസ്, ഡിബേററ് എന്നിവയ്ക്കുമുള്ള ട്രോഫികളും കോളേജ് യൂണിററ് നേടുകയുണ്ടായി. ക്രോസ്കൺട്രി, ക്വിസ്, ഡിബേററ് എന്നീ ഇനങ്ങളിൽ സമ്മാനാർഹരായ കേഡററ് ജോർജ് ജെയിംസ്, സർജൻെറ് ജോസഫ് ആൻറണി, സീനിയർ അണ്ടർ ഓഫീസർ സച്ചിദാനന്ദൻ എന്നിവരും ഡ്രിൽ ടീമംഗങ്ങളും പ്രത്യേകം അഭിനന്ദനമർഹിക്കുന്നു.



ടോണി എ. ഡി.
—അണ്ടർ ഓഫീസർ—



ശശിധരൻ ഐ. പി.
—അണ്ടർ ഓഫീസർ—

N. C. C. at Social Work





# HOLOGRAPHY: A Three - Dimensional Photography

- Purushothaman V. P.

What is holography ? A three dimensional photography is the simple answer. A photograph represents a two dimensional recording of a three dimensional figure. It records the intensity distribution occuring at the plane of photopraph when it was exposed. Since only intensity pattern is recorded, the phase distribution of picture in the plane of photograph is lost. Hence three-dimensional character is lost. So one cannot looking in different angles change the appearance of image or cannot refocus any unfocussed part of image. Holography is a method used to cover the above difficulty. This was introduced by Gabor in 1947. If the holography of an object is taken we have three dimensional form of the object. Not only amplitude, but also phase of object is recorded. One can view the holograph as the real object. We can view at different angles and can focus at different distances. The popularity of holography is its three dimensional character. It gives the images as true as the object itself. Holography is an applicaton of interference, a phenomenon of light. So before saying something more about holograyhy, a brief description of amplitude, phase, superposition, coherence, interference etc. is needed.

**Principle of Holography -**

Now we shall enter into the subject matter. As earlier said the basic principle used in holography is the interference phenomenon. Light wave coming from object (whose holography is to be taken) is called object-wave. Another wave called reference wave is introduced. The object wave is made to be reinforced (or superimposed) by reference wave and resulting interference pattern is made to fall on a photographic plate. Thus the interference pattern is made to be recorded on the photographic plate and the recorded interference pattern is called hologram. Hologram has little resemblence with the object. But everything about object is coded into the hologram. To see the image again a process called reconstruction process is done. What is doing is to illuminate hologram with another wave called reconstruction wave. In almost all cases reconstruction wave and reference wave will be identical. We get a virtual and real

---

Now that we are aware of the problem, it calls for some solutions - or at least some control measures - to be chalked out. The educated youths of the student community have a decisive role to play.

The first step is to identify ourselves to the society. So let us join hands and make ourselves known. A small band of earnest and dedicated young men can never fail in such an honourable enterprise.

The next task is to enlighten the people of the hazards the pollutants are causing to human life. They should be made aware of the need for conserving our environments whose destruction would put the very existence of human beings at stake. The mass media must be put to use for this task.

The government should be forced to devise and put into practice pollution control methods in the country. Automobiles without proper pollution control devices attached to them should not be allowed on the Roads.

Factories that emit polluting wastes should be encouraged to install pollution control equipments, failing which, they may be forced to close down.

The government should extend all help to scientists conducting researches on Pollution control and Environmental protection.

Since trees are the recycling agents of oxygen, they should be conserved. Already, about half of our ancestoral forest wealth has been lost due to our slackness. No more time should be lost in rebuilding them. Remember ! the very existence of human beings would be at stake if we do not act now ! ★

image of object. The virtual image has all characteristics of object. Thus one can move the position of eye and look at any side of the object or can focus at any distance. The object can be photographed by simply placing the photographic plate at the position of formation of real image. The theory of holography is very lengthy and hence is not going to discuss here.

To get holography clearly some conditions and requirements has to be satisfied. One thing is that the maximum path difference between object wave reference wave should not exceed coherence length. And secondly all points in space must be in phase with the object and reference wave. That is spatial coherence is needed. For good resolution in the reconstructed image. The reconstruction source must not be broad. Reconstruction process if not good abberrations as in the case of lens will be formed. In order to avoid that, reconstruction source must have same wave-length with the reference source. And must be situated at the same relative position with the hologram as that of reference source. Another thing is that the film, the object and any mirrors used in producing reference beam must be motionless. Special materials is to be used for photographic plate.

**Application of Holography:-**

Holography finds applications in many fields. Holography can record depth of a hole, height of a thing and such 3-dimensional characters. Consider a momentary microscopic event taking place in a certain volume. If we use a microscope we have to locate the position for clear focusing and have to make observation. But in the mean time event will take place. In this case if we take a hologram of the scene, actually the scene itself is recorded and one can focus through the depth of image and study the phenomenon at leisure.

But another important application is in the field of interference itself. We can study the strees occuring in an object using the technique called double enposure holographic interferometry. First the photographic plate is exposed to the object wave of unstressed object along with reference wave partially. Then stress is applied to the object. And the same photographic plate is again exposed to the object wave of stressed object and same reference wave. Now the hologram is illuminated by a reconstruction wave. Then two object wave emerges from the hologram, one corresponding to unstressed object and other corresponding to stressed object. They get interfered and an interference pattern can be obtained in a screen. By a quantitative observation of the interference pattern we can study the distribution of stress in the object. Here two light waves occuring at different times are made to be interfered. In ordinary cases it is not possible so.

Thus holography made several impossible things possible and has made a considerable contribution to our researches in various fieldss of science. Let the science of holography also grow more and more.

**Superposition of waves and Interference:-**

Consider two waves travelling through a medium. Each wave produces its own displacement to the ether particle independant of the other. But at some places one wave gets superimposed on the other. At that places the algebraic sum of displacement gives total displacement. If the crest of one wave is superimposed on the crest of the other wave we get maximum intensity. So also in the case of trough. But if crest of one wave gets superimposed on the trough of other wave we get zero intensity. When two such light waves are propagated in a medium we get alternate brightness and darkness. This phenomenon is called interference. To get interference pattern there must be two sources having light waves of same frequency, amplitude and phase. That is there must be two coherent sources. At a point maximum intensity is obtained where the two waves reaching there have a phase difference of $2\pi$ or multiples of $2\pi$. And zero intensity is obtained when they have a phase difference of odd number multiple of $\pi$. A simple experiment to view interference is the young's experiment.

In 1809 Thomas young succeded in demonstrating interference for the first time. He admitted a beam of sunlight through a narrow slit into a darkened room. The emergent beam of light was made to fall on a screen containing two fine slits to serve as two sources of interfering waves and placed at a considerable distance from the first slit. On placing a screen parallel to two slits coloured line or bands (also called interference bands) were obtained on the screen. When monochromatic light (light having one colour) was used instead of sunlight alternate bright and dark bands are obtained, also called lines of maximum and minimum intensity. If we move the screen away from source at some distance from source the bands disappear. A coherence length can simply be said as this distance. ★

AC NO. 39558
CALL NO
REF

# Mind Your Own Business

- Joseph Kannampilly

I was seated in a bus at the left end of a seat, when a gentleman of about twenty five, entered and took his seat opposite to mine, dressed in the T in the western style of course. His fashionable tie was knotted most accurately, and of the modern mode, his curly hair controlled with the aid of some cosmetics. He possessed a certain naturalness, charming and magnetic. Search as I might, no flaw could be detected, in his handsome looks, and well cut features. He seemed a pattern of what art and nature could jointly achieve.

Fascinated at first sight I began to scrutinise as I generally do, even in the rush and jam of the bus. My eyes strayed down to his feet, and to my dismay, I found that the lace on his shoes were not fastened, an oversight I thought. My good will prompted to bring this to his notice.

"Friend" I said, 'Evidently you have forgotten your shoe lace. Do look at that'. His face changed colour, his attitude grim Nevertheless his eye travelled down, and he rectified the omission, but instead of the expected thanks, he blurted out "Mind your own business". That was disappointing, but I ignored it, and continued my journey in strained silence.

I fell musing again The bus went on its way and did not pause with our thoughts. The conductor whistled his startings and stoppings regardless of the thoughts and feelings of those within.

Suddenly I realized that I was on a bus journey and desired to know the time. My eyes automatically fell on my reticent neighbour's watch, instead of, on my plain one. His strap was loose, and the watch on the verge of dropping off.

"Young man" said I again much to his displeasure. "Your strap has gone loose, set it right". 'Mind your own business' came again. That angry retort. Funny guy! thought I, Strange behaviour. I had done him a good turn. Were it not for my timely warning he might have dropped a costly watch by the wayside.

I was not annoyed however. I had long learned to understand man. Human nature varies and one can not clarify or formulate reactions No two men are alike, I thought.

The bus moved on and on, passengers stepped out at stops while others entered. An elegant passenger took his place right behind the young man. I soon recognized him as a popular film star. My grumpy friend turned round abruptly to get a view of him, and while he did so, his tie got misplaced. The man had twice asked me to mind my business, yet my sense of courtesy did not let me hold my tongue. I drew his attention to his tie, and drawing forth a hand mirror from his pocket, he set it right. I was pleased and thought the severity of the man was relaxing and he was coming round. But to my utter surprise out came the reiterated phrase. "MIND YOUR OWN BUSINESS". This was too much for me, I decided to mind my business for the rest of the journey.

Half an hour later the bus came to a halt, and the man who sat by my grim companion made a quick dash for the door and disappeared. The suddenness of his exit seemed strange to my companion. He slipped his hand into his pocket as if to make sure that everything was safe, and lo ! he turned deadly pale.

"My pocket has been ripped" he said. 'Dear me, my purse is gone'. He turned his agonising face to me. Did you see the young man that flashed out of the bus? Yes I did, said I. Did he rip open my pocket? Yes he did, replied I. How did he do it? went on the agitatee man, and I with the calmness characteristic of me, but annoying to my friend said that he did it with a shaving blade.

Have you seen him before? He asked again. Oh yes, said I. ' His photo ranks in the gallery of crooks in all police stations" Have you any idea where I can find him? No idea, said I. I am not in touch with such a smart set.

You saw him do it, and you did not tell me? Yes dear friend, said I "Once bitten twice shy", I was asked to mind my business, not once, not twice, but thrice; when I saw him cut your pocket, I clung to your direction. I did mind my own BUSINESS. ★

# ജയപ്രകാശ് നാരായൺ: ഒരു പഠനം

– ജോസ് കെ. എഫ്.

1947–ൽ ത്രിവർണ്ണപതാകയുടെ ചുവട്ടിൽനിന്നുകൊണ്ട് നാം ദരിദ്രകോടികളടങ്ങുന്ന മുഴുവൻ സമൂഹത്തിൻെറയും ഉന്നമനത്തെക്കുറിച്ച് ചില സങ്കല്പങ്ങൾ സ്വീകരിച്ചു. അവ ഇനിയും യാഥാർത്ഥ്യമായിട്ടില്ല. സ്വാതന്ത്ര്യത്തിൻെറ ഫലങ്ങൾ സാധാരണക്കാർക്കും ലഭ്യമാക്കേണ്ട ജോലി ഇനിയും അവശേഷിക്കുകയാണ്. അതിന് ദാരിദ്ര്യവും ചൂഷണവും അവസാനിപ്പിക്കണം. അതിനുവേണ്ടിയാണ് ജയപ്രകാശ്ജി തൻെറ ജീവിതം സമർപ്പിച്ചത്.

1979 ഒക്ടോബർ എട്ടിന് ഇന്ത്യൻ ജനതയെ മുഴുവൻ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് ലോക്നായക് ജയ്പ്രകാശ് നാരായൺ അന്തരിച്ചു. ഒക്ടോബർ എട്ടാംതിയ്യതി രാവിലെ 5–45നാണ് ആ സ്വാതന്ത്ര്യ സമരസേനാനി നമ്മെ വിട്ടുപിരിഞ്ഞത്. രാജ്യം ഏഴുദിവസം ആ മഹാത്മാവിൻെറ വേർപാടിൽ ദുഃഖമാചരിച്ചു.

ലോക്നായക് ജയപ്രകാശ് നാരായൺ ജനിച്ചത് 1902 ഒക്ടോബർ 11നാണ്. ബീഹാറിലെ സിത്തബ്ദിയാറാ ഗ്രാമത്തിലാണ് ജയപ്രകാശ് ജനിച്ചത്. അദ്ദേഹത്തിൻെറ പിതാവ് ഹർസംദയാൽ ബീഹാർ സർക്കാരിൻെറ ഒരു ഉദ്യോഗസ്ഥനായിരുന്നു. ഗ്രാമത്തിലെ ഒരു വിദ്യാലയത്തിൽ ജയപ്രകാശ് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. അതിനുശേഷം പാററ്നയിലെ ഒരു കോളേജിൽ സയൻസ് വിദ്യാർത്ഥിയായിചേർന്നു. ഈ സമയത്താണ് ജയപ്രകാശ് മഹാത്മാ ഗാന്ധിയുടെ നിസ്സഹകരണ പ്രസ്ഥാനത്തിൽ ചേർന്നത്. നിസ്സഹകരണപ്രസ്ഥാനത്തിൽ രണ്ടുവർഷം പങ്കെടുത്തശേഷം 1922ൽ ജെ. പി. ഉപരിപഠനാർത്ഥം അമേരിക്കൻ ഐക്യനാടുകളിലേക്ക് പോയി. അമേരിക്കൻ ഐക്യനാടുകളിലെ ഏഴുവർഷത്തെ ജീവിതത്തിനിടയിൽ അവിടത്തെ വിവിധ സർവ്വകലാശാലകളിൽ നിന്ന്, ശാസ്ത്രത്തിലും സാമൂഹ്യശാസ്ത്രത്തിലും പാണ്ഡിത്യം നേടി. സാമ്പത്തിക ശാസ്ത്രത്തിലും സാമൂഹ്യശാസ്ത്രത്തിലുമുള്ള പാണ്ഡിത്യം അദ്ദേഹത്തെ ഒരു മാർക്സിസ്റ്റാക്കിമാററി. 1929ൽ ജെ. പി. ഇന്ത്യയിലേക്ക് മടങ്ങി.

### ജയപ്രകാശും ഇന്ത്യൻ നാഷനൽ കോൺഗ്രസ്സും:—

അമേരിക്കൻ ഐക്യനാടുകളിൽനിന്ന് മടങ്ങിവന്നശേഷം ജെ. പി. വാർദ്ധ ആശ്രമത്തിൽവച്ച് സ്വാതന്ത്ര്യ സമരത്തിൽ ചേർന്നു. വാർദ്ധ ആശ്രമത്തിൽവച്ചുതന്നെ ഗാന്ധിജിയുടെ പ്രവർത്തനഫലമായി ജെ. പി. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ അംഗമാകുകയും തൻെറ ജീവിതം മുഴുവൻ സ്വാതന്ത്ര്യ സമരത്തിന് വേണ്ടി നീക്കി വെക്കുകയും ചെയ്തു.

1932ൽ ജെ. പിയെ ബ്രിട്ടീഷ് ഗവണ്മെൻറ് അറസ്റ്റ് ചെയ്ത് നാസിക് ജയിലിൽ തടവുകാരനാക്കി. അവിടെ വച്ച് അദ്ദേഹത്തിന് സോഷ്യലിസ്റ്റ് ചിന്താഗതി വളർന്നു. ഈ സോഷ്യലിസ്ററ് ചിന്താഗതി അദ്ദേഹത്തെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുണ്ടാക്കുന്നതിന് പ്രേരിപ്പിച്ചു. 1934ലെ പാററ്ന എ. ഐ. സി. സി. സമ്മേളനത്തോടുകൂടി കോൺഗ്രസ് സോഷ്യലിസ്ററ് പാർട്ടി രൂപം കൊണ്ടു. അങ്ങനെ ജെ. പി. തൻെറ രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടുന്നതിനുവേണ്ടിയുള്ള തീവ്രശ്രമം ആരംഭിച്ചു. ജയപ്രകാശ്ജിയുടെ സോഷ്യലിസ്റ്റാദർശങ്ങൾ മഹാത്മാ ഗാന്ധിയുടെ അക്രമരാഹിത്യനയവുമായി യോജിച്ചില്ലെങ്കിലും അദ്ദേഹം മഹാത്മാ ഗാന്ധിയുടെ നേതൃത്വം സ്വീകരിച്ചു. 1940ൽ ജെ. പി. വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു. ഹസാരിബാഗ് ജയിലിൽ ഒരു തടവുകാരനായി അദ്ദേഹം. അവിടെനിന്ന് പുറത്തുവന്ന് താമസിയാതെതന്നെ വീണ്ടും അറസ്റ്റിലായി രാജസ്ഥാനിലെ ഡിയോളി ക്യാമ്പിൽ തടവുകാരനാക്കപ്പെട്ടു. 1942ൽ ഗാന്ധിജി ''ക്വിററ് ഇൻഡ്യ'' മുദ്രാവാക്യം മുഴക്കിയപ്പോൾ ജയപ്രകാശ് ഹസാരിബാഗ് ജയിലിലായിരുന്നു. ഒരു കാട്ടുതീപോലെ രാജ്യം മുഴുവൻ പടർന്നുപിടിച്ച സ്വാതന്ത്ര്യ സമരത്തെക്കുറിച്ചോർത്തപ്പോൾ ജെ. പി.ക്ക് ഒരു നിമിഷം പോലും ജയിലിൽ കിടക്കുവാൻ സാധിച്ചില്ല. 1942ൽ തന്നെ നവംബറിൽ അദ്ദേഹം ജയിലിൽനിന്നും രക്ഷപ്പെട്ടു. ജയപ്രകാശ് രക്ഷപ്പെട്ട വാർത്ത സ്വാതന്ത്ര്യ സമര സേനാനികൾക്ക് ആത്മധൈര്യം വർദ്ധിപ്പിച്ചു. പക്ഷെ ബ്രിട്ടീഷ് പട്ടാളം ജെ. പിയേയും അനുയായികളെയും പിന്തുടർന്നുകൊണ്ടിരുന്നു. അനേകം അനുയായികൾ ബ്രിട്ടീഷ് പട്ടാളത്തിൻെറ തോക്കിനിരയായി. ജയപ്രകാശിൻെറ തല കൊയ്യുന്നതിന് ബ്രിട്ടീഷ് സർക്കാർ 10,000രൂപ സമ്മാനത്തുകയായി പ്രഖ്യാപിച്ചു. 1943ൽ പ്രമുഖ സോഷ്യലിസ്റ്റായ ഡോക്ടർ റാം മനോഹർ ലോഹ്യയോടൊപ്പം ജെ. പി. വീണ്ടും ജയിലിലായി. പക്ഷെ അദ്ദേഹം അവിടെനിന്നും രക്ഷപ്പെട്ടു. ഈ രാജ്യത്തെ ഓരോ കുടുംബവും അദ്ദേഹത്തിൻെറ നാമം ഉച്ചരിക്കുവാൻ തുടങ്ങി. അവർക്കാവേശം കൊടുത്തിരുന്നതദ്ദേഹമാണ്. പക്ഷെ ഇതെല്ലാം ബ്രിട്ടീഷുകാർ അദ്ദേഹത്തെ കൂടുതൽ പീഡിപ്പിക്കുന്നതിന് കാരണമാക്കി. അങ്ങിനെ അദ്ദേഹം വീണ്ടും ജയിലിലായി, ലാഹോറിൽ. അവിടെ അദ്ദേഹം ക്രൂരമായി മർദ്ദിക്കപ്പെട്ടു. 1946ൽ ഗാന്ധിജിയുടെ ആവശ്യപ്രകാരം അദ്ദേഹത്തെ ജയിലിൽനിന്നും വിട്ടു.

**അധികാരത്തിൽ മോഹമില്ല:—** സ്വാതന്ത്ര്യലബ്ധിക്ക് ശേഷം കോൺഗ്രസ് സോഷ്യലിസ്ററ് പാർട്ടിയുടെ

നേതാവായാണദ്ദേഹം രംഗത്തുവന്നത്. അധികാരത്തിലിരിക്കുന്നതിനേക്കാളുപരി ഗവണ്മെൻറിന് പുറത്തുനിന്ന് ജനങ്ങളെ സേവിക്കുവാനദ്ദേഹം ഇഷ്ടപ്പെട്ടു. ആചാര്യ വിനോബഭാവെയുടെ ഭൂദാന പ്രസ്ഥാനത്തിൽ അദ്ദേഹം ചേർന്നു. 1954ൽ അദ്ദേഹം ഒരു 'ജീവന്തനി'യാകുവാൻ ആഗ്രഹിക്കുകയും അങ്ങിനെ ജീവിതം ജനസേവനത്തിന് സമർപ്പിക്കുവാനും ആഗ്രഹിച്ചു. അങ്ങിനെ സർവ്വോദയപ്രസ്ഥാനത്തിന് അദ്ദേഹം തറക്കല്ലിട്ടു.

## രാഷ്ട്രീയത്തിലേക്കുള്ള പുനഃപ്രവേശനം:—

1971 മുതൽ അദ്ദേഹത്തിൻെറ ആരോഗ്യം ക്ഷയിച്ചുകൊണ്ടിരുന്നു. പക്ഷെ ജയപ്രകാശ്ജിക്ക് വിശ്രമമുണ്ടായിരുന്നില്ല. ചംബൽ താഴ്‌വരയിലെ കൊള്ളക്കാരെ കീഴടക്കുന്നതിന് അദ്ദേഹത്തിനുള്ള കഴിവ് പ്രശംസാർഹമായിരുന്നു. പക്ഷെ വിധി അദ്ദേഹത്തെ വീണ്ടും ദുഃഖിതനാക്കി. 1973ൽ ഭാര്യ പ്രഭാവതി അന്തരിച്ചു.

1974ൽ ജയപ്രകാശ് തൻെറ പ്രക്ഷോഭമാരംഭിച്ചു. അഴിമതിനിറഞ്ഞ ബീഹാർ ഗവണ്മെൻറിനെ പുറത്താക്കുകയായിരുന്നു പ്രക്ഷോഭത്തിൻെറ ലക്ഷ്യം. വിദ്യാർത്ഥിവർഗ്ഗം ഒന്നടങ്കം ഈ പ്രക്ഷോഭത്തിൽ പങ്കുകൊണ്ടു. ഒരു സമ്പൂർണ്ണ വിപ്ലവത്തിൻെറ രൂപത്തിലാണ് ജയപ്രകാശ് ഈ പ്രക്ഷോഭത്തെ കണ്ടുകൊണ്ടിരുന്നത്.

## സമ്പൂർണ്ണവിപ്ലവം (Total Revolution):-

സാമൂഹ്യ വ്യവസ്ഥിതിയിൽ സമൂല പരിവർത്തനമുണ്ടാക്കുക; സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവും, സാംസ്കാരികവും, വിദ്യാഭ്യാസപരവും, ധാർമ്മികവുമായ പരിവർത്തനങ്ങൾ, ഇതിലൂടെ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽനിന്നും തികച്ചും വ്യത്യസ്തമായ, ഏററവും കുറഞ്ഞ തിന്മകളുള്ള ഒരു പുതിയ സമൂഹം ഉരുത്തിരിഞ്ഞുവരണം, സകലർക്കും സൗകര്യങ്ങളുള്ള, ധനികനും ദരിദ്രനും തമ്മിൽ ഇന്നത്തേതുപോലെ ഈ വലിയ അന്തരമില്ലാത്ത, ഒരു ഭാരതമാണ് നമുക്കു വേണ്ടത്. ചൂഷണം ഇല്ലാതിരിക്കുകയൊ ഏററവും കുറഞ്ഞിരിക്കുകയോ ചെയ്യുക, സമൂഹത്തിലെ തിന്മകൾ കുറയുക, സത്യവും നീതിയും ഉണ്ടായിരിക്കുക, സാമ്പത്തിക പരിവർത്തനത്തിൻെറ ഫലം താഴെക്കിടയിലുള്ള ദരിദ്രരായ—അവർ കർഷകരായാലും, തൊഴിലാളികളായാലും, ഹരിജനങ്ങളായാലും, ആദിവാസികളായാലും ലഭിക്കണം. ഏററവും താഴെക്കിടയിലുള്ളവർക്ക് ആദ്യം വളരുവാൻ സൗകര്യമുണ്ടായിരിക്കണം. ഇതാണ് ജയപ്രകാശിൻെറ അഭിപ്രായത്തിൽ സമ്പൂർണ്ണ വിപ്ലവം. പക്ഷെ കഴിഞ്ഞ മുപ്പത്തിരണ്ടുവർഷത്തെ അനുഭവം നേരെ തിരിച്ചായിരുന്നു. ധനാഢ്യതയും, ധനികരും, ദരിദ്രരും തമ്മിലുള്ള അന്തരം ഏറിവന്നതേയുള്ളു. ഭൂപരിഷ്കരണ നിയമങ്ങൾ എല്ലാ സംസ്ഥാനങ്ങളും പാസാക്കി. പക്ഷെ ഭൂരഹിതർ ഏറിവന്നതേയുള്ളു.

## ജയപ്രകാശ് പറയുന്നു.

''ഈ പ്രക്ഷോഭം വിജയിച്ചാൽ ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമുണ്ടാകും. സമൂഹത്തിലെ തിന്മകൾ, അയിത്തം, വർഗ്ഗീയ ലഹളകൾ സകലതും അവസാനിക്കണം. നാമെല്ലാം ഭാരതീയരാണ്, മനുഷ്യരാണ് എന്ന ചിന്ത വളർന്നു വരണം. ഈ രാജ്യത്തെ എല്ലാ മനുഷ്യരുടെ ഹൃദയങ്ങളിലും ഈ ആശയങ്ങൾക്ക് സ്ഥാനമുണ്ടാകണം. നമ്മുടെ ജീവിതത്തിൽ, പ്രവർത്തിയിൽ ഇതു് പ്രകടമാകണം. ഇന്നത്തേതുപോലെ വാക്കുകളിൽ മാത്രം ഒതുങ്ങിനിന്നാൽ പോരാ, അതുപോലെ ഈ പ്രക്ഷോഭത്തിൽ യുവജനങ്ങൾ ഉള്ളതിനാൽ, ഞാനവരോട്ട് മിക്കവാറും പറയാറുണ്ട്, ഹിന്ദുമതത്തിലായാലും, ഇസ്‌ലാം മതത്തിലായാലും ഇന്ന് നിലവിലിരിക്കുന്ന സ്ത്രീധന സമ്പ്രദായം അതു്, ഏതു് രൂപത്തിലാണെങ്കിൽ കൂടിയും, ഈ പ്രക്ഷോഭം വിജയിച്ചാൽ അവസാനിക്കണമെന്ന്, സർവോദയത്തിൻെറ ലക്ഷ്യം, സോഷ്യലിസത്തിൻെറയും കമ്മ്യൂണിസത്തിൻെറയും ലക്ഷ്യം.... സകലരും ഒരുപോലെയാണ് പറയുന്നത്. അതു് നേടിയെടുക്കുന്ന സമ്പ്രദായം വ്യത്യസ്തമാണ് ഞാനീ പ്രക്ഷോഭത്തെ അങ്ങോട്ട് നയിക്കുവാനാണാഗ്രഹിക്കുക. ഇതൊരു വിപ്ലവമാണ്. സമ്പൂർണ്ണ വിപ്ലവം''

## കാലഘട്ടത്തിൻെറ വെല്ലുവിളി തിരിച്ചറിയുക:—

ഒരു വർഷം കൊണ്ടൊന്നും സമ്പൂർണ്ണ വിപ്ലവം നടപ്പാകുകയില്ല. എന്നാൽ അൻപതോ അറുപതോ വർഷങ്ങൾ വേണ്ടതാനും. സാധാരണ ഗതിയിൽ വിപ്ലവകരമായ പരിതസ്ഥിതി നിലവിലുണ്ടെങ്കിൽ അഞ്ചുവർഷം കൊണ്ട് സാധിക്കും. അതുകൊണ്ടാണ് കാലഘട്ടത്തെ മനസ്സിലാക്കണമെന്ന് ജെ. പി. പറയുന്നത്. ബീഹാറിലൊ ഉത്തരപ്രദേശിലൊ മാത്രമായി സമ്പൂർണ്ണ വിപ്ലവം സാദ്ധ്യവുമല്ല. രാജ്യമെമ്പാടും അതിൻെറ അലമാലകൾ ആഞ്ഞടിക്കണം. അതിൻെറ എത്ര പങ്ക് ഉത്തര പ്രദേശിലും ബീഹാറിലും ചെയ്യാൻ സാധിക്കുമോ അത്ര ചെയ്യാം. ഇവിടെ നടക്കേണ്ട ഒരു വിപ്ലവത്തിൻെറ വാതിൽക്കൽ നമ്മളെത്തിയിരിക്കുകയാണ്. സമത്വം, സ്വാതന്ത്ര്യം എന്നിവ എല്ലാവർക്കും ലഭിക്കുക, അഴിമതിരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുക ഇതൊക്കെ ഈ കാലഘട്ടത്തിൻെറ ആവശ്യങ്ങളാണ്.

## അക്രമപരമായ വിപ്ലവത്തിൻെറ ദോഷങ്ങൾ:—

ജയപ്രകാശിനെ സംബന്ധിച്ച അക്രമപരമായ വിപ്ലവത്തിൽ ധാർമികമായ യാതൊരപകടവും അദ്ദേഹം കാണുന്നില്ല. പ്രായോഗികമായി അദ്ദേഹം അതിൽ അപകടം കാണുന്നു. അക്രമപരമായ വിപ്ലവത്തിന് വളരെ വേഗത്തിൽ ഫലമുണ്ടാകുന്നുവെന്നുള്ള ഒരു തെററിദ്ധാരണ ഇന്ന് നിലനിൽക്കുന്നുണ്ട്. രക്തരൂഷിത വിപ്ലവത്തേക്കാളും വേഗം അക്രമരഹിത വിപ്ലവം സംഭവിക്കുന്നുവെന്ന് ലോകചരിത്രമെടുത്ത് പരിശോധിച്ചാൽ വ്യക്തമാകും. ലോകത്തിലെ രക്തരൂഷിത വിപ്ലവങ്ങളൊക്കെ ഒന്നോ രണ്ടോ വർഷങ്ങൾ കൊണ്ടുണ്ടായതല്ല. ഇന്നും അടിസ്ഥാനപരമായ ലക്ഷ്യങ്ങളിൽപോലുമെത്തിച്ചേരാൻ അവയ്ക്ക് സാധിച്ചിട്ടില്ല. വിപ്ലവസംഘത്തിൻെറ കൈയിൽ അധികാരം എത്തിച്ചേരുക എന്നതുകൊണ്ട് വിപ്ലവത്തിൻെറ ഉദ്ദേശം പൂർണ്ണമാകുന്നില്ല. ഈ 'വിജയം' എന്ന് പറയുന്നത് പഴയ സാമൂഹ്യവ്യവസ്ഥിതി തകർക്കപ്പെട്ടു എന്നു മാത്രമേയുള്ളു. വിപ്ലവത്തിൻെറ ലക്ഷ്യം പഴയ സാമൂഹ്യവ്യവസ്‌ഥിതി തകർക്കൽ മാത്രമല്ല. പുതിയ സാമൂഹികക്രമം കെട്ടിപ്പടുക്കൽകൂടിയാണ്. എന്നാൽ രക്തരൂഷിത വിപ്ലവത്തിൻെറ വിജയത്തിനുശേഷം അധികാരത്തിനുവേണ്ടിമാത്രം വീണ്ടും വീണ്ടും രക്തരൂഷിത വിപ്ലവത്തിലേക്കു എടുത്തു ചാടുന്നതാണ് നാം കണ്ടിട്ടുള്ളത്. അഫ്‌ഗാനിസ്‌ഥാനിലും ഇറാനിലും ലാററിനമേരിക്കൻ രാജ്യങ്ങളിലും ഇന്ന് നടക്കുന്നതതല്ലേ ?

രക്തരൂഷിത വിപ്ലവത്തിലൂടെ ഉരുത്തിരിഞ്ഞു വന്നുകൊണ്ടിരിക്കുന്ന പുതിയ സമൂഹം, വിപ്ലവകാരികളുടെ നേരത്തെയുള്ള സങ്കൽപത്തിൽനിന്നും വളരെ വ്യത്യസ്തമായിട്ടാണ് അനുഭവം. ഏതു ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി രക്തരൂഷിത വിപ്ലവം നടന്നുവോ, ആ ലക്ഷ്യം നേടുന്നില്ലെന്നുമാത്രമല്ല, മറിച്ച് അതിനെതിരായ ഫലം ഉണ്ടാകുകയും ചെയ്യുന്നു. ഉദാഹരണത്തിനു് ഫ്രഞ്ചു വിപ്ലവത്തെക്കുറിച്ചും, സമത്വം, സ്വാതന്ത്ര്യം സാഹോദര്യം എന്ന അതിന്റെ ആദർശത്തെക്കുറിച്ചും നമുക്കൊന്നു ചിന്തിക്കാം. ഫ്രഞ്ച് വിപ്ളവം കഴിഞ്ഞിട്ട് രണ്ടു നൂററാണ്ട് കഴിഞ്ഞു. എന്നാൽ അതിന്റെ അടിസ്ഥാന ലക്ഷ്യങ്ങളായ സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നിവ ഇനിയും നേടിയിട്ടില്ല. റഷ്യൻ വിപ്ളവത്തിനുശേഷം ലെനിൻ രാജ്യത്തെ വ്യവസായ ശാലകളെല്ലാം തൊഴിലാളി സംഘടനകളെ ഏൽപ്പിച്ചു. പക്ഷെ വിപരീത ഫലമാണുണ്ടായതു്. രാജ്യത്തെ ഉൽപാദനം വളരെ കുറഞ്ഞു. സമ്പദ്‌വ്യവസ്ഥ താറുമാറായി. ഈയവസരത്തിലാണ്, ലെനിൻ മുതലാളിത്ത വ്യവസ്ഥിതിയോട് സാമ്യമുള്ള 'നൂതനസാമ്പത്തികനയം' നടപ്പിലാക്കാൻ തീരുമാനിച്ചതു്. ലെനിന്റെ ഭാഷയിൽതന്നെ 'നൂതന സാമ്പത്തികനയം' മുതലാളിത്ത വ്യവസ്ഥിതിയിലേക്കുള്ള ഒരു പരിവർത്തനമാണ്. "The New Economic Policy means a transition to the restorations of capitalism in no small degree". നൂതന സാമ്പത്തികനയത്തെ ലെനിൻ ഇപ്രകാരമാണ് നിർവ്വചിച്ചിട്ടുള്ളതു്. ഇന്നും റഷ്യൻ സ്വാതന്ത്ര്യം എന്ന വിപ്ളവത്തിന്റെ മൗലിക ലക്ഷ്യം നടപ്പാക്കിയിട്ടില്ല. വർഷം അറുപതു് കഴിഞ്ഞു വിപ്ളവം നടന്നിട്ട്, എന്നിട്ടും ഇതാണു് സ്ഥിതി.

ഇങ്ങനെ ലോകത്തെമ്പാടുമുള്ള രക്തരൂഷിത വിപ്ളവങ്ങളുടെ ചരിത്രം പരിശോധിച്ചാൽ പഴയ സാമൂഹ്യ വ്യവസ്ഥിതി തച്ചുടക്കുന്നതിന് രക്തരൂഷിത വിപ്ളവം ഒരു നീണ്ട കാലത്തിനുശേഷം വിജയം വരിക്കുന്നുവെന്നും പുതിയൊരു സാമൂഹിക ക്രമം കെട്ടിപ്പടുക്കുന്നതിന് വളരെക്കാലമെടുക്കുന്നുവെന്നും മനസ്സിലാക്കാം. എന്നാൽ അക്രമരഹിത വിപ്ളവത്തിൽ പഴയ സാമൂഹ്യവ്യവസ്ഥിതി മാറുകയും പുതിയ സാമൂഹിക ക്രമം കെട്ടിപ്പടുക്കുകയും ചെയ്യുന്നു. അതായതു് പരിവർത്തനവും നവനിർമ്മിതിയും ഒരുമിച്ചു നടക്കുന്നു. ഇതെല്ലാം ഒത്തുനോക്കിയിട്ട്, ഭാരതത്തിൽ രക്തരൂഷിത വിപ്ളവം അഥവാ, നടക്കുമെങ്കിൽക്കൂടി ഇനിയും ഒരു ദീർഘകാലം കഴിഞ്ഞേ അതിന് സാദ്ധ്യതയുള്ള എന്ന നിഗമനത്തിലാണ് ജയപ്രകാശ് എത്തിച്ചേർന്നതു്. രക്തരൂഷിത വിപ്ളവം എപ്പോഴും പുരോഗമനത്തിലേക്ക് നയിക്കുമെന്നു് ഉറപ്പൊന്നുമില്ല. അതിൽ പ്രതിവിപ്ളവമുണ്ടാകാം. അവസാനം ഒരു ഫാസിസ്റ്റ് ഏകാധിപത്യം ഉരുത്തിരിഞ്ഞു വരാനും സാദ്ധ്യതയുണ്ട്. അങ്ങിനെ അതിലൂടെ അരാജകത്വമോ അടിമത്തമോ തന്നെ സംഭവിച്ചേക്കാം. അക്രമ മാർഗ്ഗം പ്രചരിപ്പിക്കുന്നവർ ഇതോർക്കുന്നതു് നന്നു്.

## വിപ്ലവത്തിനു് പരിതസ്ഥിതി പാകമാകേണ്ടതുണ്ട്

വിപ്ളവകാരികളുടെ ഇഷ്ടംപോലെ വിപ്ളവമുണ്ടാകാറില്ല. വിപ്ളവത്തിന്റെ വിജയത്തിനു് സാമൂഹികവും ചരിത്രപരവുമായ സാഹചര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതിനു് ചിലപ്പോൾ വർഷങ്ങളോളം കാത്തിരിക്കേണ്ടിവരും. ഇന്നും അക്രമ മാർഗ്ഗത്തിൽ വിശ്വസിക്കുന്ന സംഘടനകൾ സ്വാതന്ത്ര്യലബ്ധിക്കു മുമ്പും അതിൽ വിശ്വസിച്ചിരുന്നു. തെലുങ്കാനയിലെ രക്തച്ചൊരിച്ചിലിനു് മുമ്പുതന്നെ വിപ്ലവത്തിനു് ശ്രമിക്കുകയായിരുന്നു അവർ. മുപ്പതു് വർഷം കടന്നുപോയി. അവർ എന്തുനേടി?

സാഹചര്യങ്ങൾ എപ്പോഴും ഒരു വിപ്ളവകാരിയായ നേതാവു നന്നായി പഠിച്ചിരിക്കണം. അതാണദ്ദേഹത്തിന്റെ പ്രത്യേകത. ലെനിൻഗ്രാഡിൽ ബോൾഷെവിക് പാർട്ടിയുടെ ഒരു യോഗം നടക്കുകയായിരുന്നു. അവിടെ ലെനിൻ പ്രസ്താവിച്ചു– നവംബർ 6–ാം തിയ്യതി വിപ്ളവം നടന്നാൽ നേരത്തെയാകും. 8–ാം തിയ്യതിയാണെങ്കിൽ വൈകിപ്പോകും. അതിനാൽ 7–ാം തിയ്യതി തന്നെ വിപ്ളവം നടക്കണം.

## വിദ്യാർത്ഥികളോട്:–

ലോകത്തിൽ പലസ്ഥലത്തും സ്വന്തം രാജ്യനന്മക്കുവേണ്ടി വിദ്യാർത്ഥികൾ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ഇറാന്റെ ഏററവും ഒടുവിലത്തെ ഉദാഹരണം നമ്മുടെ മുമ്പിലുണ്ട്. പണത്തിന്റേയും അസത്യത്തിന്റേയും, മൃഗീയ ബലത്തിന്റേയും ഭീഷണിയുടേയും മുകളിൽ ജനശക്തി സ്ഥാപിക്കുന്നതിന് അരയും തലയും മുറുക്കി യുവശക്തി രാഷ്ട്രീയവേദിയിലേക്ക് കടന്നു കയറുന്നതിന് സമയമായിരിക്കുകയാണ്.

യുവജനങ്ങൾക്ക്, വിദ്യാർത്ഥികൾക്ക് ആവേശമുണ്ട്, ആവേശത്തിന്റെ തീക്ഷ്ണത അവരുടെ ഹൃദയത്തിലുണ്ട്. ത്യാഗം ചെയ്യാൻ അവർ തയ്യാറാണ്, ഭാരിച്ച ഗൃഹചുമതലകളില്ല. അവർ മുന്നേറുകയും ചെയ്യും. വരാൻപോകുന്ന വിപ്ലവം കക്ഷിരഹിതവും സമാധാനപൂർണ്ണവുമായിരിക്കും. അതിന്റെ നേതൃത്വം വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായിരിക്കുമെന്ന നിഗമനത്തിലാണ് ജയപ്രകാശ്ജി എത്തിച്ചേർന്നതു്. വിദ്യാർത്ഥി – യുവജന ശക്തിക്ക് പിന്നിൽ ജനശക്തിയും, ധാർമ്മികശക്തിയുമുണ്ടെങ്കിൽ ഈ പ്രക്ഷോഭം വിജയിക്കുമെന്ന് ജെ. പി. കരുതുന്നു.

ഈ രാജ്യത്തെ യുവശക്തി ഇന്ന് പല കക്ഷികളിലായി വിഭജിക്കപ്പെട്ടിരിക്കുകയാണ്. അതിനാൽ വിദ്യാർത്ഥികളുടെ ഒരു സംഘടിതശക്തി പൂർണ്ണമായി ഉരുത്തിരിഞ്ഞുവന്നിട്ടില്ല. ഇക്കാരണത്താൽ ജനാധിപത്യത്തിനുവേണ്ടി യുവശക്തി എന്ന് ജെ. പി. ആഹ്വാനം ചെയ്തു.

ഗുജറാത്തിലെ വിദ്യാർത്ഥികൾ പ്രക്ഷോഭത്തിനു് തുടക്കം കുറിച്ചു. രാഷ്ട്രീയാഴിമതി തുടച്ചുനീക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഈ പ്രക്ഷോഭം ബീഹാറിലേക്കും പടന്നു. ഇപ്പോൾ ഒരു ചോദ്യമുദിക്കാം വിദ്യാർത്ഥികൾക്ക് എപ്പോഴാണ് പഠിക്കാൻ സമയം കിട്ടുക? ഇത്ര വലിയ ഒരു വിപ്ലവത്തിന്റെ സൈന്യം പഠിക്കാൻ പോയാൽ പിന്നെ ആരു വിപ്ലവം നടത്തും? പരീക്ഷകൾ പ്രധാനമാണ്. എന്നാൽ ചരിത്രത്തിന്റെ ചില തിരിവുകളിൽ എത്തുമ്പോൾ പരീക്ഷകളെക്കാളും ഡിഗ്രിയേക്കാളും മററു ചില കാര്യങ്ങൾ പ്രധാനമായി മാറുന്നു. രക്ഷാകർത്താക്കൾ പറയുന്നു, ജയപ്രകാശ്ജി പറയുന്നതു് ശരിയാണ്. പക്ഷെ എന്തിനാണ് വിദ്യാർത്ഥികളോട് കോളേജുകളിൽനിന്നു് ഇറങ്ങുവാൻ പറയുന്നതു്? വിദ്യാർത്ഥികളുടെ ഉപജീവനമാർഗ്ഗം തകർന്നുപോകില്ലേ! എങ്ങിനെ തകരാൻ? ഇന്നെന്തു് വിദ്യാഭ്യാസമാണ് ലഭിക്കുന്നതു്? ഡിഗ്രികൾ വാരിക്കൂട്ടിയിട്ട് ഇന്നെന്തു കാര്യം? അപ്പോൾ ഇത്തരത്തിലുള്ള വിദ്യാഭ്യാസംകൊണ്ടെന്തുകാര്യം? ഈ കഷ്ടതയിൽനിന്നു

രക്ഷപ്പെടാനാണ് ജയപ്രകാശ് വിദ്യാർത്ഥി പ്രക്ഷോഭത്തിന് ആഹ്വാനം ചെയ്തത്.

വിദ്യാർത്ഥികൾ എല്ലാത്തരം രാഷ്ട്രീയ ചിന്താധാരകളും ആഴത്തിൽ പഠിക്കണം. എന്നിട്ട് ഇഷ്ടംപോലെ പ്രവർത്തിക്കണം ഇതിൽ ജെ. പി. ക്ക് അപാകതം തോന്നുന്നില്ല. എന്നാൽ രാഷ്ട്രീയ കക്ഷികളുടെ കളിപ്പാവയാകാൻ ശ്രമിച്ചാൽ വിദ്യാർത്ഥികളുടെ നിഷ്പക്ഷമായ ശക്തി വളർന്നു വികസിക്കുകയില്ല. വിദ്യാർത്ഥി പ്രസ്ഥാനങ്ങളും സമരങ്ങളും കക്ഷികളുടെ നേതൃത്വത്തിൽ നടക്കുന്നത് ജെ. പി. ഇഷ്ടപ്പെടുന്നില്ല. വിദ്യാർത്ഥികൾ കക്ഷിരഹിതരായിരിക്കണം. ഈ രാജ്യത്ത് പുത്തൻ നേതൃത്വം യുവജനങ്ങളിൽനിന്ന് വളർന്നു വരണം. അറുപതു് കോടി ജനങ്ങൾ വസിക്കുന്ന ഈ രാജ്യത്ത് ഈ പ്രക്ഷോഭത്തിന് ധൈര്യശാലികളായ ഏതാനും ആയിരങ്ങളുണ്ടാകില്ലേ? ഉത്തുംഗവും ഉദാത്തവുമായ ഒരു ലക്ഷ്യത്തിനു വേണ്ടി ത്യാഗനിർഭരമായ ഒരു ജീവിതത്തെ ആലിംഗനം ചെയ്യാൻ തയ്യാറുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഈ രാജ്യത്തുണ്ടാകുമെന്ന് ജയപ്രകാശിന് വിശ്വാസമുണ്ട്.

ഇന്ദിരാഗാന്ധിക്കെതിരായ അലഹബാദ് ഹൈക്കോടതി വിധി വന്നതോടെ പ്രക്ഷോഭം മൂർദ്ധന്യത്തിലെത്തി. പട്ടാളത്തിനോടും പോലീസിനോടും നിയമവിരുദ്ധമായ ആജ്ഞകൾ അനുസരിക്കരുതെന്നു ജെ. പി. പ്രഖ്യാപിച്ചതോടുകൂടി രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടു. ആദ്യമായി അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ജെ. പി. യും പെടുന്നു. ഏദയാ സ്വാസ്ഥ്യംമൂലം അദ്ദേഹത്തെ ചണ്ഡിഗഢിലെ ഒരു ആശുപത്രിയിലേക്ക് മാററി. അദ്ദേഹത്തിൻെറ ആരോഗ്യം കൂടുതൽ വഷളായി. പക്ഷെ അദ്ദേഹത്തിൻെറ പ്രക്ഷോഭത്തിന് മൂർച്ചയേറിയതേയുള്ളു.

1977ൽ ഇന്ദിരാഗാന്ധി തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു. നിലവിലുള്ള പ്രതിപക്ഷ പാർട്ടികളെ, സംഘടനാ കോൺഗ്രസിനെയും ജനസംഘത്തെയും ഭാരതീയ ലോക്ദളിനേയും സോഷ്യലിസ്റ്റ് പാർട്ടിയെയും ലയിപ്പിച്ച് ജനതാപാർട്ടിക്ക് രൂപം കൊടുത്തതും ഇന്ത്യയിൽ കക്ഷി സമ്പ്രദായം ഏകദേശം സന്തുലിതമാക്കിയതും ജയപ്രകാശാണ്. 1977ലെ പൊതു തെരഞ്ഞെടുപ്പിൽ ജനതാപാർട്ടി വൻ വിജയം വരിച്ചു. അങ്ങിനെ ജയപ്രകാശ് തൻെറ ജീവിതത്തിലെ വലിയൊരു ലക്ഷ്യം കൈവരിച്ചു. പക്ഷെ ജനതാപാർട്ടിയുടെ ഭരണം അദ്ദേഹത്തിൻെറ മനസ്സിൽ വേദനയുണ്ടാക്കി. ഒരു നിമിഷത്തിൽ ജനതാപാർട്ടിയുടെ ഒരു നേതാവ് അദ്ദേഹത്തെ തള്ളിപ്പറയുകപോലും ചെയ്തു. പക്ഷെ മരണംവരെ അദ്ദേഹം ഈ പ്രസ്ഥാനത്തെ വളർത്തിയെടുക്കാൻ ശ്രമിച്ചു. തൻെറ സ്വപ്നം, ഒരു സമ്പന്ന ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് മുമ്പ് വിധി ആ മനുഷ്യസ്നേഹിയെ കീഴടക്കി. അദ്ദേഹത്തോട് നാം കടപ്പെട്ടിരിക്കുന്നു.

ആ മഹാത്മാവിൻെറ സ്മരണക്ക് മുന്നിൽ ഞാൻ ആദരാഞ്ജലി അർപ്പിക്കുന്നു.

---

മിനിക്കഥ:

# ● ഞാൻ, തിന്നുതീർക്കപ്പെട്ടവൻ ●

**– ഹരി കെ.**

പണ്ട്,

സന്ധ്യകളിൽ തിരിയിട്ടു കത്തിച്ചിരുന്ന നിലവിളക്കുകൾക്കു മുന്നിലിരുന്ന്, മൺമറഞ്ഞ പൂർവ്വികൻെറ വാക്കുകളിലൂടെയാണ് ലോകം കണ്ടുതുടങ്ങിയത്. തെറോ ശരിയോ ആകട്ടെ, അതായിരുന്നു തുടക്കം.

ഉത്തരങ്ങളിലും മച്ചിനകത്തും ശബ്ദമുണ്ടാക്കിയോടുന്ന എലികളെ ചൂണ്ടിപ്പറഞ്ഞുതന്നു, ''ഉപദ്രവിക്കരുത്, അതു് ഗണപതീടെ വാഹനാ''. – ഞാനുപദ്രവിച്ചില്ല.

പാലമരത്തിനു കീഴിലെ ചിത്രകൂടത്തിലേക്കു നോക്കി പറഞ്ഞുതന്നു, ''ദുഷ്ടസർപ്പല്ല്യാ, അതു് അഞ്ജനമണിനാഗാ''. പിന്നീട്, സംസാരം വാസുകിയിലേക്കും തക്ഷകനിലേക്കും നീളുമ്പോഴേക്കും ഞാനുറങ്ങിക്കഴിഞ്ഞിരിക്കും. അവയേയും ഞാനുപദ്രവിച്ചില്ല.

അങ്ങിനെയാണ് അണ്ണാൻെറ പുറത്തുള്ള ശ്രീരാമൻെറ വിരൽപ്പാടുകളും ദേവന്മാരുടെ അനുഗ്രഹത്താൽ മുറിച്ചിടപ്പെടുന്ന ഗൗളിവാലുകളും ഞാൻ മനസ്സിലാക്കിയത്. ചെവി പഴുക്കുന്നതു് തവളയെ കൊല്ലുന്നതുകൊണ്ടാണെന്നും അറിഞ്ഞപ്പോൾ പിന്നെ ഒന്നിനേയും ഉപദ്രവിച്ചില്ല.

അങ്ങിനെ കുന്തിച്ചിരിക്കുന്ന എലിയും, തിളങ്ങുന്ന കെട്ടുപുള്ളികളുള്ള നാഗങ്ങളും, വിരൽപ്പാടുകളും, പിടയ്ക്കുന്ന ഗൗളിവാലുകളും, ചതഞ്ഞു കിടക്കുന്ന തവളയും ഉപബോധങ്ങളുടെ അഗാധതലങ്ങളിൽ അന്നേ രൂപംകൊണ്ടുകഴിഞ്ഞിരുന്നു.

ചിത്രകൂടത്തിനടിയിലെ നിധിയൊന്നു കിളച്ചുനോക്കണമെന്ന് തീരുമാനിച്ച ഇന്നലെ ക്രൂരമായ ഒരു പേടിസ്വപ്നമായി അവയെന്നിലേക്കു പാഞ്ഞുവന്നു. നിശ്ചലനും നിശ്ചേഷ്ടനുമായി ഞാൻ കിടന്നുകൊടുത്തു. എന്നിലപ്പോൾ ഉറച്ചുകിടന്നിരുന്ന പല ധാരണകളും തിരുത്തപ്പെടുകയായിരുന്നു. അവ ആദ്യമെൻെറ കൺപോളകൾ തിന്നു തീർത്തു. അങ്ങിനെ ഞാൻ കണ്ണടയ്ക്കാൻ കഴിയാതെ എല്ലാം കാണേണ്ടിവന്നു. ക്രമേണ പിളർന്നതും, ഒറ്റനാതും, നീണ്ടതുമായ നാവുകളും കൂർത്തതും, നീണ്ടതും, ചെറുതുമായ പല്ലുകളും കൂടി എന്നെ തിന്നും വിഴുങ്ങിയും തീർത്തു.

# ഇന്ത്യൻ സമ്പത്‌വ്യവസ്ഥയിൽ വിദേശ കുത്തകകൾക്കുള്ള പങ്ക്

– ജോഷി കെ. ടി.

പരമ്പരാഗതമായി മനുഷ്യന്റെ പ്രധാന ഉപജീവനമാർഗ്ഗം കൃഷി ആയിരുന്നുവല്ലോ. എന്നാൽ വിദേശങ്ങളിൽനിന്നും ധനം നാട്ടിലേക്ക് ഒഴുകുവാൻ പററിയമാർഗ്ഗം വാണിജ്യമാണെന്ന് പിൽകാലത്തു് പ്രബലപ്പെട്ടു. 'മിക്കിയവല്ലി' എഴുതിയ 'ഇൽപ്രിൻസിപ്പെ' എന്ന ഗ്രന്ഥത്തിൽ രാജാവിന്റെയും, രാജ്യത്തിന്റെയും ശക്തി വർദ്ധിപ്പിക്കുവാനുള്ള സാമ്പത്തിക നയത്തെപ്പററി പ്രതിപാതിക്കുന്നുണ്ട്. പ്രസ്തുത ലക്ഷ്യപ്രാപ്തിക്ക് വാണിജ്യം കൃഷിയേക്കാൾ ഗുണകരമാണെന്നും, അതിലൂടെ വിദേശ സമ്പത്തു് ആർജ്ജിക്കുവാൻ സാധിക്കുമെന്നും, അദ്ദേഹം നിർദ്ദേശിച്ചു. ഈ ചിന്താഗതിയിലൂടെയാണ് അധിശനയവും, അധിനയവും (Imperialism and Colonialism) രൂപം കൊണ്ടതു്.

18–ാം നൂററാണ്ടിന്റെ ആരംഭത്തിൽ പ്രശസ്ത ആംഗ്ലേയ സാമ്പത്തിക ശാസ്ത്രജ്ഞനായ 'ആഡം സ്മിത്തു്' (Adam Smith) രാഷ്ട്രങ്ങളുടെ സമ്പത്തു് (The Wealth of Nations) എന്ന വിശ്വപ്രസിദ്ധമായ ഗ്രന്ഥത്തിൽ സ്വതന്ത്രമായ ബിസിനസ്സാണ് രാജ്യത്തിന്റെ പുരോഗതിക്കാവശ്യമെന്ന് സമർത്ഥിച്ചു. ഏതു് സാധനവും നിർമ്മിക്കുന്നതു് ഉപഭോക്താക്കൾക്ക് വേണ്ടിയാണെന്നും, ജനങ്ങളുടെ ആവശ്യത്തിന്റെ പ്രചോദനമാണ് നിർമ്മാണത്തിന്റെ അടിസ്ഥാനമെന്നും, അതുകൊണ്ട് രാഷ്ട്രം കുറച്ചു മാത്രമേ വ്യവസായത്തിൽ ഇടപെടാൻ പാടുള്ളുവെന്നും, അദ്ദേഹം വാദിച്ചു. എന്നാൽ സോഷ്യലിസ്റ്റുനയങ്ങൾ പടർന്നുവരുന്ന ഈ കാലഘട്ടത്തിൽ ഇത്തരം വാദങ്ങൾ പൊള്ളയാണെന്ന് തെളിഞ്ഞുവരികയാണ്. സോഷ്യലിസ്റ്റുനയത്തിൽ ഒരു വ്യവസായം ആരു്, എപ്പോൾ, എങ്ങിനെ നടത്തണമെന്നതിന്റെ ഉത്തരവാദിത്വം സ്റ്റേററിന്റെ പൂർണ്ണനിയന്ത്രണത്തിൽ ആണ്. എങ്കിൽ മാത്രമേ സമത്വസുന്ദരമായ ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളു.

## ഇന്ത്യ സ്വതന്ത്രയാണോ ?

1947ൽ ആണല്ലോ ഇന്ത്യയേയും, ഇന്ത്യൻ ജനതയേയും ചൂഷണം ചെയ്തുകൊണ്ടിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനു പകരം ഒരു ഭരണം ഇവിടെ വന്നതു്. ഇന്ത്യക്ക് സ്വന്തമായൊരു വികസന തന്ത്രം ആവിഷ്ക്കരിക്കുവാനുള്ള സമയമായിരുന്നു അതു്. വിദേശ മുതലാളിമാരുടെ ആജ്ഞകൾക്ക് മുന്നിൽ ഇന്ത്യൻ സമ്പത്‌വ്യവസ്ഥക്ക് തലകുനിക്കേണ്ടിവരില്ല എന്ന് നാം ആശ്വസിച്ചു. സ്വാതന്ത്ര്യസമരമുണർത്തിവിട്ട ദീർഘകാല സ്വപ്നങ്ങൾ പൂവണിയാൻ ജനം കാത്തിരുന്നു. ഇന്ന് 1980 ആയി. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം ഇവയില്ലാത്ത സ്ഥിതി സ്വാതന്ത്ര്യത്തെ അർത്ഥസംപുഷ്ടമാക്കുന്നില്ല എന്ന് ഇന്ത്യൻ ജനത മനസ്സിലാക്കിയിരിക്കുന്നു.

1947ൽ വിദേശഭരണം ഇവിടെ അവസാനിച്ചുവെങ്കിലും, വിദേശ മുതലാളിമാർ അവരുടെ സ്വാധീനം ഇവിടെ അരക്കിട്ടുറപ്പിച്ചു എന്നതാണ് നഗ്നസത്യം. ബ്രിട്ടനും, അമേരിക്കയും, ജപ്പാനും, ജർമ്മനിയും, ഇന്ത്യയെ അവരുടെ സ്വകാര്യ മൂലധന നിക്ഷേപത്തിനുള്ള മേഖലയായി, അവരുടെ ഉത്പന്നങ്ങൾ വിററഴിക്കാനുള്ള വിപണിയായി, അസംസ്കൃതവസ്തുക്കൾ കയ്യാളാനുള്ള മേച്ചിൽസ്ഥലമായി ഇന്ത്യയെ ഉപയോഗിക്കുന്നു. നമ്മൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന മിക്ക വസ്തുക്കളും വിദേശ കുത്തകകളുടേതോ അല്ലെങ്കിൽ അവർ ഇന്ത്യൻ കുത്തകകളുമായി സഹകരിച്ചുണ്ടാക്കുന്നതോ ആണ്. ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, സുഗന്ധദ്രവ്യങ്ങൾ എന്നു തുടങ്ങി പലതും ഇവരുടെ അറിവോടെ മാത്രമേ ഇവിടെ വരുന്നുള്ളു. നിത്യോപയോഗ സാധനങ്ങളെല്ലാംതന്നെ വിദേശ മൂലധനമോ, വിദേശ സാങ്കേതിക വിദ്യയോ ഉപയോഗിച്ചാണ് നാം ഉണ്ടാക്കുന്നതു്. ഇവയുടെ വിപണനംമൂലം കോടിക്കണക്കിനു് രൂപ ഇവിടെനിന്നും പുറത്തേക്കൊഴുകുന്നു എന്നതു് ഒരു യാഥാർത്ഥ്യമായി അവശേഷിക്കുന്നു.

ഉപഭോക്തൃ സാധനങ്ങളുടെ ഉത്പാദനവും, വിലയും വിദേശികൾ നിയന്ത്രിക്കെ അവയുടെ വ്യാപാരം നമ്മുടെ കൈയിലാണെന്ന് പറയുന്നതിലെന്താണർത്ഥം ? റബ്ബർ ഉത്പാദനത്തിൽ ഇന്ത്യയുടെ പങ്ക് മികച്ചതാണ്. എന്നാൽ റബ്ബറിന്റെ വില നിയന്ത്രിക്കുന്നതു് വിദേശ ഉപഭോക്താക്കളാണ് എന്നതാണ് സത്യം. തേയില ഉത്പാദനത്തിൽ ഇന്ത്യ മുന്നിട്ടു നിൽക്കുന്നു എന്നാൽ ഉത്പാദനത്തിന്റെ 40% ബ്രിട്ടീഷ് ഉടമയിലാണ് നടക്കുന്നതു്. മൊത്തം ഉത്പാദനത്തിന്റെ സിംഹഭാഗവും ഇവിടെനിന്ന് കയററുമതി ചെയ്യപ്പെടുന്നു. തേയില വ്യാപാരത്തിന്റെ പ്രധാനികൾ ബ്രൂക് ബോണ്ട്, ലിപ്ടൻ എന്നീ വിദേശ കമ്പനികളാണ്. അതു് പോലെതന്നെ പുകയില ഉത്പാദനത്തിന്റെ പ്രധാന ഭാഗവും ഇംഗ്ലണ്ടിലേക്ക് പോകുന്നു. ഇന്ത്യൻ ലീഫ്ടുബാക്കോക്കാണ് കയററുമതിയുടെ ചുമതല, ഇന്ത്യൻ എന്ന് പേരേയുള്ളു, മററൊന്നും നമുക്കവകാശപ്പെടാനില്ല

## ബഹുരാഷ്ട്ര കോർപ്പറേഷനുകൾ എന്തുചെയ്യുന്നു?.

കോടിക്കണക്കിനു രൂപ മുതൽ മുടക്കി വിവിധ രാജ്യങ്ങളിൽ ഉത്പാതന വിതരണ ശൃംഖലകളുണ്ടാക്കിയിട്ടുള്ള കുത്തക സ്ഥാപനങ്ങൾക്ക് മുതലാളിത്ത രാജ്യങ്ങളുടെ സ്വഭാവമായിട്ടുണ്ട്. ഇവയുടെ സ്വാധീനം വികസ്വര രാജ്യങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ ആഴ്ന്നിറങ്ങിയിരിക്കുന്നു. ബഹുരാഷ്ട്രകോർപ്പറേഷനുകൾ എന്ന പേരിലാണ് ഇവ അറിയപ്പെടുന്നതു്. ഇന്ത്യയുടെ ബഡ്ജററ് തുകയേക്കാൾകൂടും ഒരു ബഹുരാഷ്ട്ര കോർപ്പറേഷന്റെ വരുമാനം. ലോകത്തിൽ ഏററവും മികച്ച അമ്പതു കുത്തകസ്ഥാപനങ്ങളിൽ പകുതിയിലധികം സ്ഥാപനങ്ങൾക്കും സ്വന്തമായോ പങ്കാളിത്വത്തോടുകൂടിയതോ ആയ വ്യവസായങ്ങൾ ഇന്ത്യയിൽ 100 കണക്കിനുണ്ട്.

കോളനിവാഴ്ചയിൽനിന്നും വിമുക്തമായ എല്ലാ രാജ്യങ്ങളിലും രാഷ്ട്രീയ സാമ്പത്തിക ജീവിതത്തിലെ (പാശ്ചാത്യ)

നിയന്ത്രണം (അഴയുകയല്ല പകരം അതു്) ബഹുരാഷ്ട്ര കുത്തകകൾക്ക് കൈമാറുകയാണുണ്ടായതു്. അതായതു് പരോക്ഷമായ ഭരണം എന്നർത്ഥം, ബഹുരാഷ്ട്ര കുത്തകകളുടെ സ്വാധീനം ഇന്ത്യൻ സമ്പത്‌വ്യവസ്ഥയുടെ മർമ്മപ്രധാനമായ ഭാഗങ്ങളിൽ കയറിയിരിക്കുന്നു. 1977 മാർച്ച് 31 വരെ ബഹുരാഷ്ട്ര കോർപ്പറേഷനുകളുടെ 482 ബ്രാഞ്ചുകളും 161 സബ്‌സിഡിയറികളും ഇന്ത്യയിൽ പ്രവർത്തിച്ചുവരുന്നു. ഇവയിൽ 112 ബ്രാഞ്ചുകൾ കൃഷിയും, കൃഷിയുമായി ബന്ധപ്പെട്ടവയുമാണ്. 121 ബ്രാഞ്ചുകൾ വാണിജ്യ ധനകാര്യരംഗത്തുള്ളവയാണ്. ഇവയുടെ ആസ്ഥി 1971–1972ൽ 1160 കോടി രൂപയായിരുന്നതു് 1977–'78ൽ 2390 കോടി രൂപയായി വർദ്ധിച്ചു. ഈ കാലയളവിൽ ഇവയുടെ സബ്‌സിഡിയറികളുടെ ആസ്ഥി 1145.14 കോടി രൂപയിൽനിന്നു് 1740 കോടി രൂപയായി ഉയർന്നു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിലെ എസ്. കെ. ഗോയലിന്റെ പഠനത്തിൽ 1966ൽ ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന ബഹുരാഷ്ട്ര കോർപ്പറേഷനുകളിൽ 243 സബ്‌സിഡിയറികളുടെ മൊത്തം ആസ്ഥി 893.77 കോടി രൂപയായിരുന്നു എന്നു കണ്ടു. പത്തു വർഷങ്ങൾക്കുശേഷം അതിൽ 171 സബ്‌സിഡിയറികളുടെ മാത്രം ആസ്ഥി 1626.77 കോടി രൂപയാണെന്നു് ഗോയലിനു് ബോദ്ധ്യമായി. മുൻകാലങ്ങളിൽ ബ്രിട്ടീഷ് കുത്തകകൾക്കായിരുന്നു ഇവിടെ മുൻതൂക്കം. ഇന്നു് അതു് അമേരിക്ക കൈപ്പറ്റിക്കൊണ്ടിരിക്കുകയാണ്. 1973നും 1976നും ഇടക്ക് 28535 ലക്ഷം രൂപ ബഹുരാഷ്ട്ര കുത്തകകൾ ലാഭം, ഡിവിഡന്റ്, റോയൽടി, സാങ്കേതിക വിദ്യാഫീസ് എന്നീ ഇനത്തിൽ കടത്തിക്കൊണ്ടുപോയെന്നു് കേന്ദ്ര ധനകാര്യ മന്ത്രാലയം വെളിപ്പെടുത്തിയിരിക്കുന്നു.

## ലാഭം മാത്രം ലക്ഷ്യം.

ബഹുരാഷ്ട്ര കോർപ്പറേഷനുകളുടെ ഏററവും വലിയ കൊള്ളയടി ഔഷധ വ്യവസായ രംഗത്താണ്. അമേരിക്കയിൽ നിരോധിച്ച പല ഔഷധങ്ങളും ഇന്ത്യയിൽ നിർബ്ബാധം വിററഴിയുന്നു. അത്തരം മരുന്നുകൾ തൽക്കാല ശമനം തരുന്നുണ്ടെങ്കിലും മനുഷ്യനെ ഇഞ്ചിഞ്ചായി കൊല്ലുകയാണ് ചെയ്യുന്നതു്. ഇവക്ക് ലോകത്തിൽ ഏററവും കൂടുതൽ വില അവർ ഇന്ത്യയിൽനിന്നും ഈടാക്കുന്നു. ഇന്നു് ഔഷധ വ്യവസായ രംഗത്തെ 2800 കമ്പനികളും 60% നിക്ഷേപവും 80% വിൽപനയും നിയന്ത്രിക്കുന്നതു് ബഹുരാഷ്ട്ര കുത്തക കമ്പനികളാകുന്നു.

ഇവർ ജീവൻ രക്ഷിക്കാനാവശ്യമായ ഔഷധങ്ങൾ നിർമ്മിക്കാറില്ല മറിച്ച് വിററാമിൻ, ടോണിക്കുകൾ, ചുമക്കുള്ള സിറപ്പുകൾ തുടങ്ങിയവ നിർമ്മിക്കാനാണ് താല്പര്യം. കൂടുതൽ ലാഭം അതിലായതുകൊണ്ടാണ് ഇങ്ങിനെയൊരു നിലപാട് അവർ എടുത്തിരിക്കുന്നതു്.

താഴെ കൊടുത്തിരിക്കുന്ന (1) ഉം (2) ഉം പട്ടിക പരിശോധിച്ചാൽ ഇതു് വ്യക്തമാകും

പട്ടിക:– (1)

| ഔഷധങ്ങൾ | | മൊത്തവിൽപനയിൽ വിദേശ കമ്പനികളുടെ ഓഹരി |
|---|---|---|
| ഏൻറിബയോട്ടിക്സ് | — | 80% |
| വിററാമിൻസ് | — | 85% |
| ടോണിക്സ് | — | 65% |
| അനാംജിസിക്സ് | — | 80% |
| ആൻറിറുമാററിക്സ് | — | 92.10% |
| കഫ് സിറപ്സ് | — | 93.30% |

പട്ടിക:– (2)

| ഔഷധങ്ങൾ | | ഉത്‌പാദിപ്പിച്ചതിന്റെ ശതമാനം |
|---|---|---|
| ടെട്രാസൈക്ലിൻ | — | 10 |
| അനാൽജിൻ | — | .01 |
| അയഡോക്ലോറി ഡ്രോക്സി | — | Nil |
| തയാസെററസോൺ | — | Nil |
| ഡിഫ്തീരിയ ടോക്സ് ഓയിഡ് | — | Nil |
| ടൈററാനസ് ടോക്സ് ഓയിഡ് | — | Nil |

## ഈ നിലപാട് ആർക്കുവേണ്ടി?

എല്ലാ വിദേശ ഔഷധ കമ്പനികളും ദേശസാൽക്കരിക്കണമെന്ന സാഥീ കമ്മീഷന്റെ വാദം നടപ്പിൽ വരാതിരിക്കാൻ ബഹുരാഷ്ട്ര കുത്തകകൾ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. നമ്മുടെ ശാസ്ത്രജ്ഞൻമാരുടേയും എഞ്ചിനീയർമാരുടേയും മൗലികമായ ഗവേഷണങ്ങളെ വിദേശ കുത്തകകൾ തടഞ്ഞുകൊണ്ട് മുതലാളിത്തരാഷ്ട്രങ്ങളിൽ കാലഹരണപ്പെട്ട സാങ്കേതിക വിദ്യ നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾക്ക് പകർന്നുകൊടുക്കുന്നു.

ഈയിടെയാണല്ലോ ഒരു പശ്ചിമ ജർമ്മൻ ബഹുരാഷ്ട്ര കുത്തകയായ 'സീമെൻസ്'മായി ഹൈ പവ്വർ ജനറേററുകൾക്കും ടർബൈനുകൾക്കും വേണ്ടി സാങ്കേതിക വിദ്യയും ഉപകരണങ്ങളും ലഭിക്കുന്നതിന്റെ പേരിൽ ഒരു പൊതുമേഖലാസ്ഥാപനമായ 'ബെൽ' (BHEL) ഒരു കരാർ ഉണ്ടാക്കിയതു്. അങ്ങിനെ ഒരു കരാറിന്റെ ആവശ്യം ഇന്ത്യക്ക് ആവശ്യമായിരുന്നില്ല. ആവശ്യമായ വൈദഗ്ദ്ധ്യവും സാങ്കേതിക വിദ്യയും വളർത്തി എടുക്കാൻ നമുക്കു കഴിയുമെന്ന് 'ബെല്ലി'ലെ ശാസ്ത്രജ്ഞന്മാർ കരുതുന്നു. ആവശ്യത്തിനു് പണവും അല്പം സമയവുമുണ്ടെങ്കിൽ ഇതു് ഒരു പ്രശ്നമേയല്ല എന്നു് 'ബെല്ലി'ന്റെ ചെയർമാൻ ആയിരുന്ന എസ്. വി. എസ്. രാഘവൻ ചൂണ്ടിക്കാട്ടി. ഇന്നു് അദ്ദേഹം ആ പദവിയിൽ നിലനില്ക്കുന്നില്ല എന്നതിന്റെ കാരണം അന്വേഷിച്ചാൽ നിങ്ങൾ മൂക്കത്തു വിരൽ വെച്ചുപോകും.

ഇന്നു് പുകയില കയററി അയക്കുന്ന ഐ. ടി. സി.ക്ക് അതു് ഇന്ത്യയിൽ കൃഷിചെയ്യാൻ അവകാശമുണ്ട്. ഹോട്ടലുകൾ നിർമ്മിച്ച് അതിന്റെ ലാഭം ഇവിടുന്നു് ചോർത്താനും, ആഴക്കടലിൽ മത്സ്യം പിടിക്കാനും ബഹുരാഷ്ട്ര കുത്തകകൾക്ക് ഇന്ത്യയിൽ സാധിക്കുന്നു. ഗവണ്മെന്റിന്റെ ഈ തെററായ നയം ഏററവും കൂടുതൽ ബാധിച്ചിരിക്കുന്നതു് ചെറുകിട വ്യവസായികളെയാണ്. മത്സ്യബന്ധനത്തിലേർപ്പെട്ടിട്ടുള്ള 20 ലക്ഷം നാടൻവള്ളമുടമകളുടെ ഭാവി ഇന്നു് അപകടത്തിലാണ്. മത്സ്യബന്ധനത്തിൽ ഏർപ്പെടാൻ ബഹുരാഷ്ട്ര കുത്തകകളെ അനുവദിച്ചതാണിതിനു കാരണം.

ബഹുരാഷ്ട്ര കുത്തകകളുടെ ഇത്തരം പ്രവണതകളെ തടഞ്ഞുനിർത്തേണ്ടതു് നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്ക് അത്യാവശ്യമായ ഒന്നാണ്. നമ്മുടെ ശാസ്ത്രജ്ഞന്മാർ വളരണമെങ്കിൽ, നമ്മുടേതായ ഒരു സാങ്കേതികവിദ്യ ഇവിടെ വികസിപ്പിച്ചെടുക്കാൻ നാം പഴയ രീതികളിൽനിന്നും വിഭിന്നമായ ഒരു നിലപാട് എടുക്കേണ്ടിയിരിക്കുന്നു. വിദേശ മൂലധനവും, സാങ്കേതിക വിദ്യയും വേണ്ട എന്നതല്ല ഇതുകൊണ്ടുദ്ദേശിക്കുന്നതു്. അവ സാമ്പത്തിക പുരോഗതിക്കാവശ്യമായ ഒരു ഘടകം തന്നെയാണ്. എന്നാൽ അവയുടെ നിയന്ത്രണമില്ലാത്ത കുതിപ്പിനെയാണ് നാം കടിഞ്ഞാണിടേണ്ടതു്. ★

# സൃഷ്ടിയോ, സംഹാരമോ?

– ജോജോ പി. ആർ.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം,
''വ്യക്തിയുടെ സമഗ്രമായ വികാസമാണ്'' — ബേക്കൺ
''തെററ് അകററുകയും സത്യം കണ്ടെത്തുകയും ചെയ്യുക എന്നതാണ്'' —സോക്രട്ടീസ്
''മനുഷ്യനെ അവന്റെ വ്യക്തിത്വത്തിന്റെ
ഏററവും ഉയന്ന തലങ്ങളിലേക്കുയർത്തുക എന്നതാണ്'' — റസ്കിൻ
''ഒരുവനിൽ അന്തർലീനമായിരിക്കുന്ന ജ്ഞാനം സ്വയം കണ്ടെത്തലാണ്'' —പ്ലേറേറാ

''സത്യം, സൗന്ദര്യം, നന്മ എന്നിവ വിദ്യാഭ്യാസത്തിലിണങ്ങിച്ചേർന്നിരിക്കണം. എന്നാൽ മനുഷ്യ യന്ത്രങ്ങളെ സൃഷ്ടിച്ചുവിടുന്ന യന്ത്രശാലയിൽനിന്ന് ഒട്ടും വിഭിന്നമല്ല നമ്മുടെ വിദ്യാലയങ്ങൾ, ലോകത്തെ ഒരു യന്ത്രമായി കാണണമെന്ന് ഈ യന്ത്രശാല നമ്മെ പഠിപ്പിക്കുന്നു. ശബ്ദഭാണ്ഡങ്ങളും തോളിലേന്തി ശൈശവത്തിൽനിന്ന് കൗമാരത്തിലേക്കും, കൗമാരത്തിൽനിന്നു പുരുഷപ്രായത്തിലേക്കും വിദ്യാദേവതയുടെ കൂലിപ്പണിക്കാരായി നടന്നുകൊണ്ടിരിക്കുകയാണ് നമ്മൾ''. — രവീന്ദ്രനാഥ ടാഗോർ.

മാനവസമുദായത്തെ സേവിക്കുന്നതിനുള്ള പരിശീലനങ്ങളെല്ലാം വിദ്യാഭ്യാസം എന്ന പദംകൊണ്ടർത്ഥമാക്കുന്നു. വെള്ളത്തിലിറക്കാതെ നീന്തൽ പഠിപ്പിക്കുന്നതുപോലെയാണ് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം. കമ്മീഷനുകളിലൂടെ വളരുന്ന ഇന്ത്യൻ ജനാധിപത്യ ഭരണഘടനയനുസരിച്ച് സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസത്തിന് എല്ലാ പൗരനും അവകാശമുള്ളതാണ്. ബഡ്ജററിന്റെ 40 ശതമാനവും വിദ്യാഭ്യാസത്തിനുവേണ്ടി ചിലവഴിക്കപ്പെടുന്ന ഇന്നു പത്തിൽ ആറ് ഇന്ത്യക്കാരനു് സ്വന്തം പേരെഴുതാൻ അറിയില്ല. ഏതൊന്നാണൊ നമ്മെ മോചിപ്പിക്കുന്നത്, അതാണ് വിദ്യാഭ്യാസം. എന്നാൽ ഇന്നത്തെ തലമുറ കലാലയങ്ങളിൽ തടവനുഭവിക്കുകയാണ്.

വിദ്യാലയങ്ങൾ സ്വഭാവരൂപവത്കരണത്തിനുള്ള മഹാക്ഷേത്രങ്ങളാകുന്നു. പക്ഷെ ഒരു വിദ്യാർത്ഥിക്ക് കോളേജിലെ പ്രിൻസിപ്പാളെ സ്ഥലം മാററുവാൻ കഴിയുന്ന ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കക്ഷിരാഷ്ട്രീയത്തിന്റെ കുത്തരങ്ങുകളാണ്. [''വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ പങ്കെടുക്കരുത്'', അവർ അന്വേഷകരാണ്, രാഷ്ട്രതന്ത്രജ്ഞരല്ല'' എന്നു മഹാത്മജി അപരിഷ്കൃതരായ ആഫ്രിക്കൻ വിദ്യാർത്ഥികളോടു മാത്രമേ ഉപദേശിച്ചിട്ടുണ്ടായിരിക്കുകയുള്ളു] പലപ്പോഴും കടമകളെ അവഗണിച്ചുകൊണ്ട് അവകാശങ്ങൾക്കുവേണ്ടി മുറവിളികൂട്ടിയിട്ടുള്ള ഈ വിദ്യാർത്ഥിപ്രസ്ഥാനങ്ങളിലൂടെ ഉയർന്നുവന്ന നേതാക്കളാണല്ലൊ നമ്മെ ഭരിക്കുന്നത്. [സൈക്കിളിൽ കയറാതെ സൈക്കിൾ സവാരി പഠിക്കുവാൻ കഴിയുകയില്ലല്ലൊ. അതുകൊണ്ട് വിദ്യാലയങ്ങളിൽ രാഷ്ട്രീയം കൂടിയേതീരു] ''രാഷ്ട്രീയം തെമ്മാടികളുടെ അവസാനത്തെ അഭയകേന്ദ്രമാണ്'' [Politics- The last resort for Scoundrels] എന്നെഴുതിയ മഹാത്മാവിന്റെ മേൽവിലാസം ഇവക്ക് ലഭിക്കാതിരിക്കട്ടെ.

സാമൂഹികജീവിതത്തോടും സാംസ്കാരിക പാരമ്പര്യത്തോടും ബന്ധമില്ലാത്ത ഈ വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്ന് എല്ലാവരും വിളിച്ചുകൂവുന്നുണ്ട്. അതിനെകുറിച്ച് കൂടുതൽ പ്രതിപാദിക്കുവാൻ തുനിയുന്നില്ല. കലാലയങ്ങളിലെ ബോധനമാദ്ധ്യമം മാററുന്നതിനെ കുറിച്ചുള്ള ചർച്ചകൾ എങ്ങും അരങ്ങേറികൊണ്ടിരിക്കുന്ന ഇന്നു് അതിന്റെ വിവിധ വശങ്ങളെക്കുറിച്ച് പരിശോധിക്കുവാൻ മാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളു. മാദ്ധ്യമം മാതൃഭാഷയാക്കിയതുകൊണ്ടുമാത്രം വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുമെന്ന വിശ്വാസവുമില്ല.

കലാലയങ്ങളിലെ ഇന്നത്തെ ബോധനമാദ്ധ്യമമായ ഇംഗ്ലീഷ് അന്തർദ്ദേശീയ ഭാഷയാണ്. വിശ്വപ്രസിദ്ധമായ സാഹിത്യകൃതികളെല്ലാം ഇംഗ്ലീഷ് ഭാഷയിലുണ്ട്. നിമിഷം പ്രതി വെളിപ്പെടുത്തപ്പെട്ടുകൊണ്ടിരിക്കുന്ന പ്രകൃതിയുടെ രഹസ്യങ്ങൾ എത്രയും വേഗം മനസ്സിലാക്കുവാനും ഉപരിപഠനത്തിനും ഇംഗ്ലീഷ് മാദ്ധ്യമം വളരെ സഹായകരമാണ്. ഇവിടെയുള്ള അഭ്യസ്തവിദ്യരിൽ ലക്ഷക്കണക്കിനുപേർ തൊഴിലില്ലാതെ അലയുന്ന ഈ സാഹചര്യത്തിൽ വിദേശങ്ങളിൽ തൊഴിലന്വേഷിക്കുന്നതിന് ഇംഗ്ലീഷ് വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. കൂടാതെ ലോകജനസംഖ്യയുടെ രണ്ടു ശതമാനം പേർക്കുപോലുമറിയാത്ത മലയാളം അദ്ധ്യയനമാദ്ധ്യമമാകുന്നതു് സങ്കുചിതമനോഭാവം വളർത്തുന്നതിനിടയാകും. ശാസ്ത്രത്തിന്റെ അത്ഭുതകരമായ പുരോഗതികളെല്ലാം പ്രതിപാദിക്കുതിനാവശ്യമായ പദസമ്പത്തു് മലയാളത്തിലില്ല. Switch എന്ന പദത്തിന്റെ മലയാളപരിഭാഷ ''വൈദ്യുതഗമനാഗമന നിയന്ത്രണയന്ത്രം'' എന്നാണല്ലൊ. നമ്മെ അടിമകളാക്കി ഭരിച്ച ബ്രിട്ടീഷുകാരോടുള്ള വിദ്വേഷം ആരംഭിക്കുന്നതിനുമാത്രമേ മാദ്ധ്യമമാററം ഉപകരിക്കുകയുള്ളു. കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ചിലവഴിക്കാനാ്ണ

ക്രൈസ്റ്റ് കോളേജ്

ഈ മാററമെങ്കിൽ അതിനു വേറെ മാർഗ്ഗമാണ് അഭികാമ്യം. മാദ്ധ്യമം മലയാളമാക്കുകയാണെങ്കിൽ വേണ്ടത്ര പുസ്തകങ്ങൾ തയ്യാറാക്കുവാൻതന്നെ നന്നേ പാടുപെടേണ്ടിവരും. കൂടാതെ ഇതു് ഭാഷാന്യൂനപക്ഷക്കാരോട് ചെയ്യുന്ന കടുത്ത വഞ്ചനയായിരിക്കും. സർ രാജഗോപാലാചാര്യ തുടങ്ങിയ രാജ്യതന്ത്രജ്ഞരെല്ലാം ഇംഗ്ലീഷിന്റെ മാഹാത്മ്യം അനുഭവിച്ചറിഞ്ഞവരാണ്. ഐക്യബോധം വളർത്തുന്നതിനും ഇംഗ്ലീഷ് സഹായിക്കുന്നു. അദ്ധ്യയനമാദ്ധ്യമമായി ഇംഗ്ലീഷ് തന്നെ തുടരണമെന്നാഗ്രഹിക്കുന്നവരുടെ വാദമുഖങ്ങളാണിവ.

പക്ഷേ.......................

കലാലയങ്ങളിലെല്ലാം ഇന്ന് ഇംഗ്ലീഷ് പ്രധാന ഭാഷയായി പഠിപ്പിക്കുന്നു. മാതൃഭാഷയായ മലയാളം വേണമെങ്കിൽ മാത്രം പഠിച്ചാൽമതി. ഈ നില ഏതൊരു മാതൃഭാഷയ്ക്കും ഭൂഷണമല്ലെന്ന് പറയേണ്ടതില്ലല്ലോ. വിദേശ രാഷ്ട്രങ്ങളിലെ അദ്ധ്യയനമാദ്ധ്യമം അവരുടെ മാതൃഭാഷതന്നെയാണ്. കൂടാതെ വിവേകശൂന്യമായ ''മണ്ണിന്റെ മക്കൾ വാദം'' മൂർദ്ധന്യത്തിലെത്തിയിരിക്കുകയുമാണ്. വിദേശങ്ങളിൽ ഉപരിപഠനം നടത്തുന്നവർ തുലോം കുറവാണ്. അവർക്ക് ഇംഗ്ലീഷ് പഠിക്കുവാൻ വേണ്ടത്ര സൗകര്യങ്ങളും ഇവിടെയുണ്ട്. പുറംരാജ്യങ്ങളിൽ ജോലിതേടി പോകുന്നവരിലധികവും വിദ്യാസമ്പന്നരല്ല. ഇവിടെ നാം പഠിക്കുന്ന ആംഗലഭാഷ വിദേശത്തു് പൂർണ്ണമായി ഉപകാരപ്രദമല്ല.

മനുഷ്യനെ വിശ്വപൗരനാക്കികൊണ്ട് വിദ്യാഭ്യാസ സമ്പ്രദായത്തിന് പുതിയൊരു ആമുഖം എഴുതിചേർത്ത മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ ആശയങ്ങൾ ഇവിടെ സ്മരണീയമാണ്. ''വിദ്യാഭ്യാസം ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ ജീവിതത്തിൽനിന്ന് വിഛേദിക്കപ്പെടുവാൻ പാടില്ല. ബോധപൂർവ്വമായി സ്വീകരിക്കപ്പെടുമ്പോഴാണ് വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാകുന്നതു്. അതിന് അദ്ധ്യയനം മാതൃഭാഷയിലായിരിക്കണം. മാദ്ധ്യമം വിദേശഭാഷയിലായാൽ മനസ്സ് വിഷയത്തിലേക്കും ഭാഷയിലേക്കുമായി വിഭജിക്കപ്പെടുന്നു.''

''നമ്മുടെ ഭാഷ നമ്മെതന്നെ പ്രതിഫലിപ്പിക്കുന്നു. ഉന്നതചിന്തകൾ നമ്മുടെ ഭാഷയിൽ പ്രകാശിപ്പിക്കുവാൻ വിഷമമുണ്ടെന്നു പറയുന്നവർ ഈ ഭൂമുഖത്തുനിന്ന് എത്രയും വേഗം തുടച്ചു നീക്കപ്പെടുന്നുവോ അത്രയും നല്ലതു്. ആംഗലഭാഷയിൽകൂടിയുള്ള അദ്ധ്യയനത്തിൽ ഓരോ വിദ്യാർത്ഥിയും ഏതാനും വർഷത്തെ അമൂല്യമായ ജീവിതം നഷ്ടപ്പെടുത്തുകയാണ്. സ്വരാജിന്റെ ലക്ഷ്യങ്ങളിലൊന്ന് ഇംഗ്ലീഷിന്റെ കേമത്തെപ്പററിയുള്ള മൂഢവിചാരം ഇല്ലാതാക്കുക എന്നതായിരുന്നു. ആംഗലഭാഷയിലൂടെയുള്ള വിദ്യാഭ്യാസം നമ്മെ ചിറകുകളില്ലാത്ത പക്ഷികളാക്കുകയാണ്.'' നവഭാരതശില്പികളായ വിദ്യാർത്ഥികളോട് മഹാത്മജി ചെയ്ത ഒരു പ്രസംഗത്തിന്റെ രത്നചുരുക്കമാണിതു്. അതുകൊണ്ട് നമ്മുടെ ജീവിതം, നമ്മുടെ ചിന്താഗതി, നമ്മുടെ ഭാഷ ഇവതമ്മിലിണങ്ങിച്ചേരുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായമാണ് നമുക്കിന്നാവശ്യം.

മിനിക്കഥ:

# ചരിത്രത്തെപ്പററി

**– കെ. ഡി ലോനപ്പൻ**

ഞാൻ പറയാൻ പോകുന്ന കഥ നിങ്ങൾ കേട്ടുകാണും. സാരമില്ല, ഒരിക്കൽക്കൂടി കേട്ടു നോക്കൂ....

പണ്ട്, മുഗൾ രാജവംശത്തിൽപ്പെട്ട ഷാജഹാൻ എന്നൊരു ചക്രവർത്തി ഇന്ത്യ ഭരിച്ചിരുന്നു. തന്റെ പ്രിയപ്പെട്ട പത്നി മരണമടഞ്ഞപ്പോൾ അവളുടെ സ്മരണ നിലനിർത്താൻ വേണ്ടി ഷാജഹാൻ ഒരു വെണ്ണക്കൽ ഗോപുരം നിർമ്മിച്ചു. അതാണ് താജ്മഹൽ. ആഗ്രയിൽ യമുനാതീരത്തു് ഇന്നും അതു നിലകൊള്ളുന്നു.

കൂട്ടരെ, നിങ്ങൾക്കറിയാം ഞാനെഴുതിയതു് കെട്ടുകഥയല്ലെന്നും ഉണ്ടായ സംഭവമാണെന്നും. സംശയമുണ്ടെങ്കിൽ ചരിത്രപുസ്തകമെടുത്തു നോക്കൂ.... അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ, ഞാൻ പറഞ്ഞുവരുന്നതതല്ല. കഴിഞ്ഞ ദിവസം, (കോളേജിലേക്കു പോകാൻ ബസ്സുകാത്തു നില്ക്കുമ്പോഴാണെന്നു തോന്നുന്നു) എന്റെ കൂട്ടുകാരനായ സുരേന്ദ്രൻ പറയുകയാണ് ചരിത്രം പറയുന്നതൊക്കെ തെററാണെന്ന്. അവൻ പറഞ്ഞത് നിങ്ങൾക്കറിയണോ?

''കുത്തബ്ബുദ്ദീന്റെ വംശത്തിൽപ്പെട്ട കുറെ അടിമകളും പാവപ്പെട്ട പ്രജകളും കൂടിയാണ് താജ് പണിതുയർത്തിയതു്. വിശന്നു പൊരിയുന്ന വയറുകളുമായി രാപ്പകൽ വിശ്രമമില്ലാതെയാണ് അവർ പണിയെടുത്തതു്. അവർക്കു് കൂലി ലഭിച്ചിരുന്നില്ല. വിശക്കുമ്പോൾ യമുനയിലെ പുണ്യജലം വയറുനിറയെ കോരിക്കുടിക്കും. പണിനടന്നുകൊണ്ടിരിക്കെ, ആയിരക്കണക്കിനു തൊഴിലാളികൾ മരണമടഞ്ഞു. ഇന്നും താജ്മഹലിന്റെ വെണ്ണക്കല്ലുകളിൽ ചോരയും വിയർപ്പും നമുക്കു കാണാം''. നോക്കൂ, എന്തൊക്കെ വിഡ്ഢിത്തരങ്ങളാണ് അവൻ പറഞ്ഞതെന്ന്. താജ്മഹലിന്മേൽ ചോരയോ വിയർപ്പോ ഇല്ലെന്ന് നമുക്ക് എവർക്കും അറിയാവുന്നതാണ്. അല്ലെങ്കിലും സുരേന്ദ്രൻ ഒരു വിഡ്ഢിയാണെന്ന് എനിക്ക് പണ്ടേ അറിയാവുന്നതാണ്. നിങ്ങൾക്കും അക്കാര്യമിപ്പോൾ മനസ്സിലായില്ലേ?

വിനോദകഥ:

# കുറുക്കൻ രാജാവായില്ല!

- ജോസ്സി ചാക്കോള

പണ്ട് നീലത്തൊട്ടിയിൽ ചാടിയിട്ട് കാടുഭരിച്ച കുറുക്കന്റെ കഥയല്ലിതു്. അവന്റെ സന്താനപരമ്പരയിൽപ്പെട്ട മററൊരു കുറുക്കന്റെ കഥയാണ്. ഈസ്റ്റർ ദിവസമായിട്ടു പോലും കഥാനായകനു ഒരു കോഴിയെ പിടിക്കുവാൻ സാധിച്ചില്ല. നിരാശ തോന്നിയിരിക്കുമോ? ഭാര്യയ്ക്ക് അത്ഭുതവും. ''നിങ്ങൾ എന്താ ആന്ത്ര്യന്നോനെ, ഇങ്ങനെ കന്തം വിഴുങ്ങിയ പോലെ ഇരിക്കുന്നതു്? ആണുങ്ങളായാൽ ചുണയും ചൊറു ചൊറുക്കുമൊക്കെ വേണം. അടുക്കളെവാതിക്കൽ ചടഞ്ഞുകൂടി ഇരുന്നാൽ ശാപ്പാടിനു വകയുണ്ടാകുമോ? ''ഛീ, നിറുത്തടി നിന്റെ അധികപ്രസംഗം. ഞാനാരാണെന്നു നിനക്കറിയാമോ? പണ്ട് എന്റെ പൂർവ്വികൻ ഈ കാടുമുഴുവൻ അടക്കി ഭരിച്ചിരുന്ന പ്രതാപശാലിയായിരുന്നു. നീ എന്നെ അത്ര ഊശിയാക്കരുതു്.

''മാഹാത്മ്യം പറഞ്ഞതുകൊണ്ട് വിശേഷമൊന്നുമില്ല. നാളെ ഈസ്റ്ററല്ലേ? എവിടുന്നെങ്കിലും രണ്ട് കോഴിയെ കൊണ്ടുവരണം. ഇറച്ചി വേണമെന്നുപറഞ്ഞു് പിള്ളേരു ശല്യമാണ്. അയൽപക്കത്തൊക്കെ രണ്ടുമൂന്നുതരം ഇറച്ചിയുണ്ട്. നമുക്ക് ഒരുതരം ഇറച്ചി വേണം.... 'ശരി, നീ നോക്കിക്കോ'. രണ്ടു മണിക്കൂറിനകം രണ്ടു കോഴിയെ ഇവിടെ കൊണ്ടുവന്നില്ലെങ്കിൽ ഞാൻ രാജകുടുംബത്തിൽ പിറന്നവനല്ല.

''ഉഗ്രശപഥവും കഴിഞ്ഞു രണ്ട് ബീഡിയുമായി കുറുക്കൻ പുറത്തേയ്ക്കു ഇറങ്ങി. എങ്ങോട്ടു പോകും? എങ്ങിനെ രണ്ടു കോഴിയെ പിടിക്കും? പറയാൻ എളുപ്പമാണ്. ഇന്നു ദാരിദ്രം പിടിച്ച ഈ കോഴികളുണ്ടല്ലോ, ഒററയെണ്ണത്തിനു തന്നെ പേടിയില്ല. ഇണങ്ങിയും, പിണങ്ങിയും, ഭീക്ഷിണിപ്പെടുത്തിയും, തന്ത്രം പ്രയോഗിച്ചും ഒക്കെ പണ്ട് താനും പൂർവ്വികരും എത്ര കോഴികളെ പിടിച്ചിരുന്നു. ഇന്നു മരുന്നിനു ഒന്നിനെപോലും പിടിക്കുവാൻ കഴിയുന്നില്ല. കാലം മാറിയ മാററം കണ്ടോ? കോഴിയെ കൂടാതെ വീട്ടിലേക്ക് ചെന്നാൽ വായാടിയായ സഹധർമ്മിണി കിടത്തി പൊറുപ്പിക്കില്ല. കുറുക്കൻ തലചൊറിഞ്ഞു ആലോചിച്ചു.

മുത്തച്ഛൻ എങ്ങിനെയാണ് രാജാവായതു്. നീലമാണു ദേഹത്തെ രക്ഷിച്ചതു്. നീലപാത്രത്തിൽ അബദ്ധത്തിൽ ചാടിയതാണെങ്കിലും അതു് മുത്തച്ഛന്റെ പ്രതാപത്തിനു വഴി തെളിയിച്ചു. നീലം തന്നെ തനിക്കും ശരണം. നേരെ നടന്നുചെന്നതു് പലചരക്കുകടയിലേക്കാണ്. ഒരു കൂടനീലം ധൈര്യമായി ഇണ്ടു വാങ്ങിച്ചു കൂടുപൊട്ടിച്ചു നീലം മുഴുവൻ മുഖത്തും ദേഹത്തും പൂശി. ബാർബർ ഷോപ്പിലെ കണ്ണാടിയിൽ നോക്കിയപ്പോൾ കുറുക്കനു ചിരിവന്നു. ഹായ്! ഇത്ര യോഗ്യനും സമർത്ഥനുമാണല്ലോ? താനെന്നു അപ്പോഴാണറിയുക. മുത്തച്ഛൻപോലും ഇത്രയും നന്നായി മേക്കപ്പ് ചെയ്തിട്ടുണ്ടാവുകയില്ല. ഇനി ഒട്ടും വൈകരുതു്. നേരെ കോഴിക്കൂട്ടിലേക്കു നടന്നു.

വഴിയിൽവെച്ചു പാണ്ടൻപൂച്ച കുറുക്കനെ കണ്ടു ചോദിച്ചു. ''എങ്ങോട്ടാടോ ദരിദ്രവാസി?'' അതെന്താ അളിയാ എനിക്കു പേരില്ലേ വിളിക്കുവാൻ, ഒന്നുമല്ലേലും ഞാൻ രാജകുടുംബത്തിൽ പിറന്നവനല്ല്യോ?

''നിന്റെ രാജകുടുംബം. ഇതെന്തോന്നടെ തന്റെ മുഖത്തും ദേഹത്തുമെല്ലാം ഈ പൂശിയിരിക്കുന്നതു്! നീലമോ? ഭാര്യയുമായി വഴക്കുണ്ടാക്കിയോ? ശ്രീകൃഷ്ണന്റെ മാതിരിയായില്ലോ, നിന്റെ ദേഹം കളറിപ്പോൾ, വൈത്യം! ഞാൻ അറിഞ്ഞില്ല, ആദ്യം കണ്ടപ്പോൾ ഇതെന്താടോ സംഗതി?'' കുറുകൻ തന്റെ വിദ്യകളൊക്കെ പൂച്ചയെ പറഞ്ഞുകേൾപ്പിച്ചു. പൂച്ച പറഞ്ഞു, ''തൊഴി വാങ്ങാതെ നോക്കിയാൽ കൊള്ളാം.''

''ഒരു നല്ല കാര്യത്തിനുവേണ്ടി ഇറങ്ങുമ്പോൾ ഓരോ ശകുനം മുടക്കികൾ വന്നുകൊള്ളും. നീ പോടാ'' കുറുകൻ കോഴിക്കൂട്ടിനടുത്തെത്തി. പല വിദ്യകളറിയാം ഏതു് വിദ്യ പ്രയോഗിക്കണമെന്നു ആലോചിച്ചു സമയം കളയാതെ, കതകിൽ മുട്ടി. അത്താഴവും കഴിഞ്ഞു ഉറക്കം ആരംഭിച്ച കോഴിപ്പൂവൻ ഞെട്ടിയുണർന്നു.

'ആരാ അതു്?' ഞാനാണ്. കതക് തുറക്കു;

'മനസ്സിലായില്ല. നിങ്ങൾക്കു പേരില്ലേ?'

'ഈ വനത്തിലെ ഏററവും ബുദ്ധിമാനും സുന്ദരനുമായ മൃഗം എന്നു കരുതിക്കോ.'

'പേരില്ലാത്തവനെ സ്വീകരിക്കുവാൻ സൗകര്യപ്പെടുകയില്ല. നിങ്ങൾക്കു പോകാം.' ചവുട്ടിപ്പൊളിച്ചു ഞാൻ അകത്തു കയറും. പക്ഷെ മാന്യനായ ഞാൻ അതു് ചെയ്യുന്നില്ല. മിസ്സിസ് പിടക്കോഴി ജനലിൽക്കൂടി ഒളിച്ചു നോക്കി. കുറുക്കനാണ് വന്നിരിക്കുന്നതെന്നവൾക്കു മനസ്സിലായി. ഉടൻ തന്നെ അകത്തെ മുറിയിലേക്ക് കടന്നു. കുടുംബസുഹൃത്തായ കാട്ടുപന്നിക്ക് ഫോൺ ചെയ്തു. ഉടൻ എത്തിക്കൊള്ളാമെന്നു മറുപടി പറഞ്ഞു. കുഞ്ഞുങ്ങളെല്ലാം ഭയവിഹ്വലരായിത്തീർന്നു. പിടക്കോഴി അവരെ ആശ്വസിപ്പിച്ചു. കാട്ടുപന്നി വന്നെത്തുന്നതുവരെ കുറുക്കനെ വിടരുതെന്നവൾ കരുതി പൂവനെ കണ്ണും നോക്കിക്കാണിച്ചിട്ടു അവൾ പറഞ്ഞു.

'നിങ്ങൾ ആരോടാണി വർത്തമാനം പറയുന്നതു്? വേഗം കതകു തുറന്നുകൊടുക്കു''.

'നീ പോടി അഡ്രസ്സില്ലാത്ത തെണ്ടികളും തെമ്മാടികളുമൊക്കെ അങ്ങനെ വാതിൽ തുറന്നു കൊടുക്കുവാൻ പാടില്ല.'

ക്രൈസ്റ്റ് കോളേജ്

'അദ്ദേഹം തെണ്ടിയൊന്നുമല്ലെന്നേ, വാതിൽ ഞാൻ തുറന്നു കൊടുക്കാം.

'വല്ല പഞ്ഞ കുറുക്കനുമായിരിക്കും തുറക്കരുത്.'

'ഞാൻ തുറക്കും.'

'നീ തല്ലുമേടിക്കും'.

'അയ്യോ'

കോഴിപ്പൂവൻ നിലത്തു ചവിട്ടി. പിടക്കോഴി കരയുന്നതായി അഭിനയിച്ചു. കാട്ടുപന്നി പാഞ്ഞെത്തുന്നതു് അവൻ ജനലിൽക്കൂടി കാണുന്നുണ്ടായിരുന്നു. പന്നിയെകണ്ടപ്പോൾ കുറുക്കൻ വിരണ്ടോടി. പന്നി അവനെ അടിച്ചു താഴെയിട്ടു. കയ്യിൽ നീലം പററിയതുകൊണ്ടു് പിന്നിലു കാലുകൊണ്ടായിരുന്നു സല്ക്കാരം. ഇടിയും തൊഴിയും കൊണ്ടു അവശനായ കുറുക്കനു കാട്ടുപന്നി ഒരന്ത്യശാസനവും കൊടുത്തു. 'മേലിൽ നിന്നെ ഈ കോഴിക്കൂടിന്റെ പരിസരത്തെങ്ങാനും കണ്ടു പോയാൽ അന്നു നിന്റെ അവസാനമാണ്.' ഇനി നമുക്കു് പിന്നെ കാണാം.

മിനിക്കഥ:



# തവിട്

**– ജോർജ്ജ് പി. ജെ.**

കുട്ടിക്കാലത്തെ ഒരു സന്ധ്യ. മുഷിഞ്ഞ ആകാശത്തു് നക്ഷത്രനരുങ്ങുകൾ ഉറങ്ങിക്കിടക്കുന്നു. പഴയ മുത്തശ്ശിക്കഥയിലെ ജിജ്ഞാസുവായ കുട്ടിയെപ്പോലെ ഞാനമ്മയുടെ അരികിലെത്തി. മുഷിഞ്ഞ മുണ്ടിന്റെ കോന്തല പിടിച്ചു വലിച്ചുകൊണ്ടു് ഞാൻ ചോദിച്ചു, ''അമ്മേ, ഞാനെബെ്ട്ന്നാ വന്നതു്?.'' ''നിന്നെ തവിടുകൊടുത്തു വാങ്ങിച്ചതാ.'' അടക്കിപ്പിടിച്ച ചിരിയുടെ തുടച്ചയിൽ അമ്മ പറഞ്ഞു. (ചിരിയുടെ നിഷ്കളങ്കത അന്നാണെനിക്കു നഷ്ടപ്പെട്ടതു്).

വർഷങ്ങൾ പിന്നിട്ടു യൂണിവേഴ്സിററികനിഞ്ഞുതന്ന ബിരുദവുമായി ഞാൻ പുറത്തിറങ്ങി, അനേകം ഓഫീസുകളിൽ കയറിയിറങ്ങി, ക്ഷീണിച്ച മുഖവുമായി തിരികെ മടങ്ങുമ്പോഴും, വായനശാലയിലും കടൽക്കരയിലുമായി സമയം കൊന്നൊടുക്കുമ്പോഴും, ജനം ആവർത്തിച്ചു, ''പാവം, തവിടുകൊടുത്തു വാങ്ങിച്ചതാ.''

എനിക്കു പരിഭവം തോന്നിയില്ല. കാരണം, അപ്പോൾ എന്റെ വിശപ്പകററിയതും തവിടായിരുന്നു.

മിനിക്കഥ:

# സ്മരണകൾ

**– ഗബ്രിയെൽ കെ. കെ.**

രാജപാതയുടെ പുനർനിർമ്മാണം നടക്കുകയായിരുന്നു. ഗ്രാമത്തിലേയ്ക്കു വാഹനങ്ങൾ കോളേജിനു് മുന്നിലൂടെയായിരുന്നു പോയിരുന്നതു്.

അന്നു് ഒരു വൈകുന്നേരം ആശുപത്രിയിൽ നിന്നു് മടങ്ങി വരുമ്പോൾ കോളേജ് കണ്ട അമ്മ പറഞ്ഞു ''നിന്റെ കോളേജ് എത്ര വലുതു്!''

കൂടെ കൂട്ടിനുപോയ കിളിപോലുള്ള സഹോദരി പറഞ്ഞു 'പൂന്തോട്ടത്തിലെ പൂക്കൾക്കു് എന്തു ഭംഗി!'

സ്റ്റേഷനിൽ പോയി ഊഴമനുസരിച്ചു് ഒപ്പിട്ടു പോരുന്ന നിരപരാധിയും ബുദ്ധിജീവിയും ആയ ചേട്ടൻ പറഞ്ഞു ''അവിടുത്തെ ലൈബ്രറി എത്ര സമ്പന്നം!''

പട്ടണത്തിൽ പോയി പെൻഷനും പണിയായുധങ്ങളും വാങ്ങിത്തിരിച്ചുവന്ന അച്ഛൻ പറഞ്ഞു ''അവിടെ പഠിക്കാനൊത്തതു് നിന്റെ ഭാഗ്യം!''

ക്യാൻറീനിലെ അടുപ്പിനരികിലെ പുകയാളിയ കണ്ണുകളും, അടികളോളം ഉയരത്തിൽനിന്നു് ചുമരിൽ കുമ്മായം പൂശുന്ന രൂപങ്ങളും, മലമ്പാമ്പു പോലുള്ള റബ്ബർ കുഴലുകൾ ചുമരിലൂടെ വലിച്ചിട്ടു് ചെടി നനയ്ക്കുന്ന കൈകളും, ലൈബ്രറി ഷെൽഫുകൾക്കിടയിൽ കുരുങ്ങിപോയ ജീവിതങ്ങളും, ലാബുകളിലെ രൂക്ഷഗന്ധങ്ങൾക്കു് നേരേ തുറന്നിരിക്കുന്ന മൂക്കുകളും, ക്ലാസ്സുകളിൽ നുണകാറുന്ന തൊണ്ടകളും, ഉത്തരവുകളും ഫയലുകളുമേന്തുന്ന നൈരാശ്യങ്ങളും വെളിപറമ്പിലെ ഉണങ്ങിയ കുറുന്തോട്ടിക്കടകളെ ഓർമ്മിപ്പിച്ചുകൊണ്ടു് മനസ്സിലൂടെ കടന്നുപോയപ്പോൾ പ്രതികരണങ്ങൾക്കുനേരെ മൗനിയായിരുന്ന ഞാൻ പറഞ്ഞു ''എന്തൊരു ദുരന്തം!''

എല്ലാ കണ്ണുകളും എനിക്കു് നേരെ തിരിയാൻ തുടങ്ങുമ്പോഴേയ്ക്കും പുറത്തെ ഇരുട്ടിലേക്കു് തിരിഞ്ഞിരുന്നു് ഞാൻ ആവർത്തിച്ചു ''എത്ര ദയനീയം.''

A short story

# CONFESSION

- Paul K. I.

Father Thomas woke up instantly. His built-in instinct for danger told him that something was wrong somewhere in the Church compound. He raised his head from the pillow and then listened........ black darkness surrounded him.... the darkness of the blind. He listened........he could hear the pitter pattering of the rain on the gravel path leading from his quarters. It sent a chill up his spine.

Gently, Father Thomas raised the blanket and got out of bed. He slid into his rubber soled shoes and his trousers. He then silently moved to the door and eased it gently open. The dripping sound of the rain bolted all other sounds. There was evil out there in the darkness. He could feel the short hairs on the nape of his neck bristling with fear.

He heard a slight metalic sound coming from his maid servant's room. He moved slowly towards it. Suddenly there was an agonising moan and from the shadows emerged the stiletto of Tony, who suddenly moved out of the window. Father Thomas moved into the room with very cautious steps. There she lay with drugged eyes of sleep, her long black hair scattered, in her night dress. She lay there sprawled on the floor with a gaping wound in the neck. Father Thomas bent over her, and knowing that she was dead he pulled out the knife from her neck, thereby spurting blood over his spotless white trousers. He then got out of the room and locked it. There was no time to make a report. He had to do his duty........ had his short breakfast and putting on his cassock proceeded towards the confessional.

No sooner had he sat down in the confessional, Tony came and knelt before him and made the sign of the cross. He confessed that for some time he had been planning to kill someone in order to get a kick out of it, and that he had now fulfilled it. Father gave him his penance and made him understand the grave sin that he had done, and then absolving him said "Go in peace, your sins are forgiven."

Tony had been born out of wedlock. His mother left him orphaned when he was a child of only three years. Before she died and in the presence of Father Thomas, she gave her son a medal of St. Christopher. Then she told him that as long as he wore the medal and said a decade of the Rosary daily, no harm would come to him. From that day onwards he kept it up.

Father Thomas heard some more confessions and then proceeded to change for the morning mass. As he was changing he heard a knock on the door. It was the knock of law. He opened it, to see the Circle Inspector of Police with hand-cuffs before him. The Circle Inspector moved into the room and adressed, "You Rev. Father Thomas Gonzalves, vicar of St. Christopher Church, is arrested for the alleged murder of your maid servant Estella, today, the 17th of July 1967" Father Thomas suddenly froze, His conscience kept on fighting as if to say that Tony had done the murder or to say that he himself had done the murder. He paused to look on the floor, ........ then he saw the blood stains on his trouser's ends. At last he made a statement that he had done the murder and offered his hand for the handcuffs. He was tried and then dumped into a prison for life imprisonment.

Months crawled by like years to Father Thomas. He had plenty of things to do. He said mass for the prison inmates, tended the sick and worked for the prison uplift in general. Every day he said a decade of the Rosary for Tony so that he would become a fine lad.

On a dull evening like any other day in the 13 years of his prison life, he was strolling in the prison compound along with a few of his fellow prisoners. After a few minutes they all went upstairs and then began to enjoy the beautiful scenery of the countryside.

They sat there for about an hour. Then from a distance they could see a big car sliding through the night like a great black slug with flaming eyes that carved a blazing tunnel through the still darkness of the overhanging trees. A futile scream of breaks violently applied was heard and there was a grating, shattering and tearing noise of tortured metal on the gates of the prison. Out of the crystal clear silence of the l a t e evening there came a terrific bang.

All the prisoners saw it and then rushed towards the prison gates. The big car was like a crumpled sheet of tin. Momentarily someone lit a match inside the car and it revealed everything in startling clearness. The rich crimson upholstery, the handful of perfect roses in the crystal bracket and the gleaming silver fittings were splashed with blood from the victim's abdomen.

The victim was no other than Tony. Father Thomas crept inside the car, heard the last confession of Tony, and then ran to his cell to get communion for Tony. When he returned Tony was dead. Father Thomas took the limp body in his arms........ the St. Christopher medal was missing on his person. ★

## Try Yourself

1 What is the sweetest known compound?
2 What is the bitterest known compound?
3 Which is the most poisonous element?
4 What is plumbago or black lead?
5 Lightest known element is what?
6 What are the only liquid metals?
7 Which is the only liquid non-metal?
8 Metal having highest m.p. and b.p. is what?
9 Element having smallest atomic size?
10 Artificial explosive is what?

Answers:
1 n-propoxy, 2-amino, 4-nitro benzene [5600 times sweeter than glucose!]
2 (Bitterex) Benzyl diethyl ammonium benzoate
3 Plutonium [pu]
4 Graphite
5 Hydrogen
6 Mercury & cesium
7 Bromine
8 Tungsten
9 Hydrogen
10 Dynamite

## Chemistry of college boys

Occurrence: Occurs as native around women and liquor shop.

Physical properties: Very hard and reactive, not maleable and ductile. They are having the shape of an inverted Y. Appear in varying colours and having a good smell in the morning. They are kept intact by covering in cotton or synthetic fibres. They have a plane of symmetry. They are stable around 98° F and is extremely unstable above 105°F.

Chemical properties:

1 They attract women.
2 They absorb nicotin at intervals.
3 They are associated with "phosphorus-boxes."

Tests: 1 When they are placed in a non- uniform 'men-women' field, they will move to that past where there is maximum crowding of women and produce comments.

2 When they are in a college very often gathers at the gate and produce slogan like sounds.

Uses: 1 They are natural sources of urea and hence useful for the preparation of fertilizers.

2 They are used for the consumption of 'Nicotin sticks', 'f i r e b o x e s', inks, papers etc.

3 The most important use of them is that, they are brain carriers and so useful for the development of any nation. ★

# Youth Problem - What? Why? How?

- Sunny John Alen.

Today's Youth cry that theirs is a deplorable condition- misunderstood at home, in college and elsewhere by everybody, with nobody to offer them the comfort, sympathy and the friendly guidance, which they feel they are entitled in their explosive Adolescence. The reason is their inner mind feels the absence of LOVE from somebody - the "Loving understanding". This dire feeling is amplified and vocalized into the loud cry.

In olden times parents were held in great esteem. Their word was law and their wish a command. Likewise Teachers were treated as oracular being the seat of all knowledge deserving the greatest respect.

Summers with the length of winters had gone by; vertiginous change had occurred in all fields. A breach had resulted. The Teenager of today is cast in a different mould. They need a reasonable justification for any advice from elders. But they yield to a "man to man" basis treatment. This necessitates a two way communication between him and his elders. This communication gap is responsible for lack of understanding and the resultant frustration on both sides called the Generation gap.

Bringing up a family in this nuclear age is a formidable task demanding all patience, tact, forebearance and sense of understanding a parent can summon. The father after a day of tiring work may find greater solace behind the daily or in the company of his cronies at a liquor-shop Mother after her domestic worries find it too hard to attend to their children. Some others are ignorant about the value of literacy in the present world. Thus the youth are left to themselves which provides good breeding grounds of Indiscipline.

A similar state of affairs prevails in our educational institutions. The teachers are either unable or unwilling to establish rapport with their pupils. A few of them do not have the knowledge or the ability to "put across" the lessons to their charges. Often they tend to mistake genuine questions from the students as attempts to be little them. This very soon leads to a lack of respect for the teacher and his resultant inability to control the class. In the long run such schools, instead of remaining temples of learning, become fertile training centres for young Rowdies.

In the old days in missionary schools the teachers used to take part in games and other extra - curricular activities along with the students and thereby increase the rapport with the younger generation. This attitude is not seen today; with the result that pupil - teacher relation exists on a very low key, if at all.

In our armed forces it is compulsory for the officers to take part in games and physical training along with their subordinates. The rationale behind this is the creation of greater understanding between soldier and officer, the generation of mutual confidence and loyalty, all of which are vital for the success in battles. This is something that could well be revived in our educational institutions.

To remedy the existing state some drastic measures are to be called on.

Primarily the size of the family should be reduced to two or three. This will enable the parents to keep a better eye on their offspring and lead them to a higher society. Secondly, the younger generation must be fed with the right data of Sexuality; which will reduce the "Tense state" of youth towards each other. Thirdly, the college of today must be throughly audited and better staff be placed who can keep the students at gay which will result in the "right Key for the right Lock" and there by open the door of vast knowledge with ease.

# IN MEMORIAM

Professor. T. V. GEORGE
(Commerce)

Met with a sudden death while he was on leave, working in Nigeria. He had distinguished himself as a dedicated and loving teacher. We will cherish for ever the memory of the days he spent with us.





JOSEPH T. I.

Our dear friend Josen died at Kovalam when he was on a picnic. He was an earnest AICUFer. May his soul rest in peace.

# IN LOVING MEMORY OF



Rev. Fr. Dismas C. M. I.

വെണ്ണിലാവിൽ മുഗ്ദ്ധലേഖപോലെ
കാണ്മൂനാ, മാ വിശുദ്ധി തൻരൂപം
മാനസത്തിൻ തിരകളിൽ പൊന്തും
രാജഹംസം കണക്കൊരു രൂപം
സത്യ ശ്രീയുറ്റ വാനിൽ തിളങ്ങും
നിത്യ ദീപ്തമൊരേകാന്തതാരം
നീ ഹൃദന്തമേ കണ്ണുനീരാലേ
ഹാ! നിവാപമർപ്പിക്കയല്ലി !
ദുഃഖമെല്ലാം തനിക്കും, സുഖത്തിൻ
മുത്തുകൾ തന്നയൽക്കാർക്കുമേകി
താനെരിഞ്ഞു വീഴുമ്പൊഴും ചുററും—
തൂവെളിച്ചം പകരുവാനോരോ.
സ്നേഹ ജീവിത വീഥികൾതോറും
ഏകനായി ചരിക്കുവോനാരോ—
നിത്യതയെ പുണർന്നു നില്ക്കുന്നു
സത്യമാർഗ്ഗത്തിലാ മഹദ്രൂപം !
സദ്ഗുരോ, ഞങ്ങളശ്രുനീരാലോ
തർപ്പണംചെയ്വൂ, സ്വീകരിച്ചാലും.

Rev. Fr. Dismas was one of the chief builders of the College. He served the institution as its Vice – Principal and as Professor of English. We pay our respectful homages to the departed soul.

Rev. Fr. Malachias C. M. I.

He was the College Rector from 1960 to 1963 and was Responsible for the construction of the main hostel. We remember him with much reverence.



# WHEELINGS AND DEALINGS

- Jose George Maliakkal

About the wheelings and dealings of politics we know much. But we are closing our eyes to these wheelers and dealers of politics. We did it for the past thirty two years. We are still continuing it. But it should have an end. Let us think over their acts and decide their fates.

As used in Sanskrit, politics means the ethics of state, but actually it is just the opposite, the most unethical of things. Foolish, dishonest people only could have called it the ethics of the state. There is no ethics in it; it is only a game of the treacherous.

Once a journalist was asked by his son, "Father, you are so busy with politicians all the time. Please can you explain me what politics is?" The father said to the boy, "My dear son, I cannot put it in words. But I will try to make you experience it."

He then guided him near a wall and asked him to climb on it. When he had climbed to the top the journalist asked the boy to jump down. The boy hesitated, but the father asked him not to be afraid because, he would not let him fall down. He asked the boy to trust his own father. On repeated assusrances the boy jumped. The father moved away and the boy fell on all fours. Injured and bleeding all over the boy asked his father what did he mean by it. The father said to him, "This is POLITICS, my son Dont trust your own father. This is the first lesson."

Look around yourselves. Wherever you find deception and fraud there you will find politics. Politics is a game of deception and fraud, its a field of horse-trading and defection, it thrives on cut throat competition. It is violence, a very cunning sort of violence. You do not see any blood around, but much blood is shed, the murdering hand works unknowingly. Politics is exploitation, it is a game where you give beautiful assurances. No one hesitates to make pleasing promises, because he is not expected to fulfill them. The memory of the people is short lived. They forget about the politician's promises.

What are the politicians doing in our campuses. They are simply calling out holidays according to the decisions of the party's state or central committees. Every time we see them, they will be having a long list of their demands. They become more and more enthusiastic and talkative on the eve of the elections. After the elections the victorious will be making up the election expenses from the hard earned union funds, and the other will be protesting against any of the small activities of the union. It is time we boycott such cut-throats. But what happens is, the people who are fond of entertainment go to hear them blaming each other.

If you want to have a holiday with a strike, raise your voice against the newspaper men. It is they who are giving undue importance to these politicians. They fill their coloumns with 'statements' of leaders. Everyday's paper will be having a particular leader's demand to his party fellows to observe that day as a commemoration for this or that. These student leaders are not at all students. They are only ex-students doing some other jobs. Then, are they to decide our fates at the colleges? Do not allow them to do so.

Centuries ago the king was considered the representative of god to save the people. How could these kings go? It was beyond people's comprehension. But what is the present condition? The kings have gone except one or two. Then arose the days of the politicians. It is also coming to a close. The close of this century will see their end.

But just now we cannot think of a world with out politicians. This is because, the politician is sitting on us and keeping us under the impression that we will be lost without him and he is remaining in power for our interest. This political parasite's only job is to live off us and make us belive that everything is done for our sake.

Every politician says that his quest for power is just to serve (help) the people. But what he is doing is just serving himself. Or, can we imagine a politician spending lakhs and lakhs of rupees during elections just to help the people ?

A politician says, that he is fighting for the cause of the poor. He will throw chappals at the treasury bench, for any silly case of attack of any one on the poor people. His only aim in doing this is to get support of the vast, non-thinking group of people. When a poor man is attacked by the people, the floors of the state and central legislatures become market places. But what happens when a number of 'savarna' people are killed? What happend in Bihar ? 12 'savarna' people were burnt alive by the harijans. No leader raised his voice for this cause.

When some one is trying to choke you, but says that it is in your interest that he is doing it and that he is your benefactor, it is politics. It is time we understand their uselessness and stop giving respect to them. Why should we worship dirty, gross things like power ? Worship of power shows that we are cultureless and unintelligent.

Be indifferent to the politicians. When he comes to our places there should be no crowds to cheer him, no garlands to put on him; he should simply come and go. Nobody should give any care for him Turn your back on politics and politicians will become sad and understand that the people are no more interested in them This will weaken their hold in power The people should take power back into their own hands. This world cannot be rich and prosperous with these stranglers. The time for politicians is over. Say goodbye to them.

A politician was standing for elections. Once during his campaign, a voter asked him for the name of some responsible person who could vouch for his good behaviour. The politician presently replied, "Ask the jailer. He released me five months ahead of the termination of my imprisonment, because of my good behaviour." See, who are ruling you, who are making laws for you? Politics in a very artful way provides masks for all the social vices.

But are we to make such a deliberate decision on their fates. It is we who are making the bad out of them. This is mass psychology. One who could control this mass becomes the leader. These leaders can change the people's attitude towards him. This was what happened when Mark Antony gave his historic speech after the death of Julius Ceasar.

It is time that the people start thinking. An unthinking group may place power in the hands of any one. What results is either a weak democratic rule or a rule which curbs the people's freedom to attain economic stability. The two limits of these are misrule and authoritarianism. Nation's intregal development, socialism, and making of an ideal society will only be like meteors in the distant horizon. As long as we do not start cultivating the ability to feel and distinguish between the good and bad, we will not be able to conquer the new horizons. We will be only breaking ourselves in the overwhelming joy of this world.

---

We are guilty of many errors and many faults; but our worst crime is abandoning the children neglecting the fountain of life. Many other things we need can wait. The child can not. Right now is the time, his bones are being formed, his blood is being made and his senses being developed. To him, we can not answer "Tomorrow."

His name is 'Today.'

- Gabriela Mistral

When our relatives are at home, we have to think of all their good points or it would be impossible to endure them. But when they are away, we console ourselves for their absence by dwelling on their vices.

- Bernard Shaw



# ചരിത്രം ആവർത്തിക്കപ്പെടാതിരിക്കണമെങ്കിൽ

– ശേഖർ ടി. വി.*

ഭാരതം ഒരു ജനാധിപത്യ രാഷ്ട്രമാണ്. ലോകത്തിൽ തന്നെ ഏററവും വിശാലമായ ജനാധിപത്യ വ്യവസ്ഥിതി നിലവിലുള്ളത് ഇവിടെയാണെന്ന് നാമൊക്കെ അഭിമാനപുരസ്സരം പറയാറുണ്ട്. ഇന്ന് ലോകത്തിന്റെ നാനാഭാഗത്തും ജനാധിപത്യ രാഷ്ട്രത്തിനുവേണ്ടിയുള്ള പോർവിളി ഉയർന്നുകൊണ്ടിരിക്കുന്നു. വിദേശീയ മേധാവിത്വത്തിൽനിന്ന് മോചിതരായ രാഷ്ട്രങ്ങൾ ജനാധിപത്യ ഭരണസമ്പ്രദായം സ്വീകരിക്കുന്നു. ജനാധിപത്യ സംവിധാനത്തെ ജനങ്ങൾ സഹർഷം സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും ഭാരതത്തിലെ ഇപ്പോഴത്തെ അവസ്ഥ ആശങ്കക്ക് ഇടനൽകുന്നു.

ജനാധിപത്യ സമ്പ്രദായത്തെക്കുറിച്ച് പറയുമ്പോൾ, അമേരിക്കൻ പ്രസിഡണ്ടായിരുന്ന അബ്രഹാം ലിങ്കന്റെ ''ഗെററിസ്ബർഗ്'' പ്രസംഗം ഓർമ്മവരുന്നു. ''ജനങ്ങൾക്കുവേണ്ടി, ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം'' എന്നാണ് ജനാധിപത്യത്തിന് ലിങ്കൺ കൊടുത്ത നിർവ്വചനം. അപ്പോൾ ജനാധിപത്യരംഗത്തെ ഏററവും പ്രധാന ഘടകം ജനങ്ങൾ തന്നെയാണെന്ന് ബോദ്ധ്യമാവുന്നു. ഇന്ത്യൻ ജനത തങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ ശരിയായി വിനിയോഗിക്കുന്നുണ്ടോ? ബഹുഭൂരിപക്ഷംപേരും ഈ മഹത്തായ യത്നത്തിൽ പങ്കാളികളാവുന്നില്ല എന്നാണ് കാണുന്നത്. ജനകീയ ഗവണ്മെൻറുകളാണ് ജനാധിപത്യ രാഷ്ട്രത്തെ നയിക്കുന്നത്. അവരെ തിരഞ്ഞെടുക്കുന്നത് ജനങ്ങളാണ്. രാഷ്ട്രത്തിന്റെ ഭാവി നിർണ്ണയിക്കപ്പെടുന്ന തെരഞ്ഞെടുപ്പുകളിൽ, തങ്ങളുടെ സമ്മതിദാനാവകാശം രേഖപ്പെടുത്താൻ ഭാരതത്തിലെ ജനങ്ങൾ അറച്ചുനിൽക്കുന്നു. എന്താണിതിനു കാരണം. ? കഴിഞ്ഞ കാലങ്ങളിലുണ്ടായിട്ടുള്ള ഭരണപരാജയങ്ങൾ ജനങ്ങളെ നിരാശരാക്കിയിരിക്കുന്നു. തങ്ങളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ, ഈ 'ജനാധിപത്യം' വെറും പ്രഹസനം മാത്രമാണെന്നും, ''വോട്ടുചെയ്യാൻ വേണ്ടി മാത്രം'' സൃഷ്ടിക്കപ്പെട്ടവരാണ് തങ്ങളെന്നുമുള്ള ധാരണ ജനമനസ്സിൽ അങ്കുരിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ നമ്മുടെ ജനാധിപത്യ സംവിധാനത്തിന് കടുത്ത ഭീഷണിയുയർത്തിക്കൊണ്ട് ഈ ''ദരിദ്രനാരായണന്മാർ'' ഉയർന്നു നിൽക്കുന്നു.

ജാതിയുടേയും മതത്തിന്റേയും സ്വാധീനം ഇന്നും ഒരു പരിധിവരെ നിലനിൽക്കുന്നു. വർഗ്ഗീയതയുടെ വേഷമിട്ട രാഷ്ട്രീയകക്ഷികൾ ഇവിടെ അഴിഞ്ഞാടുന്നു. ജാതിമത പരിഗണനകളോടെയാണ് ഇന്ന് സ്ഥാനാർത്ഥികളെ നിർണ്ണയിക്കുന്നത്. സ്ഥാനാർത്ഥി ജനങ്ങളുടെ മതവികാരത്തെ ചൂഷണം ചെയ്യുമ്പോൾ പാവം ജനം സ്ഥാനാർത്ഥിയുടെ ജാതി അന്വേഷിക്കയാണ്. നിരക്ഷരരും നിസ്സഹായരുമായ ജനത്തിന്റെ ''വിലയേറിയ'' വോട്ടുപിടിക്കാൻ ജാതിയും മതവും പണവും രംഗത്തിറങ്ങിയിരിക്കുന്നു. പ്രകടന പത്രികകൾ കൊണ്ടുമാത്രം തൃപ്തിപ്പെടാൻ ജനങ്ങൾ നിർബ്ബന്ധിതരായിരിക്കുന്നു. ഇന്ന് രാഷ്ട്രീയ കക്ഷികളെ നയിക്കുന്നത് മതമേധാവികളാണ്. തിരഞ്ഞെടുപ്പ വേദിയിൽ ''വിശ്വാസികളും

* തലശ്ശേരിയിൽ വെച്ചുനടന്ന കോഴിക്കോട് സർവ്വകലാശാലയുടെ ഉപന്യാസ മത്സരത്തിൽ ഒന്നാം സമ്മാനത്തിനർഹനായ രണ്ടാം വർഷ പ്രീ–ഡിഗ്രി വിദ്യാർത്ഥിയാണ് ലേഖകൻ.

അവിശ്വാസികളും'' ഏറ്റുമുട്ടുന്നു. (കേരള രാഷ്ട്രീയരംഗത്തെ പുതിയ കണ്ടുപിടുത്തം.) അനുദിനം വഷളായികൊണ്ടിരിക്കുന്ന നമ്മുടെ സാമൂഹ്യ വ്യവസ്ഥിതി ജനാധിപത്യ സമ്പ്രദായത്തിന്റെ മരണമണി മുഴക്കുന്നു.

ശക്തമായ ഒരു പ്രതിപക്ഷത്തിന്റെ അഭാവം ജനകീയ സർക്കാരുകളുടെ പതനത്തിന് വഴിയൊരുക്കുന്നു. ഗവൺമെൻറുകളുടെ പ്രവർത്തനങ്ങളിലുണ്ടാകുന്ന പാളിച്ചകൾ ചൂണ്ടിക്കാണിക്കുകയും പുരോഗമന പരിപാടികളുമായി സഹകരിക്കുകയുമാണ് മററു കക്ഷികളുടെ കടമ. എന്നാൽ ''എതിർക്കുന്നതിനുവേണ്ടി എതിർക്കുക'', എന്ന നയമാണ് ഇന്ത്യയിലെ പ്രതിപക്ഷങ്ങൾ എക്കാലവും സ്വീകരിച്ചുപോന്നിട്ടുള്ളത്. ഗവൺമെൻറിന്റെ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുകയും ഗുരുതരമായ അച്ചടക്കലംഘനം നടത്തുകയുംവഴി പ്രതിപക്ഷം ജനദ്രോഹികളായി മാറുന്നു. മറുവശത്ത്, പ്രതിപക്ഷങ്ങളെ നശിപ്പിക്കാനും അതുവഴി സ്വന്തംനില ഭദ്രമാക്കാനും ഭരണപക്ഷവും ശ്രമിക്കുന്നു. ഈ സാഹചര്യത്തിൽ ക്രമസമാധാനനില തകരുകയും അത് പുരോഗതിയെ മന്ദീഭവിപ്പിക്കുകയും ചെയ്യും.... ഈ അവസ്ഥമാറി കാര്യക്ഷമതയും ഉത്തരവാദിത്വ ബോധവുമുള്ള ഒരു പ്രതിപക്ഷം ഇവിടെ വളരേണ്ടിയിരിക്കുന്നു.

ശക്തമായ നേതൃത്വത്തിന്റെ അഭാവം, ജനാധിപത്യ സംവിധാനത്തിൽ കുഴപ്പം സൃഷ്ടിക്കുന്നു. ആദർശധീരരും സത്യസന്ധരും, സേവനതൽപരരുമായ നേതാക്കളെ വാർത്തെടുക്കാൻ നമുക്ക് കഴിയുന്നില്ല. രാഷ്ട്രീയ കക്ഷികളിലാണെങ്കിൽ അച്ചടക്കം തികച്ചും അപ്രത്യക്ഷമായിരിക്കുന്നു. അമീബയെ പോലെ പെരുകുന്ന രാഷ്ട്രീയ കക്ഷികളും അവസരവാദപരങ്ങളായ കൂട്ടുകെട്ടുകളും അധികാര മോഹികളായ നേതാക്കൾക്കും ക്ഷാമമില്ലാത്ത ഇന്ത്യയിൽ, ജനാധിപത്യം സുരക്ഷിതമാണെന്നു പറഞ്ഞാൽ, തികഞ്ഞ വിഡ്ഢിത്തമായിരിക്കും. സ്വന്തം കക്ഷിയിൽപ്പോലും അച്ചടക്കം സ്ഥാപിക്കാൻ കഴിയാത്ത നേതാക്കൾക്ക്, രാഷ്ട്രത്തിലെ ജനങ്ങളെ മുഴുവൻ ഏകോപിപ്പിച്ച് മുന്നോട്ടു നയിക്കാൻ എങ്ങിനെ സാധിക്കും. കാലുമാററത്തിന്റേയും കൂറുമാററത്തിന്റേയും വൃത്തികെട്ട കഥകളാണ് നാമിന്നു കേട്ടുകൊണ്ടിരിക്കുന്നത്. ലോകത്തിൽ മറെറാരുസ്ഥലത്തും കാണാത്ത തരത്തിലുള്ള, ഏററവും ലജ്ജാകരമായ ഇത്തരം പ്രവണതകൾ തടയാൻ നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിക്ക് കഴിയണം.

വ്യക്തിയുടെ താൽപര്യത്തിനുവേണ്ടി മാത്രം നിലകൊള്ളുന്ന ഒരു രാഷ്ട്രീയ കക്ഷിയാണ് ഇന്ന് ഇന്ത്യയിൽ മേധാവിത്വം പുലർത്തുന്നത്. അതുകൊണ്ടുതന്നെ അതിന്റെ ഓരോ നീക്കവും സംശയദൃഷ്ട്യാ വീക്ഷിക്കേണ്ടിയിരിക്കുന്നു. ഭരണരംഗത്ത് അരാജകത്വം പ്രത്യക്ഷപ്പെട്ടപ്പോൾ മറെറാരു മാർഗ്ഗവും മുന്നിലില്ലാത്ത അവസരത്തിലാണ്, ''ഉറച്ച ഭരണത്തിന്റെ മുദ്രാവാക്യവുമായി'' വന്ന അവരെ അധികാരത്തിലേററാൻ ജനം നിർബ്ബന്ധിതരായത്. പരസ്പരം തമ്മിലടിച്ച് മററു കക്ഷികൾക്ക് ശക്തി ക്ഷയിച്ച അവസരത്തിൽ, ഈ പുതിയ മുദ്രാവാക്യം ജനങ്ങളെ സ്വാധീനിക്കുകയാണുണ്ടായത്. എന്നാൽ കയ്യിൽ കിട്ടിയ അധികാരത്തെ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നു എന്നാണ് കാണുന്നത്. സംസ്ഥാനങ്ങളിലെ ജനകീയ ഗവൺമെൻറുകളെ തകിടം മറിക്കാൻ വൻതോതിൽ കാലുമാററം സംഘടിപ്പിക്കുകയും അതുകൊണ്ടും കഴിയാതെ വന്നപ്പോൾ പിരിച്ചുവിടുകയും ചെയ്യു നടപടി നീതീകരിക്കാവുന്നതല്ല. ഇത് ഭരണഘടനയുടെ ഫെഡറൽ സ്വഭാവത്തിന് കടകവിരുദ്ധമാണ്. ഏകാധിപത്യത്തിലേക്ക് മടങ്ങിച്ചെല്ലാൻ ഇന്ത്യൻ ജനത ഒരിക്കലും ആഗ്രഹിക്കുന്നില്ല. മാത്രമല്ല, നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിക്ക് ഭീഷണിയുയർന്നപ്പോഴെല്ലാം ബാലററ് പേപ്പറിലൂടെ തങ്ങളുടെ വികാരം പ്രകടിപ്പിക്കാൻ ഭാരതത്തിലെ ജനങ്ങൾ ഒരിക്കലും മടികാണിച്ചിരുന്നില്ല. ഈ സത്യം വിസ്മരിക്കരുതെന്നു മാത്രം.

ഞാൻ സൂചിപ്പിക്കുന്നത് ഒന്നുമാത്രം. ഇന്ത്യൻ ജനാധിപത്യം ഇന്ന് അപകട മേഖലയിലൂടെ നീങ്ങുകയാണ്. നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിക്കേററിരിക്കുന്ന വെല്ലുവിളികളെ നേരിടാൻ

രാജ്യസ്നേഹികൾ തയ്യാറുണ്ടോ?

ജനാധിപത്യ വിശ്വാസികൾ തയ്യാറുണ്ടോ?

തയ്യാറായേ പററൂ.

ചരിത്രം ആവർത്തിക്കപ്പെടാതിരിക്കണമെങ്കിൽ.

മിനിക്കഥ:

## ലോകരെ അത്ഭുതപ്പെടുത്തിയ സംഗതി

**_ അനിൽ**

വെയിലും മഴയും മഞ്ഞും സഹിച്ച് ഭക്തൻ പന്തീരാണ്ടുകാലം തപസ്സു ചെയ്തു. എന്നിട്ടും തീയാഴിക്ക് മുകളിൽ, സൂചിമുനയിൽ നിന്നപ്പോൾ മാത്രമേ ഭക്തവത്സലനായ ദൈവം കനിഞ്ഞുള്ളൂ— കനിവിൻ സാഗരമായ ദൈവം എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളാനുള്ള അനുമതിയുമായി വന്നെത്തിയെന്ന് സാരം—പക്ഷെ സ്വന്തം ജീവിത സുഖങ്ങൾക്കായി ഒരുപാട് വരങ്ങൾ ചോദിച്ച് ഈശ്വരനെ ബുദ്ധിമുട്ടിക്കാൻ അയാൾ തയ്യാറായിരുന്നില്ല. മുമ്പേ ആലോചിച്ചുവച്ച ഒരേ ഒരാവശ്യത്തെപ്പററിമാത്രം പറഞ്ഞു— പരിപൂർണ്ണ സുഖവും സമാധാനവും— മടിച്ചാണെങ്കിലും ജഗദീശ്വരൻ വരം നൽകി മറയുകയും ചെയ്തു.

കഴകന്മാർപോലും കൊത്തിമുറിക്കാൻ മടിച്ച ഭക്തന്റെ ജഡം പിന്നീട് ലോകവാസികളെ അത്ഭുതപ്പെടുത്തിയിരുന്നു.



രതി (ഓയിൽ പെയിൻറിങ്ങ്)

നളിനാക്ഷൻ
I B. Sc.



സാന്ത്വനം (കളിമൺശില്പം)

കറുത്ത ചിറകുകൾ



ജോസഫ് ആൻറണി
II B. Sc.



Manishkumar P. R.
Gold medalist-Hindi



Joseph Antony Valiaveetil
University quiz-winner.



Jojo vellanikaran
Gold medalist - Religion

## A FEW DISTINGUISHED ARTISTS



Davis C. L.
Tabala



Pauly Sebastian
College best Actor



Jaison P. J.
Guitar



Satheesh Paul
Uty. winner-Hindi elocution



Vasanthan E. C.
Cartoonist



P. Balaraman
Classical music

# Association Reports

## ZOOLOGY ASSOCIATION

I am delighted to place before you a brief record of the activities of the association for the year 1979-80. The association was formally inaugurated by Prof. Subash Chander Bharadwaj of Kurukshetra University, Hariyana on 11th November 1979. The inaugural address was inspiring and thought provoking as it was based on the economic importance of Rotifers in the modern world.

Under the auspices of the association various activities like Zoological quiz; Blood detection programme, a trip to Bangalore, Mysore and Ooty etc. were conducted during the year. In the validictory function on 11th March 1980, prizes were given away to the winners of various competitions held. My thanks to all those who co-operated.

Joseph Kannampilly
Secretary

## MATHEMATICS ASSOCIATION

The activities of the association started with the formation of an executive Committee in the beginning of the academic year. However the formal inauguration was held on 8th January 1980, when Professor. G. K. Menon, Principal, K. K. T. M. College delivered the inaugural address. As the academic year was packed with activities, the association found it almost impossible to find enough time to carry out the planned activities for the year. I place on record the association's gratitude to all concerned.

Subramanian K. G.
Secretary

## ECONOMICS ASSOCIATION

I consider it a privilege to present the activities of the association for the year 1979-'80. Though we started our activities early in the academic year, the formal inauguration was held on 6th February 1980. Whatever little things we could do during the academic year, we did it with sincerity and co-operation of all students. Sri. S. Rajappan Nair, Municipal Commissioner, Irinjalakuda inaugurated the activities for the year. He spoke impressively on the present economic condition of the country.

The association won the 'Comas trophy' which is a symbol of inter-association foot ball supremacy. I remember with gratitude all who helped for the smooth running of the association.

Mohandas V.
Secretary

## PHYSICS ASSOCIATION

Mr. Lakshmanan, Lecturer, Engineering College, Trichur, inaugurated the association activities for the year on 19th January 1980. He chose a particular subject and spoke on Hydro electric projects. The association continued its activities with various programmes. Professor P. I. Paul guided the activities to make them meaningful and disciplined. I thank wholeheartedly the staff and the members who were responsible to make the activities successful.

Jojen Paul
Secretary

## CHEMISTRY ASSOCIATION

The activities of our association was formally inaugurated by Dr. M. Krishnan Nair, Professor of Pathology, Kerala Agricultural University, Mannuthy. He gave a talk on the various Chemical reactions taking place in a cell when it is attacked by bacteria. Various other programmes were undertaken during the academic year. To mark the conclusion of the activities, a validictory function of the association was held. Thanks to all

Sebastian T. J.
Secretary

## COMMERCE ASSOCIATION

The activities began with the inauguration by Sri S. K. Menon, General Manager, Kerala Solvent Extractions, Irinjalakuda. Professor. T. V. Ouseph welcomed the gathering.

Mr Menon, in his inaugural address stressed on the importance of Commerce and Management studies not only from scholastic point of view but also from professional point of view. He felt that job opportunities in the present day are more for Commerce graduates than any other. He emphasised the need to know the basic principles of commerce as far as a Common man was concerned.

The collection for the commerce museum went on well this year too with the co-operation of the staff and the members of the association. The association conducted the interclass football tournament for 'Comas trophy'. I place on record my gratitude to the members of the association for their co-operation.

Kochudevassy Jose Kokkat
Secretary

## എൻ. എസ്. എസ്. 1979_'80

ക്രൈസ്റ്റ് കോളേജ് എൻ. എസ്. എസ്. യൂനിററിന്റെ ഈ അദ്ധ്യയനവർഷത്തെ പ്രവർത്തനങ്ങളുടെ ഉൽഘാടനം 9–10–'79ൽ പ്രിൻസിപ്പാൾ ഫാ: വിവിയൻ നിർവ്വഹിക്കയുണ്ടായി. തദവസരത്തിൽ എൻ. എസ്. എസ്. പച്ചക്കറി തോട്ടത്തിന്റെ പുന:സൃഷ്ടികർമ്മത്തിൽ ഓരോ എൻ. എസ്. എസ്. വളണ്ടിയറും സജീവമായി പങ്കെടുക്കുകയുണ്ടായി. ദേശീയ വയോജന വിദ്യാഭ്യാസത്തിന്റെ ഭാഗമായി; യൂനിററ്, ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന കോളനികളിലും; മാപ്രാണം, മാടായിക്കോണം എന്നിവിടങ്ങളിലും; മുൻവർഷം ആരംഭിച്ച ക്ലാസ്സുകൾ പൂർവ്വാധികം ഭംഗിയായി നടത്തികൊണ്ടിരിക്കുന്നു. മുൻവർഷങ്ങളെ അപേക്ഷിച്ച്, ഈ വർഷത്തെ വളൻറിയേഴ്സ്; കോളേജ് കാമ്പസ്സുകൾ വൃത്തിയാക്കുന്നതിലും, മതിലുകൾ കാവിയടിച്ച് സുന്ദരമാക്കുന്നതിലും ഒട്ടും പിന്നിലായിരുന്നില്ല.

### 'യുവാക്കൾ ഗ്രാമോദ്ധാരണത്തിന്'

യുവാക്കൾ ഗ്രാമോദ്ധാരണത്തിന് എന്ന അഖിലേന്ത്യാ പദ്ധതിയുടെ ഭാഗമായി, ക്രൈസ്ററ് കോളേജ് എൻ. എസ്. എസ്. വളൻറിയേഴ്സ്, മാളയിലെ സ്നേഹഗിരി പ്രൊജക്ററിൽ ഒരു ദശദിന ക്യാമ്പ് നടത്തുകയുണ്ടായി. 1979 ഡിസംബർ 22–ാം തിയ്യതി റവ: ഫാ. അലക്സ് സി. എം. ഐ. ക്യാമ്പിന്റെ പ്രവർത്തനങ്ങൾ ഉൽഘാടനം ചെയ്തു. രണ്ടായിരത്തിലധികം ഗ്രാമവാസികൾക്ക് പ്രയോജനപ്രദമായി ഒരു കി. മീററിലധികം ദൂരം വരുന്ന ഒരു റോഡ് ക്യാമ്പിനോടനുബന്ധിച്ച് നിർമ്മിക്കുകയുണ്ടായി. ഡിസംബറിലെ മരം കോച്ചുന്ന പുലർകാലത്തും, ഉച്ചസൂര്യന്റെ പൊരി വെയിലിലും, ക്രൈസ്റ്റ് കോളേജ് എൻ. എസ്. എസ്. യൂനിററിന്റെ സേവന ശബ്ദം ഉയരുകയുണ്ടായി. കൂടാതെ, പാവപ്പെട്ട 25 വീട്ടുകാർക്ക് സാനിട്ടറി കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുകയും, അവയിൽ ഉപയോഗിക്കാൻ ഇ. എസ്. പി. സ്ലാബുകൾ നല്കുകയും. മാളയിലെയും പരിസര പ്രദേശങ്ങളിലെയും ആയിരത്തോളം കർഷകരുടെ വയലേലകളിലെ മണ്ണ് പരിശോധിക്കുകയും, ആയിരത്തിൽപ്പരം ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നതരത്തിൽ ഒരു കുളം നിർമ്മിച്ചു നൽകുകയുമുണ്ടായി. ക്യാമ്പിന്റെ സാംസ്കാരിക പരിപാടികളുടെ ഭാഗമായി വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സെടുക്കുകയും, സെമിനാറുകൾ സംഘടിപ്പിക്കുകയും ഉണ്ടായി.

യൂനിററിലെ വളൻറിയേഴ്സ്, തൃശ്ശൂർ വെൽ ഫെയർ അസ്സോസിയേഷനുമായി സഹകരിച്ച്, രക്തദാനത്തിന്നായി ''ബ്ളഡ് ഡൊണേററിംഗ് ആർമി''യുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തുകൊണ്ടിരിക്കുന്നു.

എൻ. എസ്. എസിന്റെ ശബ്ദം, നിങ്ങളിൽ ആത്മാർത്ഥതയുടെ ഒരു തേങ്ങലുയർത്താൻ പര്യാപ്ത മായിട്ടുണ്ടെങ്കിൽ........ ഞാൻ കൃതാർത്ഥനായി.

- കെ. ജെ. ജോൺസൺ

## ക്രൈസ്റ്റ് കോളേജ് നോൺ ടീച്ചിങ്ങ് സ്റ്റാഫ് ക്ലബ്ബ്

ക്രൈസ്റ്റ് കോളേജ് നോൺ ടീച്ചിങ്ങ് സ്റ്റാഫ് ക്ലബ്ബ് രൂപീകരിക്കപ്പെട്ടിരിക്കുന്നതിന്റെ ഉദ്ദേശം, ഈ കോളേജിലെ പൊതുസ്വഭാവമുള്ള കാര്യങ്ങളിൽ എല്ലാ നോൺ ടീച്ചിങ്ങ് സ്റ്റാഫിന്റേയും പ്രാതി നിധ്യം ഉറപ്പാക്കുവാൻ വേണ്ടിയാണ്. കോ ളേജ് പ്രിൻസിപ്പാളാ ഈ ക്ലബ്ബിന്റെ എക്സ് ഒഫീ ഷ്യോയും, പ്രസിഡന്റും, ബർസാർ ട്രഷററും ആയി രിക്കും. സ്വാവഞ്ചർ, ഗാഡ്നർ തുടങ്ങി സീനിയർ സൂപ്രണ്ടുംപ്പടെയുള്ള എല്ലാ അനദ്ധ്യാപകരും ഇതി ലെ അംഗങ്ങളാണ്.

1979—'80 ലെ ഈ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

ഇരിങ്ങാലക്കുട രൂപതയിലെ പ്രഥമ മെത്രാ നായ അഭിവന്ദ്യ ജയിംസ് പഴയാററിൽ തിരുമേ നിക്ക് എളിയതെങ്കിലും ഏദയസ്പൃക്കായ ഒരു സ്വീകരണം നൽകിക്കൊണ്ടാണ് ക്ലബ്ബിന്റെ 1979— '80 ലെ പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചത്. തുടർന്ന് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ബ. പ്രൊവിൻഷ്യൽ റവ: ഫാദർ അലക്സിനും മേനേജർ റവ: ഫാദർ ജോസഫ് നീലങ്കാവിലിനും നമ്മുടെ എല്ലാമായ ബ.. ബർസാർ റവ: ഫാദർ പോറം തോട്ടാനും സ്നേഹനിർഭരമായ അഭിവാദനങ്ങൾ നല്കി ക്കൊണ്ട് നടത്തിയ സ്നേഹവിരുന്ന് അഭിമാനത്തോടു കൂടി എടുത്തുപറയട്ടെ!

ഈ വർഷം വിവാഹിതരായ സർവ്വശ്രീ സി. എൽ. ഡെന്നീസ്, പി. വി. ജോയി, സി. എം. ഡേവീസ് എന്നിവർക്കും അവരുടെ സഹധർമ്മിണി മാർക്കും ലളിതവും ആത്മാർത്ഥത നിറഞ്ഞതുമായ സ്വീകരണം അവരുടെ പുതിയ ജീവിതാരംഭദശ യിലെ ആവേശകരമായ ഉണർവ്വിന്നെ പ്രദാനം ചെയ്യു മെന്ന് നമുക്കാശിക്കാം.

ഈ കലാലയത്തിൽ നിന്ന് റിട്ടയർ ചെയ്ത പ്രൊഫ: പി. ഐ. ദേവസ്സിക്ക് നൽകിയ യാത്ര യയപ്പ് ഏദയം കവരുന്നതായിരുന്നു.

മലമ്പുഴയിലേക്ക് ക്ലബ്ബ് അംഗങ്ങൾ നടത്തിയ ഉല്ലാസയാത്ര ഈ വർഷത്തെ പ്രവർത്തനങ്ങളിൽ എടുത്തു പറയേണ്ട ഒരു സംഗതിയാണ്.

നമ്മുടെ ബ. പ്രസിഡൻറ് പ്രിൻസിപ്പാൾ ക്ലബ്ബിന്റെ പ്രവർത്തനത്തിനായി 500 രൂപ നൽകി യത് കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊള്ളുന്നു.

ഈ കലാലയത്തിന്റെ ആരംഭം മുതൽ മരണം വരെ ജീവിതം മുഴുവനും ഈ കലാലയത്തിന്റെ ഉത്കൃഷ്ടത്തിനു വേണ്ടി ഉഴിഞ്ഞുവെച്ച ബ. ഡിസ്മാസച്ചനും, ഈ ക്രൈസ്റ്റാശ്രമത്തെ ആശ്രമ മായി ഉയർത്തുന്നതിന് പണിയെടുക്കുകയും ഇപ്പോ ഴത്തെ ജൂനിയർ ഹോസ്റ്റലിന്റെ മുഖ്യ ശില്പികളി ലൊരാളുമായ ബ. മലാക്കിയസച്ചനും, ഞങ്ങളുടെ സഹപ്രവർത്തകനായ ശ്രീമാൻ റസാക്കിന്റെ വന്ദ്യ പിതാവ് ഖാദർഷാക്കും, കോവളത്തുവെച്ച് അത്യാപത്തിൽപെട്ടു മരിച്ച പ്രീ ഡിഗ്രി വിദ്യാർത്ഥി ജോസഫ് ടി. ഐ. ക്കും ക്ലബ്ബിന്റെ സ്മരണാഞ്ജ ലികൾ അർപ്പിച്ചുകൊള്ളുന്നു.

ഞങ്ങളുടെ സഹപ്രവർത്തകനായി ജോലിനോക്ക മ്പോൾ അകാലചരമം പ്രാപിച്ച ശ്രീ. ടി. വി. വർഗ്ഗീസിന്റെ വിധവക്ക് വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും അനദ്ധ്യാപക വിഭാഗത്തിന്റേ യും സഹായധനമായി കിട്ടിയ 10000ക. യുടെ പണ ക്കിഴി നല്കി സഹായിച്ചതു് ഈ നടപ്പ വർഷത്തി ലാണ്. ക്ലബ്ബ് പ്രവർത്തനവുമായി സഹകരിച്ച ഏവർക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു.

എൻ. ഐ. വർഗ്ഗീസ്
സെക്രട്ടറി.

# AICUF

The AICUF of Christ College is a general association parallel to the general literary association. All the Catholic Students of the College "IPSO FACTO" its ordinary members and all Catholic Members of College staff are honorary members.

Basically we aim at forming students into christians, who are "intellectually alert, spiritually alive and socially aware." We stand for a radical social change envisaged by Christ and taught in the Bible. It is from the person of christ we draw its inspiration.

Though the activities of AICUF began from the beginning of the academic year itself, our formal inauguration was held only in the month of Sept. We were extremely lucky to have Fr. Joseph Vadakkan, an all time revolutionary among the Kerala Catholic priests, as our chief guest on the inaugural function. The programme was a grand success with an all times record in the history of the AICUF of Christ College of nearly 1000 students attending the function.

**Liturgical Activities**:

On first Fridays of each month, our members actively participate in the Holy Mass at Christ College Chapel.

Under the auspices of AICUF regular catechism classes are going on all Fridays.

Retreat for all courses is one of the many liturgical activities of the association. The retreat for I P. D. C; II P. D. C. and for the Degree Courses were conducted.

**Social and Intellectual Activities:**

On 12th July 1979, under the auspices of AICUF an extension talk was conducted. On that occasion, Psychiatrist Dr. M. V. Varunny gave the talk on 'Drug Abuse and Alchoholism'. His talk really enlighted the students to think how dangerous are the drugs and Alchohol, to the human body both mentally and physically.

4th August 1979 is an unforgettable day as far as we are concerned, because it was on that day we conducted a Zonal Seminar on 'Freedom of Religion''. Prof. N. A. Ouseph and Paul Nellissery were the directors of the Seminar.

From September 6th to 9th, we organised a Camp inviting all the AICUF Units of Trichur and Irinjalakuda Zones. It was based on "Screen Education and Media Awarness". Fr. George Sebastian S. J. (Poona Film Institute) was the Camp Director. His talks on "Audio - Visual - Analysis, procedures of film making etc. were quite interesting to all.

Dr. A. I. Kurian of Irinjalakuda gave a talk to those who were interested in donating blood. He analysed the structure of human blood and cleared the misunderstandings and doubts of the students in connection with blood donation. Students both Catholics and non-catholics co-operated in this programme.

During the month of December and January, we had the golden opportunity to contribute blood to 3 deserving patients of Pullur Mission Hospital. Mr. Victor Thomas of III B.A; Mr.Thomas Varghese of III B. Sc. Zoology and Mr. M. K. Sasidharan of III B. A, contributed blood in this connection.

**From Social Service to Social Action**:

Our members went deep into the burning problems of a very poor family, just behind Don Bosco School, Irinjalakuda. Seeking the co-operation of the other families of that locality both monetarily and manually we completed the roofing of the House of Narattil Koran, which was in a really dilapidated state.

**Our Representation and Participation in Regional Camps, Seminars Etc.**

We had our representation for the Regional Camps at St. Mary's College, Trichur, at Calicut and also at the inter regional camp at Quilon.

Thus we stand for a radical social change in the society envisaged by Christ. This ultimate aim is in our mind always in all our activities. If our programmes and hard labour help in the start of such a change in any way, we are satisfied.

Vincent K. P.
Secretary

# VOLLEY BALL VETERANS

Chacko N. C.
Captained Varsity Team



Represented Kerala
at the Senior Nationals
Attended Indian Coaching Camp



Francis Biju George
Represented Kerala
at the junior National
Championship-Calcutta



Cycril C. Valloor
Calicut University Player
Selected to the Indian
Coaching Camp



George M. Sebastian
Calicut University
Volley Ball Blue



Jose Thomas
Played for the varsity
for the last three years.



Jony P. Abraham
Calicut University and
Junior state player.

## ATHLETICS............FOOT-BALL..............TENNIS

Loit Joseph
Represented the
Varsity in Athletics





Sunny A. O.
Member of Calicut
Uty. Athletic Team



Subash George.
Won Gold at National
Athletic meet (Haryana)
Established new mark in
Triple Jump.



Paul K. R.
Captained Calicut University Tennis Team. University
Champion for the last 3years
Trichur dt. open singles
Champ



Mohammedassan P.
Champion Athlete of
Calicut Uty. Represented
the Varsity and Established
record in 800 mts.



Nandakumar P. B.
University Foot Baller
Represented the Varsity
for three years in succession



Mohammed Saleem M I.
Ace. Foot Baller. Captained
Calicut Varsity Team
College General Captain



Johnson C. A.
University Foot-Baller
Captained the Team in
1978-1979.

# ALL CHAMPIONS

Joseph Mathew
Uty. Athletic meet
Junior.





Johnson Abraham
Pilot Athletic meet
Record in 1500 mts

## COLLEGE ANNUAL ATHLETIC MEET - JUNIORS



Joseph K. A.



Krishnabal



Joy K. A.

## SENIORS



Babu Joseph



Thomas Francis



Shaji Jacob



Genin James

# ASSOCIATION SECRETARIES



Joseph Kannampilly
Zoology



Subramanian K. G.
Mathematics



Sebastian T. J.
Chemistry



Jojan Paul
Physics



Shaik Davood A. A.
I DC Representative
Union Executive member



Vincent K. O.
Member, Union
Executive Committee



Kochudevassy Kokkat
Commerce



Mohandas V.
Economics



Johnson K. J.
N. S. S. Captain



Thomas M. G.
C. S. A. Chairman



C. S. A. Executive Committee

# സൈലൻറ് വാലി

– ഗോപിനാഥ് പി.

സൈലൻറ് വാലി ഏറെക്കുറെ നിശ്ശബ്ദമാണെങ്കിലും ആ പദ്ധതിയെപ്പററി ഉയർന്നിട്ടുള്ള വാദവിവാദങ്ങളും ഒച്ചപ്പാടും വളരെ സജീവമാണ്. പ്രശസ്തരായ പല ശാസ്ത്രജ്ഞന്മാരും സംഘടനകളും പരിസര സംരക്ഷണത്തിൽ താല്പര്യമുള്ളവരും സൈലൻറ് വാലിയുടെ അമൂല്യ ജൈവസമ്പത്തിനെക്കുറിച്ചും ശാസ്ത്രീയ പ്രാധാന്യത്തെക്കുറിച്ചും അതു് പരിരക്ഷിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചും ശബ്ദമുയർത്തിയിട്ടും ഗവമ്മെണ്ടും ഇലക്ട്രിസിററി ബോർഡും പദ്ധതി നടപ്പാക്കണമെന്ന പിടിവാശിയിലാണ്. ജനങ്ങളിൽനിന്ന് രൂക്ഷമായ എതിർപ്പുണ്ടായിട്ടും പദ്ധതി നടപ്പിലാക്കിയേ തീരു എന്ന് നിർബ്ബന്ധിക്കുന്നവർ അതിനുപോൽബലകമായി മുന്നോട്ടു വച്ചിട്ടുള്ള കാരണങ്ങൾ നമുക്ക് പരിശോധിക്കാം.

ജല വൈദ്യുത പദ്ധതിക്ക് വളരെ യോജിച്ച സ്ഥലമാണ് സൈലൻറ് വാലി. ഇത്രയും വലിയ ജലശീർഷം കേരളത്തിലൊരിടത്തും കിട്ടില്ല, മലബാർ പ്രദേശത്തു് ഇത്ര അനുകൂലമായ മറെറാരു സ്ഥാനമില്ല, പദ്ധതി ആ പ്രദേശത്തു് ഒട്ടേറെ പേർക്ക് ജോലി നൽകുന്നു, ജല വൈദ്യുതിച്ചെലവു കുറഞ്ഞതാണ്, ഇതിനെല്ലാം പുറമെ അവിടെ ആകെയുള്ള വനപ്രദേശത്തിൻെറ പത്തു ശതമാനം മാത്രമാണ് പദ്ധതിക്കുപയോഗിക്കുന്നതു്; തന്മൂലം സൈലൻറ് വാലിയിലെ മഴക്കാടുകൾക്ക് ഗുരുതരമായ നഷ്ടം സംഭവിക്കുന്നില്ല; തുടങ്ങിയവയാണ് പ്രവക്താക്കളുടെ വാദം. ഈ സന്ദർഭത്തിൽ നാം സൈലൻറ് വാലിയുടെ തനിമയേയും അപൂർവ്വതയേയും കുറിച്ച് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## സൈലൻറ് വാലിയുടെ സവിശേഷതകൾ

പാലക്കാട്ട് ജില്ലയിൽ മണ്ണാർക്കാട്ടുനിന്ന് 45 കി. മീ. വടക്ക് ഭാരതപ്പുഴയുടെ പോഷക നദിയായ കുന്തിപ്പുഴയുടെ ഇരുവശങ്ങളിലായി കാണുന്ന 8952 ഹെക്ടർ റിസർവ്വ്‌വനം അടങ്ങുന്ന പ്രദേശമാണ് സൈലൻറ് വാലി. ഇന്ത്യയിലെ ഉഷ്ണമേഖലാ നിത്യഹരിത വനങ്ങളിലെ അവശേഷിക്കുന്ന ഒരേ ഒരു വലിയ പ്രദേശം ഇതുമാത്രമാണ്. (ഭൂതലത്തിലെ ഏററവും വൈവിധ്യമാർന്നതും സങ്കീർണ്ണവുമായ സസ്യജാലങ്ങളുടെ ആവാസസ്ഥാനമാണ് ഉഷ്ണമേഖലാ നിത്യഹരിത വനങ്ങൾ.)

അഞ്ചു കോടി കൊല്ലത്തെ, മനുഷ്യസമ്പർക്കമില്ലാത്ത, തുടർച്ചയായ പ്രകൃതി പരിണാമത്തിൻെറ വേദിയാണിതു്. സൈലൻറ് വാലിയിലെ മൃഗങ്ങളിൽ അധികവും സസ്യഭുക്കുകളാണ്. ഇവിടെയുള്ള ജീവികളിൽ മൂന്നെണ്ണം – സിംഹവാലൻ കുരങ്ങ്, നീലഗിരി ലാംഗൂർ, കടുവ – എന്നിവ വംശനാശഭീഷണി നേരിടുന്നവയാണ്. 500 സിംഹവാലൻ കുരങ്ങുകളേ ഭൂമുഖത്തു് ഇനി അവശേഷിച്ചിട്ടുള്ളു. അതിൽ പകുതിയിലധികവും ജീവിക്കുന്നതു് സൈലൻറ് വാലിയിലാണ്. ഒട്ടൊക്കെ നിയതമായ ജീവിതചര്യയിൽ, മാററം വരുത്താനാകാതെ ഉറച്ചുപോയ ജീവികളാണ് അവ. മറെറാരു പരിതസ്ഥിതിയിലേക്ക് അവക്ക് മാറാൻ കഴിയില്ല.

ആറുതരം കുരുമുളകുകൾ ഇവിടെ കണ്ടെത്തിയിട്ടുണ്ട്. 200 ഇനം അപൂർവ്വങ്ങളായ വൃക്ഷങ്ങൾ – ഇതിൽ ഇരുപത്തിമൂന്ന് ഇനം ലോകത്തിൽ സൈലൻറ് വാലിയിൽ മാത്രം – ഇവിടെ ഉണ്ട്.

ഇതുവരെയും മനുഷ്യാക്രമണങ്ങൾക്ക് വിധേയമാകാത്ത ഈ കാടുകൾ അതിപ്രധാനങ്ങളായ ചില ധർമ്മങ്ങൾ നിർവ്വഹിക്കുന്നുണ്ട്. താഴത്തെ സമതലത്തിലേക്കുള്ള നീരൊഴുക്ക് നിയന്ത്രിക്കുക, ജലസന്തുലനം നിലനിർത്തുക, മണ്ണൊലിപ്പ് തടയുക മുതലായവ. ആ പ്രദേശത്തെ കാലാവസ്ഥയെ ആകെ നിയന്ത്രിക്കുന്നതിലും ഈ കാടുകൾക്ക് അതിപ്രധാനമായ പങ്കുണ്ട്.

സൈലൻറ് വാലിയിലെ സങ്കീർണ്ണവും സമൃദ്ധവുമായ സസ്യസമ്പത്തു് ഇനിയും വേണ്ടത്ര പഠന വിധേയമാകാത്തതാണ്. സൈലൻറ് വാലിയെന്ന ജൈവവ്യൂഹത്തിൽ പുതിയ പുതിയ സസ്യതരങ്ങൾ അവിരാമമായി ഉരുത്തിരിഞ്ഞുകൊണ്ടിരിക്കയാണ്. ജൈവ പരിണാമത്തിൻെറ ഒരു കളിത്തൊട്ടിലായി, അമൂല്യമായ ഒരു ജീൻ കലവറയായി അതു് നിലകൊള്ളുകയാണ്. മെച്ചപ്പെട്ട സങ്കര സസ്യങ്ങൾക്ക് രൂപം നൽകാൻ കഴിയുമെന്നതിനുപുറമെ, പല പരീക്ഷണങ്ങൾക്കും, ജീവശാസ്ത്രത്തിൽ മാത്രമല്ല, ഭൂ ഉപയോഗം, വികസനപ്രക്രിയകൾ, പ്ലാനേറഷനുകൾ തുടങ്ങിയ പലതിലും മനുഷ്യ സ്പർശമേല്ക്കാത്ത സൈലൻറ് വാലി ഉപയോഗപ്രദമാണ്.

മൊത്തം വനപ്രദേശത്തിൻെറ 10% മാത്രമാണ് പദ്ധതിക്കുപയോഗിക്കുന്നതു്, ബാക്കി 90 ശതമാനമുണ്ടല്ലോ എന്ന് വാദിക്കുന്നവരുണ്ട്. എന്നാൽ ജന്തുക്കളുടേയും സസ്യങ്ങളുടേയും വികാസപരിണാമങ്ങളേയും ജീവിതരീതിയേയും പററി പഠിക്കുന്ന എല്ലാവരും, ഡോ. സലിം അലി അടക്കം, ആ വാദം തെററാണെന്ന് പറയുന്നു. ജീവശാസ്ത്രത്തിലും ഇക്കോളജിയിലും അറിവില്ലാത്തവരാണ് ഇങ്ങിനെ വാദിക്കുന്നതു്. കുറെ കാടു് വെള്ളത്തിനടിയിലാകുന്നു എന്ന പ്രത്യക്ഷാഘാതത്തിനു പുറമേ പരോക്ഷമായ ഒട്ടേറെ മററു പ്രത്യാഘാതങ്ങളുമുണ്ട്.

## പദ്ധതി വന്നാൽ സംഭവിക്കുന്നതു്

സൈലൻറ് വാലി പദ്ധതി നടപ്പാക്കിയാൽ പിന്നോക്ക പ്രദേശങ്ങളായ പാലക്കാട്ട്, മലപ്പുറം ജില്ലകളിലെ 10,000 ഹെക്ടർ സ്ഥലം ജലസേചന യോഗ്യമാക്കുവാൻ കഴിയും. 240 M. W. വൈദ്യുതി ഉല്പാദിപ്പിക്കുവാനും 5000പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഇതിന് കഴിയും. കൂടാതെ 10 കോടി ക.യിലധികം വാർഷികാദായമുണ്ടാക്കാമെന്നുമാണ് ഇലക്ട്രിസിററി ബോർഡിൻെറ കണക്ക്.

വികസിത രാഷ്ട്രങ്ങളിൽ വൈദ്യുതിയുടെ വാർഷിക ഉപഭോഗം 10,000 യൂണിററിൽ കവിയാറുണ്ടെങ്കിലും ഒരിന്ത്യ സംസ്ഥാനമായ കേരളത്തിൽ അതു് 100 യൂണിററിന് താഴെ മാത്രമാണ്. എന്നാൽ മലബാർ പ്രദേശത്തു് വൈദ്യുതിയുടെ

പ്രതിശീർഷോപഭോഗമാകട്ടെ 50 യൂണിററിലും താഴെയാണ്. മലബാർ പ്രദേശത്തിൻെറ ഈ ദുസ്ഥിതി മാററുന്നതിന് സൈലൻറ്വാലി ജലവൈദ്യുതി പദ്ധതി എത്രയും വേഗത്തിൽ പൂർത്തിയാക്കുകയാണ് വേണ്ടതെന്നാണ് പദ്ധതിയനുകൂലികൾ ആവശ്യപ്പെടുന്നതു്.

## ബദൽ മാർഗ്ഗങ്ങൾ

എന്നാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ സൈലൻറ്വാലി ജലവൈദ്യുത പദ്ധതി നടപ്പിലാക്കാതെതന്നെ നേടാൻ കഴിയുമെന്നാണ്, കേന്ദ്ര ഗവൺമെൻറ് ഈ പദ്ധതിയെപററി പഠിക്കുവാൻ നിയോഗിച്ച ഡോ. സ്വാമിനാഥൻെറ റിപ്പോർട്ട് സൂചിപ്പിക്കുന്നതു്. ''ജനങ്ങൾക്ക് വെള്ളവും വെളിച്ചവും തൊഴിലും നൽകുന്നതും എന്നാൽ അതേസമയം പരിതസ്ഥിതിയുടെ സമതുലനത്തെ തകർക്കാത്തതുമായ മറെറന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ സൈലൻറ്വാലി പദ്ധതിക്ക് പകരം കണ്ടെത്തുകയാണ് ഉത്തമം''.

ജലവൈദ്യുതിനിലയങ്ങൾ, ഫോസിൻ ഇന്ധന താപനിലയങ്ങൾ, അണു ഇന്ധന നിലയങ്ങൾ എന്നിങ്ങനെ മൂന്നു സ്രോതസ്സുകളാണ് വൈദ്യുതിക്കുള്ളതു്. ഇതിൽ ഒന്നും രണ്ടും ആണ് പ്രധാനം. ഈ മാർഗ്ഗങ്ങൾ അവലംബിക്കുവാൻ സാധിക്കുകയില്ലെങ്കിൽ, മലബാറിൻെറ വൈദ്യുതിക്ഷാമം പരിഹരിക്കുവാൻ മററു മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. അതിലേററവും എളുപ്പവും സ്വീകാര്യവുമായതു് ഇടുക്കിയിൽനിന്ന് ട്രാൻസ്മിഷൻ ലൈനുകൾ വലിക്കുകയെന്നതാണ്. ആറാം പദ്ധതിക്കാലത്തു് കേരളത്തിലെ ട്രാൻസ്മിഷൻ ലൈൻ നിർമ്മാണത്തിനായി നാല്പത്തഞ്ചു കോടി രൂ. വക കൊള്ളിച്ചിട്ടുണ്ട്.

ജലസേചനത്തിൻെറ കാര്യത്തിലാണെങ്കിൽ ഭൂഗർഭ ജലം ഉപയോഗിക്കാവുന്നതാണ്. പാലക്കാട്ട്, മലപ്പുറം ജില്ലകളിലെ ഭൂഗർഭ ജല ഉറവിടത്തിൻെറ പൂർണ്ണമായ സർവ്വെ നടത്തുകയും അതുപയോഗിച്ച് പരമാവധി സ്ഥലത്തു് ജലസേചനം നടത്തുവാൻ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. വളരെ വിജയകരമായി അനുഭവപ്പെട്ടിട്ടുള്ള ലിഫ്ട് ഇറിഗേഷൻ പദ്ധതികളും ജലസേചനത്തിന് നല്ല മാർഗ്ഗങ്ങളാണ്. ലിഫ്ട് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ കാർഷിക മേഖലയിൽ പുതുതായി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും.

ശാസ്ത്രജ്ഞരുടേയും പ്രകൃതിസ്നേഹികളുടേയും മററും മുന്നറിയിപ്പുകളെ മറികടന്നും സൈലൻറ്വാലി ജലവൈദ്യുതപദ്ധതി നടപ്പിലാക്കുകയാണെങ്കിൽ പ്രത്യക്ഷവും പരോക്ഷവുമായ നിരവധി ദോഷങ്ങൾ വരും. തലമുറകൾക്കെങ്കിലും അഭിമുഖീകരിക്കേണ്ടി വരുമെന്ന കാര്യം തീർച്ചയാണ്. മുമ്പുണ്ടായിരുന്ന കറെ ജൈവ സമ്പത്തു് വെള്ളത്തിനടിയിലാകുകയും തല്ഫലം പല ജൈവ ശൃംഖലകളും തകരുകയും ചെയ്യുന്നു. പല ജീവികൾക്കും സ്ഥലം മാറേണ്ടി വരുന്നു എന്നതിന് പുറമെ ചില ജീവികൾക്ക് വംശനാശ ഭീഷണിയെത്തന്നെ നേരിടേണ്ടി വരുന്നു. മത്സ്യങ്ങളുടെ നീക്കം തടയുകയും പല പ്രധാനതരം മത്സ്യങ്ങളും ഇല്ലാതാവുകയും ചെയ്യുന്നു. പരിണാമപ്രക്രിയയിൽ ഒരു പുതിയ കൃത്രിമ ഘടകം കൂട്ടിച്ചേർക്കപ്പെടുന്നു. പ്രാദേശിക കാലാവസ്ഥയിൽ കാര്യമായ മാററങ്ങൾ വരുന്നു.

മിനിക്കഥ:



## പ്രതീക്ഷ

– ജോസി പാനികുളം

എൻെറ ഈ പിടക്കോഴി മുട്ടകൾക്ക് അടയിരിക്കാൻ തുടങ്ങിയിട്ട് ദിവസങ്ങൾ എത്രയായെന്നോ! ഏകദേശം നാൽപ്പതു് പ്രഭാതങ്ങൾ കടന്നുപോയിരിക്കാമെന്നാണ് എൻെറ ഓർമ്മ. തൻെറ കുരുന്നു നെഞ്ചിൻെറ ആതപമേററുറങ്ങിക്കിടക്കുന്ന മുട്ടകൾ ഒരുനാൾ ഉണരുമെന്നാണ് കോഴിയുടെ സ്വപ്നം.

താൻ അടയിരിക്കുന്നതു് കെട്ട മുട്ടകൾക്കാണെന്നും അവ ഒരിക്കലും വിരിഞ്ഞു് തന്നെ സന്തോഷപ്പെടുത്തുകയില്ലെന്നും പാവം കോഴി അറിയുന്നുണ്ടോ? അവ എന്നെങ്കിലും വിരിയാതിരിക്കില്ല എന്ന പ്രതീക്ഷയല്ലേ, കോഴിയെ യാന്ത്രികമായി അടയിരിക്കാൻ പ്രേരിപ്പിക്കുന്നതു് !

ഈ വന്ധ്യസ്വപ്നം കൈയിലില്ലായിരുന്നുവെങ്കിൽ എന്നേ എൻെറ കോഴി നാമാവശേഷമായി പോകുമായിരുന്നു ! ഒരുപക്ഷേ ഇത്തരം പ്രതീക്ഷകൾതന്നെയാവാം നമ്മേയും ജനിമൃതികളുടെ പാതയിലൂടെ മുന്നോട്ട് നയിക്കുന്നതു്.

# 'മാ ഫലേഷു കദാചന'

**– ദിനകരൻ കെ.**

ട്രെയിൻ വരാൻ ഇനിയും ഏറെ സമയമുണ്ട്. സ്റ്റേഷനിലെ വിളക്കുകൾ മുനിഞ്ഞു കത്തികൊണ്ടിരിക്കുന്നു. പ്ലാററ് ഫോമിലെ മരബെഞ്ചിൽ ഞാൻ വെറുതെ ഇരുന്നു. ഒന്നും ചെയ്യാനില്ലാതിരുന്നതിനാൽ ചുററും കണ്ണോടിച്ചു നോക്കി. സ്റ്റേഷൻെറ പടിഞ്ഞാറു ഭാഗത്ത് കമ്പിവേലികൾക്കപ്പുറത്ത് നിറയെ പഴയ ബോഗികൾകൂട്ടി ഇട്ടിരിക്കുന്നു. ഒരിക്കൽ നമ്മെയും വഹിച്ച് അലറി കടന്നുപോയവ. അവിടെ ഒരുകൂട്ടം ആളുകൾ അത്താഴത്തിനു് വട്ടം കൂട്ടുകയാണ്. എരിതീയിനു മുകളിലെ അലുമിനിയ പാത്രങ്ങളിൽ ഭക്ഷണ സാധനങ്ങൾ തിളച്ചു മറിയുന്നു.

''ബാബുജി, ഏക് പൈസാ ദീജിയെ ഏക്പൈസാ''

ശബ്ദം കേട്ട് തിരിഞ്ഞുനോക്കിയപ്പോൾ, പത്തുപന്ത്രണ്ടു വയസ്സുള്ള ഒരു പെൺകുട്ടി. മുഷിഞ്ഞവേഷം, ഉടുതുണിക്കു് മറുതുണിയില്ലാത്ത പാവം പെണ്ണ്. മുമ്പിൽ എരിയുന്ന മെർക്കുറി വിളക്കിനു കീഴെ സർക്കാരിൻെറ താക്കീത് ! 'ഭിക്ഷാടനം കുററകരം' പിന്നീടുള്ളവ വായിക്കുവാൻ കഴിഞ്ഞില്ല– പുഞ്ചിരിതൂകി, ഇരുകൈകളും ഉയർത്തി 'രാമരാജ്യ' പുനഃസ്ഥാപനത്തിനു് ഒരുങ്ങി നിൽക്കുന്ന 'പുണ്യവതി'യുടെ ചിത്രം ! ഓ, തിരഞ്ഞെടുപ്പു കഴിഞ്ഞിട്ടും വാഗ്ദാനങ്ങളെ പററി ഓർക്കുന്നോ ?

'ബാബൂജി ഏക്പൈസാ..............'

''യാ തും ഫിർ ആയി.'' ലാത്തിചുഴററി എത്തിയ റെയിൽവെ പോലീസ്. അതുകണ്ടു് പേടിച്ചോടിയ 'തെണ്ടി' പെണ്ണ്. എൻെറ കൈയ്യിലെ നാണയത്തിലെ ഉടലില്ലാത്ത 'സിംഹങ്ങൾ' ചിരിച്ചു.

''പകഡോ പകഡോ, ചോർ ചോർ.''........

തിരക്കിനുള്ളിൽ കണ്ടാൽ മാന്യനെന്ന് തോന്നിക്കുന്ന ഒരുവനെ കുറെപ്പേർ ചേർന്ന് മർദ്ദിക്കുന്നു. 'പോക്കററടി' റെയിൽവെയിലെ 'കൊണ്ടൽകൃഷി.' ഇന്നിതെല്ലാം കാണുമ്പോൾ എനിക്കു് ഒന്നുംതന്നെ തോന്നുന്നില്ല. ഈ ക്ലോക്ക് റൂമിലെ ' നാഴികമണിയുടെ നാക്കു് പോലെ എൻെറ മനസ്സ് നിശ്ചലമാണ്.

ഗേററിനപ്പുറത്തെ പീടികക്കോലായിൽ പതിവുപോലെ പാഞ്ചാലി ! 'പച്ചസാരിയും വാനിററി ബാഗും, ജമന്തിപ്പൂ ചൂടിയ തലമുടിയും ചപ്പിയ കവിളും, താഴ്ത്തിയുടുത്ത സാരിക്കു പിന്നിലെ ഒട്ടിയ വയറും കുഴിഞ്ഞ കണ്ണുകളും, വിലപേശുമ്പോൾ മാത്രം മുനയുള്ള വാക്കുകളിൽ സംസാരിക്കുന്ന ചുണ്ടുകളും എല്ലാം ഈ നഗരത്തിൽ വന്നപ്പോൾ ഉള്ളവപോലെതന്നെ!

'അവൻെറ രാജ്യം വരാൻ പോകുന്നു ! വിശ്വസിപ്പിൻ ! അവിശ്വാസം പാപികളുടേതാണ് ! സ്വർഗ്ഗരാജ്യം വിശ്വാസികൾക്കുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ, — അവൾ അവൻെറ വസ്ത്രത്തിൻെറ തൊങ്ങലിൽ തൊട്ടു ...........''

സ്റ്റേഷൻെറ പിന്നിലെ കവലയിൽ തനിക്കുകിട്ടിയ കുഞ്ഞാടുകൾക്കു് 'ആകാശമോക്ഷം ഉരുവിടുന്ന 'ഇടയൻ.'

അപ്പുറത്ത് വർണ്ണങ്ങളുടെ മഹേന്ദ്രജാലം. മുമ്പിൽ ശുഭ്രവസ്ത്രധാരിയും അവനു പിന്നിൽ അവൻെറ ഗിരി പ്രഭാഷണത്തിനു് കൈയ്യടിക്കാൻ മാത്രം അറിയാവുന്ന കുറെപ്പേരും.

തലേമാസം കമ്പനിയിൽ നിന്നും പിരിച്ചു വിട്ടവർ. കൈ കുഞ്ഞുങ്ങളെയുമേന്തി നേതാവിനൊപ്പമെത്താൻ ധൃതിപ്പെടുന്ന സ്ത്രീകൾ. കമ്പനിപ്പടിക്കലേക്കു് പട്ടിണി ജാഥ.

ഞാൻ വാച്ചിലേക്കു് നോക്കി. ഇനിയും ഒരു മണിക്കൂർ കൂടിയുണ്ടു് ട്രെയിൻവരാൻ—.

മൈക്കിലൂടെ ഒഴുകിവന്ന ഗാനം നിലച്ചു. ഇപ്പോൾ.... തെക്കായാലും വടക്കായാലും കൽക്കത്തയിലായാലും കുട്ടൻകുളങ്ങരയായാലും 'പ്രണവ മന്ത്രം' ഒന്നു തന്നെ ! ഉപദേശിയുടെ ശബ്ദം ഇപ്പോൾ കേൾക്കാനെ ഇല്ല. പകരം 'മോഹിനി' മിൽസിലെ തൊഴിലാളി നേതാവിൻെറ വാചക കസർത്ത്. ഇനി കാണാനൊന്നും ഇല്ല ! കേൾക്കാൻ മാത്രം കേട്ടു പഠിക്കാൻ മാത്രം ! അതിനാൽ ഞാൻ കണ്ണും പൂട്ടിയിരുന്നു. ബോണസ്സും, ചിലിയും, ക്യൂബയും, മാർട്ടിൻ ലൂതറും ഗാന്ധിയും, മാർക്സും ശബ്ദതരംഗങ്ങളായി വായുവിൽ. സ്വയം മറന്ന് ആർപ്പു വിളിക്കുന്ന വിശ്വാസികൾ.

കണ്ണടച്ചിരിക്കുമ്പോൾ കാണുന്ന കാഴ്ചകൾക്കാണ് കൂടുതൽ ഭംഗി. വർണ്ണം. പൊലിമ.

''എന്താണ് മകനെ, കർമ്മം ചെയ്യേണ്ട നീ ഉറങ്ങുന്നുവോ? ഓം ശങ്കർ, ജയ സോമനാഥ്. ഉണരൂ, തമസ്സിൽ നിന്ന് ജ്യോതിസ്സിലേക്കു് ഉണരൂ, ജയ് ശങ്കർ.''

കണ്ണു തുറക്കാതെ തന്നെ കണ്ടു. നീണ്ടു നരച്ചതാടി കൈയിലെ 'മാജിക് വാൻറ്' കമണ്ഡലുവിലെ 'വിശുദ്ധ ജലം, വെണ്ണീർ'. 'ശിവനോ'? അല്ലേ അല്ല ! 'മൂണാനന്ദൻ' വെറും മൂണാനന്ദനല്ല. 'ശ്രീജിത് സ്വാമി മൂണാനന്ദൻ' ഇപ്പോൾ പിടികിട്ടി കാണുമല്ലേ ? കഴിഞ്ഞവർഷം ദേവസ്വം ഭജന ഹാളിൽ വെച്ച് മൃത്യുഞ്ജയഹോമം നടത്തിയ, ഗ്രഹണ പ്രായശ്ചിത്തത്തിന് പതിനേഴ ദിവസം തെററാതെ വ്രതനിഷ്ഠയോടെ ആദിത്യ മന്ത്രം ഉരുവിട്ട് യാഗം നടത്തിയ മൂണാനന്ദൻ. ഓ സോറി ! സ്വാമി മൂണാനന്ദൻ !

'ജയ സോമനാഥ്, ശങ്കറിനെക്കുറിച്ച് നീ എന്തറിഞ്ഞു മകനെ? എന്താണ് ബേട്ടാ നീ കണ്ണു തുറക്കാത്തതു് ?'

'വേണ്ട സ്വാമിജി, അല്ലാതെതന്നെ എല്ലാം കാണാം.' 'അതാ ഭജനസംഘം എത്തിക്കഴിഞ്ഞു ഞങ്ങൾ നിനക്കുവേണ്ടി പ്രാർത്ഥിക്കട്ടെ! ബോലോ ജയസോമനാഥ് ! മകനെ ശൈവ

രായ ഞങ്ങൾ നിനക്കു നൽകുന്ന ഉപദേശം വൈപ്പുവരുടേതാണ്!

'ഓഹോ' ഞാൻ ഒന്നമർത്തി മൂളി.

'നിങ്ങൾ ഭിന്നാഭിപ്രായക്കാരായ പാർട്ടിക്കാർ ചേർന്ന് സഖ്യമുണ്ടാക്കുന്നില്ലേ അതുപോലെ' —പ്രഥമശിഷ്യൻ ദയാനന്ദൻ. 'നിനക്ക് കർമ്മം ചെയ്യുവാൻ മാത്രമാണ് അധികാരം. കർമ്മഫലത്തിൽ അധികാരമില്ല! ഭഗവാൻ ശ്രീകൃഷ്ണ പരമാത്മാവ്............

അകലെ വണ്ടിയുടെ കൂക്കിവിളി. ഞാൻ എഴുന്നേററു. ഇനി ഇവിടെ ഒരു ബഹളമാണ്. നേതാവിന്റെ വാക്മഴയും. മുണ്ടാനന്ദനും ഉപദേശിയും എല്ലാം എല്ലാം.

വണ്ടി നിൽക്കാറായിരുന്നു. അപ്പോഴാണ് ഒരുത്തൻ വളവിൽവച്ച് കറകെ ചാടിയതു്. രക്തക്കളമായ റെയിൽപാത. അതു് എന്താണെന്ന് എനിക്കറിയാമായിരുന്നു. മുഷിഞ്ഞ വസ്ത്രങ്ങളും കാടുപിടിച്ച തലയും താടിയും ഒട്ടിയ കവിളുകളുമുള്ള ഒരു ചെറുപ്പക്കാരൻ അല്ലെങ്കിൽ വീർത്ത വയറോടെ ഒരു സ്ത്രീ. അതുമല്ലെങ്കിൽ ഒരു ഭ്രാന്തൻ. ഈ രൂപങ്ങളെല്ലാം കഴിഞ്ഞ കറെ വർഷങ്ങളായി എനിക്കു സുപരിചിതങ്ങളാണ്. ഈ മഹാനഗരത്തിലെ കരിയും പുകയും പോലെ.

'വണ്ടി ഇന്ന് ടൈമിന് വന്നതാ എന്തുചെയ്യാനാ. ശവം തൂന്നിക്കൂട്ടി വണ്ടി കേററുമ്പോഴേക്കും അരമണിക്കൂറെങ്കിലും എടുക്കും'. ഒരാളുടെ അക്ഷമ.

അരമണിക്കൂർ — ഒരു ജീവൻ ?

'ജീർണ്ണ വസ്ത്രങ്ങൾ വിട്ട ദേഹികൾ'...........
'അതെ മുണ്ടാനന്ദാ നമുക്കു കിട്ടുന്ന 'വേഷമെല്ലാം' മുഷിഞ്ഞതും മാറാല പിടിച്ചതും തന്നെയാണ്''.

മകനെ ദൂരയാത്രയല്ലെ. ഈ ശിവലിംഗരൂപം കൈയിൽ വെച്ചോളൂ വെള്ളിയിലുള്ളതാണ്. സംഹാരമൂർത്തിയല്ലെ ? ജയ് ശങ്കർ.

'ആറ് രൂപ്യ്ക്ക് ബേച്ച് ചെയ്യുന്നതാണ്. നിനക്കു ഞാൻ പാഞ്ചിന് തരാം ജയ്സോമനാഥ്.'' ശിഷ്യൻ — ദയാനന്ദൻ.

''വേണ്ട സുഹൃത്തെ, ശിവനെ വില കുറച്ചു വിൽക്കണ്ട. എട്ടു രൂപയ്ക്ക് തന്നെ വിറേറാളൂ''.

ഈ പ്ലാററ്ഫോമിലെ യാത്രക്കാരോട് — ഗതാഗത തടസ്സം നീങ്ങി വണ്ടി ഇതാ പുറപ്പെടുകയായി, വിട തരൂ!

'ബേട്ടാ ചാർ രൂപയ് ദേ കർ ലോ ദോ, ശങ്കർ തുമാരാ ഭലായി കരേം.

ഞാൻ ചിരിച്ചു ഉറക്കെ. കൈലാസനാഥനെ ഇക്കണക്കിന് ഇയാൾ ഒരു സേർ ചോളത്തിനു വിൽക്കുമല്ലോ?

ട്രെയിൻ ഇളകിത്തുടങ്ങി!

പീടികക്കോലായിൽ വീണ്ടും പച്ചസാരി. രംഗത്തുനിന്നാടിയശേഷം വീണ്ടും അണിയറയിൽ പോയി ചായം തേച്ച് വന്നിരിക്കുന്നു. ചൊല്ലി ആടാൻ. വീണ്ടും ദയനീയ സ്വരം

'ബാബുജി ദോ പൈസാ...........

ട്രെയിൻ മുന്നോട്ടു നീങ്ങുകയാണ് പക്ഷെ — ഞാനോ? ഈ സെക്കൻറ്ക്ലാസ് കംപാർട്ട്മെൻറിലെ യാത്രക്കാരനായ — ഞാനോ?



# ചില ഓന്തുകളെക്കുറിച്ച്

— സുദർശൻ വി. പി.

നാം വസിക്കുന്ന ഈ പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളേയും ഒരു ബാധപോലെ പിടികൂടിയിരിക്കുന്ന നിരുത്തരവാദിത്വം അലസത ശത്രുഭയം തുടങ്ങിയ ദുർഗ്ഗുണങ്ങളേക്കുറിച്ചും ഇവരെ വല്ലാതെ വലക്കുന്ന ദൈനംദിന സമസ്യകളെക്കുറിച്ചും ചിന്തിച്ച്, മനസ്സുനിറയെ വിങ്ങുന്ന വേദനയുമായി, തല നിറയെ വ്യഥയുടെ കടന്നൽക്കൂട്ടുകളുമായി ഞാൻ (ഒരു പാവം മനുഷ്യസ്നേഹി) നടന്നു വരികയായിരുന്നു. നമ്മുടെ യുവാക്കൾ ഒരു സായുധ സമരത്തിന്റെ പ്രസക്തി മനസ്സിലാക്കാത്തതിലും, ''ഒരു നോക്കു്, ഒരു വാക്കു്, ഒരു താങ്ങ്'' തുടങ്ങിയ മൗലിക തത്വങ്ങളിൽ വിശ്വാസമർപ്പിക്കാത്തതിലും എനിക്കു് കനത്ത അമർഷമുണ്ടായിരുന്നു.

നമ്മുടെ ജനങ്ങളുടെ മുന്നോട്ടുള്ള ഗതി ഈ രീതിയിലാണെങ്കിൽ പിന്നെ എങ്ങനെയാണ് ഭാരതോർവ്വി പുരോഗതി പ്രാപിക്കുക! വരും തലമുറയിലെ കുഞ്ഞുങ്ങൾ എങ്ങനെയാണ് വളർന്നു പടർന്നു പന്തലിച്ച് വികസിക്കുക! ഒരു ദേശസ്നേഹിയുടെ അന്തരംഗത്തിൽ സ്വാഭാവികമായും ഉയർന്നു വരേണ്ട ഈ ചോദ്യങ്ങൾ എന്റെ മനസ്സിനെ പലപ്പോഴും ഇളക്കിമറിച്ചിരുന്നു. എന്നാൽ എളുപ്പം പിന്തിരിയുന്ന മനസ്സായിരുന്നില്ല എന്റേതു്. വളരെ നീണ്ട ആലോചനകൾക്കു മാത്രമേ ഇത്തരം പ്രശ്നങ്ങൾക്കൊരുത്തരം തരാൻ കഴിയുകയുള്ളുവെന്നു് എനിക്കറിയാമായിരുന്നു. അതുകൊണ്ടാക്കെത്തന്നെയാണ് ഗ്രാമത്തിലെ ചരൽപ്പാതയിലൂടെ വിജനമായ സന്ധ്യകളിൽ ഞാൻ നിത്യവും നടന്നു ചിന്തിക്കുന്നതു്. എന്റെ ഹൃദയവേദന ആരറിയാൻ!

ഇന്ന് നേരം അല്പം വൈകിയിട്ടുണ്ട്. പാതക്കിരുവശവുമുള്ള പാടങ്ങളിൽ തവളകളും ചീവീടുകളും കരയാൻ തുടങ്ങിയിരിക്കുന്നു. നേരിയതോതിൽ തണുത്ത കാററു വീശുന്നുണ്ട്. നോക്കൂ! ഈ പാതയിൽ ഒരു കൊച്ചു കുട്ടിപോലും ഇല്ല. എല്ലാവരും സ്വന്തം മാളങ്ങളിൽ കയറിപ്പററിയിരിക്കുന്നു. അലസത എന്റെ ഗ്രാമത്തെ വരിഞ്ഞുമുറുക്കിയിട്ടുണ്ട്. എന്റെ നിസ്സഹായത വ്യക്തമാക്കാൻ ഒന്നുറക്കെ കൂകണമെന്നു തോന്നി.

പക്ഷേ കൂകാൻ നേരം ലഭിച്ചില്ല. അടുത്തുള്ള കലുങ്കിന്നടിയിൽനിന്ന് ഉയർന്നുകേട്ട ഒരു ദീനരോദനം എന്റെ ശ്രദ്ധയെ പിടിച്ചുവലിച്ചു. ഈശ്വരാ! ഏതു മനുഷ്യസ്യത്തിനാണാവോ അപകടം പിണഞ്ഞിരിക്കുന്നത്! സംഭവമറിയാനുള്ള ഉൽക്കണ്ഠ എന്റെ കണ്ണും മൂക്കും ചെവിയും തുറന്നുപിടിച്ചു. ''അമ്മേ, ജഗദീശ്വരീ, മഹാമായേ! രക്ഷിക്കണേ!'' എന്നു മാത്രമേ എനിക്കു കേൾക്കാൻ കഴിഞ്ഞുള്ളു. ഞാൻ ധൃതിയിൽ നടന്നുചെന്ന് താഴേക്കെത്തിനോക്കി. ഛേ! എനിക്കെന്റെ കണ്ണുകൾ കുത്തിപ്പൊട്ടിക്കണമെന്നു തോന്നി. ദൈവമേ! ഈ ഹീനമായ കാഴ്ച കാണാനാണോ എന്നെ നീ ഇവിടെ എത്തിച്ചത്? ഇതാ ഒരു സാധു ഭാരത കുലസ്ത്രീയെ മൂന്നു കശ്മലന്മാർ ചേർന്ന് ബലാത്സംഗം ചെയ്യാൻ ഒരുമ്പെടുന്നു. ഞാൻ ഒരു നിമിഷം മനംനൊന്തു പ്രാർത്ഥിച്ചു. ആ സ്ത്രീയെ തുണക്കണമേയെന്ന്. കഷ്ടംതന്നെ. ഈ ദീനരോദനം കേട്ടോടിയെത്താൻ അടുത്തെങ്ങും ഒരു ചെവിയും ഉണർന്നിരിപ്പില്ലേ?

എന്നാൽ ചിന്തിച്ചുനിൽക്കാൻ സമയമില്ലല്ലോ! അപ്പുറത്ത് അക്ഷമരായ മൂന്നുപേർ സ്ത്രീയുടെ ശരീരഘടന പഠിക്കുകയാണ്. പോരെങ്കിൽ ഒരു സേവനം ചെയ്യാൻ എനിക്കു കിട്ടിയ സന്ദർഭവുമാണിത്. പാഴാക്കാൻ പാടില്ല. ഞാൻ ധ്യാനനിരതനായി കൈകൾ ആകാശത്തേക്കുയർത്തി. ഈ പരീക്ഷണഘട്ടത്തെ നേരിടാൻ പര്യാപ്തമായ ശക്തി നൽകാൻ ഹൃദയം തുറന്നപേക്ഷിച്ചു. [ഇത്തരം അപകടസന്ധികളിൽ സ്വിഷ് സ്റ്റെയിൻലസ്സ് സ്റ്റീൽ ബ്ലേഡുകൊണ്ട് താടി വടിച്ച് ഊർജ്ജസ്വലനാകുകയോ, വിഖ്യാതനായ ഇരുമ്പുകൈ മായാവിയേപ്പോലെ അന്തരീക്ഷത്തിൽനിന്നോ വൈദ്യുത കമ്പികളിൽനിന്നോ ഊർജ്ജം വലിച്ചെടുത്ത് കരുത്താർജ്ജിക്കുകയാണ് ഞാൻ ചെയ്യാറുള്ളത്. പക്ഷേ കേവലമൊരു സായാഹ്നസവാരിക്കിറങ്ങിയ ഞാൻ സ്വിഷ് ബ്ലേഡ് കൈവശം കരുതുന്നത് ഉചിതമല്ലല്ലോ! അതുകൊണ്ട് എനിക്കിപ്പോൾ അന്തരീക്ഷത്തെ ആശ്രയിക്കേണ്ടിവന്നു.] അല്പം കഴിഞ്ഞപ്പോൾ എന്റെ കൈകൾ ഇരുമ്പുലക്കപോലെ ബലപ്പെട്ടു വരുന്നത് ഞാൻ സന്തോഷത്തോടെ അറിഞ്ഞു.

പിന്നെ ഒരു മിനുട്ടുപോലും ശങ്കിച്ചുനില്ക്കാതെ മെയ്‌വഴക്കമുള്ള ഒരഭ്യാസിയെപ്പോലെ ആകാശത്തേക്കു കുതിച്ചുയർന്ന് ഞാൻ ആ കശ്മലന്മാരുടെ ഇടയിൽ ചെന്നുവീണു. പെട്ടെന്നുള്ള ആഘാതംകൊണ്ടായിരിക്കണം, അവർ ഒരു ക്ഷണം പകച്ചുനിന്നു. ശേഷം ഒരു കൊമ്പനാനയെ എതിർക്കാനെന്നവണ്ണം മസിലുകൾ വീർപ്പിച്ച്, ഭീകരമായ കാൽചുവടുകളോടെ അവർ എന്നെ സമീപിച്ചു. സഹിക്കാൻ വയ്യാത്ത ആക്രമണത്വര കാരണം ഞാൻ വികൃതശബ്ദങ്ങൾ പുറപ്പെടുവിക്കുകയും, കാൽക്കീഴിലെ മണ്ണ് ചവിട്ടിത്തെറിപ്പിക്കുകയും ചെയ്തു. പൊടുന്നനെ അവർ മൂന്നുപേരും എന്നെ വളഞ്ഞ് വിജയികളെപ്പോലെ അട്ടഹസിക്കാൻ തുടങ്ങി.

പിന്നെ, എന്റെ സംഘട്ടനസംവിധാനമായിരുന്നു. പലതരം ഇടികൾ! കരാട്ടെ, ജൂഡോ, കളരി തുടങ്ങിയ എല്ലാ യുദ്ധമുറകളും ഞാൻ സധൈര്യം പരീക്ഷിച്ചുനോക്കി. [സ്റ്റണ്ട് രാജാക്കന്മാരായ ത്യാഗരാജൻ, പാപ്പി തുടങ്ങിയവരെ നന്ദിപൂർവ്വം സ്മരിക്കട്ടെ.] ഇതിനിടെ കലുങ്കിന്നരികിലേക്കു മാറിനിന്ന യുവതി കീറിപ്പോയ ബ്ലൗസ് ശരിയാക്കുകയും [ക്യാമറ ഇവിടെത്തന്നെ ഫോക്കസ്സ് ചെയ്യിക്കുക.] ഇടിപ്രക്രിയയിൽ തന്നെക്കൊണ്ടാകുന്ന ചില്ലറ സഹായങ്ങൾ ചെയ്തുതരികയും ചെയ്തു. ഞാൻ വലതുകാൽകൊണ്ട് എതിരാളികളുടെ അടിവയർ, നെഞ്ച് മുതലായ ഭാഗങ്ങളിൽ ക്രൂരമായി മർദ്ദനങ്ങൾ ഏല്പിച്ചുകൊണ്ടിരുന്നു. അതിനാലവർ ക്രമേണ തളരാൻ തുടങ്ങി.

ഒടുവിൽ അവസാനകൈ എന്ന നിലയിൽ ഒരു തടിയൻ തിളങ്ങുന്ന പേനാക്കത്തി നിവർത്തി, വക്രിച്ച ചുണ്ടുകളാൽ ഗോഷ്ടികൾ കാട്ടി എന്നെ കുത്തി മലർത്താൻ തയ്യാറെടുത്തു. വളരെ ലാഘവത്തോടെ ഞാൻ ആ കത്തി തട്ടിത്തെറിപ്പിച്ച് അവനെ പൊക്കിയെടുത്ത് സമീപമുള്ള കുളത്തിലേക്കിട്ടു. അതോടെ മററു രണ്ടുപേർ വയൽ വരമ്പിലൂടെ ഓടി രക്ഷപ്പെട്ടു. [ഈ ഓട്ടം കാണികളെ ചിരിപ്പിക്കുകതന്നെ വേണം].

ഞാൻ ആശ്വാസത്തോടെ കിതപ്പകററുകയും, നെററിയിലെ വിയർപ്പു തുടച്ച് അലങ്കോലപ്പെടാത്ത മുടി നേരെയാക്കുകയും ചെയ്തു. എന്റെ കർത്തവ്യം ഞാൻ ഭംഗിയായി നിർവ്വഹിച്ചു കഴിഞ്ഞു. ഇനി ഇവിടെ നിൽക്കരുത്. രക്ഷപ്പെടുത്തിയ യുവതിയെ ഒരിക്കൽ പോലും നോക്കാതെ ഞാൻ നടന്നു നീങ്ങി.

''ഒന്നു നിന്നാൽ ഉപകാരമായിരുന്നു.'' പിറകിൽ യുവതിയുടെ കിലുങ്ങുന്ന ശബ്ദം.

നില്ക്കരുത്. നിന്നാൽ ഒരു പ്രേമം മുളപൊട്ടുന്നതിനുള്ള സകലവിധ സാദ്ധ്യതകളുമുണ്ട്. എന്നാലും എന്തുകൊണ്ടോ മുന്നോട്ടുനീങ്ങാൻ എനിക്കു കഴിഞ്ഞില്ല.

''വളരെ നന്ദിയുണ്ട്.. നിങ്ങൾ ഇപ്പോൾ വന്നില്ലായിരുന്നുവെങ്കിൽ....!'' യുവതിയുടെ കണ്ണുകളിൽ കൃതജ്ഞതയുടെ തിളക്കം.

''ഛെ! ഇങ്ങനെ പറയരുത്. ഇത് ഒരു ഭാരത പൗരന്റെ കടമ മാത്രം. ങാ! അതുപോട്ടെ. ഭവതി എവിടെനിന്ന് മടങ്ങുകയായിരുന്നു?''

ചെറുപ്പക്കാരി ഈ ചോദ്യം തീരെ പ്രതീക്ഷിച്ചില്ലെന്നു തോന്നുന്നു. അവൾ കുറച്ചു നേരം പരുങ്ങിനിന്നു. പിന്നെ പതുക്കെ പറഞ്ഞു, ''ഡാഡി അത്യാവശ്യമായി എന്നെ പട്ടണത്തിലേക്കു പറഞ്ഞയച്ചതായിരുന്നു. കുറച്ചു വിദേശ മദ്യം വാങ്ങാൻ. ഉറങ്ങുന്നതിനുമുമ്പ് അല്പം ഴിച്ചില്ലെങ്കിൽ ഡാഡിക്കു വിറവരും. മടങ്ങാൻ.... മടങ്ങാൻ....! വൈകിപ്പോയി.''

''നിങ്ങളുടെ മുഖം കാപട്യം വിളിച്ചോതുന്നുണ്ട്. രക്ഷകനോട് സത്യമേ പറയാവൂ!'' ഞാൻ വാചാലനായി.

''ശരിയാണ്. ഞാൻ നിങ്ങളോട് സത്യം പറയാം.

പക്ഷെ ഇതു രഹസ്യമായിരിക്കണം.'' യുവതി പരിഭ്രമം കലർന്ന സ്വരത്തിൽ തുടർന്നു.

''എനിക്കൊരു കാമുകനുണ്ട്. ഞങ്ങൾ എന്നും കിഴക്കു ഭാഗത്തെ മാവിൻ ചുവട്ടിൽ കണ്ടുമുട്ടാറുണ്ട്. സ്വാഭാവികമായും സംഭവിക്കേണ്ടതു് സംഭവിക്കാറുണ്ട്. പക്ഷെ ഞാനൊരു കന്യകയാണെന്നറിയാമല്ലോ! പുഷ്ടം ഫലമാകുന്ന കാര്യം ഞങ്ങൾ ഓർക്കുമില്ല. ചേട്ടനാണെങ്കിൽ പകൽ തിരക്കുമാണ്. അതു കൊണ്ട് ഞാൻ തന്നെ പട്ടണത്തിലേക്കു തിരിച്ചു. [കൃഷ്ണമാചാരിയുടെ ഡ്യൂറക്സ് ഗോസ്സാമർ ലൂബ്രിക്കേറ്റീവ് പ്രൊട്ടക്റ്റർ നമ്മുടെ ചെറുപ്പക്കാർക്കു് ചെയ്യുന്ന സേവനങ്ങൾ എത്രയെത്ര?] മടങ്ങുമ്പോഴാണ്....!'' യുവതി വിതുമ്പാൻ തുടങ്ങി.

''നിങ്ങൾ കരയരുത്. നിങ്ങളുടെ കന്യകാത്വം വളരെ വിലപ്പെട്ടതുതന്നെ. അതു സൂക്ഷിക്കാൻ ചെയ്യേണ്ടതെന്തോ അതു നിങ്ങൾ ചെയ്യൂ. അത്രമാത്രം.''

## കഥാന്ത്യം ഒന്ന്: (തറടിക്കറ്റുകാർക്കു വേണ്ടി)

സംസാരിക്കാൻ വാക്കുകൾ കിട്ടാതെ കുറച്ചുനേരം ഞങ്ങൾ മടിച്ചുനിന്നു. നിമിഷങ്ങൾ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു. പരിക്ഷീണയായ യുവതിയെ തടവിത്തലോടി ആശ്വസിപ്പിക്കണമെന്നുവരെ എനിക്കു തോന്നി. പൊടുന്നനെ ഏതോ ഉൾപ്രേരണയാൽ ഞാൻ നിറംമാറുന്ന ഓന്തുകളെക്കുറിച്ചോർക്കാൻ തുടങ്ങി. ആദർശശാലികളേ നിറം മാറാറുള്ളൂ. നിറം മാറുന്നവർക്കേ നിലനില്പുള്ളൂ.

''പിന്നെ ഭേതീ! ഞാൻ നിങ്ങളെ രക്ഷപ്പെടുത്തിയതെന്തിനാണെന്നോ! ഒന്നുകിൽ എനിക്കു നിങ്ങളെ വിശദമായി പ്രാപിക്കണം. അതിനു സമ്മതമല്ലെങ്കിൽ ഇനിയുമൊരു ബലാത്സംഘത്തിനു തയ്യാറെടുത്തുകൊള്ളൂ!'' നനഞ്ഞുകുതിർന്ന ഷർട്ടിന്റെ കുടുക്കുകൾ വലിച്ചുപൊട്ടിച്ചുകൊണ്ട് ഞാൻ ആക്രോശിച്ചു. അപ്പോൾ കലുങ്കിനു മുകളിൽ ഓന്തിന്റെ മുഖച്ഛായയുള്ള ഗ്രാമത്തിലെ ചെറുപ്പക്കാർ തയ്യാറെടുത്തു കഴിഞ്ഞിരുന്നു എന്ന സംഗതി ഞാൻ അറിഞ്ഞതേയില്ല.

## കഥാന്ത്യം രണ്ട്: (പിൻനിരക്കാർക്കുവേണ്ടി)

എന്റെ വാക്കുകൾ അവളുടെ വിഷാദം നിഴൽ വീഴ്ത്തിയ മനസ്സിൽ ശീതളിമ പകരുന്നുണ്ടെന്ന് വ്യക്തമായിരുന്നു. ക്രമേണ അവളുടെ മുഖത്തെ മഴക്കാറുകൾ മാഞ്ഞുകൊണ്ടിരുന്നു. ചുണ്ടിൽ മന്ദഹാസത്തിന്റെ നറുങ്ങുകൾ.

''വരൂ! ഞാൻ ബസ്സ്റ്റോപ്പിലേക്കുണ്ട്. എല്ലാം മറന്ന് സന്തോഷത്തോടെ തിരിച്ചു പോകൂ! ഒരു പിതാവിന്റെ സ്നേഹനിർഭരമായ വാത്സല്യത്തോടെ ഞാൻ പറഞ്ഞു.

ഞാൻ തീർത്ത സുരക്ഷിതത്വത്തിന്റെ തണലിൽ എന്റെ ഓരം ചേർന്ന് അവൾ നടക്കാൻ തുടങ്ങി. ഞങ്ങളുടെ മുമ്പിൽ നിലാവിന്റെ വെള്ളിത്തകിടുകൾ വഴികാട്ടികളായി.

ഇപ്പോൾ ഇവൾ കൂടുതൽ ധൈര്യവതിയാണ്. സ്ത്രീപുരുഷബന്ധത്തെക്കുറിച്ചും, ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ചും അവൾ വാചാലമായി സംസാരിക്കുന്നുണ്ടായിരുന്നു. ഇടക്കിടെ അവളുടെ മൃദുലമായ കൈത്തണ്ട എന്റെ പിറകിൽ ഉരസിയിരുന്നു. ഒരു വികൃതിച്ചെറുക്കനെ സ്കൂളിലെത്തിക്കുന്ന കാരണവരുടെ അതേ മാനസികാവസ്ഥ തന്നെയായിരുന്നു എനിക്കപ്പോൾ.

ബസ്സ്റ്റോപ്പിലെ പടുകൂററൻ അരയാലിന്റെ ചുവട്ടിൽ എത്തിച്ചേർന്നതും, അവളുടെ തണുത്ത വലതുകൈ എന്റെ അരക്കെട്ടിനെ ചുററിവരിഞ്ഞതും ഒരുമിച്ചായിരുന്നു. അപ്രതീക്ഷിതമായി ഞെട്ടിത്തെറിച്ച ഞാൻ അവളുടെ മുഖത്തേക്കു നോക്കി. പ്രേമസൂചകമായ ഒരു ക്ഷണം നിറഞ്ഞു തുളുമ്പുന്ന ആഴമേറിയ കണ്ണുകൾ. മൂക്കിനുതാഴെ വിശ്രമിക്കുന്ന വിയർപ്പുതുള്ളികൾ.

''വരൂ! രക്ഷകന്മാർക്ക് രാത്രികൾ ഒരുക്കിയ ചരിത്രം നമുക്കു പുത്തരിയല്ലല്ലോ! നമുക്ക്.... നമുക്കീമിഥ്യാഭിമാനത്തിന്റെ വരമ്പുകൾ തകർക്കാം. ഇന്നത്തെ രാത്രി എന്റെ രക്ഷകനുള്ളതാണ്.'' അവളുടെ ഉറച്ച മറുപടിയിൽ സ്നേഹം തുവർ കടഞ്ഞു.

ഉള്ളിൽ തികട്ടിവന്ന കോപം സഹിക്കാൻ കഴിയാതെ, അവളുടെ കൈകൾ ബലമായി പറിച്ചെടുത്തുകൊണ്ടു ഞാൻ പറഞ്ഞു, ''പോകൂ! നിങ്ങളുടെ കാമുകൻ കാത്തിരുന്നു മുഷിയുന്നുണ്ടാകും.'' അവളുടെ ജ്വലിച്ച മുഖപേശികളിൽ എന്റെ മറുപടി പുച്ഛത്തിന്റെ ചുളിവുകളാണ് വീഴ്ത്തിയത്. അവളുടെ നോട്ടം നിറയെ ഒരു വൃത്തികെട്ട ജീവിയെ കാണുന്ന അറപ്പായിരുന്നു. കുറച്ചുകഴിഞ്ഞ് കൃഷ്ണമാചാരിയുടെ ഉല്പന്നം എന്റെ നേരേ വലിച്ചെറിഞ്ഞുകൊണ്ടവൾ പറഞ്ഞു, 'ഇതാ, ഈ പകൽ മാന്യതയുടെ സൂക്ഷിപ്പുകാരൻ നിങ്ങൾക്കിരിക്കട്ടെ. മറെറാരു സാഹസികയജ്ഞത്തിനായി എന്റെ ആശംസകൾ.'

പുക തുപ്പി പാഞ്ഞെത്തിയ ബസ്സിൽ അവൾ ചാടിക്കയറി.

എനിക്കു വല്ലാത്ത ആത്മനിന്ദ തോന്നി. ഇതാദ്യമായി ഒരു സ്ത്രീ എന്റെ പുരുഷത്വത്തെ ചോദ്യം ചെയ്തിരിക്കുന്നു. എന്റെ മാന്യതയുടെ തൊപ്പികൾ പറിച്ചെറിഞ്ഞിരിക്കുന്നു.

കണ്ണെത്താവുന്ന ദൂരം പിന്നിട്ട് ബസ്സ് മറിഞ്ഞിട്ടും എന്റെയുള്ളിൽ അവജ്ഞയും, പകയുമായിരുന്നു. നിമിഷം തോറും അമർഷം വളർന്നുകൊണ്ടേയിരുന്നു. പക പത്തിവിടർത്തി നൃത്തമാടിക്കഴിഞ്ഞിരുന്നു. ഒടുവിൽ, ആരോടോ പ്രതികാരം തീർക്കാനെന്നവണ്ണം, ആർക്കുവേണ്ടിയും, എപ്പോഴും വാതിൽ തുറന്നിട്ടിരിക്കുന്ന ജാനുവിന്റെ കുടിലിനെ ലക്ഷ്യമാക്കി ഞാൻ നടന്നു. ഒട്ടും നാണമില്ലാതെ.



# അവന്റെ ഗ്രാമം

– ഡേവിഡ് ജെ. തോട്ടാപ്പിള്ളി.

ആ ഗ്രാമം ഉണർന്നു. അമ്പലത്തിലെ കതിനവെടികളുടെ ശബ്ദം കേട്ട് ആ ഗ്രാമത്തിലെ പൂവൻകോഴികൾ ഞെട്ടി ഉണർന്നു. മുണ്ടകപാടത്തിലെ നെൽച്ചെടികൾ ആ വെടിമുഴക്കം കേട്ട് വിറപൂണ്ടു. പാറക്കെട്ടുകൾ വീണ്ടും ഒരു പിളർപ്പിനുവേണ്ടി ഒരുങ്ങിനിന്നു. ആചാരവെടികൾ അന്തരീക്ഷത്തിൽ പുകപടലങ്ങൾ പരത്തി ഒരു സമുദായിക ആവിഷ്കരണം നടത്തി. അതിൽ എത്രയോ കപട മനസ്സുകൾ അറിയാതെ ആചരിച്ചുപോയി. ആ കതിനവെടികളുടെ ശബ്ദം ആ ഗ്രാമത്തിൽ വീണ്ടും അതിർവരമ്പുകൾ സൃഷ്ടിച്ചിരിക്കുന്നു.

അവിടെ വീണ്ടും ഉത്സവം നടന്നു. നെററിപട്ടങ്ങൾ കെട്ടിയ ആനകളും മനുഷ്യപേക്കോലങ്ങളും ആ ഉത്സവം നടത്തി. ആ ഉത്സവത്തിൽ സമുദായ പ്രമാണിമാരും ആരാച്ചാരന്മാരും പങ്കെടുത്തു. അവിടെ വിശക്കുന്നവനെ കണ്ടില്ല. അവിടെ ഉന്മത്തലഹരിയിൽ തുള്ളുന്ന യുവത്വത്തെ കണ്ടെടുത്തു. മണ്ണെണ്ണവിളക്കിന്റെ മുന്നിൽ മുറുക്ക കച്ചവടം നടത്തുന്ന ഉറക്കമൊഴിച്ച നഗ്നനേത്രങ്ങൾ കണ്ടു. സ്റ്റേഷനറി കടകളിലും, തുണികടകളിലും വിലപേശാൻ അറിയാത്ത സമൂഹത്തെ അമ്പലപറമ്പിലെ കച്ചവടം വിലപേശൽ പഠിപ്പിച്ചു.

ഈ തിരക്കിനിടയിൽ ഞാൻ ആ വിളറിയ മുഖം കണ്ടു. രണ്ടുകൊല്ലംമുമ്പു ഈ ഉത്സവപറമ്പിൽവച്ചു കണ്ട മുഖം തന്നെയാണോ അത്എന്നു ഞാൻ ഒരു നിമിഷം ഓർത്തു നിന്നുപോയി. അതേ! അവൻ തന്നെ. ഈ ഗ്രാമത്തെ ഒററക്കെട്ടാക്കിയവൻ തന്നെ! അന്ന്, ആദ്യമായി ആ സമുദായ പ്രമാണിയെ ഞങ്ങൾക്കു വിട്ടുതരിക എന്നു ഉച്ചത്തോടെ വിളിച്ചു കൂകിയവൻ. അന്നു അവന്റെ പിന്നിൽ ഈ ഗ്രാമം മുഴുവനും ഉണ്ടായിരുന്നു. ഒരുദിവസം അവൻ നീചമായ രക്തം മുണ്ടകപാടത്തിലെ കൈതോടുകളിലൂടെ ഒഴുക്കിവിട്ടപ്പോൾ ആ ഗ്രാമം അവനു അഭയം നൽകിയില്ല. അവനു മലചെരുവുകൾ ഗംഭീരമായ സ്വീകരണം നല്കി. തന്റെ ഗ്രാമത്തിന്റെ മുഖഛായ അവൻ അവിടെയും കണ്ടെടുത്തു.

പെട്ടന്നാണു ഞാൻ അവന്റെ കൈയിലെ ഇരുമ്പുചങ്ങല കണ്ടത്. നിയമം അതിന്റെ കോഡുകൾ നിർവ്വഹിച്ചു എന്നു എനിക്കു മനസ്സിലായത്. അവൻ അവിടെ തടയപ്പെട്ടിരുന്നു. ഇതൊന്നും കാണാത്ത ഒരു യുവാവു വിളിച്ചു കൂകി. കൊലയാളി! കൊലയാളി വന്നിട്ടുണ്ട്. ആരാച്ചാരന്മാരും സമുദായ പ്രമാണികളും ജീവരക്ഷ നേടി. ജനം വിളിച്ചുകൂകി. കൊലയാളിവന്നു. ഓടിക്കോ....കൊലയാളി രാമൻ വന്നു. കൊലയാളി! കൊലയാളി!! കൊലയാളി!!! ഓടുന്ന കൂട്ടത്തിൽ ഒരുവൻ വിളിച്ചുപറഞ്ഞു അവൻ വിലങ്ങുവെയ്ക്കപ്പെട്ടിട്ടുണ്ട്.

# നമ്മുടെ സിനിമകൾക്കെന്തുപററി?

– ജെയിംസ് പി. പി.

മാനവജീവിതത്തെ ഹൃദയസ്പർശിയായി അനാവരണം ചെയ്യാൻ കഴിവുള്ള സുശക്തമാധ്യമമായ സിനിമ, അതിന്റെ അതിസങ്കീർണ്ണമായ സർഗാത്മക പ്രക്രിയക്കിടയിൽ കവിത, നൃത്തം, ശില്പകല എന്നിങ്ങനെ ചെറുതും വലുതുമായ നിരവധി കലാരൂപങ്ങളെ ഉൾക്കൊള്ളുന്നു. മനുഷ്യമനസ്സിന്റെ സൂക്ഷ്മവും, അമൂർത്തവുമായ ഭാവനയും, ശാസ്ത്രത്തിന്റെ തണുത്തുറച്ച തർക്കശാസ്ത്രവും ഈ മാദ്ധ്യമത്തിൽവച്ച് സമ്മേളിക്കുന്നു.

ഇങ്ങനെ വളരെ പ്രാധാന്യമർഹിക്കുന്ന സിനിമയെന്ന കലാരൂപത്തിന്റെ പരിശുദ്ധി കളങ്കപ്പെടുത്തി അതിനെ അശ്ലീല മാർഗ്ഗത്തിലേക്കും അതിലൂടെ സഹൃദയരെ ദുഷ്പ്രവൃത്തികളിലേക്കും നയിക്കുന്ന സംവിധായകരുടെ എണ്ണം ഈയാംപാററ കണക്കെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു; അതോടൊപ്പംതന്നെ മഴക്കു കിളിർത്ത കൂൺ കണക്കെ പ്രത്യക്ഷപ്പെടുകയും അന്തർധാനം ചെയ്യുകയും ചെയ്യുന്ന മലയാളചിത്രങ്ങളുടെ സംഖ്യയും! ഇവരെല്ലാം നമ്മുടെ ആർഷസംസ്കാരത്തോട്, വാത്മീകിയും കാളിദാസനുമൊക്കെ പാലൂട്ടി വളർത്തിയ ഭാരതീയ കലയോട് എന്തൊരനീതിയാണ് കാണിക്കുന്നത്?

കേരളത്തിൽ സിനിമാ നിർമ്മാണം ഇന്നൊരു കുടിൽ വ്യവസായമായി തരംതാണിരിക്കുന്നു. കൈയിൽ കുറെ പണവും ആൾക്കാരുമുണ്ടെങ്കിൽ ആർക്കും സിനിമയെടുക്കാം. പ്രമേയത്തിലോ, പ്രതിപാദനരീതിയിലോ യാതൊരുവിധ മേന്മകളും അവകാശപ്പെടാനില്ലാതെ അനുദിനം പുറത്തിറങ്ങുന്ന ഈ ചിത്രങ്ങൾ സമൂഹത്തിന്റെ സാംസ്കാരിക–ധാർമ്മിക മണ്ഡലത്തിൽ ഉളവാക്കിക്കൊണ്ടിരിക്കുന്ന തകർച്ചയെ നിസ്സാരമെന്നു കരുതി തള്ളികളയാൻ പററില്ല.

പ്രേക്ഷകരെ ആകർഷിക്കുവാൻ മാദ്ധ്യമത്തോട് അനീതി കാട്ടുവാനും ഒരു നേരത്തെ ആഹാരത്തിനുവേണ്ടി ബുദ്ധിമുട്ടുന്ന അനേകായിരങ്ങളുടെ വികാരങ്ങളെ ചൂഷണം ചെയ്യാനും മടികാണിക്കാത്ത ഇത്തരം സംവിധായകർ മനുഷ്യന്റെ സാംസ്കാരിക മാനസിക അധഃപതനത്തിനു വഴിയൊരുക്കുകയല്ലേ ചെയ്യുന്നത്? സ്വന്തം അഴിഞ്ഞാട്ടങ്ങൾക്ക് സമൂഹത്തിൽനിന്നും നഷ്ടപരിഹാരം നേടാൻ ശ്രമിക്കുന്ന ഈ വിഭാഗം തീർച്ചയായും കുററവിചാരണ അർഹിക്കുന്നു.

കലാപ്രകടനങ്ങൾ നേരംപോക്കിന്‌വേണ്ടി മാത്രമാണെന്നുള്ള ധാരണയുടെ അടിത്തറ ഇളകിക്കഴിഞ്ഞു. സമൂഹജീവിയായ മനുഷ്യന്റെ പെരുമാററങ്ങളും രീതികളും സമൂഹത്തിന്റെ തന്നെ നിലനില്പിനെ ബാധിക്കാമെന്നിരിക്കെ സമൂഹത്തിലെ മുഖ്യധാരകൾക്കനുസൃതമായി ജീവിക്കുവാനും ചിന്തിക്കുവാനും നൂതന മേഖലകൾ കണ്ടെത്തുവാനും പ്രേരിപ്പിക്കുവാൻ ഇവ ഉതകേണ്ടതാണ്. ആശയപ്രകാശനത്തിനുള്ള പുതിയ പുതിയ ശൈലികൾ സ്വരുക്കൂട്ടാൻ കഴിയുന്ന സിനിമയെന്ന മാദ്ധ്യമത്തിന്റെ വിശാലമായ ക്യാൻവാസിനെ അർഹിക്കുന്ന

ഗൗരവത്തോടും മഹത്വത്തോടും കൂടി മാത്രമെ സ്വീകരിക്കാവൂ. കാരണം ശരിയായി ഉപയോഗിച്ചാൽ ആററത്തിനോളം ഗുണകരവും അല്ലാത്തപക്ഷം അത്രമാത്രം വിനാശകരവുമാണ് സിനിമ.

അടിവസ്ത്രങ്ങളോടെ നായിക വെള്ളത്തിലിറങ്ങുമ്പോൾ താൻ വെള്ളത്തിൽനിന്നും രക്ഷപ്പെട്ടുവെന്നു കരുതുന്ന സംവിധായകരുള്ളടത്തോളം കാലം മലയാളസിനിമ പുരോഗതി നേടാൻ പോകുന്നില്ല. തീർച്ച!.

നിർമ്മിക്കപ്പെടുന്ന സിനിമകളുടെ എണ്ണം വെച്ചുനോക്കിയാൽ ഹോളിവുഡ് മാത്രമെ ഇന്ത്യയെ കവച്ചുവെയ്ക്കുകയുള്ളു. ഇന്ത്യയിലെ ചലച്ചിത്രങ്ങളുടെ എണ്ണത്തിൽ ഏറിയ പങ്കും മലയാള ചിത്രങ്ങളാണ്. പക്ഷെ നിലവാരത്തിന്റെ കാര്യത്തിൽ നാം എവിടെ നില്ക്കുന്നു? എന്തുകൊണ്ടാണ് നമ്മുടെ ചലച്ചിത്രങ്ങൾ വിദേശരാഷ്ട്രങ്ങളിൽ പ്രദർശിപ്പിക്കപ്പെടാത്തതു്? നമുക്കുതന്നെ നമ്മുടെ പടങ്ങളെക്കുറിച്ച് ലജ്ജതോന്നുന്നു എന്നതല്ലേ ഇതിനു കാരണം. ചലച്ചിത്രനിർമ്മാണം അത്രലാഘവത്തോടെ നിർവ്വഹിക്കേണ്ട ഒന്നാണോ? ഇത്രയും നാൾ വിദൂഷിവേഷം കെട്ടിയ നാം ഇനിയെങ്കിലും അതൊന്നു അഴിച്ചു മാററണ്ടെ?

ഈ പക്വതയില്ലായ്മക്കും നിലവാരക്കുറവിനും വിചിത്രമായ കാരണങ്ങളും സംവിധായകർ നിരത്തുന്നുണ്ട്. ജനമെന്ന വിചിത്രവർഗ്ഗ(ജനമെന്ന കഴുത)ത്തിനു് ഇത്തരം സാധനങ്ങളാണ് ആവശ്യം എന്നായിരിക്കും പ്രൊഡ്യൂസറുടേയും സംവിധായകരുടേയും ന്യായീകരണം. എന്നാൽ സിനിമയെ പററിയുള്ള അവ്യക്ത ധാരണകളും അമേരിക്കൻ ചലച്ചിത്രങ്ങളുടെ അമിത സ്വാധീനവുമാണ് ഇന്ത്യൻ സിനിമയെ പ്രത്യേകിച്ച് മലയാള ചലച്ചിത്രങ്ങളെ ഇന്നത്തെ ദുർഗതിയിലെത്തിച്ചതു്. അമേരിക്കൻ ചലച്ചിത്രങ്ങളെ അന്ധമായി അനുകരിക്കുന്ന ഒരു പ്രവണത മലയാളത്തിൽ ഉടലെടുത്തപ്പോൾ ഹോളിവുഡ് ഫോർമുലകൾക്ക് അനുസൃതമായ മട്ടിൽ കഥകൾ വളച്ചൊടിക്കപ്പെട്ടു. അങ്ങനെ നമ്മളിൽനിന്ന് വ്യത്യസ്തമായ ജീവിതവീക്ഷണവും രീതിയുമുള്ള അമേരിക്കൻ ചിത്രങ്ങളുടെ അനുകരണം നമ്മുടെ സിനിമയെ നാശത്തിന്റെ പടുകുഴിയിലേക്ക് തള്ളിവിട്ടു.

ഈ നാശത്തിന്റെ പടുകുഴിയിൽനിന്നും മലയാളസിനിമയെ കൈകൊടുത്തുയർത്താനും സിനിമയെന്ന സുശക്തമാദ്ധ്യമത്തിലൂടെ മാനവജീവിതത്തിനു പുതിയ രൂപവും ഭാവവും നല്കാനും കഴിവുള്ള ഊർജ്ജസ്വലരായ ചുരുക്കം സംവിധായകർ നമുക്കുണ്ട്. അടൂർ ഗോപാലകൃഷ്ണൻ, അരവിന്ദൻ, ബക്കർ, കെ. ജി. ജോർജ്, എം. ടി. വാസുദേവൻനായർ എന്നിവർ മലയാളചലച്ചിത്രരംഗത്തെ ശക്തിദുർഗ്ഗങ്ങളാണ്.

ഉത്സവപ്പറമ്പുകളിൽ കാഴ്ചകൾ കണ്ട് എല്ലാം മറക്കുകയും അതിൽ ലയിച്ച് സ്വയം അതിന്റെ അവിഭാജ്യഘടകമാവുകയും ചെയ്യു ഒരു ചെറുപ്പക്കാരനായ ഗ്രാമീണന്റെ ജീവിതത്തിലൂടെ ഗ്രാമീണ ജീവിതത്തിലെ സ്വപ്നങ്ങളും, മോഹങ്ങളും, മോഹഭംഗങ്ങളും മിഴിവോടെ ആലേഖനം ചെയ്യു അടൂർ ഗോപാലകൃഷ്ണന്റെ 'കൊടിയേററം' മലയാളസിനിമയുടെ ഉയിർത്തെഴുന്നേല്പിന്റെ കാഹളം മുഴക്കുന്നു.

രാമായണകഥയ്ക്ക് പുതിയ അർത്ഥവും വ്യാഖ്യാനവും നല്കികൊണ്ട് സീത പ്രകൃതിയായും രാമൻ പുരുഷനായും ചിത്രീകരിച്ച അരവിന്ദന്റെ 'കാഞ്ചനസീത' ഉന്നതനിലവാരം പുലർത്തുന്ന ചിത്രമാണ്.

ഇന്ത്യൻ ചലച്ചിത്രരംഗത്തു് മലയാള ചലച്ചിത്രത്തിനു് അംഗീകാരം നേടികൊടുക്കുകയും അതിനു് പുതിയ മാനങ്ങൾ കണ്ടെത്തുകയും ചെയ്യു അരവിന്ദൻ, സർക്കസ്സ് കമ്പനിയുടേയും അതിനോടൊപ്പം ഗ്രാമത്തിലെ വൈവിദ്ധ്യമാർന്ന ജീവിതങ്ങളേയും പ്രതിപാദിക്കുന്ന 'തമ്പ്' എന്ന ചലച്ചിത്രത്തിലൂടെ ഇന്ത്യൻ സംവിധായകരിൽ പ്രഥമസ്ഥാനം നേടിയതു് ശ്രദ്ധാർഹമാണ്.

അതുപോലെതന്നെ ബക്കറിന്റെ 'മണിമുഴക്കവും,' എം. ടി. വാസുദേവൻനായരുടെ 'ബന്ധനവും' കെ. ജി. ജോർജിന്റെ 'ഉൾക്കടലും' 'മണ്ണു'മൊക്കെ ചലച്ചിത്രരംഗത്തെ അമൂല്യരത്നങ്ങളാണ്.

നമുക്കിന്നാവശ്യം തികച്ചും ഭാരതീയമെന്നു വിളിക്കാവുന്ന ഒരു ശൈലിയും വാക്സമ്പ്രദായവുമാണ്; തികച്ചും ഭാരതീയമായ ഒരു സിനിമാശാസ്ത്രമാണ്. ആചാരവും, ഭാഷയും, വസ്ത്രധാരണരീതിയും, പെരുമാററവും എല്ലാം ഭാരതീയ ശൈലിയോട് ഇണങ്ങിയിരിക്കണം.

കഥയിലുടനീളം ഉപകഥകൾ കൂട്ടിച്ചേർത്തു് വലിച്ചുനീട്ടുന്ന സമ്പ്രദായം, തികച്ചും അപ്രസക്തമായ രംഗങ്ങളിൽ ഗാനങ്ങൾ തിരുകികൊള്ളിക്കുന്ന രീതി എന്നിവയെല്ലാം ഉപേക്ഷിച്ച് പദവും, അർത്ഥവും, ആശയവും, ഭാവവുമെല്ലാം അതുപയോഗിക്കുന്ന സന്ദർഭത്തോട് പരമാവധി പൊരുത്തപ്പെട്ട് ശൈലിയിലും ഉള്ളടക്കത്തിലും സാരമായ ലാളിത്യവും ലക്ഷ്യബോധവും കൈവരിക്കുന്നതിലൂടെ മാത്രമെ ഇന്ത്യൻ സിനിമക്ക് പ്രത്യേകിച്ച് മലയാളസിനിമക്ക് ആശാവഹമായ എന്തെങ്കിലും നേടാനാവൂ!



Foot Ball–Zone Champions.



Table Tennis-Qualified for Interzonal championship



Volley ball-Won Trichur dt. and Calicut uty. championships. Bishop Vayalil trophy, palai.



Wrestling-selected for the district.



Athletics-Calicut university and Trichur district champs.



Junior athlets-bagged uty. Junior crown and Trichur dt. championship.

OUT GOING POST-GRADUATE STUDENTS WITH PRINCI



M. Sc. CHEMISTRY



M. Sc. ZOOLOGY



M. S

# വാസൂട്ടി എന്ന സ്വപ്നം

– അനൂപ്കുമാർ ടി.

ചിരുതമ്മയുടെ മൂന്നാമത്തെ മോനാണ് വാസൂട്ടി. മൂത്തതു് കാറ്റു്. രണ്ടാമത്തേതും, വാസൂട്ടിക്കുശേഷം ചിരുതമ്മ പെററ നാലു മക്കളും ചാപ്പിള്ളകളായിരുന്നു.

പിന്നെയും പെറാൻ ചിരുതമ്മയ്ക്കു കഴിഞ്ഞില്ല. അതിനു മുമ്പ് കണാരൻ ചത്തുപോയി.

വാസൂട്ടിയുടെ ജനനം ഗ്രാമത്തിലെ സംഭവമായിരുന്നു. പേററുനോവു തുടങ്ങി നാലുനാഴിക കഴിഞ്ഞിട്ടും ചിരുതമ്മ പായിൽ കിടന്നതുണ്ട് – പേററിച്ചി ജാനുവിന്റെ കണ്ണുകളിൽ പരിഭ്രമം. പുഴകടന്ന് കണാരൻ കോഴിക്കോട്ടുനിന്ന് ഡോക്ടറെ കൊണ്ടുവന്നു – ഗ്രാമം വീട്ടുമുററത്തു് വട്ടംകൂടിനിന്നു – പെണ്ണുങ്ങൾ വടക്കേപുറത്തെ കോലായിൽ ചെവിടോർത്തു. അവരുടെ മനസ്സിൽനിറയെ അസൂയയായിരുന്നു. അവരുടെ തീയ്യന്മാരൊന്നും പേററെടുക്കാൻ കോഴിക്കോട്ടുനിന്ന് ഡോക്ടറെ കൊണ്ടു വന്നിട്ടില്ല.

ഡോക്ടറുടെ വെളുത്ത കൈകൾ മേലുതൊട്ടപ്പോൾ ചിരുതമ്മ വേദന മറന്നു – വാസൂട്ടിയുടെ കരച്ചിലിൽ കണാരൻ ആശ്വാസം കൊണ്ടു–ഗ്രാമം ആശ്വാസം കൊണ്ടു. ഗ്രാമത്തിന്റെ അതിരിലെ പുഴയും, കുന്നുകളും ആശ്വാസം കൊണ്ടു – വാസൂട്ടി ഗ്രാമത്തിന്റെ സ്വപ്നമാകുമെന്നറിയാതെ തന്നെ

കണാരൻ വിഷംതീണ്ടി മരിക്കുമ്പോൾ വാസൂട്ടിക്കു് അഞ്ചാണ് വയസ്സ്. ആ രാത്രി അവൻ ആമിനമ്മയുടെ മടിയിൽകിടന്ന് മൂത്രമൊഴിച്ചു.

– ഹാാംപെറന്നോൻ. വാല്യക്കാരനായിട്ടും ഓൻ ചെയ്യ പണി കണ്ടില്ലേ?

പിന്നെ വാസൂട്ടി ഉറങ്ങി. കണാരനെ തെക്കെപറമ്പിൽ കുഴിച്ചിട്ടതു് അവനറിഞ്ഞില്ല.

എല്ലാവരേയുംപോലെ വാസൂട്ടിയും വളർന്നു. ഗ്രാമം അവനെ ശ്രദ്ധിച്ചില്ല.

– ശങ്കരൻകുട്ടി, ഗോപാലൻ, വാസുദേവൻ, മമ്മതു് അങ്ങിനെ വേറെയും കുട്ടികൾ ഗ്രാമത്തിലുണ്ടായിരുന്നു.

കുമാരൻ മാസ്റ്ററുടെ ചൂരലിനെ സ്വപ്നംകണ്ട് വാസൂട്ടി എന്നും രാത്രിയിൽ ഞെട്ടി.

സ്കൂളിൽ പോകാതെ അവൻ കുന്നിൻമുകളിലിരുന്ന് അപ്പുറത്തെ കടലുകണ്ടു – പുഴയിൽ ചൂണ്ടയിട്ട് മീൻ പിടിച്ചു – ബീഡി വലിച്ചു – വാസൂട്ടി വളർന്നു........

തണുത്ത കോലായിലിരുന്ന് ചിരുതമ്മ തന്റെ മരിച്ചുപോയ തീയ്യനെ ഓർത്തു; മക്കളെ ഓർത്തു

–നാലും ൻെറ വാസൂട്ടി ഇങ്ങനെ ഒരുത്തനായി പോയല്ലോ

അവർ വിഷാദപ്പെട്ടു. തിണ്ണയിലെ കമ്പിറാന്തലിന്റെ വെട്ടത്തിനപ്പുറത്തെ ഇരുട്ടിലിരുന്ന് കാറ്റു് ഒന്നും മിണ്ടാതെ ശ്രദ്ധിച്ചു. അമ്മ എന്തിനാണ് സങ്കടപ്പെടുന്നതെന്നവൾക്ക് മനസ്സിലായില്ല അവൾ ഷാപ്പിലെ കൊച്ചുകണാരനെ ഓർക്കാൻ ശ്രമിച്ചു. കൊച്ചു കണാരൻ അക്കരെ ഉത്സവത്തിനു പോയിവന്നപ്പോൾ കറുത്ത വളകൾ കൈത്തണ്ടയിൽ കിടന്ന് കിലുങ്ങി.

– ഓനിപ്പം ആ കറമ്പീല് എന്തു കണ്ടിട്ടാണ് ?

ചിരുതമ്മ വാസൂട്ടിയെ കാത്തു് ഇരുട്ടിലേക്ക് നോക്കിയിരുന്നു. കമ്പിറാന്തലിനു ചുററും പ്രാണികൾ വട്ടംചുററി – കാറ്റു വെറും നിലത്തു് കിടന്നുറങ്ങി – വാസൂട്ടിയുടെ പായ കോലായിയുടെ മൂലയിൽ ചുരുണ്ടുകിടന്നു.

രണ്ടാം സിനിമ കഴിഞ്ഞു്, വയലുകടന്ന്, ഇടവഴി കടന്ന് വാസൂട്ടി എത്തി. കിണററും കരയിലേക്കു നടക്കുമ്പോൾ വാസൂട്ടി കാത്തിരിക്കുന്ന അമ്മയെ കണ്ടു.

– അനക്ക് ഇരുട്ടത്തെ കടീലേക്കുള്ള വഴികാണ്ടു?

മിണ്ടിയില്ല.

പുകയില ഞെട്ട് മുററത്തു് ആഞ്ഞ് തുപ്പി ചിരുതമ്മ എണീററുനിന്നു.

– അനക്കെന്തായിരുന്നു, ഇന്ന് പിടിപ്പേ* പണി?

ഒന്നൂല്യേനി

പിന്നെ?

– ആ അമ്മൂനോടെന്താ അനക്കിത്രയേറെ ലോഹ്യം പറയാൻ? ആ ചിന്നന്റെ കൊടലെടുക്കും മുമ്പ് പൊയ്ക്കോ – അതാ നല്ലതു് – എനിക്കുന്നെ കാണും വേണ്ട.

ഇരുട്ടിലൂടെ ഇടവഴികടന്ന്, വയലുകടന്ന്, പുഴകടന്ന് വാസൂട്ടി പോയി. ചിരുതമ്മ വാസൂട്ടിയെ ഓർത്തു കരഞ്ഞു – നെടുവീർപ്പിട്ടു.

എല്ലാ പെണ്ണുങ്ങളെയുംപോലെ അമ്മുവും പത്തുമാസം കഴിഞ്ഞപ്പോൾ പെററു.

അവളുടെ തീയ്യൻ ചിന്നൻ വാർത്തയറിഞ്ഞ് തിരൂരിൽനിന്ന് പാഞ്ഞെത്തി –

കുട്ടിയെ വാരിയെടുത്തുമ്മവച്ചു. അമ്മു അമർത്തി ചിരിച്ചു.

ചിരുതമ്മ കാറ്റുവിനെ കുഞ്ഞിക്കണ്ണന് കെട്ടിച്ച്കൊടുത്തു്, രണ്ടുമാസം കഴിഞ്ഞപ്പോഴാണ് വാസൂട്ടി മടങ്ങി വരുന്നതു്. മൂന്നു വലിയ തുകൽപെട്ടിയുമായി വാസൂട്ടി പുഴ കടന്നുവന്നു. ഗ്രാമം വാസൂട്ടിയെ അതിശയത്തോടെ നോക്കി. വാസൂട്ടി അത്തറു മണപ്പിച്ച് ഇടവഴിയിലൂടെ നടന്നു – പിറകെ പെട്ടിയെടുത്തു് കൂലിക്കാർ.

വാസൂട്ടി വന്നെന്നറിഞ്ഞപ്പോൾ അമ്മു വഴിയിൽ കാത്തുനിന്നു. പിറേറന്ന് ആ വഴിവന്ന വാസൂട്ടിയോടവൾ പറഞ്ഞു–

– നോക്ക്യേ ഞ്ങ്ടെ കുട്ട്യാണ്.

വാസൂട്ടി ചിരിച്ചു. അത്തറു മണക്കുന്ന പത്തുറുപ്പികയുടെ നോട്ടെടുത്തു് കുട്ടിയുടെ കയ്യിൽ കൊടുക്കുമ്പോൾ വാസൂട്ടി ചോദിച്ചു

— ചിന്നനുണ്ടോ ഇവിടെ?

— ല്യ........ഓല് താമസിച്ചേ വരൂ

വാസൂട്ടി പിന്നേയും പുഴകടന്ന് മടങ്ങിപ്പോയി.

അനേകം അമ്മുമാർ അയാളുടെ അടുത്ത വരവിനായി കാത്തിരുന്നു. അവർ അത്തറു മണക്കുന്ന പത്തുറുപ്പികയ്ക്കായി പത്തുമാസംകാത്തിരുന്നു, പെററു.

വാസൂട്ടി ഗ്രാമത്തിന്റെ സ്വപ്നമായതങ്ങിനെയാണ്. ★

* ക്ഷേത്രം

# REMINISCENCES OF THE ELECTIONS

- Joseph Antony Valiaveetil

Even the most lethargic are galvanised into action during elections. Recently the elections were in our midst. At that time our great leaders found time to rub shoulders with and discuss the greivances of the common man. Even the unsociable 'hermits' came out with folded hands and smiling faces seeking priceless votes. The campaign was fought over promises, criticism and bombastic talk. The jobless were promised jobs, others drinking water and yet others Kerosene and diesel. The people had undoubtedly heard of all this before. Neverthless they gave a patient hearing to every 'acrobat' who mounted the stage and watched his every antic with bated breath. The electorate who are crushed by the burdens of day-to-day life, are all the same, grateful to the politicians who give them glimpses of Utopia prior to the elections, thus sustainig in them hope for the future. In this way the elections rejuvenate the masses and they forget their problems briefly. Hence the popularity of elections.

Dynamism being the watchword of the hour the candidates go to any length to show off their knowledge of world affairs. But I was perplexed to hear one candidate demand withdrawl of Soviet troops from Kampuchea and that too at a village corner meeting! Prior to the elections many spurious 'scandals' were unearthed and 'shady' pay-offs exposed. One heard much of enquiries and investigations. The weeks preceding the 'Battle of the Ballots' was one of intense activity for all party workers and invariably some were hospitalized for exhaustion. Tailor made posters, white wash and public address systems were in common use draining vast amounts of money, not to mention the vast sums incurred by the public exchequer. Such a collossal waste is something we cannot afford at a time when we are confronted with serious economic problems.

Some of the victors of 1977 were the vanquished of 1980 and vice versa. From the view point of the voters the most exhilarating moments were when the results were being announced over the radio. Hour after hour they clutched their sets for dear life. To see six year olds to toothless old men sitting mesmerized before transistors was not in the least surprising. One man gave me to the smallest digit the number of votes polled by each candidate in an obscure constituency but as to the latest party position he was unaware of.

Now that the 'battles' are over and the victors judged one looks forward to peace. But without our co-operation determination and dedication progress can never come to the nation.

---

Literacy in the modern world of magazines and newspapers is no guarantee of culture whatever. It is far better not to know how to read than not to know what to read.

- A. Coomaraswamy

If money be not your servant, it will be your master. The covetous man can not so properly said to possess wealth, as that may said to possess him.

- Francis Bacon

That we are still alive, still vital, still looking forward, still dissatisfied with our present, still not merely adoring the past, but looking forward to the future. So long as we have this kind of impulse in our minds, the future of our country, of every country for that matter, is safe.

- S. Radhakrishnan

We are always getting ready to live, but never living.

- Emerson

---



# സാഫല്യം

– വേണുഗോപാൽ സി. മേനോൻ.

ഓലത്തുമ്പിൽനിന്നും ഇററു വീഴുന്ന വെള്ളത്തുള്ളികളെ നോക്കിക്കൊണ്ട് ഗോപൻ മാസ്റ്റർ ഇരുന്നു. സ്പടികംപോലെ നിർമ്മലമായ ആ വെള്ളത്തുള്ളികളെ നോക്കിയിരിക്കുമ്പോൾ ഗോപൻെറ മനസ്സിൽ വെള്ളത്തുള്ളിപോലെ പരിശുദ്ധമായ ശ്രീദേവി ടീച്ചറുടെ മുഖം തെളിയുകയായിരുന്നു. ഇതുപോലൊരു മഴദിവസമായിരുന്നു ഗോപൻ ആദ്യമായി ശ്രീദേവി ടീച്ചറെ കാണുന്നതു്. മഴയെ ശപിച്ചുകൊണ്ടാണ് ഗോപൻ അന്ന് ലോഡ്ജിൽനിന്നും ഇറങ്ങിയതു്. ഓഫീസുമുറിയിലേക്കു കടക്കുമ്പോൾ കണ്ണുകൾ ചെന്നു പെട്ടത് ജനാലക്കരികിൽ നില്ക്കുന്ന സുന്ദരിയായ യുവതിയിലായിരുന്നു. അപരിചിതയെന്ന് വിളിച്ചറിയിക്കുന്ന മുഖം. ഗോപൻെറ കണ്ണുകൾ ഒരു നിമിഷം ആ മിഴികളിലുടക്കി. ''സത്യൻ മാസ്റ്റക്ക് പകരം വന്ന ടീച്ചറാണ്.'' ഗോമതിടീച്ചറുടെ ശബ്ദം ഗോപനിൽ പരിസരബോധം ഉണർത്തി. ''പേരെന്താ?'' ഗോപൻ ചോദിച്ചു. ''ശ്രീദേവി'' ആളെപ്പോലെതന്നെ ശബ്ദവും ഗോപന് ആകർഷകമായി തോന്നി. ''വീട്ട് ചാലക്കുടിയിലാണ്. ഇവിടെ അമ്മായിയുടെ വീട്ടിൽ താമസിക്കുന്നു.'' ഗോമതി ടീച്ചർ വിശദീകരിച്ചു. ക്ലാസ്സെടുത്തുകൊണ്ടിരിക്കുമ്പോൾ ഹെഡ്മാസ്റ്ററുടെ പിന്നാലെ പുതിയ ക്ലാസ്സിലേക്കു പോകുന്ന ശ്രീദേവിടീച്ചറെ കണ്ടു. വൈകുന്നേരം സ്കൂൾ വിട്ടു പോരുമ്പോൾ ഗോപൻെറ കണ്ണുകൾ ആരേയോ തിരയുന്നുണ്ടായിരുന്നു. പതിവില്ലാത്ത മൗനം കണ്ടിട്ടാകാം കൂട്ടുകാർ ഗോപനെ കളിയാക്കി. അവരെ കുററം പറയുവാൻ ഗോപൻെറ മനസ്സനുവദിച്ചില്ല. വാസ്തവത്തിൽ ഗോപനുതന്നെ തൻെറ മാററത്തിൽ അത്ഭുതം തോന്നിയിരുന്നു.

എത്ര വേഗമാണ് ശ്രീദേവിടീച്ചർ കുട്ടികളുടെ കണ്ണിലുണ്ണിയായത്. ആ ഒററ കാരണത്താൽ ഗോപന് ടീച്ചറോട് അസൂയ തോന്നി. കുട്ടികൾക്ക് ഗോപൻ മാസ്റ്ററെന്നാൽ ജീവനാണ്. ശ്രീദേവി ടീച്ചർ വന്നതുമുതൽ തൻേറതു മാത്രമായിരുന്ന ഒരു സാമ്രാജ്യത്തിൽ വേറൊരാൾ കടന്നതുപോലെയുള്ള തോന്നലായിരുന്നു ഗോപന്. ദിവസങ്ങൾ കഴിയുംതോറും ആ അസൂയ ഗോപൻെറ മനസ്സിൽ ഒരു ആരാധനയായി രൂപം പ്രാപിക്കുകയായിരുന്നു. ആദ്യമൊക്കെ ടീച്ചർക്ക് മാസ്റ്ററോട് മിണ്ടാൻ വലിയ സങ്കോചമായിരുന്നു. ആരോടും അടുത്തിടപഴകാൻ ശ്രമിക്കാത്ത ആ മനോഭാവമാണ് (ഒന്നു നോക്കിയാൽ) ഗോപനെ കൂടുതൽ വശീകരിച്ചത്. ''സാർ കണക്കു ചെയ്തു കഴിഞ്ഞു.'' കുട്ടികളുടെ ശബ്ദം.... ഓർമ്മയുടെ കയങ്ങളിൽ മുങ്ങിത്തപ്പിക്കൊണ്ടിരുന്ന മനസ്സിനെ കടിഞ്ഞാണിട്ടുകൊണ്ട് ഗോപൻ എഴുന്നേററു.

അന്ന് ലോഡ്ജിൽ എത്തിയപ്പോൾ അമ്മയുടെ കത്താണ് ഗോപനെ എതിരേററതു്. ഗോപനെ അമ്മയുമായി ബന്ധിപ്പിക്കുന്ന ഏക കണ്ണി. ജിജ്ഞാസയോടെ കത്തുപൊട്ടിക്കുമ്പോൾ ഗോപൻെറ മനസ്സിൽ അമ്മയുടെ മുഖം നിറഞ്ഞുനിന്നു. എന്നത്തേയും പോലെ കത്ത് പരിഭവം നിറഞ്ഞതായിരുന്നു. അമ്മക്ക് ഒററക്ക് താമസിച്ചു് മടുത്തുവത്രേ. കഴിഞ്ഞ പ്രാവശ്യം ലീവിൽ ചെന്നപ്പോൾ അമ്മ വിവാഹത്തിന് വളരെ നിർബ്ബന്ധിച്ചു. അന്ന് ലീവില്ലെന്നും പറഞ്ഞൊഴിഞ്ഞു. പാവം. ഇനിയും ബുദ്ധിമുട്ടിക്കരുത്. ഇരുപതു വയസ്സിൽ വൈധവ്യമനുഭവിക്കേണ്ടിവന്ന അമ്മ. അന്നു മുതൽ മകൻെറ സുഖത്തെമാത്രം കാംക്ഷിച്ചു കഴിയുന്ന അമ്മ. ഗോപന് അമ്മയുടെ ''മോനെ'' എന്ന വിളി കാതിൽ മുഴങ്ങുന്നതു പോലെ തോന്നി. അന്ന് എല്ലാം തീരുമാനിച്ചുറച്ചാണ് ഗോപൻ ഉറങ്ങാൻ കിടന്നതു്. പിറേറന്ന് ഓഫീസ്സിൽ ശ്രീദേവി ടീച്ചറുടെ അഡ്രസ്സ് തിരയുമ്പോൾ ഗോപൻെറ ചുണ്ടിൽ ഒരു പുഞ്ചിരി തത്തിക്കളിക്കുന്നുണ്ടായിരുന്നു. അന്നു തന്നെ ഗോപൻ അമ്മക്ക് മറുപടിയെഴുതി. മറുപടിയിൽ ശ്രീദേവി ടീച്ചറുടെ അഡ്രസ്സ കാണിക്കുവാൻ ഗോപൻ മറന്നില്ല. പിന്നീടുള്ള ദിവസങ്ങൾ മാസ്റ്റർക്ക് വളരെ വിരസങ്ങളായിരുന്നു. എന്നും അമ്മയുടെ കത്തും പ്രതീക്ഷിച്ചുകൊണ്ടായിരുന്നു ഗോപൻ ലോഡ്ജിൽ എത്താറു്. ജീവിതത്തിലാദ്യമായി ഗോപന് കാത്തിരിപ്പിൻെറ വേദന അനുഭവപ്പെട്ടു.

സ്പന്ദിക്കുന്ന ഹൃദയത്തോടെയാണ് ഗോപൻ അന്ന് കത്തു പൊട്ടിച്ചത്. ശ്രീദേവി ടീച്ചറെ പററി അമ്മ വിശദമായി പരമുനായരെകൊണ്ട് അന്വേഷിപ്പിച്ചിരിക്കുന്നു. അടുത്ത ഞായറാഴ്ച പെണ്ണുകാണുവാൻ ചെല്ലുവാൻ ടീച്ചറുടെ വീട്ടുകാർക്ക് സമ്മതമാണത്രെ. ഗോപൻെറ മനസ്സ് ഞായറാഴ്ചയാകുവാൻ വെമ്പുകയായിരുന്നു. പിറേറന്ന് അവസാന പിരിയഡിൽ അടുത്ത ക്ലാസ്സിൽനിന്നും ഉയരുന്ന ബഹളം കാരണം ഗോപന് ക്ലാസ്സെടുക്കുവാൻ വിഷമം തോന്നി. ബഹളം സഹിക്കവയ്യാതായപ്പോൾ ഗോപൻ ആ ക്ലാസ്സിലേക്കുനടന്നു. അപ്പോൾ കണ്ട കാഴ്ച ഗോപനെ അത്ഭുതപ്പെടുത്തി. പ്രതീക്ഷക്കു വിപരീതമായി ശ്രീദേവിടീച്ചറായിരുന്നു ആ ക്ലാസ്സിൽ. അങ്ങിനെ ഒരിക്കലും സംഭവിക്കാറില്ല. ടീച്ചറുടെ ക്ലാസ്സിൽ കുട്ടികൾ ഒരിക്കലും ബഹളം വെക്കാറില്ല. ഇന്ന് ടീച്ചർക്കെന്തുപററി? ഗോപൻ ടീച്ചറുടെ അടുത്തു ചെന്നു. വിദൂരതയിലേക്കു നോക്കിയിരിക്കുന്ന ടീച്ചറുടെ ദൃഷ്ടിയിൽ ഗോപൻ പെട്ടില്ല. ''ടീച്ചർ'' ഗോപൻ ശബ്ദമുയർത്തിവിളിച്ചു. ടീച്ചർ സ്വപ്ന

ത്തിലെന്നപോലെ ഞെട്ടി എഴുന്നേററു. പെട്ടെന്ന ടീച്ചർ സാരിത്തുമ്പുകൊണ്ടു കണ്ണുതുടച്ചു. ഗോപന് ഒന്നും മനസ്സിലാ യില്ല. ''ടീച്ചർക്കെന്തുപററി''? ഗോപൻെറ ശബ്ദം പതറി യിരുന്നു. ''ഒന്നുമില്ല'' എന്ന ടീച്ചറുടെ മറുപടി ഗോപനെ തൃപ്തനാക്കിയില്ല. കുട്ടികൾ തങ്ങളെ ശ്രദ്ധിക്കുന്നുണ്ടെന്ന റിഞ്ഞപ്പോൾ ഗോപൻ ഇറങ്ങി ക്ലാസ്സിലേക്ക നടന്നു. ഗോപന് അന്ന് ക്ലാസ്സെടുക്കുവാൻ കഴിഞ്ഞില്ല. നീററുന്ന മന സ്സുമായാണ് അന്ന് ഗോപൻ ലോഡ്ജിൽ എത്തിയതു്. ശ്രീദേവി ടീച്ചറുടെ ഭാവമാററം ഗോപനിൽ സംശയമുണർത്തി.

അന്ന് നടക്കാനിറങ്ങിയ ഗോപൻ എത്തിയത് ശ്രീദേവി ടീച്ചറുടെ വീടിന്റ മുൻപിലായിരുന്നു. ബെൽ അമർത്തിയ പ്പോൾ ടീച്ചർ വന്ന് വാതിൽ തുറന്നു. (ടീച്ചറുടെ) അമ്മായി അമ്പലത്തിൽ പോയിരിക്കുന്നു. കുറച്ചുനേരത്തേക്ക് രണ്ടു പേർക്കും ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. ടീച്ചർ കൊണ്ടുവന്ന കാപ്പി കുടിച്ചുകൊണ്ടിരിക്കുമ്പോൾ എങ്ങിനെ സംസാരം തുടങ്ങണമെന്ന ചിന്തയിലായിരുന്നു ഗോപൻ. ''ടീച്ചർ, ഇന്നു ചോദിക്കുന്നതിൽ തെററിദ്ധരിക്കരുതു്. ടീച്ചർക്ക് എന്തോ വിഷമമുള്ളതുപോലെ തോന്നുന്നു.'' അവസാനം ഗോപൻ തന്നെ മൗനം ഭഞ്ജിച്ചു. ശ്രീദേവി ടീച്ചർ നിറയുന്ന കണ്ണുകളുയർത്തി ഗോപനെ നോക്കി. ആ കണ്ണുകളിലെ ഭാവം ഗോപനെ തളർത്തി. ''പറയുവാൻ വിഷമമുണ്ടെങ്കിൽ നിർബ്ബന്ധിക്കുന്നില്ല.'' പോകുവാനായി എഴുന്നേററ ഗോപനെ ടീച്ചർ തടഞ്ഞു. ''സാറിനെന്താണറിയേണ്ടതു്''. ഗദ്ഗദത്തോടെ ടീച്ചർ ചോദിച്ചു. ''ഈ കണ്ണീരിൻെറ കാരണം തന്നെയാണറിയേണ്ടതു്.'' ''സാറിനോടല്ലാതെ ആരോ ടാണതു പറയുക.'' ടീച്ചറുടെ വാക്കുകൾ ഗോപനെ ഞെട്ടിച്ചു. ടീച്ചർ തൻെറ വിവാഹാലോചന അറിഞ്ഞിരിക്കുമോ? ''വീട്ടിൽ നിന്നും കത്തു വന്നിരുന്നു. ടീച്ചർ തുടർന്നു. എൻെറ വിവാഹം ആകെ ഉറപ്പിച്ചതു പോലെയാണ്. ഞായറാഴ്ച ചെറുക്കൻ കാണാൻ വരുന്നു. എന്നോടു് ലീവെടുത്തു് ചെല്ലു വാൻ എഴുതിയിരിക്കുന്നു.'' ഗദ്ഗദം ടീച്ചറുടെ ശബ്ദത്തെ തടഞ്ഞു. ''അതിനെന്താ ലീവു കിട്ടിയില്ലേ.'' ഗോപൻ ഒന്നും അറിയാത്തപോലെ ചോദിച്ചു. ''ലീവു കിട്ടി''. ''പിന്നെ'' ഗോപൻെറ ജിജ്ഞാസ വർദ്ധിച്ചു. ''എനിക്കീ വിവാഹം ഇഷ്ടമില്ല.'' എന്തു്? ഗോപൻ വീണ്ടും ഞെട്ടി ടീച്ചർ ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടോ? അറിയാതെ ഗോപനിൽ നിന്നും ചോദ്യമുയർന്നു. ഇപ്പോൾ ഞെട്ടിയതു് ടീച്ചറായി രുന്നു. ഗോപൻെറ ചോദ്യത്തിനുത്തരമെന്ന പോലെ ടീച്ചർ മൂകയായിരുന്നു. ടീച്ചറുടെ മൗനം ഗോപൻെറ പ്രതീക്ഷകളെ തകർത്തു. ''ടീച്ചർ, ചോദിക്കാൻ അവകാശമില്ലെന്നറിയാം. എങ്കിലും ഒരു സഹോദരനെപോലെ ചോദിക്കുകയാണ്. ടീച്ചർ ആരേയാണ് സ്നേഹിക്കുന്നതു് ?.'' ടീച്ചർ പെട്ടെന്നു് മുഖമുയർത്തി ഗോപനെ നോക്കി. അപ്പോഴും ആ കണ്ണുകൾ നിറഞ്ഞിരുന്നു. ''ഒരിക്കലും സാറിനെ എനിക്കൊരു സഹോ ദരനായി കരുതുവാൻ കഴിയുന്നില്ല. കാരണം.... എനിക്ക.... സാറിനെ.... ടീച്ചറുടെ അർദ്ധവത്തായ വാക്കുകൾക്കു മുൻപിൽ ഗോപൻ ഒരു നിമിഷം തരിച്ചുനിന്നു. പരിസരം മറന്ന ഗോപൻ സ്വപ്നത്തിലെന്നപോലെ ഉറക്കെ ഉറക്കെ ചിരിച്ചു. പെട്ടെന്നെന്തോ ഓർത്തതുപോലെ ഗോപൻ ചിരി നിർത്തി പരിഭ്രമിച്ചു നിൽക്കുന്ന ശ്രീദേവി ടീച്ചറുടെ കൈയിലേക്ക് അമ്മയുടെ കത്ത് കൊടുത്തു. ആ കത്തു വായിക്കുമ്പോൾ ടീച്ചറുടെ മുഖത്ത് തെളിയുന്ന ഭാവം അത്ഭുതമോ, സന്തോഷമോ എന്നറിയാൻ ശ്രമിക്കുകയായിരുന്നു ഗോപൻ. എഴുത്തു വായി ച്ച് ഇതു സത്യമോ എന്ന ചോദ്യത്താൽ വിടന്ന കണ്ണുകളുമായി നില്ക്കുന്ന ശ്രീദേവി ടീച്ചറോടായി ഗോപൻ ചോദിച്ചു. ''എന്താ ഞായറാഴ്ച, ഞാൻ കാണാൻ വരണോ?'' ഇപ്രാവശ്യം ചിരി ഉയർന്നത് ടീച്ചറിൽ നിന്നായിരുന്നു. ★

ചാരിതാർഥ്യം

വസന്തൻ



FINAL YEAR DEGREE STUDENTS WITH STAFF AND PRINCIPAL



B. Sc. MATHEMATICS



B. Sc. PHYSICS



FINAL YEAR DEGREE STUDENTS WITH STAFF AND PRINCIPAL



B. A. ECONOMICS



B Sc. ZOOLOGY



# റഡാർ;

– ജോൺസൺ കെ. ജെ.

ആധുനിക ലോകത്തിൽ റേഡിയോ തരംഗങ്ങൾ അഥവാ വൈദ്യുത കാന്തിക തരംഗങ്ങളെ (Electro magnetic waves) പററി അറിയാത്തവർ വളരെ വിരളമായിരിക്കുമല്ലോ. വൈദ്യുതിയെ അനേകായിരം ആവൃത്തികളുള്ള തരംഗങ്ങളായി പ്രസരിപ്പിക്കു (Radiation) ലാണല്ലോ ഇവിടെ സംഭവിക്കുന്നതു്. ശബ്ദതരംഗങ്ങളെ (Sound waves) പോലെയും പ്രകാശതരംഗങ്ങളെ (Light waves) പോലെയും അവയ്ക്കു് മററൊരു വസ്തുവിൽ തട്ടി പ്രതിഫലിക്കാനുള്ള (Reflection) കഴിവുണ്ടു്. ഈ പ്രത്യേക വസ്തുതയിൽ നിന്നാണു് റഡാർ എന്ന പ്രതിഭാസം രൂപം കൊണ്ടതു്.

നാല്പതുകളിൽ രണ്ടാം മഹായുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ ജർമ്മനി തുരുതുരെ ആയിരക്കണക്കിനു് മിസ്സൈലുകളും, ബോംബുകളും (mi-iles & Bombs) കൊണ്ടു് ഗ്രേററു് ബ്രിട്ടനെ വല്ലാതെ തളർത്തിക്കളഞ്ഞു. പക്ഷേ നമ്മുടെ റഡാറിന്റെ സന്ദർഭോജിതമായ കണ്ടുപിടുത്തം ബ്രിട്ടന്റെ ജയത്തിലും നാസികളുടെ വിനാശത്തിലും കൊണ്ടെത്തിച്ചു. റഡാർ ഉപയോഗിച്ചു് രണ്ടായിരത്തിൽപരം ജർമ്മൻ വിമാനങ്ങൾ ബ്രിട്ടൻ റാഞ്ചിയെടുത്തു.

റേഡിയോ തരംഗങ്ങൾ ഒരു സെക്കന്റിൽ ഏകദേശം 18000 മൈൽസ് (miles) സഞ്ചരിക്കുന്നു. ഈ തരംഗങ്ങൾ (waves) എല്ലാ ദിശകളിലും നിമിഷംകൊണ്ടു് വ്യാപരിക്കാൻ കഴിവുള്ളവയാണു്. ഇങ്ങനെ പ്രസരിക്കുന്ന തരംഗങ്ങൾ (waves) ഏതെങ്കിലും ഒരു വസ്തുവിൽ തട്ടിയാൽ (Target) അവ പ്രതിഫലിക്കുന്നു. അഥവാ retrace ചെയ്യുന്നു. ഇങ്ങനെ മടങ്ങിവരുന്ന ഊർജ്ജകിരണങ്ങളെ (energetic rays) പ്രത്യേക ഉപകരണങ്ങൾ മുഖേന പിടിച്ചെടുത്തു് ഗതിയും, ദിശയും മനസ്സിലാക്കി ചെന്നു മുട്ടിയ വസ്തുവിനെ (Target) കുറിച്ചു് പഠിക്കുന്നു.

അന്തരീക്ഷത്തിലുള്ള അയോണികമണ്ഡലത്തെപ്പററി (ionsphere) പഠിച്ചുകൊണ്ടിരുന്ന ക്രിസ്റ്റൽ ഹൾസ്മെയർ (Christal Hulsmayar) എന്ന ശാസ്ത്രജ്ഞനാണു് 1920ൽ ഇതിനെപ്പററി ആദ്യം വിശദീകരിച്ചതു്. തുടർന്നു് ഇംഗ്ലണ്ടും, ജർമ്മനിയും തുരുതുരെയുള്ള പരീക്ഷണങ്ങൾ ഇതിന്റെ ഉപയോഗാവശ്യകതയെ ഉരുത്തിരിച്ചെടുത്തു. അന്തരീക്ഷത്തിൽ കൂടി മടങ്ങിയെത്തുന്ന ഇവയുടെ ശക്തി മന്ദീഭവിച്ചിട്ടുണ്ടാവും. അവയെ പിടിച്ചെടുത്തു് വേണ്ടവിധത്തിൽ കൈകാര്യം ചെയ്തു് ഉപയോഗക്ഷമമാക്കുന്നതിലാണു് റഡാറിന്റെ ധർമ്മം പൂർത്തിയാകുന്നതു്. അതിനാലാണു് റഡാർ Radar (Radio detection and Ranging) എന്ന പേരും കിട്ടിയതു്.

രണ്ടുതരത്തിലുള്ള റേഡിയോ തരംഗങ്ങളെപ്പററിയാണു് ശാസ്ത്രജ്ഞന്മാർ പരാമർശിക്കുന്നതു്. (Continuous waves (C-w) and Pulse Radio waves) ഇതിൽ ആദ്യത്തേതാണത്രെ നമ്മുടെ ഉപയോഗത്തിനു് കൂടുതൽ ഉപകരിക്കുക. പ്രത്യേക ചില ഉപകരണങ്ങൾവഴി (Antenna) വിക്ഷേപിക്കുന്ന ഈ തരം തരംഗങ്ങൾ അതിന്റെ പാതയിലുള്ള വസ്തുക്കളിൽതട്ടി പ്രതിഫലിക്കുന്നു. ഇങ്ങനെ മടങ്ങിവരുന്ന തരംഗങ്ങളെ റിസീവർ (Receiver) മുഖേന പിടിച്ചെടുത്തു് ആംപ്ലിഫൈ (Amplify) ചെയ്തു് ആവൃത്തി കൂട്ടുന്നു. വീണ്ടും അവയെ പ്രത്യേക ക്രമീകരണങ്ങൾക്കു് വിധേയമാക്കി Target ന്റെ ദിശയും, (ചലിക്കുന്നവയാണെങ്കിൽ വേഗതയും) മററും കണക്കാക്കുന്നു. ടെലിവിഷൻ ക്യാമറ (Television camera) യുടെ തത്വമുപയോഗിച്ചു് ഈ തരംഗങ്ങളുടെ ഫോട്ടോ എടുത്തു് ഒരു സ്ക്രീനിൽ (Screen) പ്രദർശിപ്പിച്ചു് വസ്തുവിന്റെ വലുപ്പത്തെ (ദൂരത്തെ ആസ്പദമാക്കി) കണക്കാക്കാവുന്നതുമാണു്. അത്യന്താധുനിക ശാസ്ത്രം ഇതിനെ കംപ്യൂട്ടറുകളും, വലിയ സാങ്കേതിക സജ്ജീകരണങ്ങളുമായി ബന്ധിപ്പിച്ചു് കാര്യക്ഷമത വിപുലീകരിക്കുന്നു.

റഡാർ മനുഷ്യന്റെ പ്രായോഗിക ജീവിതത്തിന്റെ തുറകളിൽ തുറന്നു പ്രവർത്തിക്കുന്ന ഒരു അവിഭാജ്യഘടകമാണു്.

ഏതൊരു രാജ്യത്തിന്റേയും രാജ്യരക്ഷയെ (defence department) ഏററവും കൂടുതൽ സഹായിക്കുന്നതു് റഡാറാണു്. ശത്രുവിമാനത്തിന്റെ വരവും, ബോംബാക്രമണത്തിന്റെ തുടക്കവും വീക്ഷിക്കാം. അന്തർവാഹിനി കപ്പലുകൾ മുതൽ ശത്രുക്കളുടെ വലിയ പടക്കപ്പൽവരെ റഡാറുപയോഗിച്ചു കണ്ടുപിടിക്കാം. വസ്തുവിന്റെ വരവു മാത്രമല്ല അതിന്റെ ദിശ (direction) കൂടി കണ്ടുപിടിക്കാം എന്നതാണു് മററൊരു സവിശേഷത. ബോംബർ വിമാനങ്ങളിൽ റഡാർ പിടിപ്പിച്ചിട്ടുണ്ടാവും. അതുപയോഗിച്ചു് ഏതെല്ലാം സ്ഥലങ്ങളിലാണു് ബോംബാക്രമണം നടത്തേണ്ടതെന്നു മനസ്സിലാക്കാം. വിമാനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള റഡാർ അന്തരീക്ഷത്തിലെ പ്രകൃതിക്ഷോഭങ്ങളെപ്പററി വിവരിക്കുന്നു. മലകളുടെ തടസ്സത്തെപ്പററിയും അതു് വിളിച്ചറിയിക്കുന്നു.

അന്തരീക്ഷത്തിലെ ഊഷ്മാവും, മർദ്ദവും അളക്കുന്നതിനും, അതുവഴി വലിയ കൊടുങ്കാററിന്റേയും, ചുഴലിയുടെയും വരവിനെ മുൻകൂട്ടി നിശ്ചയിക്കാനും വലിയ വിപത്തുകളെ ഒഴിവാക്കാനും റഡാർ ഉപയോഗിക്കുന്നു. മഴ, മിന്നൽ എന്നിവയെ മുൻകൂട്ടികണ്ടു് വേണ്ടവിധം പ്രവർത്തിക്കാൻ റഡാറിനു സാധിക്കുന്നു. ശൂന്യാകാശ ഗവേഷണത്തിൽ ധാരാളമായി റഡാർ ഉപയോഗിക്കുന്നു. ഇങ്ങനെ ഉന്നത ആധുനിക ശാസ്ത്രത്തിൽ റഡാർ ചെയ്യുന്ന ഉപകാരം തിട്ടപ്പെടുത്താവുന്നതല്ല. മാത്രമല്ല നാളെ ഈ റഡാർ ഉപയോഗിച്ചു് പുതിയ നേട്ടങ്ങൾ ഉണ്ടാവട്ടെ — എന്നു നമുക്കു നേരുകയും ചെയ്യാം.



# നല്ലവനായ സമരിയാക്കാരൻ

– ലോനപ്പൻ കെ. ഡി.

ഉച്ചവെയിൽ കത്തിനിന്നിരുന്നു. പൊടിയിളകിക്കിടക്കുന്ന നാട്ടുവഴിയിൽ വണ്ടിച്ചക്രങ്ങൾ കഴിച്ച പാടുകൾക്കപ്പുറത്തായി അയാൾ കിടന്നു. ഇരുവശത്തും പരന്നുകിടക്കുന്ന, ആകാശം അതിരിടുന്ന ഗോതമ്പുവയലുകൾ. മണികൾ അടർന്നുപോയി ശോഷിച്ച കറ്റകളുടെ മഞ്ഞളുന്ന്പാരങ്ങൾ. അകലെയെങ്ങോ ഉള്ള ഒരു വൈക്കോൽക്കൂനയുടെ തണലിൽ കിടക്കുന്ന ഒട്ടകത്തിൻെറ വളഞ്ഞ നിഴൽ.

കീറത്തുണികളുടെ നാറുന്ന കെട്ടിൽ കിടന്നതുകൊണ്ട് അയാൾ ഞരങ്ങി. ''വെ......ള്ളം......ഇത്തി......രി വെ......ള്ളം''

ഒഴിഞ്ഞു കിടന്ന പാടത്തിൻെറ നെഞ്ചത്തുകൂടി പൊടിക്കാററ് അടിച്ചുകയറുന്നുണ്ടായിരുന്നു. കാററിൻെറ പേടിപ്പെടുത്തുന്ന ഇരമ്പൽ അടുത്തു കേട്ടപ്പോൾ അയാൾ പണിപ്പെട്ട് കൺപോളകൾ വേർപ്പെടുത്താൻ നോക്കി. അയാളുടെ കൺമുമ്പിൽ പൊടിക്കാററിൻെറ നരച്ച മറകൾ ഒന്നിനു പിറകേ ഒന്നായി നീങ്ങിക്കൊണ്ടിരുന്നു. വട്ടംവെച്ചു ചുടികഴയുന്ന അനേകം പൊടിവലയങ്ങൾക്കുള്ളിൽ കാണാൻ വയ്യാത്ത അനവധി ബിന്ദുക്കൾ അയാൾ കണ്ടു. പെരുകിപ്പെരുകി വൃത്തങ്ങളാകുന്ന ബിന്ദുക്കൾ. ചുരുങ്ങിച്ചുരുങ്ങി ബിന്ദുക്കളാകുന്ന വൃത്തങ്ങൾ. പെരുകലിൻേറയും ചുരുങ്ങലിൻേറയും നടുവിൽ കാഴ്ചശക്തി അകലെയെങ്ങോ ഉള്ള ഒരു തടാകത്തിലേക്ക് ചാലുകൾ കീറി നനവിൻെറ പാടുകൾ നീണ്ടുവന്നു. പുറകിൽ തട്ടിത്തെറിച്ചുവരുന്ന വെള്ളത്തിൻെറ മർമ്മരം.

ഒട്ടകത്തിൻെറ വായിൽനിന്ന് ഊർന്നു വീണുപോയ നനഞ്ഞ വൈക്കോൽത്തുരുമ്പുകളിൽ സൂര്യൻ കത്തിനിന്നപ്പോൾ കരിഞ്ഞ മണം പരന്നു. കാളവണ്ടികളും ഒട്ടകവണ്ടികളും വാലുകവാലേ വന്നുകൊണ്ടിരുന്നു. കൊയ്ത്തു കഴിഞ്ഞ് വീർത്ത ചാക്കുകൾ പട്ടണത്തിലെ മണ്ടികളിലേക്ക് നീങ്ങുകയാണ്. വണ്ടിച്ചക്രങ്ങളുടെ ഞരക്കം കേൾക്കുമ്പോൾ അയാൾ പെട്ടെന്നു പിടയുന്നു. ''ഈശ്വരന്മാരേ... ഇത്തിരി....വെള്ളം''

അട്ടിയിട്ട ചാക്കുകളുടെ മീതെ, വെയിലിൽനിന്ന് രക്ഷപ്പെടാനായി മൂടിപ്പുതച്ച് കിടക്കുന്നവർ മരവിച്ച മയക്കത്തിലാണ്. വെയിലേററ് ചുവന്ന മുഖത്തോടെ മഞ്ഞു കാലത്തിൻെറ ഓർമ്മകൾ പുതുക്കുകയാണ് വണ്ടിക്കാരൻ. അവരാരും കേട്ടില്ല. വണ്ടി നിറുത്തിയില്ല.

പെരുകിവന്ന ദാഹം താങ്ങാനാകാതെ അയാൾ മണ്ണിൽ കൈ കുത്തി എഴുന്നേൽക്കാൻ ശ്രമിച്ചു. പക്ഷെ, പടിഞ്ഞാറുനിന്നു ചീറിവന്ന പൊടിക്കാററ് അയാളെ അടിച്ചു വീഴ്ത്തി.

തണ്ണിമത്തങ്ങകൾ കുമ്പാരമിട്ട ഒട്ടകവണ്ടി കടന്നുപോയി. പൊട്ടിത്തുറന്ന ഒരെണ്ണത്തിൽ നിന്നുള്ള മണം വന്നപ്പോൾ അയാൾ വീണ്ടും പിടഞ്ഞു. പിന്നാലെ വന്ന കാളവണ്ടിക്കാരൻ അയാളെ കണ്ടു. തണ്ടുകളിൽനിന്ന് ഊർന്നു പോകാൻ വെമ്പുന്ന ചക്രങ്ങളുടെ കരച്ചിൽ പെട്ടെന്നു പെരുകി നിലച്ചു. പനമ്പു മറകളുടെ വിടവുകളിൽ കണ്ണുകൾ തെളിഞ്ഞു.

''ഒരു പാവം പിച്ചക്കാരൻ'' ആരോ പറഞ്ഞു. അകലത്തെങ്ങോ തൻേറതുപോലുള്ള ഒച്ചകേട്ടപ്പോൾ അയാൾ ചെവി കൂർപ്പിച്ചുകിടന്നു. ഒരിക്കൽക്കൂടി വെള്ളത്തിനുവേണ്ടി തൊണ്ടയനക്കി.

''ഇവിടെ എവിടെ നിന്ന് വെള്ളം കിട്ടാനാണ്.'' വണ്ടിയിലുള്ളവർ പിറുപിറുത്തു ''രണ്ടുനാഴിക പുറകോട്ടുപോയി വെള്ളം കൊണ്ടുവരാമെന്നുവെച്ചാൽ പട്ടണത്തിലെത്തേണ്ട നേരം തെററും''. അതുകൊണ്ട് അവർ ഒച്ചയില്ലാതെ മാപ്പു ചോദിച്ചു. ''വെയിൽ ചായുന്നതിനുമുൻപ് പട്ടണത്തിലെത്തണം. വളം വാങ്ങാൻ കടമെടുത്ത പണം തിരിച്ചടക്കേണ്ട അവസാന തീയതി ഇന്നാണ്''. കുടമണികൾ ശബ്ദിച്ചു. ചക്രങ്ങൾ വീണ്ടും ഞരങ്ങി. കുഴമണ്ണിലെ നീണ്ട പാടുകൾക്ക് കൂടുതൽ ആഴം വെച്ചു.

കത്തിപ്പുളയുന്ന ചൂടിൻെറ ആഴങ്ങളിൽനിന്ന് വീണ്ടും പൊടിക്കാററ് പൊട്ടിമുളച്ചു. നരച്ച മറകൾ ഒട്ടിച്ചേർന്ന് കനം വെച്ചു നീങ്ങി. അയാൾ മണ്ണിൽ അള്ളിപ്പിടിച്ചുകിടന്നു. കാററിൻെറ ഇരമ്പലിൽ അയാളെ പേടിപ്പെടുത്തുന്ന എന്തോ ഒന്നുണ്ടായിരുന്നു. കാററ് ശമിക്കാൻ വേണ്ടി അകലെ കാത്തുനിന്നിരുന്ന വണ്ടികളുടെ കൂട്ടത്തിൽ നിന്ന് ഒട്ടകങ്ങൾ മുക്ക

യർത്തി ഉറക്കെ അമറി. ആ ശബ്ദം നൂറു നൂറു തുള്ളികളായി പൊട്ടിച്ചിതറുന്നതുപോലെ അയാൾക്ക് തോന്നി. യാത്രക്കാരുടെ സംഘത്തിലെ ഒടുവിൽ വന്ന കാളവണ്ടി ഒരു നിമിഷം നിന്നു.

''എന്താ, ആ ശബ്ദം ?''

''ഏതോ വഴിപോക്കനാണ് സ്വാമി. വെള്ളത്തിനു വേണ്ടി നിലവിളിക്കുന്നു.''

''നമ്മുടെ കയ്യിൽ വെള്ളമില്ലല്ലോ ?''

''ആ വെള്ളിക്കൂജയിലുള്ളതോ ?''

''അത് സംഗമത്തിൽ നിന്നും കൊണ്ടുവന്ന തീർത്ഥജലമാണ്. അമ്പലത്തിൽ പൂജക്ക് പിന്നെന്തുചെയ്യും ?''

ചുവന്ന പഴുത്ത കടമണികളിൽ നാക്ക് ശക്തിയായി വന്നടിച്ച് ശബ്ദം പൊട്ടിച്ചിതറി. രക്ഷപ്പെടാൻ കഴിയാത്തതിലുള്ള അമർഷത്തോടെ ചക്രങ്ങൾ അലറി.

അകലെ, കാററത്ത് ഇടിഞ്ഞു വീണ വൈക്കോൽക്കൂനയുടെ തണൽ നഷ്ടപ്പെട്ടപ്പോൾ ഒട്ടകം എണീററു നടന്നു.

നിസ്സഹായതയിൽ നിന്നുടലെടുത്ത മരവിപ്പോടെ അയാൾ കിടന്നു. കൺമുമ്പിൽ ചൂടിന്റെ തിരമാലകൾ, അലയടിച്ചുകൊണ്ടിരുന്നു. അവക്കുമുകളിൽ വസ്ലോലിഴകൾ പറന്നു നടന്നു. കറുത്ത തുണിക്കെട്ടിലേക്ക് ചൂട് ആഴ്ന്നിറങ്ങി. കരിയാററായ ഇഴകൾ തിളച്ചുനിന്നു. കളവു മുതൽ അയൽക്കാരനെയേല്പിച്ച് തടിതപ്പാൻ നോക്കുന്ന പാവത്തെപ്പോലെ ചുവന്ന മണ്ണ് വീണ്ടും വീണ്ടും അയാൾക്ക് ഉഷ്ണം പകർന്നുകൊടുത്തുകൊണ്ടിരുന്നു.

കൺമുമ്പിലുള്ള പാടത്തിന്റെ മുഖം പുകപുരണ്ട വെള്ളഭിത്തിയായി. കുത്തുകൾ വീണ അനേകം വൃത്തങ്ങളും ചതുരങ്ങളും അതിലൂടെ ഊർന്നിറങ്ങി. കാണക്കാണെ അവ വലുതാവുകയും ചുരുങ്ങുകയും ചെയ്തു.

ആശയററപ്പോൾ ഒരു നിമിഷത്തിനുവേണ്ടി കാത്തു കിടന്നു. ഒരു നിമിഷം—

വട്ടത്തിലുള്ള ആ പഴപ്പിച്ച ലോഹത്തകിട് ഉരുകിയൊലിച്ച് തിളങ്ങുന്ന തുള്ളികൾ അടർന്നു വീഴുന്ന നിമിഷം. സകലതും കരിഞ്ഞ് ചാമ്പലായി എല്ലാം വീണ്ടും ഒരിക്കൽക്കൂടി ആരംഭിക്കുന്ന നിമിഷം.

ദാഹം പൂണ്ട നിമിഷങ്ങൾ വണ്ടിക്കാളകളെപ്പോലെ കിതച്ചുനീങ്ങി. ഒടുവിൽ, ഏററവുമൊടുവിൽ നല്ലവനായ സമരിയാക്കാരൻ വന്നു. പതുക്കെ നടന്നുവന്നു. മരുഭൂമിയിലൂടെ നീളുന്ന ഒരു നിഴൽപോലെ.

അദ്ദേഹത്തിന് കാളവണ്ടിയോ ഒട്ടകവണ്ടിയോ ഒന്നുമുണ്ടായിരുന്നില്ല. കാൽനടയായി വന്നു. അദ്ദേഹത്തിന്റെ നീണ്ട താടിയിൽ നരവീണിരുന്നു. തലപ്പാവിനകത്തു നിന്ന് തലമുടിയിഴകൾ മുഖത്തേക്ക് വീണു കിടന്നിരുന്നു.

അദ്ദേഹം ഒരു നിമിഷം നിന്നു. ദയയോടെ കുനിഞ്ഞു നോക്കി. പിന്നീട് ആ പഴന്തുണിക്കെട്ടിലുള്ള ശരീരത്തെയെടുത്ത് അടുത്തുള്ള ആൽമരത്തിന്റെ ചുവട്ടിൽ കിടത്തി.

ചീറിവരുന്ന കാററിൽ അദ്ദേഹത്തിന്റെ കാൽക്കീഴിലുള്ള മണൽത്തരികൾ അടിച്ചു പോയിക്കൊണ്ടിരുന്നു.

നിലത്ത് ചടഞ്ഞിരുന്ന് അയാളുടെ തല മടിയിൽവെച്ച്, തലപ്പാവഴിച്ചു മെല്ലെ വീശി. ആലിലകളിൽ തട്ടിവരുന്ന കാററിൻ ചൂടിൽ നിന്ന് ഉരുത്തിരിയുന്ന തണുപ്പുണ്ടായിരുന്നു. മരവിച്ച മയക്കത്തിൽ നിന്ന് കൺപോളകൾ വേർപ്പെടുത്തുമ്പോൾ മാനം മുട്ടുന്ന ശരീരത്തിനു മുകളിലായി ദയയുടെ തിളക്കം കണ്ടു.

''നിനക്കെന്തുവേണം ?''

''വെ....വെ....ള്ളം.'' വരണ്ട അക്ഷരങ്ങൾ ഇടവിട്ട് പുറത്തുചാടി. അദ്ദേഹം തന്റെ അരയിൽ തൂക്കിയിട്ട ഒട്ടകത്തോലുകൊണ്ടുണ്ടാക്കിയ വെള്ളസഞ്ചി പുറത്തെടുത്തു.

തുള്ളികളായി പൊട്ടിച്ചിതറുന്ന നിമിഷങ്ങൾ. അടപ്പു തുറന്നപ്പോൾ വല്ലാത്ത ഒരു ദുർഗ്ഗന്ധം പൊങ്ങി. അദ്ദേഹം ഒന്നു സംശയിച്ചു. എന്നിട്ട്, തിടുക്കത്തോടെ അടപ്പിട്ട് സഞ്ചി കുപ്പായത്തിനകത്തു തിരുകി പിടഞ്ഞെഴുന്നേൽക്കുമ്പോൾ സ്വരം ആവുന്നത്ര മാർദ്ദവമുള്ളതാക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു:—

''ക്ഷമിക്കണം ചങ്ങാതി. ഈ വെള്ളം ചീത്തയായിരിക്കുന്നു. കുടിക്കാൻ കൊള്ളില്ല. മടങ്ങിവരുമ്പോൾ നിനക്ക് ഞാൻ നല്ല വെള്ളം കൊണ്ടുതരാം അതുവരെ കാത്തിരിക്കൂ....''

അയഞ്ഞ നീണ്ട കുപ്പായം മണ്ണിൽക്കിടന്നിഴഞ്ഞുകൊണ്ടു നീങ്ങി. ചൂടുള്ള കാൽപ്പാടുകൾ മണ്ണിൽ തെളിഞ്ഞു കിടന്നു. നിമിഷങ്ങൾക്കിടയിൽ അമർന്ന് കിടന്നിരുന്ന പൊടിക്കാററിന്റെ പേടിപ്പെടുത്തുന്ന നിശ്ശബ്ദതയിൽ അകന്ന് പോകുന്ന കാലൊച്ചകൾ അയാൾ കേട്ടു.

തല ഉയർത്തിയപ്പോൾ മുടിയിൽനിന്നും വീണ വിയർപ്പുതുള്ളികൾ ചുണ്ടുകളെ ഉരുമ്മിക്കൊണ്ടു താഴോട്ടു പോയി.

# എന്താണ് മതം?

– അജിത്കുമാർ കെ.

മതമെന്നാലെന്ത്? എന്താണതിനൊരു നിർവ്വചനം? പല ചിന്തകരേയും കുഴക്കിയിട്ടുള്ള ഒരു പ്രശ്നമാണിത്. ഒരു ചൊറിയൻ തവളയെപ്പോലെ കൈയിന് ചൊറിച്ചിൽ ബാക്കി നല്കിക്കൊണ്ട് ഈ പ്രശ്നം വഴുതിമാറുന്നു.

മതമെന്താണെന്ന് ഒരു സാധാരണക്കാരനോട് ചോദി ച്ചാൽ അയാളുടെ മറുപടി 'ഒരു പ്രത്യേക ദൈവത്തിൽ വിശ്വ സിക്കുന്ന; ആ ദൈവത്തെ ആരാധിക്കുന്ന ജനസമൂഹമാണ്' എന്നായിരിക്കും. ഒറ്റനോട്ടത്തിൽ ഇതൊരു നല്ല നിർവ്വചനമാ ണെന്ന് തോന്നിയേക്കാം. പക്ഷേ ഒന്നാലോചിച്ചാൽ ഇ തിലെ പൊള്ളത്തരം വെളിവാകും.

ഇന്ന് മിക്ക മതങ്ങളും ദൈവമായി അറിഞ്ഞാരാധിക്കു ന്നത് അതതു മതസ്ഥാപകന്മാരെയാണ്. കൃസ്തുമതവിശ്വാ സികൾ ക്രിസ്തുവിലും, ജൈനർ ജിനദേവനിലും വിശ്വസി ക്കുന്നു. ബൗദ്ധർ ബുദ്ധനേയും മുഹമ്മദിയർ മുഹമ്മദിനേയും ആരാധിക്കുന്നു. യഥാർത്ഥത്തിൽ ഒരു മത പ്രവാചകനും താൻ ഈശ്വരനാണെന്നോ, ഈശ്വരനെന്നിലുണ്ടെന്നോ പറ ഞ്ഞിട്ടില്ല. നേരേമറിച്ച് ദൈവത്തിന്റെ മഹാ പ്രതിഭയുടെ ഒരംശം തന്നിലുണ്ടെന്നേ അവർ പറയുന്നുള്ളൂ. ആ ശക്തി മററെ ല്ലാവരിലുമുണ്ടെന്നും അവർ പറയുന്നുണ്ട്. ഇപ്പോൾ മതവി ശ്വാസികൾ ആരാധിക്കുന്ന ദിവ്യ പുരുഷർ യഥാർത്ഥത്തിൽ ഈശ്വരനായി ആരാധിക്കപ്പെടേണ്ടവരല്ലെന്ന് ഇതിൽനിന്നും സിദ്ധിക്കുന്നു. ഇവിടെത്തന്നെ മുൻപറഞ്ഞ ഉത്തരം പൊള്ള യാണെന്നും വെളിവാകുന്നു.

മതത്തെപ്പററി പൊതുവെയുള്ള വിശ്വാസം, ഒരേ അടി സ്ഥാനങ്ങളേയും, വിശ്വാസ പ്രമാണങ്ങളേയും ആധാരമാക്കി ജീവിക്കുന്ന ഒരു ജനവിഭാഗത്തെ മതം എന്നുപറയാം എന്ന താണ്. പക്ഷെ ഇതും അത്ര സുനിർവ്വചിതമാണെന്ന തോ ന്നുന്നില്ല.

ഏതെങ്കിലും ഒരു മതം നമുക്കെടുക്കാം. ക്രിസ്തുമതം തന്നെയാ കട്ടെ. അതിന്റെ അടിസ്ഥാന തത്വങ്ങൾ നോക്കൂ. ലോക ത്തിന് ദൈവത്തിൽ നിന്നും പലപ്പോഴായി ലഭിച്ച കല്പനക ളാണ് അവയെന്ന് പ്രത്യേകം പറയേണ്ടതില്ല. യഹൂദ മത ത്തിലെയോ? അതും മററൊന്നല്ലതന്നെ. പിന്നെയെന്തിന് പുതിയൊരു മതം (ക്രിസ്തുമതം) രൂപംകൊണ്ടു?

യേശുക്രിസ്തു നല്കിയ ഉപദേശങ്ങളിൽ മറ്റുപലതും ഇവ യേക്കാൾ മഹത്തരമാണെന്നു പറയുമായിരിക്കും. പക്ഷേ ഒരു ക്രാന്തദർശിക്ക് പഴയ നിയമത്തിന്റെ ഉപദേശങ്ങളേക്കാൾ കൂടു തലൊന്നും പുതിയ നിയമത്തിൽ കാണാൻ കഴിയില്ല.

മററൊരു ഉദാഹരണമെടുക്കാം. ഹിന്ദുമത ഗ്രന്ഥങ്ങൾ മൂലംകഷമായി പഠിച്ച ധാരാളം അന്യമതസ്ഥർ ഇന്നുണ്ടല്ലോ. അവരെല്ലാം ഒരു കാര്യം ഒരേ ശബ്ദത്തിൽ സമ്മതിക്കുന്നുമുണ്ട്. ഹൈന്ദവ ധർമ്മ വിശ്വാസ പ്രമാണങ്ങളെ മറികടക്കത്തക്ക മഹ ത്തരമായ ഒരു അടിസ്ഥാന പ്രമാണവും ഇതുവരെ ഉണ്ടായി ട്ടില്ലെന്ന്. പക്ഷെ അതു പറയുന്നവർപോലും സ്വന്തം മതം വിട്ട് ഹിന്ദുമതത്തിൽ ചേരാൻ തയ്യാറാകുന്നില്ല. ഇവിടെ രണ്ടാമത്തെ നിർവ്വചനവും തകരുകയല്ലേ!

ഇതുപോലെ തന്നെ മററൊരു കാര്യവും നമ്മുടെ ശ്രദ്ധയാ കർഷിക്കുന്നുണ്ട്. ഒരേ ദൈവത്തിലും അടിസ്ഥാന പ്രമാണ ങ്ങളിലും വിശ്വസിക്കുന്ന ഒന്നിലധികം മതങ്ങൾ കാണുന്നു. എന്നതാണ്. പ്രൊട്ടസ്റ്റൻറുകാരും കത്തോലിക്കരും ഒരേ മതത്തിന്റെ ഉപവിഭാഗങ്ങളാണെന്നു പറയാമെങ്കിലും യഹൂദ ന്മാരും കൃസ്തുമതക്കാരും ഒന്നാണെന്നു വാദിക്കാൻ ആരും തയ്യാറാ വുകയില്ല. ഇവർ രണ്ടുപേരും യഹോവയിലും സാത്താനിലും വിശ്വസിക്കുന്നു.

എന്താണിങ്ങിനെ മതങ്ങൾ പൊട്ടിപ്പിളർന്ന് പലതായി തീരാനും പുതിയവ രൂപംകൊള്ളാനും കാരണം? പലപ്പോഴും ഈശ്വരവിശ്വാസമോ അടിത്തറയോയാകില്ല മറിച്ച് ചില നിസ്സാര കാരണങ്ങളാകും ഇതിനു വഴിതെളിക്കുന്നത്. എന്തു കൊണ്ടാണിവ ഒത്തുതീരാതെ നീണ്ടു നില്ക്കുന്നത്?

ആലോചിക്കുമ്പോൾ ഒന്നാണു തോന്നുന്നത്. മനുഷ്യന്റെ ഒരു വിശേഷ ശക്തിയാണല്ലോ ചിന്താശേഷി. ഈ കഴിവു വളർന്നു വികസിക്കുമ്പോൾ അവനിൽ 'മാറണം, മാററണം, മാററിമറിക്കണം' എന്നൊരു ആവേശം രൂപംകൊള്ളുന്നു. ഇതിനു പ്രധാന കാരണം സാമൂഹ്യ വ്യവസ്ഥിതിയിലെ അപാ കതകളാകാം. ഈ ആവേശം അവനെ നിർബ്ബന്ധിച്ച് മുന്നോട്ടു പായിക്കുന്നു. അവൻ സമാന ചിന്താഗതിക്കാരുമായി ഒത്തു ചേർന്ന് കണ്ടതിനെല്ലാം എതിരായി വാദിക്കുന്നു. ഇതിലാ കൃഷ്ടരായ യുവമനസ്സുകൾ അവന്റെ പിന്നിൽ അണിനിരക്കുന്നു. പുതിയ ഒരു മതം അങ്ങിനെ രൂപം കൊള്ളുന്നു.

ഇതു തന്നെയാണ് ഇന്ന് പുതിയതായി ഉത്ഭവിച്ചിരി ക്കുന്ന പുതിയ മതങ്ങൾക്കെല്ലാം കാരണം. മുഹമ്മദീയ മത ത്തിനും, ക്രിസ്റ്റീയ മതത്തിനും ബഹായി മതത്തിനും മാത്രമല്ല പുതിയ രജനീഷ് ആശ്രമത്തിനും കാരണം മററൊന്നായിരി ക്കില്ല. കമ്മ്യൂണിസവും, സോഷ്യലിസവും പുതിയ മതങ്ങളാ ണ്. റഷ്യൻ പാതയും ചൈനീസ് പാതയും ഓരോ ഉപമതങ്ങ ളാണെന്ന് നമുക്ക് മനസ്സിലാക്കാം. പക്ഷെ അവർ ഈശ്വര നിഷേധികളായി ഗണിക്കപ്പെടുന്നതിനാൽ അത് ഒരു മത മായി അംഗീകരിക്കാൻ സമൂഹത്തിന് വിമ്മിട്ടം തോന്നുന്നു എന്നുമാത്രം.

ഇത്രയും പറഞ്ഞപ്പോൾ ഒരു ചോദ്യമുദിക്കുന്നു. എന്തു കൊണ്ടീ ചിന്തോല്ലഷം പ്രാചീനകാലത്തുണ്ടായില്ല? ഉല്പത്തി മുതൽ അനേക സഹസ്രം വർഷങ്ങൾ ഹിന്ദുമതം ഒന്നായി

# പായലിനിടയിലെ ശവം

— ഹരി കെ.

പുഴക്കരയിലെ പറമ്പിനുതാഴെ ഒരു ശവമടിഞ്ഞിട്ടുണ്ടെന്ന വാർത്ത കേട്ടാണ് ഉണർന്നത്.

പുറത്ത്, ഇളവെയിൽ പരക്കുകയായിരുന്നു. നിസ്സംഗത നിറഞ്ഞ മനസ്സോടെ തോർത്തുമെടുത്ത് ഞാനിറങ്ങി നടന്നു. പാടത്തിന്റെ വരമ്പുകൾ പിന്നിട്ടു. നെൽച്ചെടികളിൽ തലേന്നടിച്ച കീടനാശിനികളുടെ ഗന്ധം നിറഞ്ഞ മഞ്ഞുതുള്ളികൾ തങ്ങിനിന്നിരുന്നു. ചാലിൽ നീർക്കോലികളും തവളകളും ചത്തുകിടന്നിരുന്നു.

വടക്കുനിന്നും പടിഞ്ഞാട്ടുള്ള പുഴയുടെ തിരിവു കണ്ട് തെക്കേ അരികിലൂടെ ഒഴുകുമ്പോൾ ഓരത്തെ ആ കൈതക്കാടുകളിൽ കുരുങ്ങിപ്പോകുന്നത് സാധാരണയായിരുന്നു.

മുകളിൽ, പടർന്നു നിൽക്കുന്ന അത്തിമരത്തിന്റെ നിഴലിൽ, പായലുകൾക്കിടയിലാണതു കിടക്കുന്നത്. ഓരത്തേക്ക് ഇറങ്ങിനിന്ന് ഞാൻ മുഖത്തേക്കുററു നോക്കി. ചീഞ്ഞളിഞ്ഞു തുടങ്ങിയിരിക്കുന്നു. കണ്ണുകളും കാതുകളും മററും മത്സ്യങ്ങൾ കൊത്തിത്തിന്നു കഴിഞ്ഞിരുന്നു. എങ്കിലും ഒന്നു ഞാൻ മനസ്സിലാക്കി. അതൊരു ചെറുപ്പക്കാരനായിരുന്നു.

പെട്ടെന്നാണ് ഞാനതു കണ്ടത്. ശവം ആർത്തിയോടെ കൊത്തിത്തിന്നുന്ന മത്സ്യങ്ങൾക്കിടയിൽനിന്നും ഒരു ചൂണ്ടലിന്റെ ചരട് നീണ്ടുപോകുന്നു. ചരടിലൂടെ നീണ്ടുപോയ എന്റെ കണ്ണുകൾ കണയേന്തിയിരിക്കുന്ന മാധവനിലാണ് തറഞ്ഞുനിന്നത്. എന്തിനും സമ്മതപൂർവ്വം തലയാട്ടുന്ന യുവത്വത്തിന്റെ മുഖഭാവവുമായി നിന്നാടുന്ന ചേമ്പിൻതാളുകൾക്കിടയിൽ ശ്രദ്ധയോടെയിരിക്കുന്നു അവൻ. അടുത്ത് കോർമ്പിൽ നിറയെ മത്സ്യവുമുണ്ടായിരുന്നു. ചിലതു പിടയ്ക്കുന്നുണ്ട്. തടിച്ചുകൊഴുത്ത മത്സ്യങ്ങൾ. വരാലുകളും കരിമീനുകളും പരലുകളുമുണ്ടായിരുന്നു. ഗൂഢമായ ഒരാനന്ദമായിരുന്നു അവന്റെ മുഖത്ത്. അതെന്റെ ചോദ്യങ്ങൾക്കെല്ലാമുള്ള ഉത്തരവുമായിരുന്നു.

ഓല കൂട്ടിയിട്ടിരിക്കുന്ന മാടത്തിനു മുകളിൽ നിന്നും നീണ്ട മുളയെടുത്തുകൊണ്ടുവന്നു. (അധികം നേരം നോക്കിനിന്ന് ചിന്തിക്കാനുള്ള സമയമില്ലാത്തവനാണല്ലോ ഞാൻ)

ഞാൻ ചുററും നോക്കി. ഇല്ല. മാധവനൊഴികെ ആരുമില്ല.

ഒരു നിമിഷം ശവത്തിലേക്ക് നോക്കിനിന്നു. എന്നേപോലെ ഒരു ചെറുപ്പക്കാരൻ. പൊടുന്നനെ മുള നിലത്തുവീണു, ഹൃദയത്തിലൊരു ഉറവ പൊടിഞ്ഞു.

വീണ്ടുമിതിനെ ഒഴുകാൻ വിടണോ? വേണമെങ്കിൽ ഇതിന്റെ യാത്രയെനിക്ക് ഇവിടെവെച്ച് അവസാനിപ്പിക്കാം. വീണ്ടും മുഖത്തേക്കു നോക്കി.

വേണ്ട, എന്തിനു ഞാനതു ചെയ്യണം? (കാര്യമുള്ളതുമാത്രം ചെയ്യാൻ ശീലിച്ചവനാണല്ലോ ഞാൻ)

മുളയെടുത്ത് ശവത്തിൽ കുത്തിനീക്കി. തടസ്സം തീർന്നപ്പോൾ ഒഴുകിത്തുടങ്ങി. പായലുകൾക്കൊപ്പം തടിച്ചുകൊഴുത്ത മത്സ്യങ്ങൾ പിന്നാലെ നീങ്ങി.

തൊലിചെത്തിയ അത്തിമരത്തിനും തലയാട്ടുന്ന ചേമ്പിൻ താളുകൾക്കുമിടയിലെ നിരാശപൂണ്ട മുഖത്തെ അവഗണിച്ച്, മുളമാടത്തിനു മുകളിലേക്ക് തള്ളിവച്ച് തിരിച്ചുനടന്നു. വീടിന്റെ കറുത്ത ഒതുക്കു കല്ലുകൾ കയറുമ്പോൾ വിളിച്ചു പറഞ്ഞു. ''ഇന്നു മീൻ വാങ്ങണ്ട.''

---

നിന്നല്ലോ! B. C. 100 നോടടുത്ത് ജൈന ബുദ്ധ മതങ്ങൾ ഉരുത്തിരിയുന്നതു വരെ അത് ഒന്നായി നിൽക്കാൻ കാരണമെന്താണ്? എന്നീ ചോദ്യങ്ങളാണത്.

ഇതിന് മറുപടി പറയാൻ വലിയ വിഷമമൊന്നുമില്ല. ആരു പറഞ്ഞു അതുവരെ ഹിന്ദുമതം പൊട്ടിപ്പിളർന്നിട്ടില്ലെന്ന് എന്ന ഒററ ചോദ്യംകൊണ്ട് ഇതിനുത്തരം തരാനാകും. അദ്വൈതംമുതൽ ചാർവ്വാകന്റെ നിരീശ്വരമതം വരെ അതിൽനിന്നുരിത്തിരിഞ്ഞിട്ടുണ്ട്. ഒരു പക്ഷേ പ്രതികൂല സാഹചര്യങ്ങളാൽ അവ മാതൃധർമ്മത്തിൽതന്നെ അലിഞ്ഞു ചേർന്നിട്ടുണ്ടാകാം, അല്ലെങ്കിൽ സ്വയം നശിച്ചിട്ടുണ്ടാകാം എന്നു മാത്രം.

ഇത്രയെല്ലാം പറഞ്ഞുവെങ്കിലും മതമെന്നാലെന്ത് എന്നതിന് മതിയായ ഒരുത്തരം ഇപ്പോഴും എനിക്കു കാണാൻ കഴിഞ്ഞില്ല. ചിന്തകർ ഇനിയും അതിനു ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആ നിരീക്ഷണ കുതുകികൾക്ക് എല്ലാവിധ മംഗളവും ഞാൻ നേരുന്നു!


മനംകവരുന്ന
മനോഹര
വസ്ത്രങ്ങൾക്ക്
ഫേഷൻ
ഫേബ്രിക്സ്
തൃശ്ശൂർ

# Luna Institute of Engineering Technology

## IRINJALAKUDA.

( ഗവർമെൻറ് അംഗീകൃത സ്ഥാപനം )

### സാങ്കേതിക വിദ്യാഭ്യാസം !!

ഇന്നത്തെ ശാസ്ത്രയുഗത്തിൽ ഒരു രാഷ്ട്രത്തിൻെറ ഭാവി നിക്ഷിപ്തമായിരിക്കുന്നതു് സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ യുവതലമുറയിലാണു്.

ഇന്ത്യയിലും വിദേശങ്ങളിലും പ്രത്യേകിച്ച ഗൾഫ് രാജ്യങ്ങളിലും ഏററവും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളതു് സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർക്കാണല്ലോ. ഇതിനുള്ള പ്രധാന കാരണം ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണമാണു്.

ഈ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു മികച്ച സ്ഥാപനമാണു് ഇരിങ്ങാലക്കുടയിലെ ലൂണാ ഇൻസ്റ്റിട്യൂട്ട് ഓഫ് എൻജിനീയറിംഗ് ടെക്നോളജി. യഥാർത്ഥ സാമഗ്രികൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രായോഗിക പരിശീലനം നൽകുന്നതിനു് പുറമേ ഉന്നത ബിരുദം നേടിയ അദ്ധ്യാപകന്മാർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. ഗവണ്മെൻറ് അംഗീകാരം ലഭിച്ചിട്ടുള്ള ഈ സ്ഥാപനത്തിൽനിന്നു് സാങ്കേതിക വൈദഗ്ദ്ധ്യം നേടിപ്പോയിട്ടുള്ള പലരും ഇൻഡ്യയിലും വിദേശങ്ങളിലുമുള്ള മികച്ച സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ടു്.

സാങ്കേതിക വൈദഗ്ദ്ധ്യം നേടാൻ ആഗ്രഹിക്കുന്നവരെ ഈ സ്ഥാപനത്തിലേയ്ക്കു് സസന്തോഷം സ്വാഗതം ചെയ്തുകൊള്ളുന്നു.

KERALA GOVERNMENT CERTIFICATE EXAMINATION:
(K. G. C. E) TWO YEAR COURSE:

1) ELECTRICAL ENGINEERING
2) AUTOMOBILE ENGINEERING
3) MECHANICAL ENGINEERING

**Short Term Courses: Exam. ITES, KTES & Others**

1. A/c. & Refrigeration (one year)
2. Automobile (one year)
3. Electrician (one year)
4 Turner & Fitter (one year)
5 Electronics (12 months)
6. Radio & TV (12 months)
7. Radio & Transistor (one year)
8. Gas & Arc Welding (one year)
9. Auto Electrician (6 months)
10. Plumber & Fitter (6months & one year)

എല്ലാ വിധത്തിലുള്ള പ്രാക്ടിക്കൽ ഉപകരണങ്ങളും ഉൾപ്പെടുത്തിക്കൊണ്ടും
പ്രായോഗിക പരിശീലനം നൽകുന്ന സൗത്ത് ഇന്ത്യയിലെ ഏക സ്ഥാപനം.

## "LUNA INSTITUTE, IRINJALAKUDA."

"അവസരം വരുമ്പോഴേയ്ക്കും തയ്യാറായി നില്ക്കലാണു്
ഒരു മനുഷ്യൻെറ ജീവിതത്തിലെ വിജയ രഹസ്യം"

"YOU CAN TRUST - LUNA INSTITUTE"

Grams : ALENGADENS

Estd. 1896

# A. K. P. METALS & ALLOYS

## Rolling, Pressing & Spinning Mills

## ALENGADEN'S VESSELS HOUSE

Metalware Dealers & Manufacturers

Phone: 777
P. B. No. 24
IRINJALAKUDA

Phone: 32298
P. B. No 1022
ERNAKULAM-11

# "K. P. L."

[Regd. Trade Mark]

## SILVER CLEAN PURE COCOANUT OIL

Available in handy and attractive consumer packing of:-

250 Grams., 450 Grams., 675 Grams. and 4 Kg. Nett Weights.

IT IS FRESH, IT IS PURE

AND

FREE FROM IMPURITIES

AND

YOU CAN TRUSTFULLY BUY IT.

SALES DEPOTS AT:-

1. 86, Broadway, Madras-1. Phone No. 24587
2. 57C, Acharappan Street, Madras-1. Phone No. 22858
3. 55, Pycrofts Road, Triplicane, Madras-5. Phone No. 841043
4. 428, Main Road, Shevapet, Salem-2. Phone No. 8060
5. 217/9, IIIrd Main Road, New Tharagupet, Bangalore-2. Phone No. 604933

MANUFACTURED & PACKED BY:-

## K. P. LONAPPAN SONS RICE & OIL MILLS

P. B. NO. 2. IRINJALAKUDA – 680 121 (KERALA)

Telephones 202 & 304 — Grams: "KEPIYEL"

# കൊഴുത്ത പാല്
# കൊഴുകൊഴുത്ത വെണ്ണ

കന്നുകാലികൾക്കു് പ്രിയംകരമായ തേങ്ങാപ്പിണ്ണാക്കു് പ്രധാന ഘടകമായി തയാറാക്കിയ ഒരേ ഒരു സമീകൃതാഹാരം കെ. എസ്. കാലിത്തീററ. കേരളത്തിലെ കാലാവസ്ഥയ്ക്കും പാരമ്പര്യത്തിനും അനുയോജ്യമായതു്.

കെ. എസ്. കാലിത്തീററ പ്രോട്ടീനും മററു പോഷക മൂല്യങ്ങളും ചേർത്തു് സംപുഷ്ടമാക്കിയിട്ടുണ്ട്.

ഗുണനിയന്ത്രണം കർശനമായി പാലിച്ചു കൊണ്ടു് ശാസ്ത്രീയമായ രീതിയിൽ തയാറാക്കപ്പെട്ട കെ. എസ്. കാലിത്തീററ മേൽത്തരം വെണ്ണയും കൊഴുത്ത പാലും ധാരാളം കിട്ടാൻ സഹായിക്കുന്നു.

കെ. എസ്. കാലിത്തീററ കൂടുതൽ സ്വാദിഷ്ടമാണ്. ദഹിക്കാൻ എളുപ്പവും. ഒട്ടും പാഴായിപ്പോകുന്നില്ല. അതിന്റെ മെച്ചപ്പെട്ട മണവും ഗുണവും ഏറെ നാൾ നീണ്ടുനിൽക്കുന്നു.

**കൊഴുത്ത പാല്, കൊഴുകൊഴുത്ത വെണ്ണ ധാരാളം വേണമെങ്കിൽ കെ. എസ്. കാലിത്തീററ തന്നെ കൊടുക്കുക.**



K.S. കെ. എസ്.

**കെ. എസ്. കാലിത്തീററ**

**കേരള സോൾവെന്റ് എക്സ്ട്രാക്ഷൻസ് ലിമിററഡ്**

സോൾവെന്റ് റോഡ്, ഇരിങ്ങാലക്കുട–680121

## ★ അഭയം നൽകുന്ന കരങ്ങൾ ★

"ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിൽ ജീവിക്കുന്നു."

നമ്മുടെ രാഷ്ട്രപിതാവ് ഒരിക്കൽ പറഞ്ഞു.
ഗ്രാമീണ സാമ്പത്തിക ഭദ്രത കൈവരുവാൻ
കർഷക ജീവിതം ധന്യമാക്കണം.
ഈ മഹത്തായ ആദർശം മുന്നിൽ കണ്ടു
കൊണ്ട് ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളതാണ്
സൗത്ത് ഇന്ത്യൻ ബാങ്കിന്റെ
വിവിധ വായ്പാപദ്ധതികൾ.

അനുദിന കാർഷികാവശ്യങ്ങൾക്കും നവീന
കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനും
ശാസ്ത്രീയ കാർഷിക പരിപാടികൾ
നടപ്പാക്കുന്നതിനും കാർഷിക മേഖലയുടെ
ആകെക്കൂടിയുള്ള വികസന പരിപാടികൾ
വിജയിപ്പിക്കുവാനും ആവശ്യമായ വായ്പാ
പദ്ധതികൾ സൗത്ത് ഇന്ത്യൻ ബാങ്കിനുണ്ട്

**വിശദവിവരങ്ങൾക്ക് ബാങ്കിന്റെ ഏതെങ്കിലും ശാഖയിലോ**
**ഹെഡ് ആഫീസിലോ അന്വേഷിക്കുക.**

# ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിററഡ്

**റജി. ആഫീസ്: തൃശ്ശൂർ**

(ഒരു വിദേശനാണ്യവിനിമയ ബാങ്ക്)

Wanted Graduates on Attractive commission and salary, who can collect advertisements for

| | | |
|---|---|---|
| 1. | Directory of Industries (yearly) | Rs. 150/- each. |
| 2. | Import Export (monthly) magazine | Rs 5/- each. |
| | Annual Subscription | Rs. 60/- |
| 3. | Indian Product (monthly) paper | Rs. 5/- each. |
| | Three years subscription | Rs. 125/- |

**Contact for PROSPEROUS FUTURE**

Gram: DIRECTORY

Phones: 717080
717274
710012

# World Directory Publishers

DELHI - 33

*With best compliments from:*

**The manufacturers and suppliers of:**

**'FOAMEX' and 'FOAMFLEX'**

**foam Rubber Mattresses Pillows and Cushions**

Cochin Rubber Manufacturing Co; Chalakudy
Karnataka Rubber Manufacturing Co; Bangalore
Mampilly Industries, Aloor
Kerala Traders, M. G. Road, Ernakulam

STATEMENT OF OWNERSHIP AND PARTICULARS ABOUT THE PUBLICATION

Form iv see rule 8

CHRIST COLLEGE STUDENTS MAGAZINE

| | | |
|---|---|---|
| Place of publication | : | Irinjalakuda |
| Periodicity of Publication | : | Annual |
| Printer's Name | : | A. K. Nichalavose |
| Nationality | : | Indian |
| Address | : | Arakkal Thanadan House<br>Christ Nagar<br>Irinjalakuda-680 121 |
| Publisher's Name | : | A. K. Nichalavose |
| Nationality | : | Indian |
| Address | : | Arakkal Thanadan House<br>Christ Nagar<br>Irinjalakuda-680 121 |
| Editor's Name | : | Venugopalan P. |
| Nationality | : | Indian |
| Address | : | Panikkattil House<br>Annalloor P. O.<br>(Via) Chalakudy |
| Owner's Name | : | Christ College<br>Irinjalakuda |

I, Nichalavose A. K., hereby declare that the particulars given are true to the best of my knowledge and belief.

Sd/
A. K. Nichalavose
Publisher.

PRINTED AT: JYOTHY PRESS, IRINJALAKUDA.


Chandrika
Ayurvedic Toilet
SOAP
CHANDRIKA SOAP HAS BECOME THE FAVOURITE TOILET SOAP OF MILLIONS IN FOUR CONTINENTS
WHY?
Its rich and profuse lather, even in hard water, thoroughly penetrates into the skin pores and cleans.
It is anti-bacterial and anti-fungal.
It makes the skin soft, smooth and healthy.
Its enchanting fragrance lingers longer.
It is prepared from rare ayurvedic herbs and oils.
Animal fat in any form is not used in its manufacture.
CHANDRIKA
AYURVEDIC SOAP
CHANDRIKA SOAP
AYURVEDIC TOILET
S. V. PRODUCTS,
H. O. IRINJALAKUDA.
BRANCHES:
BANGLORE,
BOMBAY
AND
NEW DELHI